

# 65th Nehru Trophy Boat Race

# SOUVENIR 2017

# 65-ാമത് നെഹ്റു ട്രോഫി ജലോത്സവം

2017 ആഗസ്റ്റ് 12, പുന്നമടക്കായൽ



Chairman: **Veena N. Madhavan IAS** | Convenor: **M.K. Kabeer**
Chief Editor: **M.R. Prem**

Editorial Board
K.T. Mathew | A.N. Puram Shivakumar | K. Ranganatha Kurup
Baby Parakkadan | S. Bhaskara Pillai | P. Jyothis | Adv. G. Manoj Kumar
V.N. Vijaya Kumar | H. Salam | O. Ashraf I P.P. Chitharanjan

Officials:
Renjith Mohan | P.G. Raveendran

Design & Layout : Chandraprakash, Appis Print | Gowri Narayan, New Folder
Cover Design: Jayan Arts, Alappuzha
Photos: Arunkumar A. , PRD, Alappuzha

E-mail : ntbrsouvenir@gmail.com



"ഏറ്റവും നിസ്സാര സൃഷ്ടിയെ കൂടി തന്നെപ്പോലെ തന്നെ സ്നേഹിക്കുവാൻ കഴിയുന്ന ആളിനേസാർവ്വലൗകികവും സർവ്വവ്യാപിയുമായ സത്യാത്മാവിനെമുഖാമുഖം ദർശിക്കാനാവൂ. അത് അഭിലഷിക്കുന്ന ഒരാൾക്ക് ജീവിതത്തിന്റെ യാതൊരു മണ്ഡലത്തിൽ നിന്നും വിട്ടുനിൽക്കാനാവില്ല. അതു കൊണ്ടാണ് എന്റെ സത്യോപാസനഎന്നെ രാഷ്ട്രീയ മണ്ഡലത്തിലേയ്ക്ക് ആകർഷിച്ചത്. മതത്തിന് രാഷ്ട്രീയത്തിൽ യാതൊന്നും ചെയ്യാനില്ലെന്ന് പറയുന്നവർ മതമെന്തെന്ന് അറിയുന്നില്ല എന്ന് അല്പം പോലും മടികൂടാതെയും എന്നാൽ എല്ലാ വിനയത്തോടു കൂടിയും എനിക്ക് പറയുവാൻ കഴിയും."

എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ
മഹാത്മാഗാന്ധി, 1925 നവംബർ 26



"ഇന്ത്യയെ കണ്ടെത്തൽ – എന്താണ് ഞാൻ കണ്ടെത്തിയിട്ടുള്ളത് ? എനിക്ക് അവളെ അനാവൃതയാക്കുവാനും അവൾ ഇന്ന് എന്താണെന്നും അതിപുരാതനകാലത്ത് അവൾ എന്തായിരുന്നു എന്ന് കണ്ടെത്തുവാനും എന്നെകൊണ്ടാകുമെന്ന് സങ്കൽപ്പിച്ചതുതന്നെ അധികപ്രസംഗം. ഇന്നവൾ വെവ്വേറെ വ്യക്തികളായി തിരിഞ്ഞിരിക്കുന്ന നാല്പതുകോടി പുരുഷന്മാരും സ്ത്രീകളുമാകുന്നു. വർത്തമാനകാലത്തെ സ്ഥിതി ഇതാണെങ്കിൽ നിരവധി മനുഷ്യമനസ്സുകളുടെ സംഖ്യാതീത ഭൂതകാലത്തെ ഗ്രഹിക്കുന്നത് എത്രയോ പ്രയാസമുള്ളതാകണം. എന്നിരിക്കിലും എന്തോ ഒന്ന് ഈ ജനതയെ ഒന്നിച്ചുകൂട്ടിയിണക്കി. ഇന്നും കൂട്ടിയിണക്കി നിർത്തുന്നു. ഇന്ത്യ ഭൂമിശാസ്ത്രപരമായും സാമ്പത്തികമായും ഒരു വ്യക്തിയാകുന്നു – നാനത്വത്തിന്റെ നടുവിലൊരു സാംസ്കാരികമായ ഏകത്വം. അദൃശ്യങ്ങളെങ്കിലും സുശക്തമായ തന്തുക്കൾ ഒന്നിച്ചു നിർത്തുന്ന പരസ്പര വൈരുദ്ധ്യങ്ങളുടെ ഒരു ഭണ്ഡം. എത്രയെത്ര അടിച്ചമർത്തലുകൾക്ക് വിധേയമായാലും അവളുടെ ആത്മാവ് ഒരിക്കലും അന്യാധീനമാവുകയില്ല.

ഇന്ത്യയെ കണ്ടെത്തൽ
ജവഹർലാൽ നെഹ്റു, 1945 ഡിസംബർ 29

E-mail : ntbrsouvenir@gmail.com



## ശ്രീ. റാം നാഥ് കോവിന്ദ്
**രാഷ്ട്രപതി**



*"To the winner of the Boat Race which is a unique feature of community life in Travancore- Cochin"*

**Jawaharlal nehru**
December 1952



## ശ്രീ. നരേന്ദ്ര മോദി
പ്രധാനമന്ത്രി



റിട്ട. ജസ്റ്റിസ്. പി. സദാശിവം
കേരളാ ഗവർണ്ണർ



## ശ്രീ. പിണറായി വിജയൻ
കേരളാ മുഖ്യമന്ത്രി



## ശ്രീ. രമേശ് ചെന്നിത്തല
### പ്രതിപക്ഷ നേതാവ്



**ഡോ. ടി.എം. തോമസ്സ് ഐസക്**
**ധനകാര്യമന്ത്രി**



## ശ്രീ. ജി. സുധാകരൻ
**പൊതുമരാമത്ത്മന്ത്രി**



## ശ്രീ. പി. തിലോത്തമൻ
### ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി



**തോമസ് ചാണ്ടി**

ഗതാഗത വകുപ്പ് മന്ത്രി



## ശ്രീ. എ.സി. മൊയ്തീൻ

സ്പോർട്ട്സ്, വ്യവസായ വകുപ്പ് മന്ത്രി



**എ.കെ. ബാലൻ**
സാംസ്ക്കാരിക വകുപ്പ് മന്ത്രി



**കടകംപള്ളി സുരേന്ദ്രൻ**

ടൂറിസം, സഹകരണ വകുപ്പ് മന്ത്രി



ശ്രീ. മാത്യു റ്റി. തോമസ്
ജലവിഭവ വകുപ്പ് മന്ത്രി



**ശ്രീ. കെ. സി. വേണുഗോപാൽ**
**ലോകസഭാംഗം**



## ശ്രീ. കൊടിക്കുന്നിൽ സുരേഷ്

ലോക്സഭാംഗം

# ആലപ്പുഴയുടെ സാരഥികൾ



**കെ. രാമചന്ദ്രൻ നായർ MLA**
ചെങ്ങന്നൂർ



**എ.എം. ആരിഫ് MLA**
അരൂർ



**അഡ്വ. യു. പ്രതിഭാഹരി MLA**
കായംകുളം



**ആർ. രാജേഷ് MLA**
മാവേലിക്കര





കേരള സർക്കാർ
**പിണറായി വിജയൻ**
മുഖ്യമന്ത്രി

നം.913/പ്രസ്/സി.എം.ഒ/2017. ജൂലൈ 28, 2017

## സന്ദേശം

ആലപ്പുഴ ജില്ല ഭരണകൂടം പുന്നമട കായലിൽ നടക്കുന്ന നെഹ്റു ട്രോഫി വള്ളംകളിയോട് അനുബന്ധിച്ച് ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവ ഹർലാൽ നെഹ്റുവിന്റെ കേരള സന്ദർശനവുമായി ബന്ധപ്പെട്ട് ആരംഭിച്ച ഈ ജലോത്സവം ഇന്ന് രാജ്യത്ത് അകത്തും പുറത്തുമുള്ള ധാരാള പേരെ ആകർഷിക്കുന്ന മേളയായി മാറിയിട്ടുണ്ട്. ജലമേളയ്ക്കും സ്മരണിക യ്ക്കും എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Convenor
Nehru Trophy Boat Race Smaranika Committee &
Additional District Magistrate, Alappuzha
admalp.ker@nic.in

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോൺ 0471 2333241, 2333812, 2333610 ഫാക്സ് 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോൺ 0471 2318406, 2314853
www.keralacm.gov.in



പി. ശ്രീരാമകൃഷ്ണൻ
സ്പീക്കർ
കേരള നിയമസഭ

നമ്പർ,
നിയമസഭാ കോംപ്ലക്സ്,
വികാസ് ഭവൻ പി. ഒ.,
തിരുവനന്തപുരം

ഫോൺ :
വസതി : 0471-2315596
ഓഫീസ് : 91-471-2513007
2513003
2308890
ഫാക്സ് : 91-471-2512131

തീയതി 05/08/2017

**സന്ദേശം**

കേരളത്തിന്റെ തനത് ജലകായിക വിനോദമായ വള്ളംകളിയെ അന്താരാഷ്ട്ര ശ്രദ്ധയിൽ കൊണ്ടുവന്നത് നെഹ്റു ട്രോഫി വള്ളംകളി മത്സരമാണ്. വഞ്ചിപ്പാട്ടിന്റെ ഈണത്തിൽ പുന്നമടക്കായലിലെ പൊന്നോളങ്ങളെ കീറിമുറിച്ച് ചുണ്ടൻ വള്ളങ്ങൾ പായുമ്പോൾ ഒരു മഹത്തായ പാരമ്പര്യമാണ് സാർത്ഥകമാകുന്നത്. ഓഗസ്റ്റ് 12-ാം തീയതി നടക്കുന്ന ഇക്കൊല്ലത്തെ നെഹ്റു ട്രോഫി വള്ളംകളി മത്സരത്തിനും അതിന്റെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന സ്മരണികയ്ക്കും സർവ്വമംഗളങ്ങളും നേരുന്നു.

സ്നേഹപൂർവ്വം,

പി. ശ്രീരാമകൃഷ്ണൻ



**Ramesh Chennithala**
**Leader of Opposition**

7 ആഗസ്റ്റ്, 2017

## സന്ദേശം

നെഹ്റു ട്രോഫി വള്ളംകളിയോടനുബന്ധിച്ച് ഒരു സ്മരണിക പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ എനിക്കു സന്തോഷമുണ്ട്.

നെഹ്റു ട്രോഫി വള്ളംകളി ഇന്ന് ലോകപ്രശസ്തി നേടിയ ഒരു ജലവിനോദമാണ്. ലോകത്തിന്റെ നാനാഭാഗത്തുനിന്നും വള്ളംകളി കാണാൻ നിരവധി പേരാണ് വന്നു ചേരുന്നത്. കേരളത്തിന്റെ ഖ്യാതി വിളിച്ചോതാൻ ഈ ജല വിനോദം സഹായിക്കുന്നു. ടൂറിസത്തിന്റെ വളർച്ചയ്ക്കും ഇത് സംഭാവന നൽകുന്നു.

ഇത്തവണയും കാണികളെ ആവേശത്തിമിർപ്പിൽ ആറാടിച്ചുകൊണ്ട് വള്ളംകളി നടക്കട്ടെ എന്നു ഞാൻ ആശംസിക്കുന്നു.

രമേശ് ചെന്നിത്തല

Cantonment House, Vikas Bhavan P. O., Thiruvananthapuram-695 033
Phone-Office : 0471-2315625, 2512050 Fax : 0471-2315675 Res : 0471-2318330
Mobile : 9447777100, 9400355551 E-mail : rameshchennithala@gmail.com



**ജി. സുധാകരൻ**
പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രി
കേരള സർക്കാർ

തിരുവനന്തപുരം

തീയതി......07.08.2017....

## സന്ദേശം

ആലപ്പുഴയ്ക്ക് ലോകപ്രശസ്തി നേടി തന്ന നെഹ്റു ട്രോഫി വള്ളം കളി ആഗസ്റ്റ് 12 ന് വൈകുന്നേരം പുന്നമടകായലിൽ ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സമുദ്ഘാടനം ചെയ്യുന്ന വേളയിൽ കുട്ടനാടിന്റെ ഈ മാസ്മരിക കായികജാലത്തിന് സർവ്വവിധ പിന്തുണയും ആശംസകളും നേരുന്നു. 2017 ലെ നെഹ്റു ട്രോഫി വള്ളംകളിയ്ക്ക് എല്ലാവിധ വിജയാശംസകളും നേരുന്നു.

വിശ്വസ്തതയോടെ,

നിങ്ങളുടെ,

ജി.സുധാകരൻ

**കൺവീനർ**
നെഹ്റു ട്രോഫി വള്ളംകളി
സ്മരണിക കമ്മിറ്റി 2017
ആലപ്പുഴ

റൂം നമ്പർ 129, ഒന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487 ഫാക്സ് : 0471-2333460 മൊബൈൽ : 9447755200
വസതി : 0471-2312330, 0471-2312331, 0477-2266853 ഇ-മെയിൽ : gsministerpwd16@gmail.com
വെബ്സൈറ്റ് : www.gsudhakaran.in, F : http : //www.facebook.com/gs.sudhakaran



ഡോ. ടി.എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പുമന്ത്രി
കേരള സർക്കാർ

തിരുവനന്തപുരം

തീയതി: 08/08/2017

## ആശംസ

ആലപ്പുഴയുടെ ടൂറിസം സാധ്യതകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഈ ജലകേളി. കയർ നെയ്ത്തു വ്യവസായമായിരുന്നു ഈ നാടിനു കീർത്തി നൽകിയ മറ്റൊരു മേഖല. ടൂറിസത്തിലും കയർ വ്യവസായത്തിലും നാമൊരു പുതിയ ഉണർവിന്റെ ആവേശത്തിലാണ്. വിനോദ സഞ്ചാരമാണ് കേരളം പ്രതീക്ഷയർപ്പിക്കുന്ന പ്രധാനപ്പെട്ട വളർച്ചാ മേഖല. ആലപ്പുഴയ്ക്ക് അതുപോലെ പ്രധാനമാണ് കയർ. ഒക്ടോബർ 5 മുതൽ 9 വരെ നടക്കുന്ന കയർ ഫെസ്റ്റിവെൽ കയറുൽപ്പന്നങ്ങളുടെ ഉപഭോഗത്തിലും പ്രയോഗസാധ്യതകളിലും പുതിയ മാർഗങ്ങൾക്ക് വഴി തുറക്കും. കയറുൽപന്നങ്ങളുടെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതോടൊപ്പം അന്താരാഷ്ട്ര തലത്തിൽ പ്രചുരപ്രചാരം നേടിയ സാങ്കേതികവിദ്യകളെ പരിചയപ്പെടാനും കയർ ഫെസ്റ്റ് വഴിയൊരുക്കും.

ആലപ്പുഴയുടെ പ്രൗഢി വീണ്ടെടുക്കാൻ ടൂറിസവും പരമ്പരാഗത മേഖലയുടെ ആധുനികവത്കരണവുമാണ് പോംവഴി. കായലുകളും കനാലുകളും പാടശേഖരങ്ങളും സംരക്ഷിക്കപ്പെടണം. മലിനീകരണവും കൈയേറ്റവും നിലം നികത്തലുമൊക്കെ അവസാനിക്കണം. നമ്മുടെ സാംസ്ക്കാരിക സമ്പത്ത് നിലനിർത്തുന്നതിന്റെ പ്രാധാന്യം കൂടി ഇത്തരം ഉൽസവങ്ങളിൽ ചർച്ചയാകണം.

നെഹ്റുട്രോഫി ജലോത്സവത്തിന് എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.

ടി.എം. തോമസ് ഐസക്

ഓഫീസ് : റൂം നമ്പർ 131, നോർത്ത് ബ്ലോക്ക്, സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം-695 001
Phone-Office : 0471 -2333294, 2333254 Mobile : 9447733600
ഇ-മെയിൽ: tisaaq@kerala.gov.in tisaaq@gmail.com



പി. തിലോത്തമൻ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി
കേരള സർക്കാർ

തീയതി: 01-08-17

## സന്ദേശം

ആലപ്പുഴയുടെ സവിശേഷമായ പ്രത്യേകതയാണ് പുന്നമടക്കായലിന്റെ സമൃദ്ധിയും സൗന്ദര്യവും. പുന്നമടക്കായലിലെ പ്രശസ്തമായ നെഹ്രുട്രോഫി വള്ളംകളി, ലോകശ്രദ്ധ നേടിയ ജലോത്സവമാണല്ലോ. കേരളത്തിന്റെ അഭിമാനമായ നെഹ്രു ട്രോഫി വള്ളംകളി ഈ വർഷം ആഗസ്റ്റ് 12ന് ഗംഭീരമായി സംഘടിപ്പിക്കുന്നതിലുള്ള ആഹ്ലാദം പങ്കുവെയ്ക്കട്ടെ. വള്ളംകളി ആസ്വാദകർക്കും മത്സരാർത്ഥികൾക്കും സംഘാടകർക്കും എല്ലാ വിജയാശംസകളും നേരുന്നു.

പി. തിലോത്തമൻ

റൂം നമ്പർ 644, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001
ടെലിഫോൺ : 0471-2333371, 2327086
വസതി : 'അശോക', ക്ലിഫ് ഹൗസ് കോമ്പൗണ്ട്, നന്ദൻകോട്, തിരുവനന്തപുരം
ഫോൺ : 0471-2312326, 0478-2573137 (ചേർത്തല) ഫാക്സ് : 0471-2321022
മൊബൈൽ : 9447584400 ഇ-മെയിൽ : min.food@kerala.gov.in



**KADAKAMPALLY SURENDRAN**
Minister for Co-operation, Tourism and Devaswoms
Government of Kerala

## സന്ദേശം

ആലപ്പുഴയിലെ പുന്നമടക്കായലിൽ അരങ്ങേറുന്ന ജലോത്സവം കേരളത്തിന്റെ അഭിമാനമാണ്. ടൂറിസം രംഗത്ത് കേരളത്തിന് പ്രശസ്തി നേടി കൊടുക്കുന്നതിൽ നെഹ്റുട്രോഫി ജലോത്സവം പ്രധാന പങ്ക് വഹിക്കുന്നു. കരയിലും ജലത്തിലും ഒരേ സമയം ആവേശം വിതയ്ക്കുന്ന നെഹ്റുട്രോഫി ജലോത്സവത്തിന് എല്ലാ ആശംസകളും..

സ്നേഹപൂർവ്വം

കടകംപള്ളി സുരേന്ദ്രൻ

തിരുവനന്തപുരം
04.08.2017

2nd Floor, Annexe II, Secretariat, Thiruvananthapuram
Tel: +91-471-2336605, 2339002(R), Mob: +91-944791770



GOVERNMENT OF KERALA

**MATHEW T. THOMAS**
MINISTER FOR WATER RESOURCES

Government Secretariat
Thiruvananthapuram-695 001

Date 03-08-2017

സാക്ഷാൽ ജവഹർലാൽ നെഹ്റുവിനെ ആവേശഭരിതനാക്കിയ പുന്നമടക്കായലിലെ ജലോത്സവത്തിന് മറ്റൊരാമുഖം വേണമെന്നു തോന്നുന്നില്ല.

ഒരേ സമയം സർഗ്ഗാത്മകമായ ഒരു കലാവിഷ്കാരവും ത്രസിപ്പിക്കുന്ന കായികമേളയുമാകാൻ കഴിയുന്ന ഈ വള്ളംകളി ആ അർത്ഥത്തിൽ അനന്യാദൃശമാണ്. ജലത്താൽ ചുറ്റപ്പെട്ട ജീവിതം നയിക്കുന്ന കുട്ടനാട്ടുകാരെ സംബന്ധിച്ചിടത്തോളം ഈ ജലോത്സവം അവരുടെ ജീവിതത്തിന്റെതന്നെ ആഘോഷമാണ്. ഒരർത്ഥത്തിൽ എല്ലാ വള്ളംകളിയും ജലസംരക്ഷണത്തിന്റെ പ്രാധാന്യമാണ് വിളിച്ചോതുന്നത്. ആധുനികതയുടെ തള്ളിക്കയറ്റത്തിനിടയിലും ജനസ്വാധീനത്തോടെ നിലനിൽക്കുകയും ജനപങ്കാളിത്തത്താൽ ശ്രദ്ധേയമായിരിക്കുകയും ചെയ്യുന്ന നെഹ്റുട്രോഫി വള്ളംകളി ഇക്കൊല്ലവും വിജയകരമായി പൂർത്തീകരിക്കുവാൻ കഴിയട്ടെ.

എല്ലാ ആശംസകളും അറിയിക്കുന്നു.

സ്നേഹപൂർവം,

മാത്യു ടി. തോമസ്

Phone : 0471-2327561, 2321228 Fax : 0471-2327759 Mobile : 9447627700



# തകഴി

## ശിവശങ്കരപിള്ള







# വയലാർ
## രാമവർമ്മ







# കാവാലം
## നാരായണപണിക്കർ







# കേരള മന്ത്രിസഭ

Shri. Pinarayi Vijayan
Chief Minister



Shri. A.K. Balan



Shri. E. Chandrasekharan



Shri. K.T. Jaleel



Shri. Kadakampally Surendran



Shri. M. M. Mani



Shri. Adv. Mathew T. Thomas



Smt. J. Mercykutty Amma



Shri. A.C. Moideen





Shri. Adv. K. Raju



Shri. Ramachandran Kadannappally



Shri. T. P. Ramakrishnan



Shri. Prof. C. Raveendranath



Smt. K.K. Shilaja Teacher



Shri. G. Sudhakaran



Shri. V.S. Sunil Kumar



Shri. P. Thilothaman



Thomas Chandy



Shri. Dr. T.M. Thomas Isaac

# Kerala Legislative Assembly



**Shri. P. Sreeramakrishnan ( Speaker )**



**Shri. V. Sasi ( Dy. Speaker )**



**വീണ. എൻ. മാധവൻ IAS**
ജില്ലാ കളക്ടർ

ചെയർമാൻ, നെഹ്റുട്രോഫി ബോട്ട് റേസ് സൊസൈറ്റി



**എസ്. സുരേന്ദ്രൻ IPS**

**ജില്ലാ പോലീസ് ചീഫ്**

വൈസ് ചെയർമാൻ, നെഹ്റുട്രോഫി ബോട്ട് റേസ് സൊസൈറ്റി



**എം.കെ. കബീർ**
**അഡി. ജില്ലാ മജിസ്ട്രേറ്റ്**
കൺവീനർ, സുവനീർ കമ്മ റ്റി



**എസ്. മുരളീധരൻ പിള്ള**
റവന്യൂ ഡിവിഷണൽ ഓഫീസർ
സെക്രട്ടറി, നെഹ്റുട്രോഫി ബോട്ട് റേസ് സൊസൈറ്റി



എം. ആർ. പ്രേം
ചീഫ് എഡിറ്റർ, സ്മരണിക

# എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ


ജി. വേണുഗോപാൽ
ഡിസ്ട്രിക്ട് പഞ്ചായത്ത് പ്രസിഡന്റ്


തോമസ് ജോസഫ്
മുൻസിപ്പൽ ചെയർപേഴ്സൺ


സി.കെ. സദാശിവൻ


എ.എ. ഷുക്കൂർ Ex MLA


കെ.കെ. ഷാജു Ex MLA


സജി ചെറിയാൻ


ആർ. നാസർ


അഡ്വ. ജോയ്കുട്ടി ജോസ്


കെ. സോമൻ


ഡി. ലക്ഷ്മണൻ


പി.പി. ചിത്തരഞ്ജൻ


എ.എം നസീർ


ആർ.കെ. കുറുപ്പ്


എച്ച്. സലാം


കെ. പി. ഫിലിപ്പ്


ജോസ് കാവനാട്

# എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ


എ. ഓമനകുട്ടൻ


കലവൂർ എൻ. ഗോപിനാഥ്


പി. രഘുനാഥ്


റോയ് പാലത്തറ


പി. ജ്യോതിസ്


കെ.എം. അഷറഫ്


ടോമി പുലിക്കാട്ടിൽ


എസ്. എം. ഇക്ബാൽ


കെ.ടി. മാത്യു


എം. ആർ. പ്രേം


ജി. ഹരികൃഷ്ണൻ
പ്രസ്സ് ക്ലബ്ബ് സെക്രട്ടറി


എം. വി. ഹൽതാഫ്


ഒ. അഷറഫ്


ബേബി കുമാരൻ


എ.എൻ. പുരം ശിവകുമാർ


ജേക്കബ് ജോൺ

E-mail : ntbrsouvenir@gmail.com

# എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ


ജയപ്രസാദ്


അഡ്വ. ആർ. ഉണ്ണികൃഷ്ണൻ


സന്തോഷ് കുമാർ എ. എൽ


തങ്കച്ചൻ പാട്ടത്തിൽ


മാത്യു ചെറുപറമ്പൻ


മുക്കം ബേബി


പി. ഡി. ജോസഫ്


റജി ജോബ്


രാജൻ കെ. എബ്രഹാം


ബാബു വലിയവീടൻ


രാജപ്പൻ ആചാരി


സണ്ണി മുടന്താഞ്ഞലി


സേവ്യർ റ്റി. കുരിയാളശേരി


സുബാഷ് ബാബു


പി. ഐ. എബ്രഹാം


വർഗ്ഗീസ് വല്യാക്കൻ

# എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ


വർഗ്ഗീസ് കണ്ണംപള്ളി


എ. വി. മുരളി


സുധിമോൻ


ജയിംസ്കുട്ടി ജേക്കബ്ബ്


കെ. മോഹൻലാൽ


ബേബി പാറക്കാടൻ


ബി. അൻസാരി


എസ്. ഗോപാലകൃഷ്ണൻ


സലിം കുമാർ. ഡി


ബി. മഹബൂബ്


ആർ. ചന്ദ്രൻ


വി.ബി. അശോകൻ


ബെറ്റി ജോസഫ്


കെ.എ. പ്രമോദ്


ഗ്രിഗറി ജോർജ്ജ്


പി.കെ. വിജയൻ

# എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ


കെ.സി. ജോസഫ്


മാത്യു ജോസഫ്


എൻ. സന്തോഷ് കുമാർ


ജേക്കബ് തോമസ്
അരികുപുറം


നെടുമുടി ഹരികുമാർ


പ്രണവം ശ്രീകുമാർ


എം. രഘു


ജോസ് എബ്രഹാം


ജോഷിരാജ്


ഷൈബു കെ. ജോൺ


പി.ആർ. സലിംകുമാർ


രാജീവ്


കെ.എ. സാബു


മാലിൻ മുരളീധരൻ
DTPC സെക്രട്ടറി


എബ്രഹാം വി. കുരിയാക്കോസ്
പോർട്ട് ഓഫീസർ


കെ.സി. മധു
ജില്ലാ രജിസ്ട്രാർ

# എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ


R. Rekha
Ex. Eng. Irrigation


V. Rajachandran
RDO Chenganoor


K. Chandrasekharan Nair
Thahasildar, Kuttanad


Asha C. Abraham
Thahasildar, Ambalapuzha


AjithKumar
Ex. Eng. Building


N. S. Salimkumar
Dy. Excise Commissioner


Vinod C. K
Dy. Commissioner SGST


Prof. Nimmi Alexander
Dist. Sports Council President


C.V. Lumumba
Dist. Govt. Pleader


P. Parvathy Devi
Dist. Informatics Officer


T.C. Chandrahasan
Dist. Information Officer


G. Sudheesh
Secretory, Dist. Sports Council


Aby John
RTO


Rajan Babu

# ആലപ്പുഴയ്ക്ക് അഭിമാനമായി അംബരചുംബിയായി കടപ്പുറത്ത് നിൽക്കുന്ന പ്രകാശഗോപുരം





എം.കെ. കബീർ
കൺവീനർ & അഡീഷണൽ
ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്, ആലപ്പുഴ






എം.ആർ. പ്രേം
ചീഫ് എഡിറ്റർ



പി.പി. ചിത്തരഞ്ജൻ



കെ.ടി. മാത്യു



എച്ച്. സലാം



എ.എൻ. പുരം ശിവകുമാർ



ബേബി പാറക്കാടൻ



എസ്. ഭാസ്കരൻ പിള്ള



അഡ്വ. ജി. മനോജ് കുമാർ



കെ. രംഗനാഥകുറുപ്പ്



വി.എൻ. വിജയകുമാർ



പി. ജ്യോതിസ്



ഒ. അഷറഫ്



പി.ജി. രവീന്ദ്രൻ



രഞ്ജിത് മോഹൻ



നെഹ്രുട്രോഫി ജലമേള 2017 ന്റെ ഭാഗമായി
ഫിനിഷിംഗ് പോയിന്റിൽ നിർമ്മിക്കുന്ന പവിലിയന്റെ കാൽനാട്ടുകർമ്മം
ജില്ലാ കളക്ടർ വീണ. എൻ. മാധവൻ നിർവ്വഹിക്കുന്നു.



# ആമുഖം

കിഴക്കിന്റെ വെനീസ് എന്ന് ഖ്യാതി കേട്ട ആലപ്പുഴയുടെ പെരുമയെ ലോകത്തിന്റെ മുന്നിൽ ദ്വൈതമുഖത്തോടെ എത്തിക്കുന്ന മറ്റൊരു തലം നെഹ്റു ട്രോഫി ജലോത്സവത്തിനുണ്ട്. നിശബ്ദമായ കായൽ സൗന്ദര്യം കാണാനെത്തുന്ന ദേശാതീതമായ ജനതതിയ്ക്ക് അദ്ഭുതവും ആവേശവും ഉണ്ടാക്കാൻ കൈരളിയുടെ ഈ കായൽ ദേശത്തിന്റെ വള്ളപ്പാട്ടിനും ആ താളത്തിൽ തുഴയെറിയുന്ന ചുണ്ടൻ വള്ളങ്ങളിലെയും ചെറുവള്ളങ്ങളിലെ സ്ത്രീ പുരുഷ തുഴച്ചിൽക്കാർക്കും കഴിയുന്നുണ്ട്. ഇത്തരം ഒരു മഹോത്സവത്തിന് നേതൃത്വം കൊടുക്കുവാൻ കഴിഞ്ഞതിൽ അനല്പമായ ചാരിതാർത്ഥ്യമുണ്ട്. ഇവിടുത്തെ സാമൂഹ്യ രാഷ്ട്രീയ നേതൃത്വവും ഉദ്യോഗസ്ഥവൃന്ദവും മാത്രമല്ല ഈ നാട്ടിലെ മുഴുവൻ ജനങ്ങളും ഒരേ മനസ്സോടെ ഈ ജലോൽസവം കുറ്റമറ്റതാക്കാൻ എന്നോട് സഹകരിച്ചിട്ടുണ്ട്. എല്ലാവരോടുമുള്ള കടപ്പാടും നന്ദിയും രേഖപ്പെടുത്തുന്നു. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കൈയ്യൊപ്പോടെ ലഭിച്ച നെഹ്റുട്രോഫിക്കു വേണ്ടിയുള്ള അപൂർവ്വമായ ഈ വള്ളംകളിയുടെ മികവ് മങ്ങിപ്പോകാതെ സൂക്ഷിക്കാൻ സുവനീർ കമ്മറ്റി ശ്രമിച്ചിട്ടുണ്ട്. ഈ സ്മരണിക ആത്മസംതൃപ്തിയോടും അഭിമാനത്തോടും സാംസ്കാരിക കേരളത്തിന് സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം

**വീണ.എൻ.മാധവൻ, ഐ.എ.എസ്,**
ജില്ലാ കളക്ടർ & ചെയർമാൻ,
നെഹ്രുട്രോഫി ബോട്ട് റേസ് സൊസൈറ്റി



# സന്ദേശം

ചരിത്രത്തിന്റെ ചില ഏടുകൾ കാലപ്പഴക്കത്താൽ വിസ്മൃതിയിൽ ആണ്ടുപോകാം. എന്നാൽ മറവിയുടെ ആഴമേറിയ കയങ്ങളിൽ മുങ്ങി പോകാതെ നിലനിൽക്കുന്ന ചിലതുണ്ട്. അതിലൊന്നാണ് കൈരളിയുടെ നാമത്തിന് ലോകഭൂപടത്തിൽ ഇടം നൽകുന്ന ആലപ്പുഴയിലെ നെഹ്റുട്രോഫി ജലോത്സവം. ഭാരതത്തിന്റെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ആലപ്പുഴ സന്ദർശനത്തിന്റെ ഓർമ്മ പുതുക്കുന്ന ഈ ജലമാമാങ്കം കാലങ്ങളേയും ദേശങ്ങളേയും അതിജീവിച്ച്, പഴമയെയും പുതുമയേയും തുന്നി ചേർത്ത് ഒരു നാടിന്റെ വികാരമായി ഇന്നും അനുസ്യൂതം തുടരുന്നു. 65-ാമത് നെഹ്റുട്രോഫി ജലോത്സവത്തിന്റെ നിറചാർത്തായി രൂപപ്പെടുന്ന ഈ സുവനീർ മെച്ചപ്പെട്ട കലാവിഭവങ്ങൾ കൊണ്ട് സമ്പന്നമാണ്. നെഹ്റുട്രോഫിക്ക് ഊടും പാവും നെയ്ത സുവനീർ കമ്മിറ്റിക്കും ചീഫ് എഡിറ്റർ പ്രേമിനും എല്ലാവിധ വിജയാശംസകളും നേരുന്നു.

**കബീർ**
എ.ഡി.എം



# നന്ദി

ഒരു നാടിന്റെ സംസ്കൃതി പലപ്പോഴും അവിടുത്തെ ജനങ്ങളുടെ നിത്യ ജീവിതവും അവരുടെ തൊഴിലും പരിസ്ഥിതിയും ഭൂമിശാസ്ത്രവുമൊക്കെയായി ബന്ധപ്പെട്ടതാണ്. ലോകശ്രദ്ധയാർജ്ജിച്ച നെഹ്റുട്രോഫി ജലോത്സവം ആലപ്പുഴയുടെ സാമൂഹികവും സാംസ്കാരികവുമായ ജീവിതത്തിന്റെ പ്രതിഫലനമാണ്. പൈതൃകതയുടെയും നൂതനതയുടെയും സമ്മിശ്ര ദർശനം നമ്മുക്ക് കാണാൻ കഴിയും. 65-ാമത് നെഹ്റുട്രോഫിയുടെ നേർക്കാഴ്ചകൾ സ്മൃതിപഥത്തിൽ നിന്നും മാഞ്ഞുപോകാതെ നിലനിർത്താൻ ഈ സുവനീറിലെ ഓരോ ഏടുകൾക്കും കഴിയുന്നു എന്നത് അളവറ്റ സന്തോഷം ഉണ്ടാക്കുന്നു. ഈ വർഷത്തെ നെഹ്റുട്രോഫി ജലോത്സവത്തിന്റെ വിവിധങ്ങളായ പരിപാടികൾ നിറഞ്ഞ ചാരുതയോടെ സുവനീറിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. നെഹ്റുട്രോഫിയുടെ ഭാഗമായ സാംസ്കാരിക ജാഥ, സെമിനാറുകൾ, മറ്റു കലാപരിപാടികൾ എന്നിവയുടെ ചിത്രങ്ങൾ സുവനീറിനെ ഏറെ പ്രോജ്വലിപ്പിക്കുന്നു. ഇതിന്റെ ചീഫ് എഡിറ്ററായ ശ്രീ. എം. ആർ. പ്രേമിന്റെ അവിശ്രമവും അക്ഷീണവും നിസ്വാർത്ഥവുമായ പരിശ്രമം സുവനീറിന്റെ നിർമ്മിതിയെ അവിസ്മരണീയമാക്കിയിട്ടുണ്ട്. സുവനീറിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ സുവനീർ കമ്മറ്റി അംഗങ്ങളേയും നന്ദിയോടെ സ്മരിച്ചു കൊണ്ട് ഈ സുവനീർ അഭിമാനത്തോടെ ജനസമക്ഷം സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം

**എസ്. മുരളീധരൻ പിള്ള**
ആർ.ഡി.ഒ & സെക്രട്ടറി,
നെഹ്രുട്രോഫി ബോട്ട് റേസ് സൊസൈറ്റി.



# സമർപ്പണം

കാലത്തിന്റെ നിറഭേദങ്ങളെ അതിജീവിച്ച് നിൽക്കുന്ന കേരള സംസ്കാരത്തനിമയുടെ അപൂർവ്വം ചില പ്രതീകങ്ങളിലൊന്നാണ് നമ്മുടെ ജലമേളകൾ. ഒരു നാടിന്റെ കലാ-കായിക, സാംസ്കാരിക പാരമ്പര്യത്തിന്റെ തനിമയും മഹിമയും വിളിച്ചറിയിക്കുന്ന നെഹ്റുട്രോഫിയാണ് ഇതിൽ ലോക ശ്രദ്ധ ഏറെ നേടിയിട്ടുള്ള ജലമേള. പുഞ്ചപാടങ്ങളും, കേരത്തോപ്പുകളും, കായൽ കൈവഴികളും നിറഞ്ഞ കുട്ടനാടിലെ കർഷക തൊഴിലാളികളുടേയും മണ്ണിൽ പണിയെടുക്കുന്ന മറ്റ് ജനസമൂഹങ്ങളുടേയും സംഘബോധത്തിന്റേയും കലാവാസനയുടേയും പ്രതിഫലനം കൂടിയാണ് നെഹ്റുട്രോഫി ജലോത്സവം.

ഈ ജലമാമാങ്കത്തിന്റെ ഓർമ്മയുടെ തിരുശേഷിപ്പാവുകയാണ് സ്മരണിക. ചരിത്രതാളുകളിൽ അവിസ്മരണീയമായിത്തീരുന്ന മുഹൂർത്തങ്ങളും മധുര സ്മരണകളും ഒപ്പിയെടുത്ത് അവതരിപ്പിക്കാൻ കഴിയുന്ന തരത്തിൽ സ്മരണിക പ്രസിദ്ധീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. എങ്കിലും പൂർണ്ണത അവകാശപ്പെടുന്നില്ല.

സ്മരണികയ്ക്ക് എല്ലാ ഘട്ടത്തിലും നിസീമമായ സഹായസഹകരണം നൽകിയ ജില്ലാ കളക്ടർ ശ്രീമതി വീണ എൻ.മാധവൻ ഐ.എ.എസ് ,സ്മരണിക കമ്മറ്റിയുടെ കൺവീനറായ എ.ഡി.എം ശ്രീ.എം.കെ.കബീർ എന്നിവരെ കൃതജ്ഞതയോടെ സ്മരിക്കുന്നു. പത്രാധിപ സമിതി അംഗങ്ങളായ ശ്രീ.പി.പി.ചിത്തരഞ്ജൻ, അഡ്വ.കെ.റ്റി.മാത്യു, പി. ജ്യോതിസ്, കെ.രംഗനാഥക്കുറുപ്പ്, എ.എൻ.പുരം ശിവകുമാർ, ബേബി പാറക്കാടൻ, സി. സെബാസ്റ്റ്യൻ എന്നിവരുടെ സേവനം പ്രശംസനീയമായിരുന്നു.

സ്മരണിക നിറമനസ്സോടെ സമർപ്പിക്കുന്നു.

സ്നേഹാദരത്തോടെ

എം.ആർ.പ്രേം

# അകത്താളുകളിൽ


നഗരത്തിലെ പൊങ്ങച്ചക്കവി കൊച്ചമ്മ- ജി.സുധാകരൻ

ടൂറിസം ആലപ്പുഴയുടെ മുഖം മാറുന്നു- ഡോ. ടി.എം തോമസ് ഐസക്ക്

ശ്രാവണം- പ്രഭാവർമ്മ

അത്യുന്നതങ്ങളിൽ ഒരമ്മപ്പട്ടം- എം.മഞ്ജു

പെങ്ങൾ- എച്ച്.സലാം

Yarn of the yarn Alappuzha Coir and Culture entwined- Vinod Anchuthengil

മഴ- ഡി.ബി.അജിമോൻ

ഓളപ്പരപ്പിലെ ഒളിമ്പിക്സ്- ഡോ.സുനിൽ മർക്കോസ്

നക്ഷത്രങ്ങൾ പറയാതിരിക്കുന്നത്- രാജീവ് ആലുങ്കൽ

ജലോത്സവം- ചില ചിന്തകൾ- പത്മിനി ബി.നായർ ആനിക്കാട്

മുഖാമുഖം- അമൃത

ആലപ്പുഴയ്ക്ക് ഷഷ്ടിപൂർത്തി- കല്ലേലി രാഘവൻപിള്ള

കാടെന്നെ വിളിച്ചു- ജെ.ഷിജിമോൻ

വള്ളംകളിയുടെ നാൾ വഴികൾ- ഡോ. അമ്പലപ്പുഴ ഗോപകുമാർ

പുഴ- ഡോ.വിനിത കെ.എൻ

മരങ്ങൾ പെയ്യുന്ന മഴ- സി.ജീവൻ

ഭയം- അഞ്ജലി ജ്യോതി

വഞ്ചിപ്പാട്ട്- കുചേലവൃത്തം
അതിനു മുൻപും പിൻപും- കൈനകരി സുരേന്ദ്രൻ

ഗാന്ധിജി- ശ്യാം കുട്ടനാട്

സാമൂഹ്യപുരോഗതിയിൽ വ്യക്തിയുടേയും
കുടുംബത്തിന്റെയും സ്ഥാനം- പി.ജ്യോതിസ്, ആലപ്പുഴ

ഭഗത്സിംഗ് നീണാൾ വാഴട്ടെ- കെ.രംഗനാഥക്കുറുപ്പ് കരുവാറ്റ

# അകത്താളുകളിൽ


ഏകാന്തതയുടെ നിറം- ബൈജു വർഗ്ഗീസ്

വരും തലമുറയ്ക്കായി നമുക്കിതു ചെയ്തു തീർക്കാം- ബേബി പാറക്കാടൻ

ആലപ്പി വിൻസെന്റും മലയാള സിനിമയും- രതീഷ് ഭജനമഠം

പിന്നിട്ട പാതകൾ- അഡ്വ.സദാനന്ദൻ പാണാവള്ളി

156-ാം വയസ്സിലും പ്രകാശം ചൊരിഞ്ഞ് വിളക്കുമരം- ഫിറോസ് അഹമ്മദ്.എ

ആലപ്പുഴയുടെ പ്രാചീനകാല ചരിത്രം- എം.എസ്.അബ്ദുൾ റഹ്മാൻ

ജലോത്സവം- അൻസാരി റഹ്മത്തുള്ള

മലയാളത്തിൽ കരയുന്ന കുട്ടികളുടെ ശ്രദ്ധയ്ക്ക്- നൈന മണ്ണഞ്ചേരി

അലി അബ്രഹാമിന്റെ പേടകം- സി.ജോസുകുട്ടി

കുത്തുബ- എ.അഷ്റഫ്

കായികകേരളം പ്രതീക്ഷയും പ്രതിസന്ധിയും- ദീപക് രാജീവ്

സ്ത്രീയും സമൂഹവും- അരുൺ.ടി

മടക്കം- ഷർസാന എ.നൗഷാദ്

മനുരക്കനവുകൾ- രമേശ് മേനോൻ

Tourism in Alappuzha
Calls for a holistic development- Vinod Anchuthengil

കാള കർക്കിടകം- പുന്നപ്ര ജ്യോതികുമാർ

കായലുകൾ വിൽക്കാനുണ്ട്- എ.എൻ.ചുരം ശിവകുമാർ

കവിത

ജി. സുധാകരൻ



# നഗരത്തിലെ പൊങ്ങച്ചക്കവികൊച്ചമ്മ



## ഉടയുന്ന ആദർശം

ഹൃദയകമലങ്ങളിൽ
സ്നേഹവിശ്വാസങ്ങൾ
വിടരുമൊരു
നിർമ്മലയാണു നീ എങ്കിലും
ഭയരഹിതലിപികളാൽ
വായനാവൈഭവം
മഹിമ കൂട്ടാൻ ഭവതി
മുന്നിലുണ്ടെങ്കിലും

ഭയരഹിതയായ് നിന്നു
ജനതതന്നരികിലായ്
പുളകിതഗാത്രിയായ്
ഭവതിയുണ്ടെങ്കിലും

ശരിമയില്ലാത്തൊരീ
കർമ്മകാണ്ഡങ്ങളിൽ
പഥചലനങ്ങൾ
നടത്തുന്ന വേളയിൽ
ഇവിടെ നേരറിവിന്റെ
ജനകീയവീഥികളിൽ
അനുഭവകഥ നെയ്ത
ജനതകളെ ഓർക്കാതെ
പകിടകളി കാട്ടിത്തിമിർക്കുന്ന
വിഭ്രമപ്രകടനവീരരെ
നീ പുകഴ്ത്തീടവേ

ഇവിടെ വീണുടയുന്നു
നിന്റെ ആദർശങ്ങൾ
ഭവതിതന്നാദർശ
വെൺമ കറുത്തുവോ?

## രണ്ട്

### പൂമരം നടുക

ഇവിടെയീ ശവകുടീരങ്ങളിൽ
വളരുമീ പ്രകൃതിദോഷം
വരുത്തുന്നൊരീ മാമരം
ഒഴിയുകിൽ നട്ടിടാം
പൂമരം ; കവിതകൾ
കുടുകുടെ വിരയും
സുഗന്ധമരശതം!

പണ്ടു ദിവാനെത്തളച്ചവർ
ഞങ്ങൾതൻ ചങ്കിലെ
ചോരയ്ക്കൊരേ നിറം ചെന്നിണം!
അങ്ങു കിഴക്കു കൃഷീവലർ
കുട്ടനാട്ടന്തിയുറങ്ങാൻ
കിടപ്പാടമില്ലാതെ
നൊന്തു പെറുന്നമ്മമാർക്ക്
കിടക്കുവാൻ പൊന്തതൻ
കാട്ടിൽ വിരിപ്പു വിരിച്ചവർ
ചത്തവർ കൊന്നവർ
ചത്തു ജയിച്ചവർ
ചത്തുപോയിട്ടും
മരിക്കാതെ നിൽപ്പവർ!

അന്നം തരുന്ന വയലിലെ
നെന്മണി ഇല്ലാതെയാക്കാൻ
നിലം നികത്തീടുവാൻ
കള്ളപ്പണം കിലുങ്ങുന്ന
മടിശ്ശീലത്തുള്ളിച്ചുവന്ന
പ്രമാണിവർഗ്ഗങ്ങളെ

വെട്ടിനിരത്തിയ തുമ്പകൾ
പാടത്തു പച്ചപ്പനങ്കിളി-
യെപ്പറപ്പിച്ചതും
വെട്ടിനിരത്തൽ സമര-
മെന്നോതിയന്നൊക്കെ
അതിനെവെറുപ്പോടെ കണ്ടവർ

അക്ഷരം വാരിപ്പി-
ശാചുക്കളെപ്പോലെ
ചുറ്റിലും നൃത്തമാടി-
ച്ചൊരാ നാളുകൾ
ജീവിച്ചിരുന്നോ ഭവതി
ഈ നാട്ടീലായ്! പേനയിൽ
ഇന്ധനം വറ്റി വരണ്ടുവോ?
ഒറ്റയൊരക്ഷരം
നെല്ലിനെപ്പാടുവാൻ
പൊട്ടിവിടർന്നോ? തവ-
വീണ എങ്ങുപോയ്!

ഒരു മരം മാത്രം ശരി
മറ്റതൊന്നുമേ കണികാൺകയില്ല
ഇതെന്തു ദുശ്ശാഠ്യമാം!
കണികണ്ടിടാം നാനാവിധമുള്ള
സസ്യങ്ങൾ; വഴി തുറക്കാം
കർമ്മവീഥി പലതരം!

അടയുന്ന സങ്കൽപ്പസവിധങ്ങൾ
കൂരിരുട്ടിഴയുന്നവിടെ
കരിനാഗമെന്നപോൽ
അതിനുള്ളിൽ അടയിരുന്നാൽ
പ്രകൃതി കോപിക്കും
കരിമൂർഖരെകൊണ്ട്
ആർക്കു പ്രയോജനം!

നല്ലനാളേക്കായി
നല്ലമരങ്ങളെ
നൽകാൻ പ്രകൃതി-
ക്കു നൽകാമവസരം!

ആ മരങ്ങൾക്കായ്
തിരയാൻ ശ്രമിക്കാതെ
എന്തു പ്രകൃതിയോ
എന്തു സൗന്ദര്യമോ?

## മൂന്ന്

## തൂലിക എവിടെയായിരുന്നു?

ഞങ്ങൾ ആലപ്പുഴക്കാർ
വേലചെയ്യുന്ന
നല്ല മനുഷ്യർ
സധൈര്യം ചരിപ്പവർ
ഇല്ല മടി ചോര നൽകി
ജഗത്തിനെസമ്മോഹമാക്കി
ഐശ്വര്യമാക്കിടാൻ!

## നാല്

## നാട്ടിൻപുറത്തിന്റെ മക്കൾ

പൊട്ടും പൊടിപ്പും
മുകുളങ്ങളും സസ്യ-
വൃക്ഷലതാദിയും
നെൽവയൽകൂട്ടവും
പച്ചക്കറികളും
നാട്ടുപുഞ്ചോലയും
നട്ടുവളർത്തുന്ന
കേരവൃക്ഷാദിയും
നാട്ടുമാവിൻകൂട്ടം
കൂട്ടമായ് മേവുന്ന
നാട്ടിൻ പുറത്തിന്റെ
മക്കളീ ഞങ്ങളെ
കൊല്ലക്കുടിയിങ്കൽ
സൂചി വിൽക്കാനെത്തും
പൊങ്ങച്ചനാട്ടിലെ
കൊച്ചമ്മമാരുടെ
തൻസ്വരൂപങ്ങൾ
പെരുപ്പിച്ചു കാണിച്ചു
വല്ലാത്ത വിപ്ലവം
സൃഷ്ടിക്കൊലാ വൃഥാ!

അഞ്ച്

## അഭ്യർത്ഥന

വരു സഹോദരി
രചനാമിത്രമേ
മരങ്ങൾ നട്ടിടാം
ഇവിടെ ഭൂവിതിൽ!
വെറും തൊഴിലാളി
അഭിരമിക്കുന്ന
പ്രകൃതിഭൂമിയിൽ
കരം പിടിക്കുക!
ഇവിടെ ആരുമേ
വസിപ്പതില്ലോർക്ക
മരഹരം ചെയ്യും
കിരാതരില്ലല്ലോ
മരത്തെ സ്നേഹിക്കും
മനുഷ്യരെ കാണൂ!
മരത്തണലിങ്കൽ
പണം കിലുക്കുന്ന
മനുഷ്യരെ കണ്ടു
അവർതൻ വേഷങ്ങൾ
യാഥാർത്ഥ വേഷമായ്
കണക്കിൽ ചേർക്കല്ലേ!
പ്രിയ സഹോദരി!

അതുകള്ളപ്പണം
കരിഞ്ചന്തക്കാർതൻ
`വിശുദ്ധ` സമ്പാദ്യം;
അതുകളീ മണ്ണിൽ
അഴിച്ചുമാറ്റുന്ന
ജനതയെ കാണൂ!
അഭിമാനത്തോടെ
അഭിരമിച്ചിടൂ!

വെറുതെയാക്ഷേ-
പിച്ചലറിച്ചൊല്ലുന്ന
കപടവേഷങ്ങൾ
അഴിച്ചെടുത്തു നാം
ചിതയിൽ വച്ചിടാം
അതിൻവെളിച്ചത്തിൽ
പ്രകൃതിസത്യത്തെ
നിറയെ കണ്ടിടാം!

## ആറ്

## എന്നെ സംസ്ക്കരിക്കുക

ഞാൻ കരഞ്ഞു ക-
രഞ്ഞു നിൽക്കുമ്പോൾ
ഘോരതാപം ത-
പിച്ചെന്റെ മേനി
വിണ്ടുകീറി വി-
ളറിപ്പൊടിഞ്ഞു
ചന്തമറ്റു പ-
തിക്കുവാൻ നിൽക്കേ!
ചത്തുപോയെന്നെ
സംസ്കരിച്ചീടാൻ
ഉറ്റനാട്ടുകാർ
വെമ്പിനിന്നീടേ
ദൂരെനിന്നു പ-
റന്നുവന്നല്ലോ,
നീയനുരാഗ-
പർവ്വവുമായി!
നിൻ മിഴികൾ വി-
ടർന്ന കണ്ണീരിൽ
കാമദാഹമോ
ദുഃഖമോ കണ്ടു!
മാമരം മരി-
ച്ചെങ്കിലും നിന്റെ
മാമരക്കാമം
പ്രേതസംസ്ക്കാരം
നട്ടുപോറ്റിടാൻ
പുത്തൻ മരങ്ങൾ
ഒത്തിരി നിര-
യായി നിൽക്കുമ്പോൾ
നട്ടുനോക്കു മ-
രങ്ങളെ നാട്ടിൽ
പച്ചയെങ്ങും വി-
രിയട്ടെ നാട്ടിൽ.


കുട്ടാപ്രി




ഡോ. ടി.എം തോമസ് ഐസക്ക്

# ടൂറിസം ആലപ്പുഴയുടെ മുഖം മാറുന്നു

തുറമുഖ നഗരമായി പിറവിയെടുത്ത് കയർ വ്യവസായ കേന്ദ്രവും ആകർഷകമായ കായൽ ടൂറിസ ഡെസ്റ്റിനേഷനുമായി രൂപാന്തരപ്പെട്ട ആലപ്പുഴ പുതിയ കാലത്തേയ്ക്ക് ഇണങ്ങിയ മുഖവും സ്വഭാവവും ക്രമേണ സ്വായത്തമാക്കുകയാണ്. ആലപ്പുഴയെ വിനോദയാത്രികരുടെ ഒരു ആകർഷണ കേന്ദ്രമാക്കി നിലനിർത്താൻ വേണ്ട അടിസ്ഥാനസൗകര്യ സൃഷ്ടിക്ക് പൂർണ്ണമായും കളമൊരുങ്ങിക്കഴിഞ്ഞു. ഇന്ന് ആലപ്പുഴയിൽ എത്തുന്ന സഞ്ചാരികൾക്ക് ഹൗസ്ബോട്ടെന്ന് പറയുന്ന ഒരു കാഴ്ചയും അനുഭവവും മാത്രമാണ് നമുക്ക് നൽകാൻ കഴിയുന്നത്. ഇതിൽ നിന്നും മാറ്റം വന്നേ മതിയാകൂ. കാണാനും പഠിക്കാനും അനുഭവിക്കാനും തൊട്ടറിയാനും ആലപ്പുഴയുടെ തനത് കാഴ്ചകളും രീതികളും നാം ഒരുക്കിക്കൊടുക്കണം. അത് ലോകോത്തര നിലവാരത്തിൽ ചിട്ടയായി ക്രമീകരിച്ചുതന്നെ തയ്യാറാക്കണം. നാട്ടിൽ എത്തുന്ന സഞ്ചാരികൾക്ക് ഇത് വൃത്തിയും, വെടിപ്പുമുള്ള, അഴകുള്ള ഒരു നാടായി തോന്നണം. നല്ല റോഡുകളും വൃത്തിയുള്ള കനാലുകളും സ്വച്ഛമായി ഒഴുകുന്ന തോടുകളും അവയുടെ വൃത്തിയുള്ള തീരങ്ങളുമെല്ലാം ഒരുക്കിയാൽ ഏതൊരു ലോകോത്തര കാഴ്ചയേയും നമുക്ക് വെല്ലാം. അതിനുള്ള സവിശേഷതകൾ പ്രകൃതി നമുക്ക് നൽകിയിട്ടുണ്ട്. അവയെ പരിപാലിക്കുക മാത്രമേ നാം ചെയ്യേണ്ടൂ. ഈ ലക്ഷ്യത്തോടെ വിപുലമായ നവീകരണത്തിനാണ് ആലപ്പുഴ സജ്ജമാകുന്നത്.

## മൊബിലിറ്റി ഹബ്ബും ആധുനിക റോഡുകളും

ആലപ്പുഴയിൽ എത്തുന്ന ആരുടെയും മനംമടുപ്പിക്കുന്ന ഒന്നാണ് ഇടുങ്ങിയ റോഡുകളും അസൗകര്യം നിറഞ്ഞ ബസ് സ്റ്റാന്റും ഒട്ടും ആധുനികമല്ലാത്ത ബോട്ട് ജെട്ടിയും. ഇവയെ ഏറ്റവും ആധുനികമായി പുനർനിർമ്മിക്കാനാണ് പരിപാടി തയ്യാറാക്കിയിട്ടുള്ളത്. കെഎസ്ആർടിസി ബസ് സ്റ്റാന്റ് പുനർനിർമ്മിച്ച് ഏറ്റവും ആധുനികമായ മൊബിലിറ്റി ഹബ്ബ് സെന്ററാക്കും. ജലഗതാഗത വകുപ്പിന്റെ ഡ്രൈ ഡോക്ക്, ജലസേചന വകുപ്പിന്റെ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം എന്നിവ ഉപയോഗിച്ച് ഏറ്റവും നവീനമായ ബോട്ട് ജെട്ടിയും ഡ്രൈ ഡോക്കും അവിടെ ഒരു ബോട്ട് മ്യൂസിയവും നിലവിൽവരും. കെഎസ്ആർടിസി ബസ് സ്റ്റാന്റിനു സമീപത്തുള്ള ജലഗതാഗത വകുപ്പിന്റെ ആസ്ഥാന മന്ദിരവും ആധുനിക ഓഫീസായി മാറും.

ജലസേചന വകുപ്പിന്റെ സ്ഥലത്തു നിർമ്മിക്കുന്ന പുതിയ ബോട്ട് ജെട്ടിയിൽ ഒരേ സമയം പത്ത് ബോട്ടുകൾക്ക് സൗകര്യപ്രദമായി ആളുകളെ കയറ്റാനും ഇറക്കാനുമുള്ള സൗകര്യമുണ്ടാകും. ഈ ബോട്ട് ജട്ടിയിൽ ആലപ്പുഴയുടെ സൗന്ദര്യം മുഴുവൻ നുകരാനുതകുന്ന ഉയർന്ന ഒരു വാച്ച് ടവറും വരും. ഇവിടം തന്നെ ഒരു പ്രധാന ആകർഷണ കേന്ദ്രമായി മാറുമെന്ന് അർത്ഥം. ബോട്ട് ജെട്ടിയുടെ ഇരുകരകളിലുമുള്ള റോഡുകൾ നവീകരിച്ച് വൺവേ ആക്കി മാറ്റും. ഇതിനുതകുന്നവിധം ജില്ലാ കോടതി പാലം പൊളിച്ചു പണിയുകയാണ്. മൊബിലിറ്റി ഹബ്ബിന്റെ ആകെ ചെലവ് ഏതാണ്ട് 450 കോടി രൂപയാണ്. ഇത് ഏതാനും മാസങ്ങൾക്കുള്ളിൽ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന സ്ഥിതിയിൽ എത്തിയിട്ടുണ്ട്.

## നഗരപാതകൾ നവീകരിക്കപ്പെടുന്നു

ആലപ്പുഴ നഗരാതിർത്തിയിലുള്ള പ്രധാന പാതകളെല്ലാം ഇന്നുള്ള വീതി പൂർണ്ണമായും റോഡിനും നടപ്പാതയ്ക്കുമായി വിനിയോഗിച്ചുകൊണ്ട് ഏറ്റവും നവീനമായ സാങ്കേതികവിദ്യ ഉപയോഗിച്ച് പുതുക്കുകയാണ്. രണ്ട് ഘട്ടങ്ങളായാണ് ഈ ഗതാഗത നവീകരണ പരിപാടി നടപ്പിലാക്കുന്നത്. ഒന്നാംഘട്ടം ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. മഴക്കാലം കഴിഞ്ഞാൽ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുകയായി. പ്രധാന ടൂറിസം പാതകളെല്ലാം നവീകരിക്കപ്പെടും. ആലപ്പുഴ - തണ്ണീർമുക്കം റോഡും പുന്നമട - നെഹ്റുട്രോഫി റോഡ് നെറ്റുവർക്കും നവീകരണ പാക്കേജിൽ ഉൾപ്പെട്ടിട്ടുണ്ട്. നെഹ്റുട്രോഫി വാർഡിലേയ്ക്കുള്ള പാലത്തിന്റെ ഭൂമി

ഏറ്റെടുക്കൽ തുടങ്ങിയ പ്രവർത്തികൾക്ക് തുടക്കമായിട്ടുണ്ട്.

**കനാലുകൾക്ക് പുനർജനി**

കനാലുകളാണ് ആലപ്പുഴ നഗരത്തിന്റെ മുഖമുദ്ര. വേമ്പനാട് കായലിനെ നഗരവുമായി ബന്ധിപ്പിക്കുന്ന പ്രധാന കനാലുകൾ കള നിറഞ്ഞ് അഴുക്ക് അടിഞ്ഞ് നാശത്തിന്റെ വക്കിലാണ്. ഇവയുടെ നവീകരണത്തിന് ഒരുപാട് കാലമായി പരിശ്രമിക്കുന്നു. പലതരത്തിലുള്ള സാങ്കേതിക പ്രശ്നങ്ങളും ഇതിന്റെ പൂർത്തീകരണത്തിന് വിഘാതമായി. കനാൽ കരകൾക്ക് പുറംമോടി മാത്രം വരുത്തി ഈ പ്രശ്നം പരിഹരിക്കാനാണ് നാം തുനിഞ്ഞത്. ഇപ്പോൾ ഇതിനൊരു പരിഹാരം കൈവന്നിരിക്കുന്നു. ആലപ്പുഴയിലെ കനാലുകളുടെ നവീകരണത്തിന് വിപുലമായ പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. പ്രധാന കനാലുകൾ അഴുക്ക് നീക്കം ആഴം കൂട്ടുന്നതിന് ടെണ്ടർ നടപടി ക്രമങ്ങളുമായി. ഒഴുക്ക് പുനസ്ഥാപിച്ച് ഈ കനാലുകളെ നവീകരിക്കാനാണ് നാം ശ്രമിക്കുന്നത്. നഗരത്തിലെ താഴ്ന്ന പ്രദേശങ്ങളിൽ നിന്ന് ഈ പ്രധാന കനാലുകളിലേയ്ക്ക് എത്തുന്ന അസംഖ്യം ചെറുതോടുകളുണ്ട്. വർഷക്കാലത്തെ അധികവെള്ളം പറമ്പിലും മുറ്റത്തും കെട്ടിനിൽക്കാതെ പ്രധാന കനാലിലേയ്ക്ക് എത്തിച്ചിരുന്നത് ഈ ചെറുതോടുകളാണ്. ഇന്ന് അവ അഴുക്കുചാലുകളായി മാറി. പലതും അഴുക്ക് അടിഞ്ഞ് നികന്ന് പോവുകയും ചെയ്തു. അസഹനീയമായ വെള്ളക്കെട്ടാണ് ഇതിന്റെ പരിണിത ഫലം. ഈ പ്രശ്നത്തിന് പരിഹാരം കാണാതെ ആലപ്പുഴ നഗരത്തിന് ശോഭനമായൊരു ഭാവിയില്ല. കഴിഞ്ഞ ഒരു കൊല്ലമായി ഇതിനൊരു പരിഹാരം കാണാൻ പരിശ്രമം നടക്കുകയാണ്. നഗരത്തിലെ ചെറുതോടുകൾ ഓരോ ഇഞ്ചും അളന്നും അടുത്ത് അറിഞ്ഞും ഇവയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയാണ്. ഇന്ത്യയിലെ പ്രശസ്തമായ ശാസ്ത്ര-സാങ്കേതിക വിദ്യാഭ്യാസ, ഗവേഷണ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളും അധ്യാപകരുമൊക്കെയാണ് ഇതിനു നേതൃത്വം കൊടുക്കുന്നത്. ഇതിന്റെ ഭാഗമായി ചാത്തനാട് നിന്നുമുള്ള ഒരു ചെറുതോട് വൃത്തിയാക്കാനുള്ള പൈലറ്റ് പരിപാടി നടന്നുവരികയാണ്. ഇതിന്റെകൂടി അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നഗരത്തിലെ തോടുകളുടെ ശ്രംഖല പുനരുജ്ജീവിപ്പിക്കുന്നതിന് പരിപാടി ഉണ്ടാകും. കനാലുകളും തോടുകളും വൃത്തിയായാൽ പാതിയിൽ ഏറെയായി. അത് നാം നേരത്തെ തുടങ്ങിവച്ച ഖരമാലിന്യ സംസ്കരണ

പരിപാടിയുടെ സ്വാഭാവിക തുടർച്ചയാണ്. അഴുക്ക് ഇല്ലാത്ത, ഒഴുക്കുള്ള നഗരം അത്തരമൊരു സുന്ദര നഗരം സഞ്ചാരികൾക്ക് സമ്മാനിക്കാൻ നമുക്ക് കഴിഞ്ഞാൽ ടൂറിസം രംഗത്തെ സ്ഥായിയായ വളർച്ചയ്ക്ക് വലിയ സംഭാവനയായിരിക്കും.

**മാറുന്ന ജലകേളികൾ**

കേരളത്തിലെ വള്ളംകളിയുടെ സ്വഭാവം മാറാൻ പോവുകയാണ്. ലീഗ് അടിസ്ഥാനത്തിലായിരിക്കും ചുണ്ടൻവള്ളങ്ങളുടെ മത്സരങ്ങൾ. ആഗസ്റ്റ് രണ്ടാം ശനിയാഴ്ച നടക്കുന്ന നെഹ്റുട്രോഫി മത്സരത്തിൽ ഏറ്റവും മികച്ച പ്രകടനം നടത്തുന്ന ചുണ്ടൻവള്ളങ്ങളായിരിക്കും തുടർന്നുള്ള തെരഞ്ഞെടുക്കപ്പെട്ട ജലോത്സവങ്ങളിൽ മാറ്റുരയ്ക്കുക. ഏറ്റവും കൂടുതൽ പോയിന്റുകൾ നേടുന്ന വള്ളത്തിന് അവസാന മത്സരത്തിൽ വച്ച് ട്രോഫി സമ്മാനിക്കും. ഇത്തരത്തിൽ ചുണ്ടൾവള്ളങ്ങളുടെ മത്സരം സംഘടിപ്പിക്കുന്നതുകൊണ്ട് പ്രാദേശിക ജലോത്സവങ്ങളുടെ പ്രാധാന്യം ഒട്ടും കുറയില്ല. പ്രാദേശിക ജലോത്സവങ്ങൾ പണ്ടത്തെപ്പോലെ തന്നെ രാവിലെ നടക്കും. വൈകുന്നേരം ചുണ്ടൻവള്ളങ്ങളുടെ ലീഗ് മത്സരവും. വള്ളംകളി ഇങ്ങനെ സംഘടിപ്പിക്കുന്നതിന്റെ ഫലമായിട്ട് മത്സരാവേശം രണ്ടു മാസക്കാലം നിലനിർത്തിക്കൊണ്ടു പോകാൻ കഴിയും.

ഇതോടെ രണ്ടരമാസത്തോളം നീളുന്ന വള്ളംകളി ടൂറിസം സീസണ് രൂപം നൽകാൻ കഴിയും. സ്പോൺസർഷിപ്പു വഴി ലഭിക്കുന്ന പണം കൊണ്ട് എല്ലാ ജലോത്സവങ്ങൾക്കും ധനസഹായം നൽകുന്നതിനും ചുണ്ടൻവള്ളങ്ങളുടെ ഭാരിച്ച അറ്റകുറ്റപ്പണി ചെലവും പരിശീലന ചെലവും കണ്ടെത്താനും കഴിയണം. 2018 ലെ നെഹ്റു ട്രോഫി ജലോത്സവം ജലമേളകളുടെയും ആലപ്പുഴ ടൂറിസത്തിന്റെയും ഒരു നിർണ്ണായക വഴിത്തിരിവായിരിക്കുമെന്നതിൽ സംശയമില്ല.

കവിത

പ്രഭാവർമ്മ



# ശ്രാവണം



മഞ്ഞണിരാവിൻ കുളിരലമാലയി-
ലൊന്നു കുളിക്കേണം
ചിങ്ങപ്പൊന്നണി വെയിലിൽ പിന്നീ-
ടൊന്നു തുവർത്തേണം!

ചന്ദനഗന്ധമെഴും കാറ്റാൽ മുടി
കോതിയൊതുക്കേണം.
വെള്ളിവെയിൽത്തെളിയാൽ ഹരിചന്ദന-
ലേപനമണിയേണം !

തിരുമുറ്റത്തെത്തെച്ചിപ്പൂവാൽ
ചെംപൊട്ടണിയേണം
പൊന്മുക്കുറ്റിപ്പൂവാൽ കാതിൽ
കമ്മലുമണിയേണം!

സീതത്താലീലതയാലേ നറു
മാലകളണിയേണം
പൂവിളിയാലേ, യാർപ്പാലേ പുതു
പാട്ടുകൾ കോർക്കേണം

വള്ളികളാലെ, വടത്താലേ-ന-
ല്ലൂഞ്ഞാൽ കെട്ടേണം.
കാറ്റിൻ കൈയാൽ കാവിന്മേൽ ചി-
ല്ലാട്ടം പാറേണം!

ചിങ്ങത്തിങ്കൾത്തങ്കത്തേരിൽ
വിണ്ണിൽ പോകേണം.
നക്ഷത്രക്കുഞ്ഞുങ്ങൾക്കൊപ്പം
മിനുമിനെമിന്നേണം!

തിരുവോണത്തിരുമുറ്റത്തൊരു മണി-
പീഠമൊരുക്കേണം.
മാബലിമന്നനെയെതിരേറ്റൊരു കുറി
കൂടിയിരുത്തേണം!

പൂപ്പാലികയിൽ നിന്നും പൂക്ക-
ളിറുത്തർച്ചിക്കേണം.
പനിനീർത്തെളിയാൽ തിരുമുറ്റത്തെ
സുവാസിതമാക്കേണം!









65-ാമത് നെഹ്റു ട്രോഫി വള്ളംകളിയുടെ ഭാഗ്യചിഹ്നം സംസ്ഥാന ചലച്ചിത്ര പുരസ്കാര ജേതാവും നടനുമായ വിനായകൻ പ്രകാശനം ചെയ്യുന്നു

# വിളംബരജാഥ




നെഹ്റു ട്രോഫി വള്ളംകളിയുടെ പ്രചാരണാർത്ഥം ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പും നെഹ്റു ട്രോഫി പബ്ലിസിറ്റി കമ്മിറ്റിയുംചേർന്ന് സംഘടിപ്പിക്കുന്ന വിളംബര ജാഥയുടെ ഫ്ളാഗ് ഓഫ് സിവിൽ സ്റ്റേഷൻ അങ്കണത്തിൽ ജില്ലാ കളക്ടർ വീണ എൻ. മാധവൻ നിർവഹിക്കുന്നു

# കാഴ്ച



നെഹ്റു ട്രോഫി ജലോത്സവത്തിന്റെ ഭാഗമായി എൻ.റ്റി.ബി.ആർ. പബ്ളിസിറ്റി കമ്മിറ്റിയും പ്രസ്ക്ലബും സംയുക്തമായി ആലപ്പുഴ നഗരചത്വരത്തിലെ ഓപ്പൺ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച 'കാഴ്ച' ചിത്രപ്രദർശനം ജില്ലാ പൊലീസ് മേധാവി എസ്. സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.

# മുഖച്ചിത്രണ മത്സരം









# നിറച്ചാർത്തു മത്സരം



നെഹ്റു ട്രോഫി വള്ളംകളിയുടെ ഭാഗമായി പബ്ലിസിറ്റി കമ്മിറ്റി വിദ്യാർഥികൾക്കായി ആലപ്പുഴ ലിയോ തേർട്ടീന്ത് സ്കൂൾ ഓഡിറ്റോറിയത്തിൽ നടത്തത്തിയ 'നിറച്ചാർത്ത്' മത്സരം ജില്ലാ കളക്ടർ വീണ എൻ. മാധവൻ ചിത്രം വരച്ച് ഉദ്ഘാടനം നിർവഹിക്കുന്നു.



നെഹ്റു ട്രോഫി വള്ളംകളിയുടെ ഭാഗമായി പബ്ലിസിറ്റി കമ്മിറ്റി വിദ്യാർഥികൾക്കായി ആലപ്പുഴ ലിയോ തേർട്ടീന്ത് സ്കൂൾ ഓഡിറ്റോറിയത്തിൽ നടത്തത്തിയ 'നിറച്ചാർത്ത്' മത്സരം.

# ക്യാപ്റ്റൻസ് മീറ്റിംഗ്



65-ാമത് നെഹ്റു ട്രോഫി വള്ളംകളിയുടെ ക്യാപ്റ്റൻസ് ക്ലിനിക് ജില്ലാ കളക്ടർ വീണ എൻ. മാധവൻ ഉദ്ഘാടനം ചെയ്യുന്നു



# ക്യാപ്റ്റൻസ് മീറ്റിംഗ്


















# ക്യാപ്റ്റൻസ് മീറ്റിംഗ്











# കവിത-കഥാരചന മത്സരം



നെഹ്‌റുട്രോഫി ജലോത്സവത്തോടനുബന്ധിച്ച് സ്മരണിക കമ്മിറ്റിയുടെ സാഹിത്യരചന മത്സരം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാകളക്ടർ വീണ എൻ. മാധവൻ ഉദ്ഘാടനം ചെയ്യുന്നു



# മാധ്യമ അവാർഡുകൾ





# മാധ്യമ അവാർഡുകൾ





# വഞ്ചിപാട്ട് മത്സരം





# വഞ്ചിപ്പാട്ട് മത്സരം





# സാഹിത്യ സെമിനാർ








# സാംസ്കാരികജാഥ













# സാംസ്കാരികജാഥ






# സാംസ്കാരികജാഥ





# സാംസ്കാരികജാഥ





# സാംസ്കാരികജാഥ





# സാംസ്കാരികസദസ്സ്








# രവീന്ദ്രഗീതങ്ങൾ



# ബോഡിഷോ





# സമാപനസമ്മേളനം












# സമാപനസമ്മേളന സദസ്സ്



# താരനിശ









# KVM TRUST

Since 1983

KVM Trust Road, Cherthala - 688 524, Alappuzha Dist., Kerala

EDUCATIONAL INSTITUTIONS UNDER MEDICAL, TECHNICAL & DISABILITY AREAS

## KVM COLLEGE OF ENGINEERING & IT

Approved by AICTE & affiliated to APJ Abdul Kalam Technological University

**B.Tech** College Code **KVE**

(Civil, Mechanical, Computer Science)

**MBA, MCA & M.Sc Biotechnology**

## KV SCHOOL OF NURSING

Approved by Indian Nursing Council & Kerala Nurses and Midwives Council

**GNM, ANM**

## KVM INSTITUTE OF PARAMEDICAL SCIENCES

Affiliated to Kerala University of Health Sciences

**M.Sc MLT***

**B.Sc MLT, DMLT**

## KVM COLLEGE OF PHARMACY

Affiliated to Kerala University of Health Sciences

**B.Pharm, D.Pharm, Pharm D., M.Pharm***

## KVM COLLEGE OF NURSING

Approved by Indian Nursing Council & Kerala Nurses and Midwives Council and affiliated to Kerala University of Health Sceinces

**B.Sc Nursing, Post Basic B.Sc Nursing**

**M.Sc Nursing**

## KVM COLLEGE OF SPECIAL EDUCATION

Recognized by the Rehabilitation Council of India (RCI) & Affiliated to Kerala University

**M.Ed SE (MR/ID), B.Ed (Intellectual Diability), D.Ed (MR),D.Ed (ASD)**

## KVM COLLEGE OF ARTS & SCIENCE

Affiliated to Kerala University

**B.Com (Finance & Taxation), B.Com (Computer Application), BBA**

"AFFORDABLE FEES & EXCELLENT COACHING"

**450** Placements 2016-17

## CHARITABLE ACTIVITIES

- School for Mentally Challenged
- De-Addiction and Rehabilitation Centre
- **SWARA** - Speech & Hearing Diagnostic Centre
- Counseling Centre
- School for Autism Spectrum Disorder

## FOR ADMISSIONS CONTACT

Manoj Joseph : 9048495222 | Bijimol T.O. : 9995876948

Web:www.kvmtrust.in | E-mail:kvmtrustchla@gmail.com

KVM an organisation you can TRUST

Since 1983

കഥ

# അത്യുന്നതങ്ങളിൽ ഒരമ്മപ്പട്ടം



മഞ്ജു. എം



നിനക്കച്ഛനെ ഇഷ്ടപ്പെടാൻ വേണ്ടിമാത്രം ഞാൻ ഇവിടെ താമസിക്കണോ. അമ്മയുടെ പുരികങ്ങൾ വില്ലുപോലെ വളഞ്ഞുനിന്നു. നാല് വർഷം മുൻപ് പീ ജി യ്ക്ക് ചേരുന്നോ അതോ പി എസ് സി ക്ലാസ്സിൽ ചേരുന്നോയെന്ന് ചോദിച്ചപ്പോഴും അമ്മ ഇതേ ഗൗരവത്തിലായിരുന്നു.ഞാൻ അമ്മയെ പിടിച്ച് എന്റെ കട്ടിലിൽ ഇരുത്തി.അമ്മ സുന്ദരിയാണ്.നീണ്ടമൂക്ക് വിടർന്ന കണ്ണുകൾ, തോളറ്റം വരെ വെട്ടിയ മുടി. ഞാൻ അമ്മയെ കാണാൻതുടങ്ങിയത് മുതൽ അമ്മ ഇങ്ങനെയായിരുന്നു. കാഴ്ചകൾ ഓരോ പ്രായത്തിലും വ്യത്യസ്തമാണല്ലോ.കുഞ്ഞു ക്ലാസ്സിൽ പഠിക്കുമ്പോൾ അമ്മ രണ്ട് കൈയ്യുകൾ മാത്രമായിരുന്നു.സ്കൂൾ വിട്ടു വരുമ്പോൾ ഓടിക്കയറാനുള്ള കൈകൾ .കൗമാരം മുതലാണ് ഞാൻ അമ്മയെ കാണാൻ തുടങ്ങിയത്.അമ്മയുടെ കണ്ണുകളിലെ കുസൃതി,അമ്മയുടെ സംസാര ഭാവങ്ങൾ അമ്മയുടെ ചിരി,അമ്മയുടെ കോപം സ്ത്രീയെ അടുത്തും അകന്നും അറിഞ്ഞ ഒരു പുരുഷന്റെ ചങ്കുറപ്പോടെ എനിക്ക് പറയാനാകും എന്റെ അമ്മ എല്ലാ അർത്ഥത്തിലും സുന്ദരിയാണ്.

അമ്മയുടെ നോക്കിലും വാക്കിലുമൊക്കെ ആത്മാർത്ഥതയുണ്ട്.
അവർ
നോക്കുമ്പോൾ നോക്കുകയാണ്. സംസാരിക്കുമ്പോൾ
സംസാരിക്കുകയാണ്.അതുതന്നെയാണ് അവരുടെ
പ്രത്യേകതയും.നിന്നെക്കാളെനിക്കിഷ്ടം അവരോടാണ്.നിന്നെ പിരിഞ്ഞാലും
അവരുടെ ചങ്ങാത്തം വേണ്ട
ന്നുവെയ്ക്കില്ല.ഡെയ്സി അമ്മയെ
പരിചയപ്പെട്ടന്നുതന്നെ എന്നോടു പറഞ്ഞു.

അമ്മാ.... എത്ര വയസ്സ്?
പതിനേഴ്
അമ്മ ചിരിച്ചു.
സത്യം . പതിനേഴിൽ നിങ്ങളിത്രയും സുന്ദരിയായിരിക്കില്ല.
അമ്മ മകനോട് സംസാരിക്കേണ്ടവിഷയമാണോ
ഇതെന്നെനിക്കറിയില്ല.
ഇന്നെന്താണീ മുഖവുര.ഞാൻ അമ്മയുടെ തോളിൽ തല ചായ്ചു.അമ്മ
എന്റെ കവിളിൽ തലോടി.
നീ ഡെയ്സിയെ സ്നേഹിക്കുന്നുണ്ടോ.?
ഉവ്വ്.
ജീവിതാവസാനം വരെ കൂടെക്കൂട്ടാൻ മാത്രം
ഡെയ്സി ഇതു കേൾക്കരുത്. ഇഷ്ടം ഉള്ളിടത്തോളം ഞങ്ങളൊരുമിച്ച്.
അങ്ങനെ തന്നെയാണ് വേണ്ടത്.
അമ്മ എന്നെ തോളിൽ നിന്നു മാറ്റി
ഭിത്തിയിൽ ചാരിയിരുന്നു.
അച്ഛനും ഞാനും തമ്മിൽ സംസാരിച്ചിട്ട് എത്ര നാളായീന്ന്
നിനക്കറിയാമോ.ഒരു കൂരയ്ക്ക് കീഴിൽ ഇങ്ങനെ കഴിയുന്നതെന്തിനാണ്.
അമ്മ എന്റെ കണ്ണുകളിലേയ്ക്ക് നോക്കി.
പണ്ടും
അച്ഛൻ അധികം സംസാരിക്കുന്നത് ഞാൻ കണ്ടിട്ടില്ല.
ഈയിടെയായി ഞങ്ങൾക്കിടയിലൊന്നും പുഞ്ചിരിക്കാൻ മാത്രമുള്ള ബന്ധം
പോലുമില്ലാതായിരിക്കുന്നു.എനിക്ക് നിന്റെ അച്ഛനോട് പാവം
തോന്നുകയാണ്.ഈ വീട്ടിൽ നമുക്കിടയിൽ ചന്ദ്രേട്ടന് വല്ലാത്ത ഏകാന്തത
അനുഭവപ്പെടുന്നുണ്ട്.
ഞാനിവിടെ ഇല്ലല്ലോ.അപ്പോൾ അമ്മയ്ക്കും ഏകാന്തത ഇല്ലേ?
നീ ഇല്ലെങ്കിലും അമ്മയ്ക്കിവിടെ നീ ഉള്ളതുപോലെ തന്നെയാണ്.ഒട്ടും
ബോറടിക്കാറില്ല.നിന്റെ പുസ്തകങ്ങൾ നിന്റെ പഴയ സൈക്കിൾ ഇതൊക്കെ
എനിക്ക് നിന്നെപ്പോലെതന്നെ.
അതുപോലെ തന്നെയാവും അച്ഛനും.
അല്ല.ഞാനറിഞ്ഞിടത്തോളം കൈകൊണ്ട്
തൊടാനാവാത്തതൊന്നിനേയും നിന്റെ അച്ഛന് സ്നേഹിക്കാനാവില്ല.
ഞാൻ അമ്മയെ സൂക്ഷിച്ചു നോക്കി.അച്ഛന് അഫെയർ വല്ലതും.
'അഫെയർ' ആ വാക്ക് എനിക്ക് ദേഷ്യമാണ്.റിലേഷൻ ഷിപ്പ് എന്നു
പറയൂ.അതിനെ അങ്ങനെ വിളിക്കുന്നതാണ് നല്ലത്.എന്നോട് തോന്നാത്ത
മാനസികമായ ശാരീരികമായ അടുപ്പം മറ്റൊരാളോട് തോന്നുന്നു.അതിനെ
എന്തിനാണ് കുറച്ചുകാണുന്നത് ?
അച്ഛന്റെ അടിക്കടിയുള്ള ഒഫിഷ്യൽ ടൂറുകളും സുഖവാസകേന്ദ്രങ്ങളിൽ
പുതുപ്രണയംകൊണ്ടാടുന്നതുമൊക്കെ ഞാനറിഞ്ഞിരുന്നു.അതറിയുമ്പോൾ
അമ്മ തകർന്നുപോകുമോയെന്ന ഭയമാണോ അതോ ഇപ്പോഴുള്ള
ജീവിതസ്വസ്ഥത തകർക്കേണ്ടായെന്ന എന്റെ സ്വാർഥതയാണോ
എന്നെയതു അമ്മയ്ക്കുമുന്നിൽ
വെളിപ്പെടുത്താൻ അനുവദിക്കാതിരുന്നതെന്നറിഞ്ഞുകൂട.
അമ്മയ്ക്ക് അച്ഛനോട് ദേഷ്യം തോന്നുന്നില്ലേ.
എന്തിന് ? അങ്ങനെ തോന്നിയാൽ അതിനർത്ഥം ഞാൻ എന്നെ കുറച്ച് കാണുന്നു എന്നല്ലേ.

അമ്മ ഒറ്റയ്ക്ക് ജീവിക്കുമോ? ഞാൻ അസ്വസ്ഥനായി.
പറ്റിയൊരുകൂട്ട് തരപ്പെടുംവരെ. നാൽപതുകളിലും അമ്മയുടെ
ആത്മവിശ്വാസമെന്നെ അത്ഭുതപ്പെടുത്തി.
അച്ഛന്റെ ഇഷ്ടങ്ങളിൽ അമ്മയുണ്ടായിരുന്നില്ലേ അതോപഴക്കം ചെല്ലുമ്പോൾ
ഇഷ്ടങ്ങൾ മാറുന്നതാകുമോ . ഞാൻ ജീവിതം
തുടങ്ങിയിട്ടേയുള്ളു.ജീവിതത്തിലേതെങ്കിലുമൊരു ഘട്ടത്തിൽ
എനിക്കുമിങ്ങനെയൊക്കെ തോന്നുമോ.
നീ ഉണ്ടായതുപോലും ഒരബദ്ധമാണ്. നമ്മൾപറയാറില്ലേ ഒരേ വേവ്ലെങ്ങ്ത്
എന്നൊക്കെ.അതു ഞങ്ങൾക്കിടയിലുണ്ടായിരുന്നില്ല.അമ്മ ശാന്തമായൊരുതിര
എന്നിലേയ്ക്ക് പകർന്നു. പക്ഷേ അതെന്റെ കാല്ക്കീഴിലെ മണ്ണ് അപ്പാടെ ചോർത്തി
നിനക്കു വിഷമമായോ. വെറുമൊരു ശാരീരിക കൗതുകത്തിൽനിന്നുണ്ടായതാകണംനീ.
അന്നെനിക്ക് അതിനെക്കുറിച്ച് അത്രപോലും ബോധം ഉണ്ടായിരുന്നില്ല. നിന്റെ തലമുറയുടെ അറിവ്
എനിക്കുണ്ടായിരുന്നെങ്കിൽ നീ സംഭവിക്കുകയില്ലായിരുന്നു.എന്നാലും നീ
എനിക്ക് തന്ന കുറെ സന്തോഷങ്ങളുണ്ട്.അതിന് ഞാൻ നിന്നോട് കടപ്പെട്ടിരിക്കുന്നു.
നിന്നെ നെഞ്ചോട് ചേർത്ത് കിടത്തിയപ്പോഴാണ്
ജീവിതത്തിലാദ്യമായി എനിക്ക് സ്വന്തമായെന്തോ ഉണ്ടെന്ന്
തോന്നിയത്.എന്റെ മുലക്കണ്ണുകളെ ശാഠ്യത്തോടെ നീ ഉണ്ണുമ്പോഴാണ് ഞാൻ
ആർക്കോ പ്രിയപ്പെട്ടതും ഒഴിച്ചുകൂടാനാവാത്തതുമാണെന്ന ബോധം എനിക്കുണ്ടായത്.
ഞാൻ അമ്മയെ കെട്ടിപ്പിടിച്ചു.അമ്മാ ...അമ്മയെ എനിക്കിപ്പോഴും ഒത്തിരി ഇഷ്ടമാണ്.
അമ്മയ്ക്ക് നിന്നെയും.പണ്ടെത്തെ അതേ ലാഘവത്തോടെ അമ്മ എന്റെ രണ്ട്
കവിളിലും ഉമ്മ വെച്ചു. എന്നെ വിട്ട് അടുക്കളയിലേയ്ക്ക് പോയി. അമ്മയുടെ
ചലനങ്ങളിൽ മുമ്പത്തെക്കാളും ദൃഢത ഉണ്ടായിരുന്നു.
ഞാൻ ചായ തിളപ്പിക്കട്ടെ.അമ്മ കെറ്റിൽ എന്നെ ഏല്പ്പിച്ചു.അടുക്കളയിലെ
ഷെൽഫിൽ നിന്നും 'മാറ്റാത്തി' അമ്മയുടെ കൈകളിലേയ്ക്ക് സ്ഥാനാന്തരം
ചെയ്തു.എനിക്ക് അമ്മയോട് കുറച്ചുകൂടി സംസാരിക്കണമെന്നുണ്ടായിരുന്നു.
അമ്മ ഇനി എവിടെയാണ് താമസിക്കുന്നത്.വീട് അച്ഛന് കുടുംബ സ്വത്തായി
കിട്ടിയതാണ്.ഒരു പക്ഷേ അമ്മയോടും എന്നോടുമുള്ള ബന്ധത്തിന്റെ പേരിൽ
അച്ഛനിവിടെനിന്നൊഴിഞ്ഞേയ്ക്കും.
അമ്മാ... ഇവിടെത്തന്നെ താമസിച്ചാൽ പോരെ .അച്ഛനോട് ഞാൻസംസാരിക്കാം.
അതല്ല എന്റെ കൂടെ വരുന്നെങ്കിൽ ഞങ്ങളുടെ വീട്ടിൽ ...
ആ ഒറ്റമുറിയൻ ഫ്ളാറ്റിലോ.അമ്മ ചിരിച്ചു.എനിക്ക് വേണ്ടിയാണോനീ
അച്ഛനോട് സംസാരിക്കാമെന്നു പറഞ്ഞത്.എന്തിനാടാ ...ഒന്നുമില്ലെങ്കിലും
നിന്നെക്കാൾ നന്നായി എനിക്ക് നിന്റെ അച്ഛനെ അറിയാം.എനിക്കീ വീടിന്റെ
ആവശ്യമില്ല.നിനക്കും കൂട്ടുകാരിക്കും തങ്ങാൻ ഒറ്റമുറി മതിയെങ്കിൽ
എനിക്കൊരരമുറി മതി.അതിനുള്ള ഏർപ്പാടൊക്കെ ആക്കിയിട്ടുണ്ട്.
വിമൻസ് ഹോസ്റ്റലിലേയ്ക്ക് മാറാൻ ഞാൻതീരുമനിച്ചുകഴിഞ്ഞു.
പിന്നെ കറണ്ട് ബുക്സിൽ സെയിൽസിലൊരൊഴിവുണ്ട്.
അതാകുമ്പോൾ എനിക്കിഷ്ടമുള്ള ജോലിയാണ്.
അതൊന്നും വേണ്ടമ്മാ....ഒരു തുക മാസാമാസം തരാൻ
എനിക്കാവും...വെറുതെ ഈ പ്രായത്തിൽ
എന്തു പ്രായം.എന്റെ യൗവ്വനം തുടങ്ങുന്നേയുള്ളൂ.അമ്മ കണ്ണുകളിറുക്കി
ച്ചിരിച്ചു. നീയെന്നെ വെറുതെ ബുദ്ധിമുട്ടിക്കരുത്.
അപ്പോഴെല്ലാം തീരുമാനിച്ചു കഴിഞ്ഞുവല്ലേ .ഞാൻ പരാജിതനായി ചോദിച്ചു.
തിങ്കളാഴ്ച ഞാൻ അങ്ങോട്ടേയ്ക്ക് മാറും.
അമ്മമാറിയാൽ നിന്റെ അച്ഛനതൊരു ബുദ്ധിമുട്ടാകും.അതിവിടെ
തന്നെയിരിക്കട്ടെ.അമ്മ അച്ഛനോട് സംസാരിച്ചോ.ഇല്ല.നാളെ ഇവിടെയുണ്ടാവും.
അപ്പോൾ സംസാരിക്കാം.അതിന്മുമ്പ് നിന്നോടാണ്
എനിക്ക് സംസാരിക്കാനുള്ളത്.നിന്നെ ഞാനീ ഭൂമിയിലേയ്ക്ക് ക്ഷണിച്ച്
വരുത്തിയതാണ്.എന്റെയീ തീരുമാനത്തെക്കുറിച്ച് ആദ്യമായൊരഭിപ്രായം
ചോദിക്കുന്നതും നിന്നോടുതന്നെ.നാളെ ഞാനിവിടെ വേണോ ഉണ്ടായാൽ
നല്ലത് അമ്മ ചായ മൊത്തിക്കൊണ്ടുപറഞ്ഞു അമ്മയ്ക്ക് ഒരു പൊസ്സസ്സീവ്നെസ്സ് ഇല്ലേ.
അത് നിരാശ്രയത്വത്തിൽ നിന്നുണ്ടാവുന്നതല്ലേ. എനിക്ക് ആശ്രയിക്കാൻ നീ
മാത്രമേയുള്ളൂവെന്ന തോന്നലിൽനിന്ന് . ഇപ്പോൾ ഞാൻ
ആത്മരതിയിലാണ്.എനിക്ക് ഞാൻ മതിയാകും ആശ്രയിക്കാനുംആനന്ദിക്കാനും.

അയയിൽ കഞ്ഞിപ്പശമുക്കി വടിപോലെയാക്കിയ സാരികൾ നിരനിരയായി
തൂക്കിയിട്ടിരിക്കുന്നു.അവയ്ക്കിടയിലൂടെ മൂക്കുവിടർത്തി ഞാൻ നടന്നു.
പണ്ട്സാരി വിരിച്ചിടാൻ അമ്മ എന്നെ വിളിക്കാറുണ്ടായിരുന്നു.
ഞാൻ മടക്കണോ. തനിയെ മടക്കാമോ. അമ്മ കൂടി പിടിച്ചാൽ ...
സത്യത്തിൽ ആ പെണ്ണിന് നീയൊരുപകാരമാണോ അതോ ഉപദ്രവമോ.
അങ്ങനൊന്നും പറയണ്ട.പാചകം എന്റെ വകയാണ്.
ആ ഹാ.എന്നാൽ സ്ഥിരം ചപ്പാത്തിയും പരിപ്പുമാവും.
ഈ വീട്ടിൽ ഇനി വരുമ്പോൾ അമ്മ ഉണ്ടാവില്ല
എന്ന തോന്നൽ എന്നെ വേദനിപ്പിച്ചു.അമ്മയ്ക്ക് പകരം മറ്റൊരു സ്ത്രീ അമ്മ ഇരിക്കാറുള്ള
അരമതിലിലും അടുക്കളയിലും പുസ്തകമുറിയിലുമൊക്കെ ഇരിക്കുമെന്ന
ചിന്ത എന്നെ അസ്വസ്ഥതപ്പെടുത്തി. അമ്മയുടെ റോസ എന്നെ മുള്ളുകൊണ്ടുകുത്തി.
ഇനി ഇതുപോലെ എന്നെ ആരുനോക്കാൻ.
അടുക്കള തോട്ടത്തിലെ കറിവേപ്പ് ഒന്നു പിടഞ്ഞു. ഇനി ആരു മണ്ടനുള്ളിയും
ഇടയ്ക്കിടയ്ക്ക് മഞ്ഞൾ തളിച്ചും എന്നെ കാക്കും.
അമ്മയുടെ കട്ടിൽ എന്നെനോക്കി കരഞ്ഞു.എന്നെക്കൂടെ കൊണ്ടുപോകാൻ പറയൂ.
പുസ്തകങ്ങൾ ആശ്വസിച്ചു.ഞങ്ങളെ കൂടെ കൂട്ടുമായിരിക്കും.
അമ്മയ്ക്ക് നമ്മളാരെയും വേണ്ട.നമുക്കാണ് അമ്മയെ വേണ്ടത്.
ഇനിയുംനമ്മൾ അമ്മയെ ബുദ്ധിമുട്ടിക്കണ്ട. ഞാൻ എല്ലാവരെയും ആശ്വസിപ്പിച്ചു.
അമ്മ അങ്ങനെ ശീലാവതിയെ അനുകരിക്കണ്ട.
ഇത്രയും നാൾ നഷ്ടപ്പെടുത്തിയതിന് കണക്കുപറഞ്ഞ് വാങ്ങണം.
ശീലാവതി ഗണികാലയത്തിലേയ്ക്കാണ് ഭർത്താവിനെ ചുമന്നത്.അതും
തിരിച്ച് കൊണ്ടുവരാനായി.ഞാൻ അങ്ങനെയല്ലല്ലോ.
കോഫീഹൗസിലെ വെയിറ്ററുടെ തലയിലെ വിശറിതൊപ്പി നീ കണ്ടിട്ടില്ലേ.
അനാവശ്യമായാണയാളതു ചുമക്കുന്നത്.അതുപോലൊരലങ്കാരമാണെനിക്ക്
നിന്റെ അച്ഛനും.തൊപ്പിക്കും ബുദ്ധിമുട്ട്,വെയിറ്റർക്കും ബുദ്ധിമുട്ട്.ആരെ
ബോധിപ്പിക്കാനാണിങ്ങനെ പരസ്പരം സഹിക്കുന്നത്.
അമ്മ രാവിലെ ഉണർന്നു. ഞങ്ങൾ മൂന്ന് പേരും ഒരുമിച്ചിരുന്ന്
കാപ്പികുടിച്ചു.അച്ഛൻ എഴുന്നേല്ക്കാൻ തുടങ്ങിയതും അമ്മ സംസാരിച്ച്
തുടങ്ങി. ഒന്നിരിക്കൂ.അമ്മ അച്ഛന്റെ കൈയ്യിൽ ഒന്നു തൊട്ടു.ഞാനിവിടെ നിന്ന്
താമസം മാറുകയാണ്.അച്ഛൻ അത്ഭുതത്തോടെ അമ്മയെ
നോക്കി.പെട്ടെന്നെന്തേ? ഒരു മാറ്റം ആവശ്യമാണ്.എത്ര കാലം ഇങ്ങനെ
മന:സംഘർഷം അനുഭവിച്ച് നിങ്ങൾ കഴിയും.നിങ്ങളുടെ കണ്ണുകളിൽ
എപ്പോഴും ഒരു കുറ്റബോധമാണ്.എന്നെ ആത്മവിശ്വാസത്തോടെ ഒന്നു
നോക്കാൻ പോലും നിങ്ങൾക്കാവുന്നില്ല.എന്തിനാണ് ചന്ദ്രേട്ടാ നിങ്ങളിങ്ങനെ
വേദനിക്കുന്നത്.അമ്മ അച്ഛനെ തലോടി.അച്ഛന്റെ കണ്ണിൽ നിന്നും മലവെള്ളം
ഇരമ്പി വീണു.എനിക്കും കരച്ചിൽ വന്നു.അമ്മ മാത്രംചിരിച്ചുകൊണ്ടിരുന്നു.
എത്ര നാളിങ്ങനെ ഒളിച്ചും പതുങ്ങിയും നിങ്ങൾ
ജീവിക്കും.നിങ്ങളവരെ ജീവിതത്തിലേയ്ക്ക് വാതിൽ തുറന്നിട്ട് വിളിക്ക്.നീ എന്നോട് ക്ഷമിക്കില്ലേ?
ചന്ദ്രേട്ടാ..ക്ഷമ ചോദിക്കാൻ നിങ്ങളെന്റെ കൈയ്യിൽ നിന്നൊന്നും തട്ടി
പറിച്ചിട്ടില്ല.ഒരു നെല്ലിടയോളം നഷ്ടബോധമെനിക്കില്ല.
നീ എങ്ങനെ..?അമ്മ അച്ഛനെ സൂക്ഷിച്ചുനോക്കി.ഇന്നീ നിമിഷം വരെ എന്റെ
കാര്യങ്ങളും നിങ്ങളുടെ കാര്യങ്ങളും നോക്കിയിരുന്നത് ഞാനല്ലേ.ജീവിക്കാൻ
കാശും ഒരു തുണയും മാത്രം മതിയോ.ഇപ്പറഞ്ഞ രണ്ടിനേക്കാളും എനിക്ക് പ്രിയം സ്വാതന്ത്ര്യമാണ്.
ഞാനൊരു തുക... വേണ്ടാത്ത ഭാരങ്ങളൊന്നും എന്റെ തലയിൽ വെച്ചുകെട്ടരുതേ.
അമ്മ എന്തോ ഓർത്തിട്ടെന്നപോലെ ധൃതിയിലകത്തേയ്ക്ക്
പോയി.അച്ഛനൊരപരാധിയെപ്പോലെ തളർന്നിരുന്നു..
ഇത്രയുംനാളീ പ്രവാഹം എവിടെയായിരുന്നു.പാറക്കെട്ടിനുള്ളിൽ സ്വയം
മറന്നുറങ്ങുകയായിരുന്നോ. ഇനി ഒരു തിരിച്ചുപോക്ക് അസാധ്യം.അച്ഛനെ
ഇത്ര നിസ്സംഗമായി ഉപേക്ഷിക്കണമെങ്കിൽ ഏതോ ഒരു പ്രണയ കാലത്തിന്റെ
മധുരമായ ഓർമ്മകൾ അമ്മയ്ക്കുണ്ടാവണം.
അമ്മയുടെ കൗമാരത്തിന്റെ തിരുശേഷിപ്പായിരിക്കുമോ.അതോ ദാമ്പത്യത്തിന്റെ ഏതെങ്കിലുമൊരു
വഴിയിടത്തിൽ സ്നേഹരാഹിത്യത്തിനുമുന്നിൽ പകച്ച് നിന്നപ്പോൾ അമ്മ
കണ്ടെത്തിയതാകുമോ.പ്രിയങ്കരമായ അങ്ങനെ എന്തോ ഒന്നാ
ജീവിതത്തിലുണ്ടായിരുന്നെന്നു കരുതി ആശ്വസിക്കുകയായിരുന്നു
ഞാൻ.ഊണുമേശയിൽ അനാഥമായ പാത്രങ്ങളുമായി ഞാൻ അടുക്കളയിലേയ്ക്ക് നടന്നു.



ഓ.. നീ അതൊക്കെ കഴുകിയോ. നന്നായി.
വരൂ നമുക്ക് പറത്താം.അമ്മയുടെ കൈയ്യിൽ ആ പഴയ പട്ടങ്ങൾ.ചുവപ്പും നീലയും.
ഞാൻ അമ്മയ്ക്ക് പിന്നാലെ ടെറസ്സിലേയ്ക്ക് കയറി.അമ്മയുടെ ചുവന്ന പട്ടം
ആകാശത്തിലേയ്ക്ക് പറന്നുയർന്നു.എന്റെ കണ്ണുകളെ കണ്ണീർ മൂടിയത് കൊണ്ടാവണം
പച്ചപട്ടം താഴ്ന്നുതന്നെ നിന്നു. പണ്ട് അമ്മതന്നെയായിരുന്നു
ഇരു കൈകളിലുമായി അമ്മയുടെ പട്ടവും എന്റെ പട്ടവും
പറത്തിയിരുന്നത്.പട്ടം കാറ്റിൽ കുത്താതിരിക്കാൻ കാറ്റിന്റെ ഗതിക്കനുസരിച്ച്
സ്ഥാനം മാറ്റി പറത്താൻ അമ്മയ്ക്ക് നല്ല വിരുതാണ്.എന്റെ
സമാധാനത്തിനായി അമ്മ എപ്പോഴും എന്റെ പട്ടത്തെ ജയിപ്പിച്ചു.പിന്നെ
വലുതായപ്പോൾ അമ്മയെക്കാൾ ഉയരത്തിൽ പറത്താൻ ഞാൻ പഠിച്ചു.ഇന്ന്
അമ്മയുടെ പട്ടമാണ് മുന്നിൽ.അത് ആകാശത്തിന്റെ ആയങ്ങളിൽ ആന
ന്ദത്തോടെ ധ്യാനനിരതയായി നിന്നു.അൽപം പോലും ഇളകാതെ
ദൃഢതയോടെ താഴെയുള്ള ചാഞ്ചല്യങ്ങളെ പുഞ്ചിരിച്ചുകൊണ്ട്
നേരിട്ടു.എന്റെ പാവം പട്ടം നിരാലംബനായി താഴെ ഇളകിനിന്നു.

www.rfexports.in | www.febinmarine.com

BRC FOOD CERTIFICATED | IFS Food | BEST AQUACULTURE PRACTICES CERTIFIED | asc Aquaculture Stewardship Council | Sedex Member

RF EXPORTS
Best from the sea

EU CODE : 696
US FDA Reg. No.: 14810578004

FEBIN
marine foods
the finest from nature

EU CODE :1503
US FDA Reg. No.: 11489696552

Eramalloor P.O., Alappuzha District, Pincode-688 537, Kerala, India.
Tel. : +91 478 287 9300, 287 9999, 287 9966, E-mail: mail@rfexports.in / mail@febinmarine.com
Mobile : +91 98469 06 666, +91 95399 66 666



കവിത

എച്ച്.സലാം



# പെങ്ങൾ



എന്നെ പിരിഞ്ഞൊരാ പ്രാണനാം പെങ്ങളും
എൻമനം നിറയുന്ന കനവിലെത്തി.
ഇന്നലെയുറങ്ങാത്തരാവിയെനിക്കൊപ്പം
എൻ പൊന്നു പെങ്ങളും കൂട്ടിനെത്തി.
എന്റെ ബാല്യത്തിന്റെ ജീവിതപച്ചയിൽ
മങ്ങാത്തവർണ്ണമാം നിറവു വീണ്ടും
തീരാത്ത നൊമ്പരം പീലിവിടർത്തുന്ന
രാവുമീ കണ്ണീർ കയത്തിലായി.



കുഞ്ഞിളം പ്രായത്തിൽ പുത്തനുടുപ്പിന്റെ
വർണ്ണപകിട്ടുമായ് ഓടിയെത്തും
ഓണം പെരുന്നാളിലോരോ ദിനത്തിലും
ഗമയോടെ ഞാനിടും കുഞ്ഞുടുപ്പ്.
മൺചട്ടിയിൽ ചോറു കറിയുമായ് ചേർത്തുരുള
തന്നോരാരുചിയിന്നു വിങ്ങലായി
വിടരുന്ന കണ്ണുകൾ അഴകാർന്നപുരികവും
ഹൃദയത്തിൽ മായാത്തചിത്രമായി
ചിരിനിറഞ്ഞലിവുള്ള മുഖമെന്നുമകതാരിൽ
മായാത്ത ചിത്രമായ്, അണയാത്ത ദീപമായ്
കാലാതീതമായ് നീ ജ്വലിക്കും.
കാലംതികക്കാതെ നീയെന്തിനെന്റയീ
ഹൃദയം പറിച്ചിന്നു യാത്രയായി
വർഷം തികയ്ക്കാൻ മരുന്നെത്ര തേടി ഞാൻ
കാട്ടുമരുന്നിനും തേടിയോടി.
എന്നിട്ടുമെന്നിട്ടുമായില്ല നിർത്തുവാൻ
കാലചക്രത്തിന്റെ ദുർവിധിയെ
ഒരുനാളിലാകൊടും വിധിയെന്റെ നെഞ്ചകം
നെടുകെ പിളർക്കുന്ന വാർത്തയെത്തി
ഇനിയില്ല കുഞ്ഞുടുപ്പേകുവാൻ എൻ പെങ്ങൾ
നിറയുന്ന സ്നേഹച്ചിരിയുമായ്
അവസാനയാത്രയായ് സന്തക്കിലേറുമ്പോൾ
ചുംബനം നൽകി ഞാൻ നൂറുവട്ടം
ഇനിയും പിണങ്ങുവാൻ അറിയാത്ത പെങ്ങളെന്തി-
തുപോലെനീറ്റലായ് യാത്രയായി
എന്നുമെന്നുള്ളം പിടയുന്നൊരോർമ്മയായി
മരണം കുറിക്കുന്ന കാലംവരെ
ചിരിനിറഞ്ഞലിവുള്ള
മുഖമെന്നുമകതാരിൽ
മായാത്ത ചിത്രമായ് നിൽപ്പു മുന്നിൽ
മായാത്ത ചിത്രമായ് നിൽപ്പു മുന്നിൽ
മായാത്ത ചിത്രമായ് നിൽപ്പു മുന്നിൽ.

Vinod Anchuthengil



# Yarns of the Yarn Alappuzha - Coir and Culture Entwined



The locale, liplocked with lakes and lagoons has always been the cynosure since Adam was a boy. Kuttanadu, which fed thousands of generations with its golden paddy found profound narration in the Sangam Literature which was flourishingly in vogue between 4th Century BC to 2nd Century AD. Alappuzha had thick trade relations with Greece and Rome even before the Best Shepherd was born in Bethlehem. St.Thomas, the Apostle, Rev. Thomas Norton had been here with their missionary work who had left lasting impressions on the land.

Though the present town owes a lot to the crafty chisels of Raja Kesava dasa, many other legendary rulers played instrumental roles in the making of the town. Archaeological remnants vouch the presence of Chera Dynasty here. Maharaja Marthanda Varma the maker of modern Travancore, constructed Krishnapuram Palace and inducted Kunjan Nambiar, the pioneer satirist in his court. The role of Veluthampi Dalava in carving the town can never be overlooked. He promoted coconut cultivation which ultimately resulted in the propogation of coir. The first modern coir factory for the manufacturing of mats and mattings was established in Alappuzha in 1859.

The industry is a binding force itself. Coconut collection, husking, beating, soaking, weaving and even dyeing were done in unision. As coir prolonged its reach to fresher pastures and even to the west, the industry flourished. Labour unions were formed to iron out issues and claim better emoluments. These labour unions became the bedrock of communism in the state itself.

Value addition to tradition is the panacea to salvage the industry. Geo-textiles is nowadays widely used for preventing soil erosion and tidal waves. It does a world of good for green farming as well. Instead of plastic ropes, cords of coir can be used in different stages of farming process.



Golden yarn, Nature's fibre, coir roped in myriad opportunities and epithets galore. It has been spurn out shipfuls from the abode of coir industry in Kerala, Alappuzha. The soaked husks being beaten into fibre are either entwined into ropes and cordages or sprawled into mats and mattings. Its strength, durability and eco-viability made straight in roads and established itself as the largest cottage industry in Kerala. The socio-economic fabric of Alappuzha has largely been woven by the rumble of ratts. Millions of families spun coir and dreams. And coir ties millions of souls and frames together.

The presence of sufficient waterbodies, coconut trees and local labour fertilized the phenomenal growth of the industry. Small to medium scale factories were put up. As ratts rattled on and on Alappuzha serenades on the rhythm of prosperity to staccato heights.

Palm fringed lakes and lagoons, indigenous knowhows, community labour, local coir factories, we can very well think of coir tourism. It can be even bigger success than Medical Tourism, Health Tourism and Monsoon Tourism, Plantation Tourism courtesy the cited positives.

It is not merely heralding foreign buyers but luring and courting curious tourists as well. Showcasing different spectacles of coir production along with local culinaries and comfy stay at traditional houses will be a call hard to negate. The land and its people have abounding allegiance to the golden fibres which bind them together as a community. The land, its people, culture, language, myth and legend are all enmeshed or rather immersed in its cords. Destiny of coir is dazzling and will never be doomed.

കവിത

ഡി.ബി.അജിമോൻ



# മഴ



വേനലിന്നണക്കെട്ട്
പൊട്ടിയെൻ കളിവീട്
വീഴുന്നൂ പിരിയേണ്ട
കാലമാവുന്നു നമ്മൾ

വെന്തവേനലിൽ വീണ
യാദ്യത്തെ മഴക്കൂട്ടം
നൊന്തോരിയാകാശത്തിൽ
ശിഷ്ടമാം പ്രവാസികൾ




മുറ്റത്തെ ജലത്താളിൽ
ജീവിതം കടലാസ്സിൽ
കൊച്ചു പായ്കപ്പൽ പോലെ
യൊഴികിപ്പരതുന്നു

കലണ്ടർ ചതുരത്തിൽ
കാക്കകൾ കരയുന്നു
നനയും ശിഖരങ്ങൾ
മിഴിനീരൊതുക്കുന്നു

ഒടുവിൽ പ്രിയപ്പെട്ട
രാജ്ഞിയെ മഴക്കാട്ടിൽ
തനിയെ ഉപേക്ഷിച്ച

കഥയിൽ കാലംചെയ്തു
നനഞ്ഞു നദീമുഖം
വീർക്കുന്നു മണൽത്തിട്ട
യിടുഞ്ഞു, ഇരുളുന്നു

മഴനാരുകൾ നെയ്ത
യവനിക വീഴുമ്പോൾ
പിരിയാതൊരേയൊരാൾ
പിന്നെയും പ്രാർത്ഥിക്കുന്നു

എപ്പോഴേതോ മൗനത്തിൽ
നീ തന്ന വിരലൊപ്പ്
നക്ഷത്ര മിഴിപൊത്തി
നനയാതിരിക്കട്ടെ

# नेपाल - हिमालय का श्रृंगार



शिजी शिवन



कोई ख्वाब देखना, वह सच हो जाना, यह तो नज़ीब की बात है। जब से "योद्धा" सिनेमा देखा था, तब से यह ख्वाइश थी, रिंपोचे के राज्य को देखना। पौराणिकता में जीनेवाले उन लोगों को देखना, जिनके जिन्दगी में अब भी एक तिलसमी पर्दा छा गया है। मेरा सपना "नेपाल को देखना"। साकार हो गया।

यह तो उस दिन के पहले की बात है, जिस दिन भूकंप का मचाल नेपाल को मिट्टी में मिला दी। सच कहूँता २०१० की बात है। मुझे तो ऐसी एक सुनहरी अवसर मिली कि नेपाली में एक सैर करजाएं। मौके का ठीक फायदा उठाया मैं बाँधी अपनी बाग। चल पडी नेपाल की ओर।

नेपाल "विश्व के एक मात्र हिंदू राष्ट्र, जहाँ केऔद्योगिक धर्म हिंदु धर्म हो"। अधिकतर बौद्ध लोग रहतें है। नेपाल संघीय लोकतात्रिक गणराष्ट्र है। दक्षिण एश्या के भूमियुक्त मध्य हिमालय देश है। नेपाल ७, राज्य, ७५ जिलें और ७४४ स्थानीय इकाइयो में विभाजित है।

बौद्ध धर्म स्थापक गौदम बुद्ध का जन्म नेपाल है कपिलवस्तु में हूआ। पुराणों में नेपाल का वर्णन है। स्केदपुराण में नेपाल को "षण्मुख पूरम". कहा गया है। नेमी नामक ऋषिवर्य जो भृग के पुत्र थे यहाँ रहते थे। इनके नाम से जुडकर षण्मुखपुरम नेपाल बन गया। यहाँ तो दिखने लायक बहुत जगेह है। अब यात्रा चालु।

२०१०, अप्रैल - २०

अब मैं मुसाफिर हूँ...नई रेगों को ढूँढने केलिए....मैं अपनी आशियाने पर मेरी गाडी की इंतज़ार में खडी हूँ। "रप्तीसागर एक्सप्रस" जो मुझे अपनी मनाजिल तक लेकर जायेंगो, अपनी रास्ते पर चल पडी है। आज का प्रभात तो ऐसा लगा मेरे लिये बना है। और आगया मेरा रथ कूहू - कुह कहके।

पालक्काड के गरमी हवा में, ताल पत्रों के नृत्य देखकर, दिखाकर मेरी गाडी आगे बढी.....धूल भरी खेतों से सन्धया सुदंरी, तारक हार पहनकर उत्तर आ रही थी।

अप्रैल - २१

आँखें खूली तो आन्ध्रा के विजयवाडा में थी। आज आन्ध्रा को पारकर आगे बदेगें...आन्ध्रा पारकर ४ बजे नागपूर पहूँचे। नागपूर संतेरे के मिठास में विलीन होकर आगे बढे.... "गरमी इतनी गरम हो सकती है" आज पता चला।

झूले में झुलाकर ट्रेन आगे बढता रहा। अंधेरे में सभी रंग एक जैसा लगा। सब काला.....

२२ अप्रैल २०१०

आँखे खूली तो सबेरे पाँच हो गया। बाहर का दृश्य एसा एहसास दिया कि सबेरे ७ बज गये है। गेहूँ के खेतों को चीर कर गाडी आगे बढी। कारखानों के फेफडे से काली निश्वास हवा में धूल गये थे। सुसान जगहों से गाडी आगे बढी। छ.ट. से होकर गुज़र रही थी ट्रद्धड्ढ्ढ. लकनौ पहूँचा तै शाम पाँच बच चुके थे। इंजना का बदलावा हूआ। अब कोयल के इंजन हमें आगे बढायेंगे। हमारे लक्ष्य की पहली सीढी आ पहूँचने वाली थी।

भारत के सबसे बडे रेलवे प्लैचफाँम में हम गाडी से उतरे। गोरखपूर रेलवे स्टेशन। दुनिया में सबसे अधिक सैकल रिक्षायें यहाँ है। दुनिया में सबसे अधिक सैकल रिक्षायें यहाँ बनाते है। शाम को गोरखनाथ का दर्शन किया। यहाँ नाथ संप्रदाय में शिवजी के पूजा करते है। साक्षरता सिर्फ २५ऽ.... गोरखपूर को देखकर मन में यह विज्ञापन का याद आया.... "क्ष्दड्ढड्ढड्डत्डध्ड्ढ क्ष्दड्डत्ड्ढ".

२३ अप्रैल २०१०

गोरखपूर से अलविधा कहकर सबेरे पाँच बजे बस में बैठे। अब वापसी ट्रद्धड्ढ्ढ पकडने केलिए फिर गोरखपूर से मुलाकात होंगे। आज लक्ष्य की ओर मेरा सफर की शुरुआत है। पौराणिकता में जीवन बिताने वाले एक राष्ट्र की ओर एक लंबी सफर। "जादू की खेल स्थली" की ओर एक सफर।

भारत-नेपाल बॉडर 'सोनाली'... दिखने में ऐसा एहसास लगा जैसे दक्षिण के "कंप-कुमली" बॉडर। बदलाव सिर्फ इतना है.... नेपाल और भारतीय सिपाहियाँ दोनों तरफ है। भू-रूप तो केरल ही जैसा। सिर्फ नारियल के पेड की कर्मा महसूज हुई। सडक के दोनों पार दुकानें है...... 'मधुशाल सब घर में है। पानी मिलने से भी आसानीसे यहाँ मधु मिलते है। ब्रह्मपुत्रा के पोषक नदी "मनका" के तड से यात्रा आगे बढी। ऐसा लगा कोई ड्डध्ड्ढदद्यद्वद्धड्ढ द्रड्ढद्वत्त में खेलती है। घडों तक पर्वत को पार करके आगे चलता रहा। रात ११.३० को "काठमण्डू" घाटी में पहूँचा।

२४ अप्रैल २०१०

भारतीय समय रेखा से सिर्फ १५ मिनट आगे है नेपाल की समय सूची। सबरे सबेरे आँखे खुलकर "हॉटल महाराजा के तीसरी मंजिल से चारों ओर देखा।" दूर पशुपती नाथ मंदिर के मुकुटगोपुर। मन ही मन नमः शिवाय जपा।

७.३० ड्डथ्र मे ही सैर केलिए निकल पडे। एइया के सबसे बडे बौद्ध स्तूप बुद्धनाथ मंदिर में गया। ४८ढ्ढ्य. ऊँचाई। नेपाल की जनसंख्या तो केरल से कम है। ८०ऽ लोग विनोद संचार से अपना आमदानी कमाते है। २०ऽ खेती से। हर जगा "माइकी बाज़ारें है। पूर्वोत्तर राज्यों में वर्चस्व तो स्त्री से है ना....।

नेपाल के राजकीय महल भक्तपूर पालस देखा। हर कही शिवजी के मंदिर है। लेकिन राजमहल के सबसे प्रधान मंदिर पंचभूतों की पूजा केलिए बना है। इस मंदिर का नाम है 'नातोपोलो'। नातो माने ५, पोलो माने - भूत)। हिमालय की ओर है इसका दर्शन। पाँच मंजिल का, लकडी में बना मंदिर। नेपाल के राष्ट्रीयोत्सव दसरा है। दुर्गाष्टमी से होकर तीन दिन यहाँ पूजा होते है।

अब सैर तो "जलनारायण" को देखने केलिए। "जलनारायण" एक बडे तालाब में प्लवता हूआ या तैरता हूआ अनंत शायी विष्णूजी के बहुत बडा शिला शिल्प है। तीन चार आदमी के लंबाई और चौडाई है यह मूरत। हैराने की बात यह कि इसकी आईना जैसे परछाई पानी के अंतर भी है। यह देखकर आश्चर्य होकर मन नारायण, नारायण जपना शुरू किया। इतना सुदंर दृश्य मैं तो ज़िन्दगी में नहीं देखा है।

हम तो हमेशा सोचते है कि "कमल पानी में खिलता है।" पेड में कमल खिलना तो अजीब सी बात है। लेकिन यह अजूबा भी यहाँ देखा। उसे कमल पेड (ख्द्यद्दद्य द्यद्धड्ड) कहते है। सफेद कमल उसपर खिला है। दुनिया में ये पेड सिर्फ जलनारायण मंदिर में है। यह पेड तो एक जडी-बूटी भी है।

"स्वयंभू नाथ क्षेत्र बहुत बडा बूद्ध विहार केन्द्र है। इनके सामने शीतला देवी का मंदिर है। यह दृश्य अजीब सा लगा। पहाड के ऊपर है यह बुद्धविहार। नीचे काठ्मन्डू घाटी। उस पहाड से नीचे की ओर देखा "नारायण हिता महल दर्द भरी कहानी बलकर खडा था। नेपाल के पार्लमन्ट और भींसेन मिनार देखा। भींसेन टवर नेपाल राज्य के बीचों बीच खडा है। काठ्मण्डू के कोई भी मकान उससे ज्यादा लंबाई में नहीं बनायेंगे।

पठान मंदिर....राजवंशों के प्रताप दिखानेवाली राज महलों के बीच में है। राधा रुक्मिणी समेत कृष्णाजी यहाँ बिराजित है। "गरुडवाहन कृष्णा कन्नैरया।" एकशिलाखण्ड में बनाइ गई तीन मंजिलोवाला मंदिर। उस दिन का सफर यहाँ खतम होता है। कल के सितारे तो एवरस्ट है। "जो देखा गया वह खुबसूरत, जो अनदेखा है वह उनसे भी सूरत"।

२५ अप्रैल २०१०

देखा.... विश्व के सबसे बडे चोटी को।...... सागर माता नाम से भारत और नेपाल में पूजा करनेवाले हिमालय पहाडों के सबसे बडे चोटी को। हिमालय के अन्य पूजनीय चोटियों को भी देखा....कांजन जंगा, गौरी शंकर। जो विकार-विचार उसे देखकर मेर

मन में उमडा....वह तो लिखने केलिए मैं असमर्थ हूँ। अपने विचारृविकार को शब्दो में परिवर्तन करना आसान बात नही हो। ग्झ्र्ड्रुँ क्र्दृश्ञ्ुद्यद्यत्ड़ हवाई अड्डे से बुद्धा एयरवयस पहाडी हवाई जहाज़ में सबेरे ८ बजे हम सैर केलिए निकले। एक घंडे के उडान के बाद वापस आए। आज भी उसे देखते समय ऐसा लगता है जैसे यह सच या कोई ख्वाव।

उसके बाद पशुपतिनाथ के दर्शन केलिए गया। भारतीय आर्य संस्कृती के आधार मूर्ति। चतुर मुख रूपी। मध्य में शिवलिंग। चतुर मुखों केलिए चार दर्शन द्वार। भारतीय शिवलिंग रूपों से अलग चतुर्मुख रूपी शिवलिंग।

पूरा वातावरण काशी जैसा है। गंगा के बगैर बाहमदी नदी मंदिर के सामने से गुज़रती है। काशी के हरिश्चन्द्र घाट की बाद दिलानेवाली शमशान नदी के पास। एक छोटे नाले जैसी नदी। अग्नी में दिखाकर लाश सीधे नदी में। भयानकता से भरा दृश्य। भारत में अपूर्व "काल भैरव" को भी पशुपतिनाथ के पास देखा।

मंदिर के पास गोशाला बाज़ार में एक छोटी-सी खरीदारी किया। आश्चर्य जनक यह हुआ कि एरणाकुलम में काम करनेवाले दो नेपाली युवको से मुलाकात हुई। "दुनिया बहुत छोटी है मेरे दोस्त"।

२६ अप्रैल २०१०

सबेरे ५.३०, काठ्मण्डू से अलविधा कहा। अब एक बार लौट आयें.... पता नहीं। मनका देवी के दर्शन केलिए गया। तीन पहाओं को पार करके चौथी में स्थित मनका देवी को देखने केलिए केबिल कार में गया। यह यात्रा तो अतिसाहसिकता से भरा था। रॉप वे से इतनी ऊँचाई से तीन पहाओं को चीरकर....। नीचे फीकर रूप से बहता हूआ ब्रह्मपुत्रा.....दिल काँप उठे। वायू में पक्षी जैसा हम। मंदिर पहूँच ने पर साँस वापस आया।

मनका देवी का मंदिर। भद्रकाली है देवी। पुराने ज़माने में नरबली हुआ करते थे। आज भी बली चढाती है.... मनुष्य की नहीं बल्की, मुर्गा और बकरी के।...... अपने आँखों से एक मृगबली देखा।..... भयानक दृश्य......। रॉप वे में केबिल कार से वापस नीचे आया।

डेढ बजे पोख्रा की ओर निकला। योद्धा सिनेमा में पोख्रा नाम अक्सर सुना था। नेपाल के हदय से एक यात्रा। नेपाल की आर्थिक अवस्था इतना बुरी है। यह पता चला। नेपाल के पहाडों में चावल की खेती है। हरी भरी खेतों को देखकर केरल के सुनसानी बिना खेती वाली खेतो का याद आया। ६ बजे पोख्रा पहूँची। कल पोख्रा।



`२७ अप्रैल २०१०

"अयिगिरि नंदिनी, नन्दित मेदिनी"....शंकराचार्य के महिषासुर मार्दिनी स्तोत्र याद आयी, पोख्रा के विन्धय निवासिनी क्षेत्र को देखकर। पोख्रा के कुलदेवता है विन्धय निवासिनी। दुर्गामाँ की प्रतिष्ठा । एक छोटा मंदिर। एक नेपाली शादी में भाग लिया। वहाँ एक स्वामिजी बाध खाल में बैठा हुआ था। एक असली बाध खाल में। हिमालय से बहनेवाली सेत्ती नदी को देखा। उस में से बहता पानी का रंग देखकर एसा लगा असला दूध बहरहा है। बरफ के टुकट उन में से बहकर आ रहा था। ढंडाई तो इतनी है कि हम भी बरफ बन जायें।

फिर चला गुप्तेश्वर गुफा की ओर। अमर नाथ गुफा जैसे..... उतर कर नीचे आये तो देखा, पार्वती पुत्र समेत महादेव को। उस मंदिर से गुफा, के और नीचे चलागया था ऐसा एक दृश्य देखा। उसे अत्यतभूत....एसा ही कहना अच्छा है। अंधेरे में डूबे गुफा का अंत एक पाताल जैसी जगा में है। उसके आगे के पहाडों और चट्ठानों का चीरति, १००० हालोजन दीप जैसे प्रकाश, बहुत बडी प्रतिध्वनी। आगे चलकर देखा की वह प्रकाश तो एक नदीपात का है। प्रकृती का अनोखा दृश्य.... इसे कैसे बताएँ "मैं तो शब्दहीन हूँ। एक ईश्वरीय ऊर्जप्रवाह थे वहाँ। वहाँ के चट्टानों में बैठकर उस ऊर्जप्रवाह को देखा। ऐसा लगा की उस प्रवाह में विलीन हो जायें। उस जलप्रात का नाम है क्ष्ठ्ध्न्द्म ध्रुद्यह्न्द्ध ढड्डथ् डेवी एक गोरी माँ है। अपने पतिके साथ नहाते वक्त उस जलप्रात ने उसका जीवन लेगया था।

फेवा तडाक का बोट्टिंग एक अच्छा अनुभव था। इसके बीचों बीच एक मंदिर भी था। रात में बरसात हुआ। ठंडा भी ज्यादा था। आज पोख्रा का आखिरी दिन है।

२८ अप्रैल २०१०

एश्या के प्रकाश-गौतम बुद्ध, सिद्धार्थ से श्री बुद्ध का प्रयाण का शुरुआत लुंबिनि में हुआ। श्री बुद्धा का जन्म स्थान। शक्यवंशीय राजकुमार सिद्धार्थ बुद्ध धर्म की स्थापना की। अष्टांग मार्ग और पंचशील तत्वों से मुक्तिमार्ग की रास्त दिखाया। विश्व का प्रकाश बना।

लुंबिनि में आज कोई राजमहल नहीं है। सिर्फ एक बुद्ध मोनोस्ट्री के नुक्सानियत रूप पडा है। नेपाल लोगों से लुबिनीवाला बीहारी से मिलता जुलता है।

औब लौटना है। सोनाली पारकर गोरखपूर पहूँचा। लौटते समय विश्व के एकमात्र हिंदुराष्ट्र के असहायक दृश्य मन में वेदना भर दिया। पर एसी दशा में भी अपने ऐंतिहासक स्मारको के प्रति उनका जो आस्था है, वह उल्लेखनीय है। लौटते समय मन यह जपता रहा

"बुद्धम शरणम गच्छामी
संघं शरणम गच्छामी
धर्मम शरणम गच्छामी"



E-mail : ntbrsouvenir@gmail.com

ഡോ.സുനിൽ മർക്കോസ്



# ഓളപ്പരപ്പിലെ ഒളിമ്പിക്സ്



ലോക ടൂറിസം ഭൂപടത്തിൽ ആലപ്പുഴയെ അടയാളപ്പെടുത്തുന്ന അത്ഭുത കായികമാമാങ്കമാണ് നെഹ്റുട്രോഫി വള്ളംകളി. ആണ്ടുതോറും ആഗസ്റ്റ് മാസത്തിലെ രണ്ടാം ശനിയാഴ്ച ആലപ്പുഴയിലേക്ക് ആയിരങ്ങൾ ഒഴുകിയെത്തുന്നു. ഓളപ്പരപ്പിലെ ഒളിമ്പിക്സ് ആവോളം ആസ്വദിക്കുന്നു. കായലും കടലും കൈകോർക്കുന്ന ആലപ്പുഴയുടെ ഭൂമികയെ അഭിമാനത്തിന്റെ പുളകച്ചാർത്തണിയിക്കുന്ന കളിവള്ളങ്ങളുടെ ജലമാമാങ്കത്തിന് പറയാൻ പ്രൗഢപാരമ്പര്യത്തിന്റെ നിസ്തുല ചരിത്രം വളരെയേറെയുണ്ട്.

ജലയാനങ്ങളുടെ ആവിർഭാവത്തോളം തന്നെ പഴക്കമുള്ളതാണ് വള്ളംകളിയുടെ ചരിത്രവും. ആയിരത്താണ്ടുകൾക്കപ്പുറത്ത് ഗ്രീസിൽ വള്ളംകളി മത്സരാടിസ്ഥാനത്തിൽ നടത്തിയിരുന്നു. പിന്നീട് ലോകത്ത് പലഭാഗത്തും വള്ളം തുഴച്ചിൽ വിനോദമായും മത്സരയിനമായും സംഘടിപ്പിച്ചു പോന്നു. ആലപ്പുഴയിലെ വള്ളംകളിക്കും അനേക വർഷത്തെ ചരിത്രമുണ്ട്. എന്നാൽ പുന്നമട ക്കായലിലെ ഈ സവിശേഷ ജലകേളി ഏറെ ശ്രദ്ധേയ മായത് 1952 മുതലാണ്. 1952 ഡിസംബർ 22 ന് ഭാരതത്തിന്റെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവർലാൽ നെഹ്റു ആലപ്പുഴയിൽ ആദ്യമായെ ത്തുന്നു. കോട്ടയത്തുനിന്ന്ജല മാർഗം അദ്ദേഹത്തെ ആലപ്പുഴയിലേക്ക് വരവേറ്റു. നിരവധി കളിവള്ളങ്ങൾ ആ സ്വീകരണ യാത്രയിൽ അണി ചേർന്നിരുന്നു. യാത്ര പുന്നമടയ്ക്ക് സമീപമെത്തിയപ്പോൾ വള്ളങ്ങളിലെ തുഴച്ചിലിന് വ്യതിയാനം വരുന്നു. അവിടം മുതൽ അല്പം അകലെയുള്ള വിളക്കുമാടംവരെ വള്ളങ്ങൾ തമ്മിൽ മത്സരാടി സ്ഥാനത്തിൽ തുഴയെറിഞ്ഞു. ചുണ്ടൻവള്ളങ്ങളുടെ ആ മത്സരം നെഹ്റു ആവേശത്തോടെ ആസ്വദിച്ചു. ഒന്നാമതെത്തിയ നടുഭാഗം ചുണ്ടനിലേക്ക് അദ്ദേഹം ചാടിക്കയറി. വിജയികളെ അഭിനന്ദിച്ചു. തിരികെ ഡൽഹിയിൽ പോയ അദ്ദേഹം അവിടുന്ന് ചുണ്ടൻ വള്ളത്തിന്റെ മാതൃകയിൽ വെള്ളിയിൽ തീർത്ത, തന്റെ ഒപ്പ് ചാർത്തിയ ട്രോഫി ആലപ്പുഴയിലേക്ക് അയച്ചു കൊടുത്തു. ``തിരുവിതാംകൂർ-കൊച്ചിയിലെ സാമൂഹിക ജീവിതത്തിലെ തനിമയായ വള്ളംകളി മത്സര വിജയികൾക്ക്`` എന്ന് ആ ട്രോഫിയിൽ ആലേഖനം ചെയ്തിരുന്നു.



1954 ൽ `പ്രൈംമിനിസ്റ്റേഴ്സ് ട്രോഫി` എന്ന പേരിൽ വള്ളംകളി തുടങ്ങി. കാവാലം ചുണ്ടൻ ആദ്യട്രോഫി സ്വന്തമാക്കി. ആ മത്സരം നടന്നത് കൈനകരി വട്ടക്കായലിൽ ആയിരുന്നു. 1955 മുതൽ മത്സരം പുന്നമടക്കായലിൽ തന്നെ നടത്തി. നെഹ്റുവിന്റെ മരണശേഷമാണ് ഈ വള്ളംകളിക്ക് നെഹ്റുട്രോഫി വള്ളം കളി എന്ന പേര് നൽകിയത്. ഇന്ന് ലോകത്തിന്റെ നാനാ ഭാഗത്തുനിന്നും നിരവധി പേർ ഈ വള്ളംകളി കാണാൻ ആലപ്പുഴയിൽ എത്തുന്നുണ്ട്. കേരളത്തിന്റെ വിനോദ സഞ്ചാര മേഖലയ്ക്ക് പുത്തനുണർവ്വ് പകരാൻ നെഹ്റു ട്രോഫി വള്ളംകളിക്ക് കഴിഞ്ഞിരിക്കുന്നു വെന്നത് ഏറെ ശ്രദ്ധേയമാണ്.

വള്ളംകളിയുടെ കഥ പറയുമ്പോൾ സമാന്ത രമായി മിഴിവോടെ നിലകൊള്ളുന്ന കാവ്യപാരമ്പര്യ മായ വഞ്ചിപ്പാട്ടുകളെ പരാമർശിക്കാതിരിക്കാൻ കഴിയില്ല. രാമപുരത്ത് വാര്യരാൽ വിരചിതമായ നതോന്നത വൃത്തത്തിലുള്ള കുചേല വൃത്തം വഞ്ചിപ്പാട്ട് സവിശേഷ താളത്തിൽ ആവേശത്തോടെ പാടിക്കൊണ്ടാണ് ഇന്നും വള്ളക്കാർ തുഴയെറിഞ്ഞു മുന്നേറുന്നത്.കുചേലവൃത്തം വഞ്ചിപ്പാട്ടിന്റെ രചനയി ലൂടെ കവി തന്റെ ദാരിദ്ര്യാവസ്ഥ പരോക്ഷമായി രാജാവിനെ

അറിയിച്ചുവെന്നും, വൈകാതെ തന്നെ മാർത്താണ്ഡ വർമ്മ രാജാവിന്റെ ഇടപെടലിലൂടെ രാമപുരത്തു വാര്യർക്ക് ശ്രേയസ്സ് ഉണ്ടായെന്നുമാണ് ഐതിഹ്യം. ഈ ഐതിഹ്യം ആലപ്പുഴയുടെ വർത്തമാനകാലാ വസ്ഥയോട് ചേർത്തുവച്ച് ചിന്തിക്കുന്നത് ഈ സന്ദർഭത്തിൽ ഉചിതമായിരിക്കും.

കേരളത്തിലെ നഗരങ്ങളിൽ ഇന്ന് വികസനത്തിന്റെ കാര്യത്തിൽ ഏറെ പിന്നിൽ നിൽ ക്കുന്നത് ആലപ്പുഴയാണ്. ഒരു കാലത്ത് കേരളത്തിന്റെ വാണിജ്യ തലസ്ഥാനമായിരുന്ന ആലപ്പുഴ തുറമുഖം ഇന്ന് യാതൊരു പ്രവർത്തനങ്ങളുമില്ലാതെ ചരിത്ര സ്മാരകമായ് അവശേഷിക്കുന്നു. ആലപ്പുഴ കടൽപ്പാലത്തിന്റെ ദ്രവിച്ചു തീരാറായ ഇരുമ്പു തൂണു കൾപോലെ ഒരു നഗരം പിന്നിലേക്ക് പോകുന്നതിന് പിന്നിൽ കാരണങ്ങൾ പലതും നിരത്താനുണ്ടാവും. കഴിഞ്ഞ കാലത്തിന്റെ പ്രൗഢിയോർത്ത് നെടു വീർപ്പിട്ടിരുന്നിട്ട് ഒരു കാര്യവുമില്ല. നാടോടുമ്പോൾ നടുവേ ഓടിയില്ലെങ്കിലും ഒരൽപ്പം വേഗത്തിൽ നടക്കാനെങ്കിലും ആലപ്പുഴക്കാർക്ക് സാധിക്കണം.

പതിനായിരക്കണക്കിനാളുകൾ പണി ചെയ്തിരുന്ന കയർ ഫാക്ടറികൾ ഒരു കാലത്ത് ആലപ്പുഴയുടെ ചൈതന്യമായിരുന്നു. വിദൂര ദേശങ്ങളിൽ നിന്നും തൊഴിൽ തേടി ആലപ്പുഴയിലെ കയർ ഫാക്ടറികളിൽ എത്തുന്നവർ നിരവധിയായി രുന്നു. വിദേശ വിപണകളിൽ ഇന്നും കയർ ഉൽപ്പന്നങ്ങൾക്ക് വലിയ ഡിമാന്റുണ്ട്. കയറ്റുമതിക്കാർ ആ സാദ്ധ്യതകൾ പരമാവധി ഉപയോഗിക്കുന്നുമുണ്ട്. പക്ഷേ അടിസ്ഥാനഉൽപ്പാദനയൂണിറ്റുകൾ ആയ ഫാക്ടറികൾ അധികവും ആലപ്പുഴയിൽ അടച്ചുപൂട്ടിക്കഴിഞ്ഞു. ആലപ്പുഴയുടെ മേൽവിലാ സവും പേറി ഇന്ന് എത്തുന്ന കയർ ഉൽപ്പന്നങ്ങൾ അധികവും നിർമ്മിക്കപ്പെടുന്നത് അന്യസംസ്ഥാനങ്ങ ളിലാണ് എന്നത് നാം ഓർമ്മിക്കണം. സാഹചര്യങ്ങൾ അനുകൂലമാക്കി കയർ ഉൽപ്പന്ന നിർമ്മാണം വീണ്ടും ശക്തമായി ആലപ്പുഴയിലേക്ക് കൊണ്ടുവന്നാൽ അത് തീർച്ചയായും ആലപ്പുഴയുടെ വികസനത്തിൽ വലിയ പങ്ക് വഹിക്കുമെന്നതിൽ സംശയമില്ല.

ഓളപ്പാത്തിയെ കീറിമുറിച്ച് ചുണ്ടൻ വള്ളങ്ങൾ പുതിയ വേഗങ്ങൾ കണ്ടെത്തുമ്പോൾ പുന്നമടക്കായലിനിരുവശവും ആവേശത്തിമിർപ്പോടെ ജനസഞ്ചയം ആർപ്പുവിളിക്കുകയാണ്. ആവേശത്തിന്റെ ആർപ്പുവിളികളുടെ ആരവം ആലപ്പുഴയുടെ വികസനഭൂമികയിലേക്ക് ചുണ്ടൻവള്ളത്തിന്റെ വേഗതയോടെ കടന്നുവരാൻ ഈ നാടിനെസ്നേഹിക്കുന്നവർ ഒരു മനസ്സോടെ കൈകോർത്താൽ തീർച്ചയായും സാധിക്കും.



# K.R. GOURIAMMA COLLEGE OF ENGINEERING

College code: GWE

(Approved by AICTE and Affiliated to the Kerala Technological University )
Email: info@krgce.in, Website: www.krgce.in

"TOP CAMPUS PLACEMENT RECORDS & EXCELLENT RESULTS.."

**B.Tech**
- Civil Engineering
- Electronics & Communication Engg.
- Computer Science & Engg.
- Information Technology





Our Inspiration
Smt. K R Gouriamma

CHAIRMAN
Sri. P Sanakan

## S.N.G.M ARTS & SCIENCE COLLEGE

Affiliated by University of Kerala

**BBA**

**BCA**

**B.Sc**
- Computer Science
- Botany & Biotechnology
- Mathematics
- Hotel Management

**B.Com**
- Computer Application
- Tax Procedure
- Co-operation
- Tourism & Travel Management

**BA**
- Communicative English
- English Literature

## S.N.G.M PHARMACY COLLEGE

(Approved by Pharmacy Council of India & DME, Govt of Kerala)

**D-Pharm** 2 year diploma course

## S.N.G.M CATERING COLLEGE

(Approved by AICTE & Affiliated to University of Kerala)

**BHM** 4 year degree in Hotel Management & Catering Technology

## S.N.G.M SENIOR SECONDARY SCHOOL

(Affiliated to CBSE – Affiliation No: 930596)

**LKG to Plus 2**

**Salient Features**
- Qualified & Experienced teaching faculties
- Scholarships for meritorious candidates
- Full fledged placement departments
- Separate hostels for boys & girls
- Air Conditioned Labs
- Ever growing Library, well stacked with standard book and National & International journals
- Counselling facility

**Assistance for Bank Loan:** College extends proper guidance, counseling and recommendation to obtain Educational Bank Loans. Many present students are beneficiaries of this service.

**Transport facility for Day Scholars**
A full fledged Transport Department functions with 31 college buses for providing transport facilities to students from Alappuzha, Ambalapuzha, Ernakulam (Edappally), Fort Kochi, Kottayam, Cherthala, Poochakkal etc covering all the nearby towns.

Promoted by: **Sree Narayana Guru Memorial Educational and Cultural Trust**

(Reg.No. A709/01), Valamangalam South P.O, Thuravoor, Cherthala, Alappuzha 688 532
e-mail: info@sngmc.org, www.sngmc.org
Ph: 0478 2562353, 9446080000, 9447058802

കവിത

# നക്ഷത്രങ്ങളും പറയാതിരുന്നത്

രാജീവ് ആലുങ്കൽ





മിഴിരണ്ടുമൊരുപോലെയല്ല
മൊഴികൾക്കും അഴകേകമല്ല
പകലുകൾ, ഇരവുകൾ, പ്രദോഷസന്ധ്യകൾ
ഒന്നും ഒരേപോലെയല്ല.

താരകൾപലവിധം, താമരയിതളിന്റെ
ആകൃതിപോലും പലപ്രകാരം
തൂമഴനൂലിന്റെ വർണ്ണവും, വേഗവും
ഓരോന്നിനോരോ വിതാനം.

വൈവിധ്യമല്ലയോ സൗന്ദര്യം
അതിലുണ്ട് അനവദ്യസംഗീതം
സമ്പൂർണ്ണമല്ലാത്ത ജന്മാന്തരങ്ങൾക്ക്
സാമീപ്യമാകണം സാന്ദ്രസ്നേഹം.

ഓരോ ഇലകളും, കായ്കളും, കനികളും
ഓരോന്നിനും പലരൂപം.
ഒരുഞെട്ടിൽ വിരിയുന്ന പൂവാങ്കുരുന്നുകൾ-
ക്കോരോന്നിനും പലരാഗം.

നിഴലിനുപോലും സൂക്ഷ്മസ്ഥലികളിൽ
ഭാവഭേദത്തിൻ തിരയിളക്കം
നിയതിക്കുപോലും ഋതുസംക്രമങ്ങളിൽ
നിറഭേദലാസ്യവിലാസം.

വൈവിധ്യമല്ലയോ സൗരഭ്യം
രുചിഭേദമല്ലയോ സാഫല്യം
ഒരുസൂചിമുനയിലും സൂര്യനുണ്ടെന്നുള്ള
അറിവല്ലോ ആത്മപ്രഭാവം.

വിരലുകൾക്കോരോരോ രൂപം
വിഥികൾ,ക്കനവധി ദൂരം
വിശ്വൈകശിൽപ്പി. അണിയിച്ചൊരുക്കിയ
തെല്ലാം അപൂർണ്ണമാം ജാലം.

ഓരോ അപൂർണ്ണതയ്ക്കനുകമ്പതൻ നേർത്ത
നനവേകൽ ഈ ജന്മധർമ്മം
വികലമല്ലൊന്നും വിവേകം പുരട്ടിയാൽ
വിജയത്തിനൊരുനിഴൽ ദൂരം.

പുരുഷനും പ്രകൃതിയും , രതിയും വിരക്തിയും
ഓരോന്നിലും പല തരംഗം
ഒന്നുമറ്റൊന്നിനെതൊട്ടുണർത്തുന്നതേ
സൃഷ്ടിസ്ഥിതിലയ രഹസ്യം.

വിമുഖമല്ലാത്തൊരു വിമലപ്രകാശത്തിൻ
അറവാതിലൊന്നു തുറന്നുവച്ചാൽ
വിരസതപോലും രസഭരിതം
വേദനപോലും സുഖസമൃദ്ധം.............!



കവിത

പത്മിനി ബി.നായർ, ആനിക്കാട്



# ജലോത്സവം – ചില ചിന്തകൾ



കേരളാംബയുടുക്കുന്ന പുടവയ്ക്ക് കസവേകാൻ
ഇവിടുത്തെ നദികായലൊരുങ്ങി നിൽപ്പൂ
മുണ്ടകനു  വരിനെല്ലും വിളയുന്ന പാടങ്ങളാൽ
പച്ചയാകുമൈശ്വര്യത്തിൻനിറവെൻ നാട്
കിളപ്പാട്ടും കൈക്കോട്ടുമായ് കൃഷീവലർ പണിചെയ്യും
ഇടനാടിൻ സമൃദ്ധിയെൻ കേരളനാട്
കുരുമുളകേലമിഞ്ചി കരയാമ്പൂ ജാതിയ്ക്കായും
സുഗന്ധമീ മലങ്കാറ്റിനേകുന്ന നാട്





ചിങ്ങമാസേയുത്തൃട്ടാതി വള്ളംകളിയരങ്ങേറും
പമ്പതെളിഞ്ഞൊഴുകുന്ന പുണ്യമീനാട്
കൊതിയേറും വിഭവത്താൽ വള്ളസദ്യ വിളമ്പുമ്പോൾ
എങ്ങെങ്ങും പ്രസിദ്ധമാകും രുചിയെൻ നാട്
ചേനപ്പാടിപ്പാളത്തൈരും പഴമാങ്ങാപച്ചടിയും
നാലുകൂട്ടം പ്രഥമനും പുകഴും നാട്
ചമ്പക്കുളം മൂലം വള്ളംകളിയുടെ ലഹരിയിൽ
കുട്ടനാടൻ വയലേല തളിർക്കും നാട്
ചെറുതനച്ചുണ്ടൻ പിന്നെ കുമരകം ബോട്ടുക്ലബ്ബും
ഇതുപോലെ പേരുകേട്ട ജല പ്രഭുക്കൾ
വള്ളപ്പാട്ടിനീണത്തോടെ തുഴഞ്ഞ് മുന്നേറീടുമ്പോൾ
മലയാഴ്മപ്പെണ്ണിൻ മാറിൽ വൈഢൂര്യച്ചന്തം

കിഴക്കിന്റെ 'വെനീസാ' കുമാലപ്പുഴപ്പട്ടണത്തെ-
ത്തഴുകിടും കായലിന്റെ ഓളപ്പരപ്പിൽ
ചാച്ചാനെഹ്റു പണ്ടുകണ്ടു പ്രോത്സാഹനം കൊടുത്തൊരാ
പുന്നമടക്കായലിലെ ജലോത്സവത്തെ
വരവേൽക്കാനൊരുങ്ങുന്ന മലയാളത്തനിമയ്ക്ക്
കൊട്ടുകുഴൽ ആർപ്പുവിളിമേളം ചേർത്തീടാം

പൊന്നിൻ ട്രോഫി വാങ്ങിയതിൽ മുത്തമിട്ടു ജയവിളിയ്ക്കും
ആവേശത്തിൻ കടൽത്തിരയുയരും നാട്
കണ്ണിനെന്നും കർപ്പൂരമാം മലകളും പുഴകളും
നാടിനെന്നുമതിരിട്ടൊരലയാഴിയും
കായലുമാ നദികളുമതിലൂടെ നൃത്തം ചെയ്യും
ചുണ്ടൻ വള്ളംതരുന്നൊരാ വഞ്ചിപ്പാട്ടുമായ്
നമുക്കൊന്നായെതിരേൽക്കാമതിഥിയെ വരവേൽക്കാം
ദൈവത്തിന്റെ കൈയ്യൊപ്പിട്ട കേരള നാട്ടിൽ
രക്ഷിച്ചീടാം പുഴകളെ വളർത്തീടാം വനങ്ങളെ
ശുദ്ധമാക്കി സംരക്ഷിക്കാം കായലോരത്തെ
അഴികളും പൊഴികളും വേലിയേറ്റമിറക്കവും
അലിവേറും പ്രകൃതിതന്നനുഗ്രഹങ്ങൾ
ജലസ്രോത സംരക്ഷണം ജലപാതാവികസനം
അരുനിന്നു മുന്നേറട്ടെ ജലോത്സവങ്ങൾ
പുതുമയെ വരവേൽക്കാൻ പഴമയ്ക്കു മുത്തമേകി
പ്പുതുതലമുറ മുന്നിൽ നിരന്നിടട്ടേ
പ്രകൃതിയെപ്പഠിക്കുവിൻ പ്രകൃതിയിൽ ലയിക്കുവിൻ

പ്രകൃതി 'രക്ഷക' യെന്നു തിരിച്ചറിവിൽ
അതിജീവനത്തിൻ മന്ത്രമിതു മാത്രമെന്നറിഞ്ഞു
നമുക്കൊന്നായ് മുന്നേറിടാം നല്ലനാളേയ്ക്കായ്



കവിത

അമൃത



# മുഖാമുഖം



``നിന്റെ മൗനങ്ങളിൽ വീണു തൂവാൻ
ഒരു സിന്ദൂരച്ചിമിഴാവട്ടെ ഞാൻ?``

-നീ ചോദിച്ചു.

``എന്റെ മൗനങ്ങളത്രയും ശ്യാമം;

നിന്റെ സിന്ദൂര രേഖകൾക്ക്

തിളക്കാനാവാത്തത്ര തമോഭരം!``



- ഞാൻ പറഞ്ഞു
``എങ്കിൽ, നിന്റെ കരളിന്റെ തോടിൽ
വീണൊതുങ്ങാനൊരു-
കിളിത്തൂവലാവട്ടെ ഞാൻ?``
``വേണ്ട, എന്റെ കരളിന്റെ തോടുകൾ
കരിമ്പാറയേക്കാൾ കഠിനം;
നിന്റെ കിളിത്തൂവൽസ്പർശത്താൽ
ഇക്കിളി പകരാനാവാത്തത്ര പരുഷം!``
``നിന്റെ ചുണ്ടിൽ വിതുമ്പി നിൽക്കാ-
നൊരു പ്രണയഗാനമായിടാം ഞാൻ``
``കഷ്ടം! പ്രണയമെത്താത്ത-
ആഴമാണെന്റെ മനസ്സ്;
അവിടെ നിന്റെ ഗാനം,
വെളിച്ചമറിയാതെ,
പ്രാണവായുവില്ലാതെ
പിടഞ്ഞു മരിക്കും``.
``നിന്റെ കണ്ണിലെ കവിതയുടെ നീലിമയിൽ
മുങ്ങി ഞാൻ മരിക്കാം``
``അടുക്കളയിലെ പ്രഷർ കുക്കറിന്റെ
വിസിൽ നാദത്തിൽ
മുറിഞ്ഞു പോവുന്നതാണെന്റെ കവിത-
മുങ്ങിമരിക്കാൻ,
എന്തിന്-
മുട്ടുകുത്തി നീന്താൻപോലും
നിനക്കതിലാവില്ലല്ലോ``

കല്ലേലി രാഘവൻപിള്ള



# ആലപ്പുഴയ്ക്ക് ഷഷ്ടിപൂർത്തി



“മൂലക്ഷ്മാ പാലനാലപ്പുഴയിലധികമാ-
യാഴിതന്നുള്ളിൽ നീട്ടി-
പ്പാലം കെട്ടി പ്രശസ്ത സ്ഥിതിയിൽ വണിജരെ
പ്പാലനം ചെയ്കമൂലം
ശ്രീലക്ഷ്മീദേവിയാൾ തൻ നയനചലനമാം
ലോല ലോലാംബലീലയ്ക്കാ
ലംബസ്ഥാനമായത്തുറമുഖമെവനും
ദൃഷ്ടി സന്തുഷ്ടി ചേർപ്പൂ”

തിരുവിതാംകൂറിലെ മഹാരാജാവായിരുന്ന ശ്രീമൂലം തിരുനാൾ ആലപ്പുഴക്കടലിനുള്ളിൽ പാലം പുതുക്കി നീട്ടിപണിയിച്ചെന്നും തൻ നിമിത്താം വാണിജ്യശ്രീക്ക് അഭിവൃദ്ധി ഉണ്ടായെന്നും തുറമുഖം ആരെയും ആകർഷിക്കുന്നു എന്നും മറ്റുമാണ് കവിയുടെ പ്രശംസ. കവി ആരെന്നോ? ഉള്ളൂർ പരമേശ്വരയ്യർ തന്നെ.

മലയാളവർഷം 1085 (1910) ൽ ആണ് പാലം പുത്തനായി പണികഴിപ്പിച്ചതെന്ന് അടിക്കുറിപ്പും ഉണ്ട്. എന്നുവച്ച് പാലം ആദ്യം പണിയിച്ചത് മൂലം തിരുനാളാണെന്നു ധരിക്കരുത്. ആലപ്പുഴ ദീപസ്തംഭത്തിന്റെയും കടൽപ്പാലത്തിന്റെയും നിർമ്മിതി 1862 ലേ നടന്നു കഴിഞ്ഞു. മഹാകവി അർത്ഥമാക്കുന്നത് പാലത്തിന്റെ നവീകരണമാണ്.

നൂറു വർഷം മുമ്പ് 1918 ൽ ഉള്ളൂർ എഴുതുമ്പോൾ ആലപ്പുഴയുടെ ഐശ്വര്യ സമൃദ്ധി എന്തായിരുന്നു എന്ന് ചമൽക്കാര പൂർവ്വം ഇവിടെ വെളിപ്പെടുന്നു.

പക്ഷേ ആ സമൃദ്ധിയും സൗന്ദര്യവും പിന്നെ അരനൂറ്റാണ്ടുപോലും നീണ്ടുനിന്നില്ല.

രണ്ട് ലോകമഹായുദ്ധങ്ങൾ കഴിഞ്ഞപ്പോൾ ബ്രിട്ടൻ സാമ്പത്തികമായി തകർന്നു കഴിഞ്ഞിരുന്നു. അടിമത്തവും ദാരിദ്ര്യവും കൊണ്ട് പൊറുതിമുട്ടിയ ജനം ഒരന്തിമ സമരം കണക്കെ പൊരുതി മുക്തിനേടി. തിരുവിതാംകൂർ സംസ്ഥാനവും ജനായത്ത ഭരണത്തിൻ കീഴിലായി.

എന്നുവച്ചാൽ, ഭരണകൂടത്തിന്റെ പരിപോഷണമോ പരിചരണമോ ആലപ്പുഴയ്ക്ക് നഷ്ടമായി. സംസ്ഥാനത്തിന്റെ വ്യാവസായിക തലസ്ഥാനമെന്ന പരമോന്നതിയും തുറമുഖ നഗരത്തിന് നഷ്ടമായി. ആനുകൂല്യങ്ങളും അനുഗ്രഹവും കൊച്ചിക്ക് കൈനിറയെ കിട്ടി. തുറമുഖത്തിന്റെ സൗകര്യങ്ങൾ വർദ്ധിച്ചു.

ഏറ്റവും പ്രധാനം ഗതാഗത സൗകര്യങ്ങളായിരുന്നു. തീവണ്ടിയും വിമാനവും തൊട്ടരികിൽ. പണിമുടക്കുകളും കുറവ്. കേന്ദ്ര സർക്കാരിന്റെ പിന്തുണയും രാഷ്ട്രീയ നേതാക്കളുടെ ഇച്ഛാശക്തിയും ഒത്തുചേർന്നപ്പോൾ അറബിക്കടലിന്റെ റാണിപ്പട്ടം കൊച്ചിക്ക് വന്നു ചേർന്നു.

1950 മുതൽ പതനം തുടങ്ങി.പാതിരാത്രിയിൽ വന്ന കള്ളനെപ്പോലെ. കപ്പലുകളുടെ പോക്കുവരവു കുറഞ്ഞു. കച്ചവടക്കാർ മട്ടാഞ്ചേരിയിലേക്കും ഫോർട്ട് കൊച്ചിയിലേക്കും പൊറുതിമാറ്റി. അത് വിഷാദപൂർവ്വമായ ഒരു മെല്ലെപ്പോക്കായിരുന്നു. പലരും, നവറോജിമാരും മേമൻ ഹാജിമാരും ബനിയാൻമാരും ഒക്കെ പത്തൊമ്പതാം നൂറ്റാണ്ടിന് മുമ്പേതന്നെ കുടുംബസമേതം വന്ന് പണ്ടകശാലകൾ കെട്ടി വ്യാപാരം നടത്തി സമ്പന്നൻമാരായവരുടെ പിൻമുറക്കാരായിരുന്നു. എങ്ങനെനെഞ്ചിടിപ്പു ഉണ്ടാവാതിരിക്കും? കുറെ വ്യവസായികൾ ബോംബെയിലേക്കും ഗുജറാത്തിലേക്കും മടങ്ങിപോകുകയും ചെയ്തു.

അരുണിമ കളിയാടിയിരുന്ന തുറമുഖം ദൃഷ്ടിക്കു സന്തുഷ്ടി കിട്ടാത്തവിധം വിളറി വെളുത്തു. കടൽപ്പാലം കാടുപിടിച്ചു. ഒരു ട്രോളി പോലും നീങ്ങേണ്ടിവന്നില്ലല്ലോ.

പി. ആന്റ്. എൽ (പിയേഴ്സ് ലെസ്ലി) പോലുള്ള വൻകിട വ്യവസായ ശാലകൾ പൂട്ടി ഉടമസ്ഥർ നാടുവിട്ടു. തൊഴിലാളികൾക്ക് പണി ഇല്ലാതായി. പണ്ടക ശാലകൾ മദ്യപാനികളുടെയും തെരുവുപട്ടികളുടെയും വിശ്രമ കേന്ദ്രങ്ങളായി. അക്കഥ ഓർക്കാതിരിക്കയാണ് നല്ലത്. നേരിൽ കണ്ടതാണ്.



**രണ്ട്**

ജനങ്ങൾ, ഈ ദാരുണാവസ്ഥ കണ്ടു ദുഃഖിച്ചു. പോംവഴികളെക്കുറിച്ചുള്ള അന്വേഷണമായി അഭിപ്രായങ്ങളും വന്നു തുടങ്ങി. രാഷ്ട്രീയ പ്രവർത്തകരിൽ നിന്ന് ട്രേഡ് യൂണിയൻ പ്രവർത്തകരിൽനിന്ന്, ബുദ്ധിജീവികളിൽ നിന്ന്, പ്രത്യേകിച്ചും, വക്കീലൻമാരിൽനിന്നും ഉന്നത വിദ്യാഭ്യാസം നേടിയ യുവാക്കളിൽ നിന്നും പോംവഴി ഒന്നേയുള്ളൂ. അവർ പറഞ്ഞു. ആലപ്പുഴ നഗരം ആസ്ഥാനമാക്കി പുതിയ ഒരു ജില്ല ഉണ്ടാവണം. നഗരസഭ മുൻകൈ എടുക്കണം. നാട്ടുകാർ ഉണർന്നു. ഇത് ഒരു നഗരത്തിലെ ജനങ്ങളുടെ കാര്യം മാത്രമല്ല. അരൂർവരെ വിസ്തൃതമായ ഒരു പ്രദേശത്തിന്റെ മുഴുവൻ നിലനിൽപ്പിന്റെ ആവശ്യമാണ്. കുട്ടനാടിന്റെയും അമ്പലപ്പുഴയുടെയും ചേർത്തലയുടെയും കാർത്തികപ്പള്ളിയുടെയും മാവേലിക്കരയുടെയും തിരുവല്ലയുടെയും, ചെങ്ങന്നൂരിന്റെയും വികസനത്തിന്റെ കാര്യമാണ് (ഇതിൽ തിരുവല്ല പത്തനംതിട്ട ജില്ലയോട് ചേർക്കപ്പെട്ടു). ആവിധം ആശയ പ്രചരണം നാടാകെ എത്തി.

തികച്ചും ആസൂത്രിതമായ സമര പരിപാടികളായിരുന്നു അടുത്ത ചുവടുവയ്പ്. ഒരു ജില്ലാ രൂപവൽക്കരണ സമിതി വന്നു. വിവിധ ഉപസമിതികളും ഉണ്ടായി. രാജപ്രമുഖന് സമർപ്പിക്കുവാൻ നിവേദനങ്ങൾ തയ്യാറാക്കുന്നതിനുള്ള സമിതിയിൽ നിയമജ്ഞരായ വക്കീലൻമാരായിരുന്നു ഏറെയും. പി. കുഞ്ഞൻ കുറുപ്പ്, കെ. പാർത്ഥസാരഥി അയ്യങ്കാർ, കെ.എൻ. പരമേശ്വര ശർമ്മ, സി.എൻ. നാരായണപിള്ള തുടങ്ങിയ വക്കീലൻമാർ മുമ്പോട്ടു വന്നു. പ്രവർത്തനങ്ങൾക്ക് പണം വേണം. വ്യവസായ പ്രമുഖർ സന്നദ്ധരായി. എസ്. വിരയ്യ റഡ്യാർ ധനസമ്പാദനസമിതിയുടെ കൺവീനർ ആയി. എ.ആർ. സുലൈമാൻ സേട്ട്, സ്വർണ്ണവാണിഭത്തിൽ വെന്നിക്കൊടി ഉയർത്തി ശോഭിച്ച കെ.ഭീമഭട്ടർ, പാരമ്പര്യം വഴി തന്നെ സ്വർണ്ണ വ്യാപാരം കൊണ്ടു വിജയിച്ച പി.രാജപ്പൻപിള്ള, കയർ വ്യവസായത്തിൽ അന്യരാജ്യങ്ങളിൽ പോലും പ്രശസ്തി നേടിയ രവി കരുണാകരൻ തുടങ്ങിയവരും കുറെ നഗരസഭാംഗങ്ങളും ആ സമിതിയിൽ ഉൾപ്പെട്ടിരുന്നു.

സർക്കാരിന്റെ നയം തികച്ചും നിരാശാജനകമായിരുന്നു. രാജപ്രമുഖനെസമീപിച്ച് ജനങ്ങളുടെ നിവേദനം സമർപ്പിക്കപ്പെട്ടെങ്കിലും അതും പ്രയോജനപ്പെട്ടില്ല.

ജില്ലാ സമ്പാദനസമിതിയുടെ പ്രവർത്തകർ അടവ് മറ്റൊരു വഴിക്കു വിട്ടു. ജനങ്ങളെ ഇളക്കുക. നഗരങ്ങളിലും ഗ്രാമാന്തരങ്ങളിലും പൊതു സമ്മേളനങ്ങൾ നടത്തുക, നാട്ടിൽ പലേടത്തും ബാനറുകൾ ഉയർത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ ശക്തമായി.

1956 ഒക്ടോബർ 19 ന് നഗരമാകെ ഹർത്താൽ ആചരിച്ചു. ജനവികാരം കുറെക്കൂടി തീവ്രമായി. തുടർന്ന് നാടാകെ ജില്ലാദിനമാചരിക്കുവാൻ പ്രക്ഷോഭകർ ആഹ്വാനം നൽകി.അതും വിജയകരമായെങ്കിലും സർക്കാർ അനങ്ങിയില്ല. സമരക്കാർ പിൻവാങ്ങിയുമില്ല. ഏതു മുക്കിലും മൂലയിലും ജില്ലയ്ക്കുവേണ്ടിയുള്ള മുറവിളികൾ തന്നെ. ഏറ്റവും പ്രധാനസമ്മേളനരംഗം കിടങ്ങാംപറമ്പ് മൈതാനമായിരുന്നു. എത്ര എത്ര പ്രതിഷേധയോഗങ്ങൾക്ക് സാക്ഷ്യം വഹിച്ച, ചരിത്രം ഒരിക്കലും ഉറങ്ങാത്ത ജീവസ്സുറ്റ മൈതാനമാണവിടം. ഡോ.കെ.പി. പണിക്കർ, ജി. ചിദംബരയ്യർ, ഉജ്ജ്വല വാഗ്മിയായിരുന്ന എൻ. സ്വയംവരൻ നായർ, കെ.പി. എം. ഷെറീഫ്, പി. വിശ്വലക്ഷ്മി, എ.ജി. പണിക്കർ, കെ.വേലപ്പൻപിള്ള തുടങ്ങിയവർ പ്രസംഗിച്ചു. പ്രസംഗത്തിലൂടെയും മുദ്രാവാക്യം വിളികളിലൂടെയും മൈതാനം ശബ്ദ തരംഗിതമായി. സർക്കാർ അനങ്ങിയില്ല. സ്വാതന്ത്ര്യ സമരത്തിൽ സജീവമായി പങ്കെടുത്ത കെ.പി. നാരായണനും,ടി.എ.അബ്ദുള്ളയും, വർഗ്ഗീസ് വൈദ്യനും, അമ്പലപ്പുഴ എൻ.എൻ. ഇളയതും, വി.കെ. പുരുഷോത്തമനും ജില്ലയ്ക്കുവേണ്ടി ശബ്ദിച്ചവരായിരുന്നു. എന്റെ സഹപാഠികളായിരുന്ന കളർകോട് നാരായണനും ബി.എസ്. കൃഷ്ണനും യുവാക്കൾക്ക് ഹരം പകർന്നു കൂടെ നിന്നു. കെ.ജി. നാഥിനെയും സ്വാമി പദ്മനാഭനെയും പോലുള്ള സമരനായകൻമാർ ആദ്യവസാനക്കാരായിരുന്നു.

വഞ്ചി എന്നിട്ടും തിരുനക്കരെ തന്നെ

**വഴിത്തിരിവ്**

ജനങ്ങൾ ഉറ്റുനോക്കിയ ഐക്യകേരളം പിറന്നു. ഒന്നേകാൽ കോടി മലയാളികൾക്ക് അവരുടെ സംസ്ഥാനം ഉണ്ടായി. ഇ.എം.എസിന്റെ "ഒന്നേകാൽക്കോടി മലയാളികൾ" എന്ന പുസ്തകം അക്കാലത്ത് എത്ര എത്ര വേദികളിൽ ചർച്ച ചെയ്യപ്പെട്ടിരുന്നു!. ഭാഷാടിസ്ഥാനത്തിൽ വിവിധ സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിച്ചു. സംസ്ഥാനപുനഃസംഘടനാ കമ്മീഷന്റെ നിർദ്ദേശ പ്രകാരമായിരുന്നു അത്. കേരളം എന്നൊരു സംസ്ഥാനമുണ്ടെന്ന് ലോകം അറിഞ്ഞു. കേരളീയർ വെറും മദ്രാസികൾ അല്ലെന്നു, പിന്നെ എന്തെന്തു മാറ്റങ്ങൾ!. കേരളപ്പിറവിയോടെ രാജപ്രമുഖൻ ഇല്ലാതായി. അതിന് മുമ്പുതന്നെ തിരുക്കൊച്ചി പ്രസിഡന്റിന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിലായിരുന്നു. കേന്ദ്രം പഴയ ഐ.സി.എസ്.കാരനായ പി.എസ്. റാവുവിനെഭരണണോപദേഷ്ടാവായും താൽക്കാലിക ഗവർണ്ണറായും നിയമിച്ചിരുന്നു. 1957 ഏപ്രിൽ അഞ്ചിന് ഇ.എം.എസ്. മുഖ്യമന്ത്രി എന്ന നിലയിൽ സംസ്ഥാനത്തിന്റെ ഭരണം ഏറ്റെടുത്തു. താൽക്കാലിക ഗവർണ്ണർ മാറി ബി. രാമകൃഷ്ണറാവു ഗവർണ്ണറായി. മുഖ്യമന്ത്രി ഉൾപ്പെടെ കേരളത്തെ മുഴുവൻ പ്രാതിനിധ്യം വഹിച്ചുകൊണ്ട് പതിനൊന്ന് മന്ത്രിമാർ വന്നു. അവരിൽ മൂന്നുപേർ ഇടതുപക്ഷത്തോടു പിന്തുണയുള്ള വി.ആർ. കൃഷ്ണയ്യരും ജോസഫ് മുണ്ടശ്ശേരിയും ഡോ.എ.ആർ. മേനോനുമായിരുന്നു. മറ്റ് എട്ടുപേർ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയിൽപ്പെട്ട മാർക്സിസ്റ്റുകളും. ഇ.എം.എസ്., സി. അച്യുതമേനോൻ, ടി.വി. തോമസ്, കെ.സി. ജോർജ്, കെ.പി. ഗോപാലൻ, ടി.എ. മജീദ്, പി.കെ. ചാത്തൻ മാസ്റ്റർ, കെ.ആർ. ഗൗരി (നമ്മുടെ ഗൗരിയമ്മ).പൊതുവേ പറഞ്ഞാൽ, ജില്ല രൂപവൽക്കരണ സമിതിയോട് അനുഭാവമുള്ളവർ. ജനപ്രതിനിധികൾ ജില്ലയുടെ പ്രശ്നം



ഉന്നയിച്ചു. റവന്യൂ മന്ത്രി കെ.ആർ. ഗൗരിയമ്മയും ടി.വി.തോമസും ശക്തമായ പിന്തുണയായിരുന്നുവല്ലോ. മന്ത്രിസഭ തീരുമാനം കൈക്കൊള്ളാൻ അമാന്തിച്ചില്ല.

1957 ആഗസ്റ്റ് 17. അത് ഒരു പുതുവത്സര പിറവി ദിനമായിരുന്നു. പൊന്നിൻ ചിങ്ങം ഒന്ന്. അന്നു രാവിലെ ആലപ്പുഴ ജില്ലാ കോടതി അങ്കണം ബഹുജനനിബിഡമായി. പുത്തൻ മന്ത്രിമാർ പൂന്തേൻപോലെ മാധുര്യമുള്ള സമ്മാനം -പുതുവർഷ സമ്മാനം-നൽകാൻ വന്നിരിക്കുകയാണ്. മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, രാഷ്ട്രീയ നേതാക്കൾ, കൊച്ചുകുട്ടികൾപോലും ആഹ്ലാദഭരിതരായിരുന്നു. ക്ഷേത്രങ്ങൾ, പള്ളികൾ, വിദ്യാലയങ്ങൾ, തെരുവുകൾ എവിടെയും പ്രാർത്ഥനകളും മണിമുഴക്കങ്ങളും അലങ്കാരങ്ങളും ആർപ്പുവിളികളും തന്നെ. പതിനഞ്ചുലക്ഷം ജനങ്ങളുടെ ഊഷ്മള വികാര പ്രകടനമായിരുന്നു അതെല്ലാം. മുഖ്യമന്ത്രിയും മന്ത്രിമാരും ചിഫ് സെക്രട്ടറിയും മറ്റു വി.ഐ.പി.കളും പ്രസംഗവേദിയെ അലങ്കരിച്ചു. അദ്ധ്യക്ഷൻ ജില്ലാ സമ്പാദനസമിതിയുടെ അദ്ധ്യക്ഷൻ ചാലയിൽ ഡോ. കെ. പി. പണിക്കർ ആയിരുന്നു. സ്വാഗതം അരുളാൻ വ്യവസായ പ്രമുഖനായ എ.ആർ. സുലൈമാൻ സേട്ടുവും കൃതജ്ഞത പ്രകാശിപ്പിക്കുവാൻ ആലപ്പുഴയുടെ പുരോഗതിയിൽ അവിസ്മരണീയ സംഭാവനനൽകിയ കെ. പാർത്ഥസാരഥി അയ്യങ്കാരും.

മുഖ്യമന്ത്രി ഇ.എം.എസ്. എഴുന്നേറ്റു. സദസ് കൈയ്യടി മുഴക്കി. ആലപ്പുഴ ജില്ല ജനങ്ങൾക്ക് സമർപ്പിക്കുന്നതായി പ്രഖ്യാപിച്ചു. ജില്ലയുടെ അഭിവൃദ്ധിക്കും വികസനത്തിനുമുള്ള സാദ്ധ്യതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ആ ചെറു പ്രസംഗം അവസാനിപ്പിച്ചു. പിന്നീട് ജില്ലാ കോടതിയുടെ മുറ്റത്തേക്ക് നടന്നു വന്നു. സർവ്വ ഐശ്വര്യത്തിന്റെയും പ്രതീകമായി ~ഒരു തെങ്ങിൻ തൈ നട്ടുകൊണ്ട് ആഘോഷത്തിന് കേരളീയതയുടെ കാന്തി നൽകി.

അങ്ങനെനിരന്തര പരിശ്രമത്തിന്റെയും പതറാത്ത ഇച്ഛാശക്തിയുടെയും ഫലമായി നാം ജില്ല നേടി. കേരളത്തിലെ എട്ടാമത്തെ ജില്ല. ആലപ്പുഴയുടെ മുഖം കുറേ ഏറെയെങ്കിലും അരുണാഭമായി. തുടർന്ന് ഒരു പുത്തൻ ഉൻമേഷം ജനങ്ങളിലുണ്ടായി. 1963 ൽ ആലപ്പുഴയിൽ ഒരു മെഡിക്കൽ കോളേജ് വന്നു.

ചുരുക്കി പറയട്ടെ. അതൊരു വളർച്ചയുടെ തുടക്കമായിരുന്നു. ഒന്നാമത്തെ ജനകീയ മന്ത്രിസഭയോട് പ്രത്യേകിച്ച് ഇ.എം.എസിനോട് ജില്ലയുടെ അറുപതാം വാർഷിക വേളയിൽ ആലപ്പുഴക്കാർ കൃതജ്ഞരാണ്.

മാത്രമല്ല, ജില്ലയ്ക്കുവേണ്ടി കൂടിയ ആദ്യ സമ്മേളനം മുതൽ ഇന്നേവരെയും കർമ്മ നിരതനായിരിക്കുന്ന വി. എസ്. അച്യുതാനന്ദനും ആലപ്പുഴ റവന്യു ജില്ലയ്ക്ക് ഉയിരും ഉടലും നൽകിയ ഗൗരിയമ്മയും ആരോഗ്യ സൗഖ്യത്തോടെ ഇന്നും നമുക്കൊപ്പം ജീവിക്കുന്നു എന്നത് എത്ര ഉൻമേഷപ്രദമാണ്.

**കടപ്പാട്**

ജില്ല രൂപവൽക്കരണ വാർത്ത റിപ്പോർട്ട് ചെയ്ത പി.എൻ.ജി പണിക്കരോടും (എസ്പ്രസ്) ആർ. നാരായണ പിള്ളയോടും (ദീനബന്ധു) പണിക്കർ ഇന്നില്ല.

കേരള നിയമസഭ ചരിത്രവും ധർമ്മവും കെ.ജി. പരമേശ്വരൻനായർ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

# കാടെന്നെ വിളിച്ചു



ജെ. ഷിജിമോൻ

കാടെന്നെ വിളിച്ചു, കരളിൽ
കൂടേറിയ കിളിയെക്കണ്ടോ?
കാടെന്നെ വിളിച്ചു, കുളിരും
ചാറ്റൽ മഴ യീ വഴി വന്നോ?
പുഴയെന്നെ വിളിച്ചു, പൊഴിയാൻ
മഴമുകിലീ മാനത്തുണ്ടോ?
മഴവില്ലിൻ ഏഴഴകുണ്ടോ?
മയിലാട്ടം കാണാറുണ്ടോ ?

മരമെന്നെ വിളിച്ചു, ഒരുപിടി
മണ്ണുണ്ടോ വേരുപടർത്താൻ ?
മലയെന്നെ വിളിച്ചു, ചോല
ച്ചെറുമിപ്പെൺ കൊലുസുകൾ കണ്ടോ ?
വയലെന്നെ വിളിച്ചു, പുരയിൽ
പൊന്നുണ്ടോ വാരി വിതയ്ക്കാൻ?
വലയെന്നെ വിളിച്ചു, കുറുവാ-
പ്പരലുണ്ടോ കോരിയെടുക്കാൻ ?

കടലെന്നെ വിളിച്ചു, കായൽ
ത്തിരയും കൈത്തോടും കാവും
പുഴുവും കുഴിയാനകളും, പൂ-
ത്തുമ്പികളും തുമ്പച്ചെടിയും?
നീയെന്നെ വിളിച്ചു, നെഞ്ചിൽ
തീയാളും കവിതകളുണ്ടോ?
ഉടലിൻ തുടലിന്റെ തുരുമ്പിൽ
ചുടുചോര പൊടിയുന്നുണ്ടോ?


Reliable Seafood
Rich in Taste & Quality
CHERUKATTU INDUSTRIES
AROOR - 688 534, ALAPPUZHA, INDIA.
PHONE : 0478 - 2873056, 2875029, 2875156
FAX : 91- 478-2874029
E-mail : cherukattu@eth.net

ഡോ. അമ്പലപ്പുഴ ഗോപകുമാർ



# വള്ളംകളിയുടെ നാൾ വഴികൾ



കേരളത്തിലെ പ്രാചീനകലകളുടെ കൂട്ടത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനമാണ് വള്ളംകളിക്കുള്ളത്. ഒരു കായിക വിനോദമെന്നതിലുപരി കലാപരമായ പ്രകടനം എന്ന നിലയിലാണ് വള്ളംകളി ജനശ്രദ്ധ പിടിച്ചുപറ്റിയിട്ടുള്ളത്. വള്ളത്തിന് അഥവാ വഞ്ചിക്ക് കേരള ചരിത്രത്തോളം തന്നെ പഴക്കമുണ്ട്. ഇന്നത്തെമാതിരിയുള്ള ഗതാഗത സൗകര്യങ്ങൾ ഒന്നുമില്ലാതിരുന്ന പഴയകാലത്ത് വഞ്ചി മാത്രമായിരുന്നു ശരണം. കേരളത്തിന്റെ ഭൂപ്രകൃതിയും ജലമാർഗ്ഗം എവിടെയും എത്തിച്ചേരുന്നതിന് സഹായകമായിരുന്നു. പഴയ തിരുവിതാംകൂറിന്റെ പേരു തന്നെ വഞ്ചിനാട് എന്നായിരുന്നുവെന്നോർക്കുമ്പോൾ ഇവിടുത്തെ ജനജീവിതത്തിലും ജീവിത സംസ്കാരത്തിലും വഞ്ചിക്കുണ്ടായിരുന്ന സ്ഥാനത്തെക്കുറിച്ച് ഏറെ പറയേണ്ട കാര്യമില്ല. ഇന്ന് വഞ്ചിനാടും വഞ്ചി ഭൂപനു മൊന്നുമില്ലെങ്കിലും വഞ്ചിപ്പാട്ടിന്റെ അലയൊലികൾ മലയാളക്കരയെ പുളകമണിയിക്കുന്നുണ്ട്. ആ പുളകസ്മൃതിയുടെ ഓളക്കുത്തുകളിൽ ചാഞ്ചാടുവാൻ അവസരം ലഭിക്കുന്നത് വർഷം തോറും വിവിധ സ്ഥലങ്ങളിൽ നടന്നുവരുന്ന വള്ളംകളിയുടെ ആർപ്പുവിളികൾ ഉയരുമ്പോഴാണ്.

വള്ളംകളികൾ ലോകത്തിന്റെ പലഭാഗത്തും നടക്കുന്നതായി പറയാറുണ്ടെങ്കിലും കേരളത്തിലെ വള്ളംകളിയുടെ ആകർഷകത്വം അവയ്ക്കൊന്നും അവകാശപ്പെടാനാവുകയില്ല. ലണ്ടനിലെ തെംസ് നദിയിൽ നടക്കുന്ന ഓക്സ്ഫോർഡ് കെയിംബ്രിഡ്ജ് വള്ളംകളിയും ബാങ്കോക്ക്, മാനില, ഹവായ് എന്നിവിടങ്ങളിൽ നടക്കുന്ന വള്ളംകളികളും പ്രസിദ്ധമാണെങ്കിലും കേരളത്തനിമയുടെ നിനവുകൾ പൂത്തുവിടരുന്നതുപോലെ ഇവിടെ നടന്നുവരുന്ന വള്ളംകളികൾ അനവദ്യസുന്ദരമായ ഒരു ദൃശ്യവിരുന്നായി മാറുന്ന അനുഭവം മറ്റൊരിടത്തുമില്ല.

വളരെ പുരാതനകാലംമുതൽക്കുതന്നെ കേരളം വഞ്ചി-കപ്പൽ നിർമ്മാണത്തിൽ വമ്പിച്ച പുരോഗതി നേടിയിരുന്നു. കേരളത്തിലെ ഒറ്റത്തടി വള്ളങ്ങൾ ലോകത്തിലെ മികച്ച ജലവാഹനങ്ങൾക്കൊപ്പം ശ്രദ്ധ നേടിയിരുന്നു. അറബികളുടെ കോട്ട്യകളിൽ ഗണ്യമായ ഭാഗം കേരളത്തിലാണ് ഉണ്ടാക്കിയത്. വലുപ്പത്തിലും നിർമ്മാണ രീതിയിലുമുള്ള വ്യത്യാസ അളവനുസരിച്ച് പലപേരുകളിൽ അറിയപ്പെട്ടിരുന്ന നാനാതരം ജലവാഹനങ്ങൾ കൊല്ലത്തും പുറക്കാട്ടും കൊച്ചിയിലും കൊടുങ്ങല്ലൂരിലും ചേറ്റുവായിലും പൊന്നാനിയിലും ബേപ്പൂരും കണ്ണൂരും നിർമ്മിച്ചിരുന്നു. ചെറിയ ജലവാഹനങ്ങളും കെട്ടുവള്ളങ്ങളും കേരളത്തിന്റെ തീരദേശങ്ങളിലുടനീളം നിർമ്മിച്ചിരുന്ന വിദേശ സഞ്ചാരികളുടെ വിവരണങ്ങളും സംഘം കാലത്തെ സാഹിത്യകൃതികളും ചിലശിലാരേഖകളും നമ്മുടെ കപ്പൽവഞ്ചി നിർമ്മാണ കലയേയും നാവിക പാരമ്പര്യത്തേയും കുറിച്ച് വളരെയേറെ വിവരങ്ങൾ നൽകുന്നുണ്ട്. അതിവേഗത്തിൽ ഓടിച്ചുപോകാവുന്ന പോർവഞ്ചികളുമായിട്ടാണ് കുഞ്ഞാലിമരക്കാർ പോർച്ചുഗീസുകാരെ മുട്ടുകുത്തിച്ചത്. രാജാക്കന്മാർക്ക് മാത്രമല്ല വിദേശ രാജ്യങ്ങളുമായി വ്യാപാരത്തിലേർപ്പെട്ടിരുന്നവർക്കൊക്കെ ഈടുറ്റ പായ്കപ്പലുകളുണ്ടായിരുന്നുവെന്നും ചരിത്രം പറയുന്നു. പണ്ടൊക്കെ ദീർഘദൂര യാത്രയ്ക്ക് വളവര (പുര) വള്ളങ്ങളായിരുന്നു ഉപയോഗിച്ചിരുന്നത്. സാധാരണക്കാർ യാത്രക്ക് ആശ്രയിച്ചിരുന്ന കമ്പനി വള്ളങ്ങളും ഇന്ന് വിസ്മൃതിയിലായി.

കേരളത്തിലെ പ്രാചീനകലകൾ പലതും ജനജീവിതത്തിന്റെ ഘനകേന്ദ്രങ്ങളായ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടാണ് രൂപംകൊണ്ടിട്ടുള്ളത്. വള്ളംകളിയും അങ്ങനെനോക്കുമ്പോൾ ഒരു ക്ഷേത്രകലയായാണ് പിറവിയെടുത്തിട്ടുള്ളത് എന്നറിയുവാൻ കഴിയും. ഇവിടുത്തെ പ്രധാനവള്ളംകളികളെല്ലാം ക്ഷേത്രോല്പത്തി കഥകളുമായി ബന്ധപ്പെട്ട് നിൽക്കുന്നതാണ്. വള്ളം കളികൾക്ക് മൂലമായി ഇന്നറിയപ്പെടുന്നത് അമ്പലപ്പുഴ ക്ഷേത്രത്തിലെ വിഗ്രഹപ്രതിഷ്ഠാ സ്മാരകമായി നടന്നുവരുന്ന ചമ്പക്കുളം വള്ളംകളിയാണ്. കുട്ടനാട്ടിലെ പമ്പയാറ്റിൽ എല്ലാവർഷവും മിഥുനമാസത്തിൽ മൂലം നക്ഷത്രത്തിൻ നാളിലാണ് അത് നടന്നുവരുന്നത്. ചെമ്പകശ്ശേരി ദേവനാരായണൻ നാടുവാണിരുന്ന കാലത്ത് ഒരു മൂലം നാളിലാണ് അമ്പലപ്പുഴ ക്ഷേത്രത്തിൽ വിഗ്രഹ പ്രതിഷ്ഠ നടന്നിട്ടുള്ളത്. ആ വിഗ്രഹം തെക്കുംകൂറിന്റെ അധീനതയിലുണ്ടായിരുന്ന കുറിച്ചി കരിംകുളം ക്ഷേത്രത്തിൽ നിന്ന് അമ്പലപ്പുഴയ്ക്ക് കൊണ്ടുവന്നത് വഞ്ചിമാർഗ്ഗമാണ്. വരും വഴി വിഗ്രഹം ചമ്പക്കുളത്തുള്ള മാപ്പിളശ്ശേരി കുടുംബത്തിൽ നേരം സന്ധ്യയായതു കാരണം ഇറക്കി എഴുന്നള്ളിച്ചുവെന്നും മഠത്തിൽ ക്ഷേത്രത്തിലെ പൂജാരികൾ വന്ന് പൂജകൾ നടത്തിയെന്നും അടുത്ത ദിവസം രാജാവും പരിവാരങ്ങളും നിരവധി വള്ളങ്ങളിൽ ചമ്പക്കുളത്തെത്തി വിഗ്രഹം അമ്പലപ്പുഴയിലേക്ക് ഘോഷയാത്രയായി കൊണ്ടുവരികയാണുണ്ടായത് എന്നും ചരിത്രം. ആ ആഘോഷയാത്ര പിൽക്കാലത്ത് എല്ലാ വർഷവും ആവർത്തിക്കുകയും അത് ആദ്യത്തെ വള്ളം കളിയായി അറിയപ്പെടുകയും ചെയ്തു.

ആദ്യകാലത്ത് ചമ്പക്കുളം വള്ളംകളി ചമ്പക്കുളം മൂലക്കാഴ്ച എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. മത്സരങ്ങളില്ലാതെ ചുണ്ടൻ വള്ളങ്ങളും ഓടി വള്ളങ്ങളും വെപ്പ് വള്ളങ്ങളും ചെറു വള്ളങ്ങളും ചേർന്ന് ആഹ്ളാദത്തോടെ പാട്ടുപാടി തുഴഞ്ഞുപോകുന്ന കാഴ്ച നയനമോഹനമായ ഒരുത്സവത്തിന്റെ പ്രതിച്ഛായ സൃഷ്ടിച്ചിരുന്നു. അവിടെ ജാതിയോ മതമോ ഒന്നും നോക്കാതെ സർവ്വസമുദായ മൈത്രിയോടെ ഒരു നാടിന്റെ ഹൃദയാഹ്ലാദം പ്രകടമായിരുന്നത് ഒരു തലമുറയുടെ ജീവിത സംസ്കാരമാണ് വെളിപ്പെടുത്തുന്നത്.

നൂറ്റാണ്ടുകളായി മുടക്കം കൂടാതെ നടന്നുവരുന്ന ചമ്പക്കുളം ജലമഹോത്സവം മതമൈത്രിയുടെ ഉദാത്തമായ ഒരു പ്രതീകമായി ഇന്നും നിലകൊള്ളുന്നു. ഹൈന്ദവ ക്ഷേത്രത്തിൽ പ്രതിഷ്ഠയ്ക്കുള്ള വിഗ്രഹം യാത്രാമദ്ധ്യേ ഒരു ക്രൈസ്തവ കുടുംബത്തിൽ സംരക്ഷിച്ച് അടുത്ത ദിവസം നാനാജാതി മതസ്ഥരുടെ അകമ്പടിയോടെ അമ്പലപ്പുഴയിലേക്ക് എഴുന്നള്ളിച്ചു എന്നു പറയുമ്പോൾ ഒരു രാജവംശത്തിന്റെ ഔന്നത്യമാണ് വെളിപ്പെടുന്നത്. 600ൽ ഏറെ വർഷം പഴക്കമുള്ള ചമ്പക്കുളത്തെ കല്ലൂർക്കാട് പള്ളിയുടെ അധികൃതരും യോഗക്കാരും വിഗ്രഹത്തിന്റെ എഴുന്നള്ളത്ത് ഗംഭീരമാക്കാൻ വെൺചാമരവും ആലവട്ടവും മുത്തുക്കുടയും പുഷ്പവും പനിനീരും നൽകിയത്രെ. ഇതുസംബന്ധിച്ച രേഖകൾ ഉള്ളതിനാൽ എല്ലാം ചരിത്ര സംഭവങ്ങളായി നമുക്ക് മുന്നിൽ നിലനിൽക്കുന്നു.



മൂലം വള്ളംകളി ദിവസം അമ്പലപ്പുഴ ദേവസ്വത്തിൽ നിന്നും പ്രത്യേകമായി അയയ്ക്കുന്ന ദൂതൻ ഒരു പാണൻ രാവിലെ കല്ലൂർക്കാട് പള്ളിയുടെ തെക്കേ സങ്കീർത്തിയുടെ വാതുക്കൽ മുറ്റത്ത് നിന്നും മുരടനക്കി വികാരിയച്ചന്റെ ശ്രദ്ധയാകർഷിക്കും പാണൻ ഇരുകൈകളും കൂപ്പി വികാരിയച്ചനെവന്ദിച്ച് ഇപ്രകാരം പറയും ഇന്ന് ചെമ്പകശ്ശേരി തമ്പുരാന്റെ മൂലവും കാലവുമാണ്. വികാരി കൈക്കാരനെക്കൊണ്ട് പാണന് സംഭാവനകൊടുപ്പിക്കും. കൂടാതെ രാവിലെ തന്നെ വള്ളംകളി തുടങ്ങുന്നിടത്തും അവസാനിക്കുന്നിടത്തും ഉയർത്തുവാനുള്ള അടയാള കൊടിയും കയറും മത്സരം തുടങ്ങുന്നത് അറിയിക്കുന്നതിനുള്ള കദിനാവെടികളും കൊടുത്തയക്കാൻ ഏർപ്പാടാക്കും. അടയാളക്കൊടി ഉയർത്തുവാനുള്ള അവകാശം ചമ്പക്കുള്ളത്തുള്ള ഈഴവകുടുംബാംഗമായ ചെമ്പാപ്പള്ളിക്കാർക്കാണ്.

വിഗ്രഹ ഘോഷയാത്ര മോടിപിടിപ്പിച്ചതിന് കല്ലൂർക്കാട് പള്ളിക്കാരോടും മാപ്പിളശ്ശേരി ഇട്ടിത്തൊമ്മനോടും രാജാവിനുണ്ടായ സ്നഹാദരങ്ങൾക്ക് പ്രതിഫലമായി ഉദ്ദേശം മൂന്നേക്കർ സ്ഥലം പള്ളിക്കും 60 പറ നിലം ഇട്ടിത്തൊമ്മനും നീട്ടെഴുതി തുല്യം ചാർത്തി കൊടുത്തു. പള്ളിയിലെ പ്രധാനതിരുനാളുകൾക്ക് അമ്പലപ്പുഴ ക്ഷേത്രത്തിൽ നിന്ന് പല ആനുകൂല്യങ്ങളും അനുവദിക്കുകയും ചെയ്തു.



മാപ്പിളശ്ശേരിയിൽ പഴയകാലത്തുണ്ടായിരുന്ന പുര പുതുക്കി പണിതപ്പോൾ വിഗ്രഹം സൂക്ഷിച്ച മുറി പ്രാർത്ഥനാമുറിയായി സൂക്ഷിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു. അവിടെ കത്തിക്കുവാൻ ഒരു വാഴക്കൂമ്പു വിളക്ക് കൊട്ടാരത്തിൽ നിന്നു നൽകിയത് ഇപ്പോഴും സൂക്ഷിച്ചിരിക്കുന്നു.

ആണ്ടുതോറും വള്ളംകളി ദിവസം രാജാവിന്റെ പ്രതിനിധിയായ തെക്കേടത്ത് ഭട്ടതിരിപ്പാടും അമ്പലപ്പുഴ ദേവസ്വം അധികാരികളും പൗരമുഖ്യന്മാരും പാൽപ്പായസവും പ്രസാദവുമായി മാപ്പിളശ്ശേരിയിലെത്തും അവിടുത്തെ കുടുംബനാഥന്റെ ആതിഥ്യം സ്വീകരിച്ച് ദക്ഷിണവാങ്ങി വള്ളംകളി നടത്തുവാനുള്ള അനുജ്ഞ നൽകും. അതിനു ശേഷമാണ് വള്ളംകളി ആരംഭിക്കുന്നത്. കളികാണുവാൻ സ്ത്രീപുരുഷ ഭേദമന്യേ ആളുകൾ പോയിരുന്ന കാലമുണ്ടായിരുന്നു.

മൂലദിവസം അമ്പലപ്പുഴ നിവാസികൾക്ക് ഓണംപോലെയാണ്. വിഭവസമൃദ്ധമായ സദ്യ (മൂല സദ്യ) കഴിഞ്ഞാണ് മൂലം വള്ളംകളി കാണാൻ പോകുന്നത്. ആ ദിവസം കുട്ടനാട്ടുകാർക്ക് ഉത്സവദിവസമാണ്. പുറംനാടുകളിൽ പോയിട്ടുള്ളവർ എല്ലാം മൂലത്തിനെത്തും. ഓണം വരാൻ ഒരു മൂലം വേണം എന്നൊരു നാട്ടുചൊല്ല് കുട്ടനാട്, അമ്പലപ്പുഴ പ്രദേശങ്ങളിൽ നിലവിലുണ്ട്.

ഇതുപോലെ ആറന്മുള ഉത്തൃട്ടാതി വള്ളംകളിയുടേയും പായിപ്പാട്ടാറ്റിലെ വള്ളംകളിയുടേയും ഉത്ഭവം, ആറന്മുളയിലേയും ഹരിപ്പാട്ടേയും വിഗ്രഹ പ്രതിഷ്ഠാസ്മാരകമായാണ് നടത്തിവരുന്നത്. ആറന്മുളള ചുണ്ടൻവള്ളങ്ങൾ പള്ളിയോടങ്ങൾ എന്നാണ് അറിയപ്പെടുന്നത്. വള്ളംകളി അവിടെ ഭഗവദ്പൂജയാണ്. പാദരക്ഷ ധരിച്ച് വള്ളത്തിൽ തൊടാറില്ല. സ്ത്രീകൾ വള്ളത്തിൽ തൊടുന്നതുപോലും നിഷിദ്ധമാണ്. ആ പള്ളിയോടങ്ങൾക്ക് രൂപത്തിൽ അല്പം മാറ്റമുണ്ട്. രണ്ടറ്റവും പ്രകടമായിവെള്ളത്തിൽനിന്ന് ഉയർന്നുനിൽക്കും. പാട്ടിന്റെ രീതിയിൽ തുഴച്ചിലിന്റെ താളവും വ്യത്യസ്തമാണ്. വള്ളത്തിൽ കയറുന്നവരത്രയും ഒറ്റമുണ്ടുടുത്ത് തലയിൽ കെട്ടിയിരിക്കും. തിരുവോണം കഴിഞ്ഞ് ഉത്തൃട്ടാതി നാളിലാണ് ആ ജലമേള. ആറന്മുള പാർത്ഥസാരഥിയെ സ്തുതിച്ചുകൊണ്ടുള്ള വഞ്ചിപ്പാട്ടുകളാണ് ഇവിടെ പാടിയിരുന്നത്. 'ആറന്മുള ഭഗവാന്റെ പൊന്നുകെട്ടിയ ചുണ്ടൻവള്ളം, ഇന്നതിനൊപ്പമായിട്ടു മറ്റൊന്നില്ലല്ലോ' എന്നും മറ്റുമുള്ള പാട്ടുകൾ ഹൃദയഹാരിയായിരുന്നു.

വെള്ളവും വള്ളവുമില്ലാത്ത ഒരുലോകം കേരളീയ ജനതയ്ക്ക് ചിന്തിക്കുവാനാവാത്ത ഒരു കാലമുണ്ടായിരുന്നു. എവിടെ പോകുവാനും വള്ളത്തെ മാത്രം ഉപജീവിച്ചു കഴിഞ്ഞ ആ കാലത്തെ ഓർമ്മിപ്പിക്കുന്ന വിധത്തിൽ കേരള ചരിത്രത്തിൽ വള്ളങ്ങൾക്ക് പ്രമുഖമായ സ്ഥാനമുണ്ടായിരുന്നു. വള്ളംകളി ഇന്ന് പലപേരുകളിൽ അറിയപ്പെടുന്നു. ജലോത്സവം, ജലമേള, ജലമാമാങ്കം എല്ലാം ജാതിമത ഭേദ ചിന്തകൾക്കതീതമായുള്ള ഹൃദയൈക്യത്തിലൂടെ ഒരു നാടിന്റെ ഉണർവ്വ് വിളിച്ചറിയിക്കുന്ന തുയിലുണർത്ത് പാട്ടുകൾ. സംഘടിത ശക്തിയുടെ താളബോധത്തിൽ വിടരുന്ന ഒരു ജീവിത സംസ്കാരമാണ് വള്ളംകളിയിലൂടെ പ്രകടമാകുന്നത്. എത്രയോ നൂറ്റാണ്ടുകൾക്ക് മുൻപ് ആരംഭിച്ച ഒരു മഹായജ്ഞം.

കുട്ടനാടിന്റെ അടിസ്ഥാനവർഗ്ഗത്തിന്റെ സംഘബോധത്തിന്റെയും സന്ദര്യ സങ്കൽപത്തിന്റെയും സമന്വയ ചാരുതയാണ് വള്ളംകളിയിലനുഭവപ്പെടുന്നത്. പകലന്തിയോളം മണ്ണിനോടുമല്ലിട്ടുകഴിയുന്ന തൊഴിലാളി വർഗ്ഗത്തിന് ആഹ്ളാദിക്കുവാൻ കിട്ടുന്ന അപൂർവ അവസരം. ആ അവസരത്തിൽ കൈക്കരുത്തിന്റെ താളവും ആത്മവീര്യത്തിന്റെ സൗന്ദര്യവും ഉണർത്തുന്ന കായിക കലാപ്രകടനം. വിനോദസഞ്ചാരികൾക്ക് ഏറ്റവും പ്രിയംകരമാണ് കുട്ടനാടും ഇവിടുത്തെ ഭൂപ്രകൃതിയും. കണ്ണുകൾക്ക് കുളിർമ്മയേകുന്ന ദൃശ്യവിരുന്നുകളുടെ പശ്ചാത്തലത്തിൽ അരങ്ങേറുന്ന വള്ളം കളി ആത്മഹർഷപ്രദമാണ്.

കൂട്ടായ്മയുടേയും സഹകരണത്തിന്റെയും പരസ്പര വിശ്വാസത്തിന്റെയും ഈടുറപ്പുള്ള ഒരുമനസ്സ് ഒരുക്കിയെടുക്കുവാൻ കഴിയുന്ന മുഹൂർത്തം. ആ മുഹൂർത്തത്തിന് ഒരു ആത്മീയ പരിവേഷമുണ്ടായിരുന്നു. അതൊരു പാരമ്പര്യത്തിന്റെ അടയാളമായിരുന്നു.

വള്ളം വെള്ളത്തിൽ ഉയരുകയും താഴുകയും ചെയ്യുന്നതുപോലെ നതോന്നത വൃത്തത്തിലുള്ള പാട്ടുകളാണ് വഞ്ചിപ്പാട്ടുകളായി അറിയപ്പെടുന്നത്. രാമപുരത്തു വാര്യരുടെ കുചേലവൃത്തമാണ് വള്ളംകളികളിൽ ചൊല്ലിവരുന്നത്. ആദ്യമായുണ്ടായ വഞ്ചിപ്പാട്ടു കൃതി കുഞ്ചൻ നമ്പ്യാരുടെ കിരാതമാണ്. തുള്ളൽ പാട്ടുമാത്രമല്ല വഞ്ചിപ്പാട്ടും നമ്പ്യാരുടെ പ്രതിഭയിൽ നിന്ന് ഉരുവം കൊണ്ടിട്ടുള്ളതാണെന്ന് അധികംപേരറിയുന്നില്ല. വാസുദേവപുരം തന്നിൽ വാണരുളും ജഗന്നാഥൻ വാസുദേവൻ കനിവോടു തുണച്ചീടണം എന്ന് തുടങ്ങുന്നതാണ് നമ്പ്യാരുടെ കിരാതം.

പതിഞ്ഞ മട്ടിൽ പാടുന്ന വച്ചുപാട്ടുകൾ, ആ പാട്ടുകളിൽത്തന്നെ കുത്തുപാട്ടുകൾ എന്നിവയും ഇവിടെ ഓർമ്മിക്കപ്പെടേണ്ടവതന്നെ. ആറ്റുവഞ്ചികളിയ്ക്കാനും തോറ്റുപോകാതിരിക്കാനും ഏറ്റുമാനൂർ തേവർക്കൊരു കൂട്ടുപായസം എന്നും ആരിയങ്കാവിലെ പൂരം കാണുവാൻ ആരെല്ലാവരും പോകുന്നു, അറയ്ക്കലച്ചനും പുളിക്കൽ ചക്കിയും പെരുക്കാലൻ മന്തനമരത്ത് തുടങ്ങി രസകരമായ വഞ്ചിപ്പാട്ടുകൾ എത്രവേണമെങ്കിലുമുണ്ട്.

ഇവയെല്ലാം മലയാള നാട്ടിൽ ജനസാമാന്യത്തിനിടയിൽ പ്രചാരത്തിലിരുന്നവയാണ്. ഇന്നിപ്പോൾ വിശ്രുതമായിത്തീർന്ന ആലപ്പുഴ പുന്നമടക്കായലിലെ നെഹ്രു ട്രോഫി ജലമേള ആരംഭിച്ചതോടെ കേരളത്തിലെ വള്ളംകളി അന്തർദ്ദേശീയ പ്രശസ്തമായി. 1952ൽ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കേരള സന്ദർശനവുമായി ബന്ധപ്പെട്ട് ഒരുക്കിയ ജലഘോഷയാത്രയാണ് ഇതിന് നിമിത്തമായത്. എല്ലാ വർഷവും ആഗസ്റ്റിലെ രണ്ടാം ശനിയാഴ്ച നടന്നുവരുന്ന ഈ ജലോത്സവത്തിന് സംസ്ഥാനഗവൺമെന്റ് മുൻകൈയെടുത്തപ്പോൾ കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിനു തന്നെ തിളക്കം പകരുന്ന ഒരു മാമാങ്കമായി നെഹ്രു ട്രോഫി വള്ളം കളി നടന്നുവരുന്നു. ആലപ്പുഴയുടെ വികസനത്തിന് വഴി തെളിക്കുന്ന ടൂറിസം കൂടുതൽ സജീവമാക്കുവാൻ മഹാവിസ്മയങ്ങളുടെ കെട്ടുകാഴ്ചയായ നെഹ്രു ട്രോഫി ജലോത്സവത്തിന് കഴിയുന്നുണ്ട്. എല്ലാം ഒരു ഗ്രാമീണ സംസ്കൃതിയുടെ ഉയിർത്തെഴുന്നേല്പ് എന്ന വിചാരിക്കുമ്പോൾ ആ സംസ്കൃതിയുടെ കലവറയായിരുന്നു കുട്ടനാടും ആ നാട്ടിൽ ഉൾപ്പെടുന്ന ആലപ്പുഴയും ഇന്ന് ലോകശ്രദ്ധയിൽ വള്ളംകളിയുടെ പേരിൽ വിശ്രുതിയാർജജിച്ചിരിക്കുന്നു.





ഡോ.വിനിത കെ.എൽ

# പുഴ

പുഴയൊരു പേരല്ല, പുഴ പഴങ്കഥയല്ല
പുഴയൊരു പുണ്യപ്പൊരുളിന്റെ രൂപമാം.
പുഴയീരക്ഷരമല്ല, പുഴയൊരു ചിത്രവുമല്ല
പുഴയുടെ വരമാണ് ജീവന്റെ സ്പന്ദനം

പുഴയൊരു വരയല്ല, പ്രകൃതീവരമാണ്
വെള്ളിവരയാമിതു പുഴയുടെ പ്രേതമാം.
പുഴ മണൽക്കാടല്ല, മണലിന്റെ നാഭിയിൽ
കമലങ്ങൾ വിരിയേണ്ട തണ്ണീർത്തടങ്ങളാം

പുഴയൊരു തോടല്ല, തോട്ടിലെത്തെളിനീരു-
വറ്റാതെ പോറ്റേണ്ടൊരുഴിതൻ തോഴിയാം.
പുഴ വെറും പടമല്ല, പടവുകൾ പണിതീർത്തു
കാക്കേണ്ട മണ്ണിന്റെ ജീവാമൃതങ്ങളാം



പുഴ ചതിച്ചുഴിയല്ല, മണലറ്റ കുഴിയല്ല
ചുഴിയായ് ത്രസിച്ചൊഴുകേണ്ടവൾ ധന്യയായ്
പുഴയൊരു കനവല്ല, കഥ ചരിത്രങ്ങൾക്ക്
കൂട്ടായൊഴുകിപ്പതഞ്ഞൊരു സുന്ദരി.

പുഴയുടെ കൂന്തലിൻ കേശഭാരങ്ങള-
ങ്ങൂർന്നു കൊഴിഞ്ഞുപോയ് മുണ്ഡനം ചെയ്തപോൽ
പുഴയുടെ വക്രതമിന്നെത്രയോ വക്രിച്ചു,
അസ്തമിച്ചാ മോഹവശ്യമാം പുഞ്ചിരി

പുഴയുടെ മിഴികളിൽ വെള്ളിത്തിളക്കങ്ങൾ
കാണ്മതില്ലെപ്പോഴോ മങ്ങിയണഞ്ഞുപോയ്
പുഴതൻ കപോലങ്ങൾ നുള്ളിപ്പറിച്ചുകൊ-
ണ്ടുയരുന്നു ചിറകളാം കരിമംഗലങ്ങളും.

പുഴയുടെയാടകളുരിയുന്നു, നിറമാറി-
ലട്ടക്കുരുന്നുപോൽ പറ്റിക്കിടന്നിട്ടു-
പാലമൃതേത്തു നടത്തുന്നു പോരാതെ
ദുരമൂത്തു മാന്തിപ്പൊളിയ്ക്കുന്നു മാംസവും!



പുഴയുടെ സിരകളിൽ മലിനരക്തം പകർ-
ന്നൊഴുകിയാ നിർമ്മല ഹൃദയം തകർന്നുവോ?
പുഴയുടെ രൂപവും ശ്വാസവും ജീവനും
നേർത്തു നേർത്താർത്തയായൊഴുകുന്നു മന്ദമായ്.

പുഴയൊരു പുഴയായൊഴുകിയിരുന്ന നാൾ
പുഴയുടെയോരത്തു കൂട്ടമായ് കാണികൾ
വള്ളം കളിയ്ക്കുവാൻ മത്സ്യം പിടിയ്ക്കുവാൻ
ആമോദചിത്തരായെത്തിയിരുന്നു പോൽ

പുഴയുടെ നാവിന്നു വറ്റിവരണ്ടഹോ!
പുഴയുടെ മുഗ്ദ്ധമപ്പാട്ടും മുറിഞ്ഞുപോയ്
കളകള രാഗമപ്പാട്ടിന്നു ശ്രുതിചേർത്ത
ചീവിടു കൂട്ടവും കൂട്ടം പിരിഞ്ഞുപോയ്

പുഴതന്റെ കൊലുസിന്റെ മണിതന്റെ മുത്തുകൾ
പൊട്ടിത്തെറിച്ചുപോയ് നാദം നിലച്ചുപോയ്
പുഴതന്റെ വളതന്റെ പൊട്ടിയ തുണ്ടുകൾ
പുഴനെഞ്ചിലമരുന്നു രക്തം പൊടിയ്ക്കുന്നു

പുഴയുടെ കുളിരിന്റെ തണുവും തലോടലും
പുതിയൊരു തലമുറയ്ക്കന്യമായിത്തീരുമോ ?
പുഴയുടെയോളവും ആർദ്രപുളിനങ്ങളും
പുലർകാല സുന്ദരസ്വപ്നമായ് മാറുമോ ?



പുഴയുടെയോർമ്മയിൽ പുഴയായിരുന്നൊരീ
തീരത്തിരുന്നു ഞാനക്ഷരം കോറവേ,
പുഴയുടെ പ്രാണന്റെ സാന്ദ്രസാമീപ്യമെൻ
മേനിയെക്കാറ്റിൻ കരങ്ങളായ്പ്പുല്കവേ.....

പുഴയുടെയാത്മാവു കേഴുന്ന തായ്സ്വനം
എന്റെ കർണ്ണങ്ങളിൽ ശോകധ്വനികളായ്
പുഴയെക്കുറിച്ചു ഞാൻ പാടിയതൊക്കെയീ
പുഴയുടെ ഹൃത്തിനെ വേദനിപ്പിച്ചുവോ?

മരണവും കാത്തിരുന്നെപ്പോഴോ കൂമ്പിയ
പുഴയുടെ മിഴിയിലെന്നശ്രു പതിഞ്ഞുവോ?
പുഴയുടെ മാറിലായിറ്റു നീരപ്പോഴി-
പുഴയുടെ കണ്ണുനീരായിക്കിനിഞ്ഞുവോ?

പുഴയുടെ വെള്ളവും മണ്ണതും ഊർജ്ജവും
ഊറ്റിയെടുത്തെന്റെ സോദരർ, ഞാനുമേ.
ഒരു നാളെനിയ്ക്കെന്റെ ജീവിതം തന്നൊരീ
പ്പുഴയോടു ഞാനെന്തു ചൊല്ലേണ്ടിതന്ത്യമായ് ?

പുഴയുടെ നാശമെൻ വംശനാശത്തിന്റെ
ബിംബമാണെന്ന് ഞാനറിയുന്നുവെങ്കിലും
എന്തു നാം ചെയ്വു? നാമെന്തിനിച്ചെയ്താലും
പുഴയിവിടെ വീണ്ടെടുക്കാൻ നമുക്കാകുമോ?
എന്തു നാം ചെയ്വു? നാമെത്ര കിണഞ്ഞാലു-
മാനഷ്ടഭാഗ്യങ്ങളുയിരുകൊണ്ടീടുമോ?



സി.ജീവൻ



# മരങ്ങൾ പെയ്യുന്ന മഴ



ഒരുപാടു പേരുണ്ടായിരുന്നു......ആദ്യമൊക്കെ....കോരിച്ചൊരിയുന്ന മഴപോലെ.
സ്ഫടിക ധാരകൾ തിളങ്ങുന്ന സ്വപ്നപ്രവാഹനങ്ങൾ. ആൾക്കൂട്ടങ്ങളുടെ അവിശ്രാന്ത സമരങ്ങൾ.
പ്രളയ ജലത്തിന്റെ ആത്മ പെരുക്കങ്ങൾ......
കാലത്തിന്റെ ചരിത്ര സന്ധികളിലേക്ക് മഴ കുത്തിപ്പെയ്തു.
പിന്നെപ്പിന്നെ മഴ നേർത്തു വന്നു.
സുലൈമാന്റെ ചായപ്പീടികയിലിരുന്ന് വേലായുധൻ നേർത്ത മഴയിലേക്ക് നോക്കി.
വർഷാന്തരങ്ങളുടെ പൂർവ്വ ബോധങ്ങൾ നീറ്റിയ ഉഷ്ണ പ്രവാഹങ്ങൾ ഓർമ്മ ശരക്കങ്ങളായി
വേലായുധനെപൊതിഞ്ഞു.
പെയ്ത്തു വെള്ളത്തിന്റെ കലക്കങ്ങളിൽ വേലായുധൻ ഒലിച്ചു
വേലായുധൻ ഒഴുകി
ചാറ്റമഴ വീണ്ടും കനത്തു.
പിന്നെയും നേർത്തു.

പീടികയുടെ കൗണ്ടറിൽ ഊരുപെട്ടിക്കരികിൽ ഞാന്നു കിടന്നുകൊണ്ട് സുലൈമാൻ തലയുയർത്തി പറഞ്ഞു.

''വേലായുധാ ചായ തണുക്കുന്നു''

സുലൈമാന്റെ ശബ്ദം അഞ്ചു പതിറ്റാണ്ടുകൾക്കപ്പുറത്താണ് വേലായുധൻ കേട്ടത്.

നിലവിളിയുടെയും പലായനത്തിന്റെയും പാരമ്യ ദുഃഖങ്ങൾ

വേലായുധൻ പുറത്തേക്ക് തന്നെ നോക്കിയിരുന്നു

നേർത്ത മഴ.

മഴയ്ക്കുമിപ്പുറം പീടികയുടെ തിണ്ണയിൽ നനഞ്ഞ കാൽപ്പാടുകൾ. അതിലേക്ക് വേലായുധൻ സൂക്ഷിച്ചു നോക്കി.

മഴ നനയാതെ കയറിനിന്ന് ഒരു പുരുഷാരം.

ചരിത്രത്തിന്റെ വരാന്തകൾക്കുമപ്പുറം പോരാടിയവന്റെ രക്തം നനഞ്ഞു കിടന്നു.

വേലായുധന്റെ മിഴികളിൽ പാറ്റമഴയുടെ സൂക്ഷ്മ സാന്നിദ്ധ്യങ്ങൾ സുലൈമാൻ കണ്ടു. അയാൾ വേലായുധന്റെ അരികിൽ വന്നു നിന്നു മെല്ലെ ചോദിച്ചു.

''എന്താ വേലായുധാ.....ഒരു ധർമ്മ സങ്കടം''.

വേലായുധൻ തലയുയർത്തി.

മെല്ലെ പറഞ്ഞു.

''സുലൈമാൻ.....എന്റെയും നിങ്ങളുടെയും ധർമ്മ സങ്കടങ്ങൾ....നമ്മുടെ ധർമ്മ സങ്കടങ്ങൾക്ക് ഇന്ന് അൻപത് വയസ്സ് തികഞ്ഞിരിക്കുന്നു. സുലൈമാൻ അത് മറന്നുവോ?''.

ധർമ്മ സങ്കടത്തിന്റെ സുവർണ്ണ ജൂബിലി

സുലൈമാൻ ചിരിച്ചു

ചിരന്തനസ്മൃതികൾ കൊളുത്തിവച്ച നിർമ്മലമായ പുഞ്ചിരി.

സുലൈമാന്റെ കണ്ണുകളിലേക്ക് വേലായുധൻ നോക്കി.

നരച്ച കൺപീലികൾക്കുമപ്പുറം രണ്ട് സ്ഫടിക ഗോപുരങ്ങൾ തിളങ്ങി. അതിന്റെ ഉത്തുംഗങ്ങളിൽ നിന്ന് ഏതോപ്രാചീനഭാഷകളിൽ ഗോത്രങ്ങൾ നിലവിളിക്കുന്നതു വേലായുധനറിഞ്ഞു.

വേലായുധനും ചിരിച്ചു.

എന്നിട്ടിങ്ങനെപറഞ്ഞു.

സുലൈമാൻ. ''ഈ ചായപ്പീടികയിൽ നിന്നാണ് നമ്മുടെ ചരിത്രം തിരുത്തിയെഴുതേണ്ടത്''.

സുലൈമാൻ അതേ ധൈഷണിക ഹാസ്യത്തിൽ തന്നെ പ്രതിഷേധിച്ചു.

''അതിന് ഈ അലമാരയിൽ നിന്നാണല്ലോ നമ്മുടെ സമരങ്ങൾ പൊട്ടിപ്പുറപ്പെട്ടത്''.

സുലൈമാനും വേലായുധനും ഒപ്പം ചിരിച്ചു

തിരിച്ചറിവിന്റെ സാമ്യ മുദ്രകൾ.

സുലൈമാൻ വേലായുധന്റെ തോളിൽ തട്ടിക്കൊണ്ട് പറഞ്ഞു.

''ങ്ങള് ചായ കുടിക്കിൻ''.

മെല്ലെ ഒരു കവിൾ ചായ വേലായുധൻ അകത്താക്കി.

പീടികയിലെ ഇമയനങ്ങാത്ത ചില നോട്ടങ്ങളിലേക്ക് മനസ്സ് കൊടുക്കാതെ വേലായുധൻ നരച്ച താടിയിലെ നനവു തടവി.

പുറത്ത് ഒരു മോട്ടോർ ബൈക്ക് വന്നു നിന്നു. സുലൈമാന്റെ മകനും പേരക്കുട്ടിയും.

വേലായുധൻ അത് കണ്ടു.

ബൈക്കിന്റെ പിന്നിലെ നമ്പർ പ്ലേറ്റിന്റെ പകുതിയിൽ ഇനാമലിലെഴുതിയ കൊടിയടയാളം.

നീലയിൽ വെള്ളയുടെയും ചുവപ്പിന്റെയും ഗുണിതാവർത്തനങ്ങൾ

ഇനിയും മാഞ്ഞു പോകാത്ത അടിമബോധത്തിന്റെ അടയാള രേഖകൾ.

സുലൈമാന്റെ പേരക്കുട്ടി വേലായുധനെനോക്കി പുഞ്ചിരിച്ചു. അവന്റെ കൈയ്യിലെ മുളന്തണ്ടിൽ സ്വന്തം നാടിന്റെ പതാക. അത് അവൻ മേശപ്പുറത്ത് പഴയ ടൈംപീസിനു മുകളിൽ ഘടിപ്പിക്കുവാൻ പാടുപെട്ടുകൊണ്ടിരിക്കുന്നു.

സുലൈമാൻ പറഞ്ഞു.

''ഓന്റെ നാലാമത്തേതാ.....സ്കൂളിലെ ആഘോഷങ്ങൾ കഴിഞ്ഞു കൊണ്ടുവന്നതാ''.

വേലായുധൻ ബൈക്കിന്റെ പിന്നിലേക്കും ടൈംപീസിനു മുകളിലേക്കും മാറി മാറി നോക്കി.

വേലായുധൻ ഓർത്തു.

ഏതു നിറങ്ങളെയാണോ താനും സുലൈമാനും കൂടി ടൈംപീസിന് മുകളിലെ നിറങ്ങൾ കൊണ്ട് ചെറുത്തു നിന്നത് അതേ നിറങ്ങൾ എഴുതിയ തലമുറ നെഞ്ചേറ്റിലാളിക്കുന്നു.

E-mail

തലമുറകളുടെ വൈജാത്യം.

ചായഗ്ലാസ് ചുണ്ടോടടുപ്പിച്ചുകൊണ്ട് വേലായുധൻ വീണ്ടും പുറത്തേക്ക് നോക്കി.

പുറത്തു ചാറ്റമഴയുടെ സാന്ദ്രധാരകൾ

പീടികത്തിണ്ണയിലെ നനഞ്ഞ കാൽപ്പാടുകൾ

വാണിഭത്തിന്റെ തട്ടകങ്ങൾ പേറിവന്നു. ഒരു ജനതയെ ആകമാനം അനുസരണയുള്ള അടിമകളാക്കിയവർ നിരങ്ങിപ്പോയ പീടികത്തിണ്ണ.

കച്ചവടത്തിന്റെ ദ്വിമാനമുഖങ്ങൾ.

നനഞ്ഞ കാൽപ്പാടുകൾക്കുമപ്പുറം അനവധി പടയോട്ടങ്ങളുടെ കുളമ്പടികൾ. മഴ നനഞ്ഞു നേടിയ ധർമ്മ സങ്കടങ്ങൾ. കച്ചവടക്കാരിൽ നിന്നും മുറിച്ചു വാങ്ങിയ ധർമ്മ സങ്കടങ്ങൾ.....

വേലായുധനിൽ അഭയം തിരക്കുന്ന ഒരു തണുത്ത കാറ്റ് ചാറ്റമഴയെ തഴുകി കടന്നു വന്നു.

പെരുമഴയിലെ പലായനം.

റംഗൂണിലേക്കൊഴുകിപോയ നനഞ്ഞ സ്വപ്നത്തിന്റെ ഫോസിലുകൾ.

ഇംഫാൽ ക്യാംപയനിലെ കരുത്തിന്റെ മുറവിളികൾ വേലായുധനിൽ കടം കൊള്ളുകയാണ്.

നിലച്ചുപോയ ഒരു പെരുമ്പറയുടെ അലയൊലികൾ ഇപ്പോഴും വേലായുധന്റെ കർണ്ണപുടങ്ങളിൽ ഇനിയും പൂർണ്ണമാകാത്ത എന്തോ ഒന്നിനുവേണ്ടി തുടിക്കുന്നത് അയാളറിഞ്ഞു.

ഊരു പെട്ടിക്കരികിൽ വന്നു ഞാന്നു കിടന്നുകൊണ്ട് സുലൈമാൻ പറഞ്ഞു.

"വേലായുധാനാ.....നമ്മുടെ വിപ്ലവങ്ങൾക്ക് കലഹിക്കുന്ന ശിപായിയുടെ മുഖമാണ്. അതിന് മുൻപും പിൻപും വണിക്കുകളുടെ വിലപേശലിൽ ജന്മം പൊതുതി തീർന്ന എത്രയോ ദേശാഭിമാനികൾ...ഭൂമിയുടെ വേരുകൾക്കിടയിൽ അമർന്നു കിടന്ന എത്രയെത്ര വിലാപങ്ങൾ".

"സുലൈമാൻ.....ഒരു ജനതയുടെ മുഴുവൻ മനസ്സും ഇഴമുറിയാതെ ഒരു ചർക്കയിൽ കോർത്തെടുക്കാൻ കഴിഞ്ഞു.....പക്ഷേ....."

"പക്ഷേ......വേലായുധ നൂറ്റിയെടുത്തത് വെറും ഇലാസ്റ്റിക് മനസ്സുകളായിരുന്നുവോ?".

"ജനത എപ്പോഴും ശരാശരി വികാരത്തിനും താഴെയായിരിക്കും സുലൈമാൻ".

"മ്മടെ ബോണേലെ നൂലുപോലെ വലിഞ്ഞു പൊട്ടണ മനസ്സ്. അല്ലേ വേലായുധാ".

വേലായുധൻ അക്ഷമയോടെ പുറത്തെ മഴയിലേക്ക് നോക്കി.

കാലത്തെ പോറ്റിപ്പോന്ന കർമ്മ സാക്ഷിത്വം പോലെ മഴ വേലായുധന്റെ ആത്മാവിനെകുളിർപ്പിക്കുകയാണ്.

വേലായുധൻ വിറയ്ക്കുന്നുണ്ടായിരുന്നു

അയാൾ സുലൈമാനെനോക്കി.

വലിയ നോട്ടുപുസ്തകത്തിൽ കണക്കുകളെഴുതി ഊരുപെട്ടിക്കരികിൽ സുലൈമാൻ ഞാണു കിടന്നു.

ഉള്ളിലെ കിടുകിടുപ്പ് ഏറിയപ്പോൾ, വേലായുധൻ ഡസ്കിൽ കൈ നീട്ടിവച്ച് അതിൽ തലചായ്ച്ച് മെല്ലെ കിടന്നു. എത്രനേരം അങ്ങനെകിടന്നെന്നറിയില്ല. ഉറഞ്ഞുപോയ സ്വപനത്തിന്റെ സന്നിപാതത്തിൽ വേലായുധൻ ചാഞ്ഞു കിടന്നു.

വീണ്ടും ഒരു കപ്പ് ചൂടു ചായയുമായി സുലൈമാൻ വന്നു. വേലായുധനെതൊട്ടു വിളിച്ചു.

ധർമ്മ സങ്കടത്തിന്റെ ആഴക്കയങ്ങളിലേക്കെന്നപോലെ വേലായുധൻ സുലൈമാന്റെ കണ്ണുകളിലേക്ക് നോക്കി.

കീർത്തിമുദ്രകളുടെ തിളക്കം ചോർന്ന നിസംഗമായ നിഴലനക്കങ്ങൾ.

ചൂടുചായ മെല്ലെ ഊതിക്കുടിക്കവേ പൊരുതുന്ന ചൂടിലെന്നപോലെ വേലായുധന്റെ ഉള്ളിലെവിടെയോ ഒരു കുഞ്ഞ് നിലവിളിച്ചു.

വേലായുധൻ പുഞ്ചിരിച്ചു

സുലൈമാനും ചിരിച്ചു.

മനുഷ്യനു മാത്രം കഴിയുന്ന, സർവ്വാർത്ഥ നിബദ്ധമായ ഹൃദയത്തിന്റെ ലോപ്യ വിനിമയം.

വേലായുധൻ പുറത്തേക്ക് നോക്കി.

ചാറ്റമഴ എപ്പോഴോ നിലച്ചിരിക്കുന്നു.

അയാൾ എഴുന്നേറ്റു ടൈംപീസിനു മുകളിലെ ചെറിയ പതാക കൈയിലേന്തി.

സുലൈമാന്റെ ചായപ്പീടികയിൽ നിന്നും വേലായുധൻ ഇറങ്ങി നടന്നു.

പതിറ്റാണ്ടുകൾക്കിപ്പുറം പതിഞ്ഞു കിടന്ന മഴയുടെ കറപുരണ്ട മണ്ണിലൂടെ വേലായുധൻ കാലത്തിന്റെ നോവറിഞ്ഞു.

വേലായുധൻ കണ്ടു

പെരുമകളാവാഹിച്ച്, ഇലകളുടെ കൈക്കുടുന്നകളിൽ നിന്ന് ഇപ്പോൾ മരങ്ങൾ പെയ്യാൻ തുടങ്ങിയിരിക്കുന്നു.


www.seasparkle.in
ABAD
www.abad.in
SEA SPARKLE
READY TO COOK. READY TO FRY.
FEEL GOOD FOOD
AVAILABLE IN ALL LEADING SUPERMARKETS
PROCESSING PLANT & LAB WITH INTERNATIONAL STANDARDS
INDIA'S LARGEST COLD STORAGE FACILITY
WIDE RANGE OF READY TO FRY & READY TO COOK PRODUCTS
3 MINUTE SNACKS
Abad Fisheries Private Limited, S-31, 40/1818, C-15, Baypride Mall, Marine Drive, Ernakulam,
Kochi, Kerala - 682 031, India. Tel: +91 484 410 4000, Fax: +91 484 410 4010, Email: info@abad.co.in

# ഭയം



കവിത

അഞ്ജലി ജ്യോതി

ഇരുട്ടിന്റെ പുതപ്പ്
പുറത്തുനിന്നാരോ വലിച്ചു കീറിയപ്പോൾ
അബദ്ധത്തിൽ തല പുറത്തായിപ്പോയി
വെളിച്ചത്തിന്റെ അപരിചിതത്വം
ഉള്ളിലാദ്യത്തെ പേടിക്ക് വളമിട്ടു
അന്നേ എനിക്ക് മനസ്സിലായതാണ്,
വെളിച്ചത്തിലേ ഭയമുള്ളൂ....!



കൈയ്യിൽ കിട്ടുന്നതെല്ലാം
വായിലാക്കാനുള്ള പരിശ്രമത്തിൽ
നേരിട്ട വിലക്കുകളാണ്
പിന്നീട് പേടിക്ക് വെള്ളമൊഴിക്കാൻ തുടങ്ങിയത്
വേലിക്കുപുറത്ത് പോയതിന്
തുടയിലുമ്മവെച്ച ചൂരലും
`വയസറിയിച്ച പെണ്ണിന്റെ`
വാവിട്ടുള്ള ചിരിക്ക്
അമ്മയുടെ നിലയ്ക്കാത്ത ശകാരവുമാണ്
പേടിക്കു പറ്റിയ
ഏറ്റവും നല്ല രാസവളങ്ങൾ.
പെട്ടെന്ന് വളരും.
ദാ, എന്റേതുപോലെ.
പ്രണയലേഖനത്തിൽ പാൽപ്പുഴ മാത്രമാണെന്നു
കരുതിയതിന്
പ്രതിഫലം കിട്ടിയ
എന്റെ രഹസ്യങ്ങളിലെ കന്നിമുറിവ്
രണ്ടാമതൊരു പാഠം പഠിപ്പിച്ചു
സ്നേഹവും വെളിച്ചമാണ്.
പേടിക്കണം.
മക്കൾ അമ്മയെ പറഞ്ഞു പഠിപ്പിക്കാൻ
തുടങ്ങിയിരിക്കുന്നു.
അനുഭവങ്ങളുടെ മായാത്ത തഴമ്പുള്ള
അമ്മയുടെ കൈകൾ
മക്കൾക്കു മുന്നിൽ മെലിഞ്ഞു ചുളിഞ്ഞുപോയി
ഇളമുറയെയും പേടിക്കണം.

കുഞ്ഞുമക്കളെ കളിപ്പിച്ച് കൊതി തീർന്ന
ഒരു രാത്രി
ആരോടും പറയാതെ,
ജന്മമെടുത്ത ഇരുട്ടിലേക്ക്
തിരിച്ചു പോകുമ്പോൾ
ആരും കാണാത്ത ഒരു കാഴ്ച
ഞാൻ കണ്ടു !
ഇരുട്ട് ചിരിക്കുന്നു !
എന്നെ കളിയാക്കിയാണത്രേ......
എന്തുമായിട്ടിറങ്ങിയോ
അതുമായി തിരിച്ചു കയറിച്ചെന്നതിന്....

കളിയാക്കണ്ട !
കൊണ്ടുപോയ വിത്ത്
വിളഞ്ഞ് നൂറുമേനി കൊയ്തെടുത്തിട്ടാണ്
ഞാൻ തിരിച്ചെത്തിയത്
വികാരങ്ങളെന്ന പേരിൽ ചുമന്ന
കള്ളമാറാപ്പുകളെല്ലാം വലിച്ചെറിഞ്ഞ്
ശുദ്ധമായ ഭയം മാത്രം
ഞാനെന്റെ ഏക സമ്പാദ്യമായിട്ട്
ഇങ്ങോട്ട് കൊണ്ടുവന്നു.
അതിലെന്താണിത്ര ചിരിക്കാൻ ???






Volvo Penta is one of the world's biggest independent suppliers of engines for Marine & Industrial applications. It is our business to build and support engines – a range of reliable, fuel-efficient diesel engines that meet a wide span of specific demands. In any climate: freezing or scorching, dry or wet, in deep shafts or at high altitudes. Tell us your needs and we'll show you the engine. **www.volvopenta.com**

Vista Marine & Hydraulics
Door No XIII/513D (Old No XI/278F) NH-47,
Chandiroor Post, Alapuzha District, Kerala- 688 537
Tel: +91 478 2872025. | www.vistamotors.in

Authorised Dealer for Volvo Penta

VOLVO PENTA

കൈനകരി സുരേന്ദ്രൻ



# വഞ്ചിപ്പാട്ട്: കുചേലവൃത്തം അതിന് മുൻപും പിൻപും



കൊല്ലവർഷം 8-ാം ശതകത്തിൽ ഗാനാത്മകങ്ങളായ ചില ലഘുകൃതികൾ " ദേവനാരായണ ഗാനങ്ങൾ " എന്ന പേരിൽ കേരളത്തിൽ പ്രചാരത്തിലിരുന്നു.

" പാരീരേഴും കീർത്തി പേരാംപാലാഴിയിൽക്കുളിപ്പിച്ചു
പാരിജാതം ദാനംകൊണ്ടുമങ്ങൊളിപ്പിച്ചും
വീരതയ്ക്കോ ശരിയില്ല ശ്രീരാമനുണ്ടെങ്കിൽക്കേളേ;
ശൂരതയ്ക്കില്ലാരും നേരേ പ്രാർത്ഥനേയുള്ളു"-എന്നിങ്ങനെനതോന്നതയിൽ
നിർമ്മിതങ്ങളായ ഗാനങ്ങളും, നതോന്നതയിൽത്തന്നെയുള്ള,

" ഏണനേത്രേമതി!മതി! കേണു ചൊന്ന വചനങ്ങൾ
പ്രാണനാഥനിതാവന്നു, തുറക്കവാതിൽ
ഏവനെന്റെ മണിയറ, പൂവതിന്നു വിളിച്ചതു

തേവരാണ മണിവാതിൽ തുറക്കയില്ല"-എന്നു തുടങ്ങുന്ന വാതിൽ തുറപ്പാട്ടുകളും അജ്ഞാത കർത്തൃകങ്ങളെങ്കിലും വഞ്ചിപ്പാട്ടുകൾ തന്നെയാണെന്ന് മഹാകവി ഉള്ളൂർ (കേരള സാഹിത്യ ചരിത്രം വാല്യം-2) രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയ്ക്കു ശേഷം 9-ാം ശതകത്തിൽ ആവിർഭവിച്ച വഞ്ചിപ്പാട്ടാണ് വ്യാസോൽപ്പത്തി.

" അമ്പിളിത്തെല്ലണിയുന്ന തമ്പുരാന്റെ മകനൊറ്റ
ക്കൊമ്പനുണ്ണിത്തമ്പുരാനേ! കുമ്പിടുന്നുഞാൻ
ഇമ്പമമ്പോടുയർത്തേണം കമ്പമെല്ലാ മൊഴിച്ചെന്റെ
മുമ്പിൽ വന്നുവിളങ്ങണം കവിത്വം ചൊല്ലാൻ" -എന്നാരംഭിക്കുന്ന `വ്യാസോൽപ്പത്തി`പോലെ വള്ളംകളിക്ക് ഇത്രമാത്രം പ്രയോജനപ്പെടുന്ന ഒരു കൃതി വെറെയില്ലെന്നും മഹാകവി ഉള്ളൂർ വ്യക്തമാക്കുന്നുണ്ട്. `വ്യാസോൽപ്പത്തി`യുടെ കർത്താവാരെന്നറിയാൻ കഴിയുന്നില്ല. പക്ഷേ, ലളിതമായ ഭാഷാശൈലിയും മർമ്മസ്പൃക്കായ ഫലിതോക്തിയും ആ നാട്ടുകവിക്ക് സ്വാധീനമായിരുന്നു എന്നതിൽ തർക്കമില്ല. അദ്ദേഹത്തിന്റെ ശിൽപ സാമർത്ഥ്യം തികച്ചും സമീക്ഷിക്കാവുന്നതാണ്. `വ്യാസോൽപ്പത്തി`യിലെ പല ഭാഗങ്ങളും.

`വ്യാസോൽപ്പത്തി` ക്ക് ശേഷമാണ് ആദ്യമായി ലിഖിത രൂപത്തിൽ മലയാള കാവ്യശാഖയ്ക്ക് ഒരു വഞ്ചിപ്പാട്ട് കൃതി ലഭിക്കുന്നത്. കുഞ്ചൻനമ്പ്യാരുടെ `കിരാതം `. ഇദംപ്രഥമമായി വഞ്ചിപ്പാട്ടായിട്ട് സാഹിത്യ ഗ്രന്ഥം രചിച്ചത് കുഞ്ചൻ നമ്പ്യാരാണെന്നതുകൊണ്ട് വഞ്ചിപ്പാട്ടുകളുടെ ഉപജ്ഞാതാവെന്ന പ്രശസ്തിക്കദ്ദേഹം പാത്രീഭവിച്ചു. മുൻപ്, വിനോദപരങ്ങളായും ശൃംഗാര തരംഗിതങ്ങളായും ദേശചരിത്രപ്രതിപാദ്യങ്ങളായുമുള്ള വഞ്ചിപ്പാട്ടുകളാണ് പാടി കേട്ടിരുന്നതെങ്കിൽ അവയെല്ലാം വ്യാസോൽപ്പത്തി, കിരാതം തുടങ്ങിയ സാഹിത്യ പ്രധാനങ്ങളായ പാട്ടുകളുടെ ആകർഷകത നിമിത്തം അസ്തമിതപ്രായങ്ങളായി.

കുഞ്ചൻനമ്പ്യാർ കുടമാളൂർ വച്ചെഴുതിയ `കിരാത `ത്തിന് വഞ്ചിപ്പാട്ടുകളിൽ ഉന്നതസ്ഥാനമാണ് കൽപ്പിക്കേണ്ടതെന്ന് ഉള്ളൂർ സാന്ദർഭികമായ കേരള സാഹിത്യ ചരിത്രത്തിൽ സൂചിപ്പിക്കുന്നുണ്ട്. കിരാതം ആരംഭിക്കുന്നത് വാസുദേവപുര (കുടമാളൂരുള്ള ക്ഷേത്രം) ത്തു തേവരെ,

` `വാസുദേവപുരം തന്നിൽ വാണരുളും ജഗന്നാഥൻ
വാസുദേവൻ കനിവോടു തുണച്ചീടേണം ` `എന്നു സ്മരിച്ചുകൊണ്ടാണ്.

` `ദേവരാജാധിപനായ ദേവനാരായണസ്വാമി
കേവലം കാത്തരുളേണം കരുണയോടെ ` `-എന്നിടത്ത് പരാമർശിക്കുന്ന ദേവനാരായണ സ്വാമി, ചെമ്പകശ്ശേരി രാജാവാണ്. നമ്പ്യാർ ചെമ്പകശ്ശേരി രാജാവിന്റെ ആശ്രിതനായിരുന്നല്ലോ?. കുടമാളൂരായിരുന്നു ചെമ്പകശ്ശേരി രാജാവിന്റെ രാജധാനി. അമ്പലപ്പുഴ പിടിച്ചടക്കിയശേഷം ചെമ്പകശ്ശേരി രാജാവ് അവിടെയും രാജധാനി സ്ഥാപിച്ചു. അക്കാലം മുതൽ അമ്പലപ്പുഴ ചെമ്പകശ്ശേരി രാജ്യമെന്നും അറിയപ്പെടാൻ തുടങ്ങി. നമ്പ്യാരുടെ കിരാതം വഞ്ചിപ്പാട്ടിന് അമ്പലപ്പുഴയിലും പരിസര പ്രദേശങ്ങളിലും പ്രസിദ്ധി നേടാൻ കഴിഞ്ഞെന്ന് മാത്രമല്ല അതിലൂടെ ചെമ്പകശ്ശേരി രാജാവിന്റെ കീർത്തി വർദ്ധിക്കുകയും ചെയ്തു.

" ചുറ്റും നല്ല മതിൽ ചേരും
മതിലേൽ മാളിക ചേരും"-എന്നും
മുപ്പതിനായിരത്തിനും
തുണയായമ്പലപ്പുഴെ"-എന്നും മറ്റും

ചെമ്പകശ്ശേരി രാജാവിന്റെ കാലത്ത് പ്രചരിച്ചിരുന്ന വഞ്ചിപ്പാട്ടുകളും നമ്പ്യാർ രചിച്ചിട്ടുള്ളവ തന്നെയല്ലേയെന്ന് കുചേലവൃത്തം വഞ്ചിപ്പാട്ട് (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്) നെവിലയിരുത്തിയെഴുതിയ പഠനത്തിൽ സാഹിത്യ പഞ്ചാനനൻ പി.കെ. നാരായണപിള്ള സംശയം പ്രകടിപ്പിക്കുന്നുണ്ട്. ആ സംശയം ശരിയാണെങ്കിൽ മലയാള സാഹിത്യ കുടുംബത്തിൽ വഞ്ചിപ്പാട്ടു രൂപത്തിലുണ്ടായിരുന്ന പൂർവാജിതസ്വത്തിന്റെ സ്ഥിതി മേൽ പ്രകാരമായിരുന്നു എന്നു കരുതാം.

അങ്ങനെയിരിക്കെയാണ് മാർത്താണ്ഡവർമ്മ മഹാരാജാവ് ആറ്റിങ്ങൽ, കൊല്ലം, കായംകുളം രാജ്യങ്ങൾ കൂടാതെ അമ്പലപ്പുഴയും ആക്രമിച്ചു കീഴടക്കിയത്. തുടർന്ന് ശത്രുരാജാവായ ചെമ്പകശ്ശേരി പരാജിതനായി പലായനം ചെയ്തു. പരാജിത രാജ്യങ്ങളിലൊന്നായ അമ്പലപ്പുഴയിൽ ചുറ്റി സഞ്ചരിച്ച മാർത്താണ്ഡവർമ്മ സ്വാഭാവികമായും " കിരാതം വഞ്ചിപ്പാട്ടി"ലെ സ്വശത്രു സ്തുതികൾ കേട്ടിരിക്കാം. ഇത് അദ്ദേഹത്തിന് സഹിക്കാവുന്നതായിരുന്നില്ല. അത് കൊണ്ട് തന്നെ `കിരാതം വഞ്ചിപ്പാട്ടി`നെവെല്ലുന്ന, ചെമ്പകശ്ശേരിയുടെ യശപ്രകാശങ്ങളായ വഞ്ചിപ്പാട്ടുകളെ പാടെ ഗ്രസിക്കത്തക്ക ഒരു വഞ്ചിപ്പാട്ടുണ്ടാക്കേണ്ട കാര്യത്തിൽ മാർത്താണ്ഡവർമ്മയ്ക്ക് അതിയായ താൽപ്പര്യം ജനിച്ചിട്ടുണ്ടാകണം. ആയിടയ്ക്കാണ് മഹാരാജാവ് വൈക്കം മഹാദേവർ ക്ഷേത്രദർശനത്തിനെഴുന്നള്ളിയത്. അവിടുത്തെ ദർശനം ലഭിച്ചാൽ തന്റെ ദാരിദ്ര്യം ശമിക്കുമെന്ന് കരുതിയ രാമപുരത്തുവാര്യർ മഹാരാജാവിനെമുഖം കാണിച്ച്, ഓലയിൽ കുറിച്ചുകൊണ്ടുവന്ന ഏതാനും ശ്ലോകങ്ങൾ അടിയറവച്ചു.ശ്ലോകങ്ങൾ വായിച്ച മഹാരാജാവ് മടക്കയാത്രയിൽ വാര്യരെയും വഞ്ചിയിൽ കയറ്റി തിരുവനന്തപുരത്തേക്ക് പോയി. യാത്രാമദ്ധ്യേ മാർത്താണ്ഡവർമ്മ മഹാരാജാവ് വാര്യരോട് ഒരു വഞ്ചിപ്പാട്ടുണ്ടാക്കാൻ കൽപ്പിച്ചിരിക്കാം.

" വഞ്ചന മനുജനായിട്ടവതരിച്ചിരിക്കുന്ന
വഞ്ചിമല വൈരിയുടെ കൃപക്കിരിപ്പാൻ
വഞ്ചികയായ് വന്നാവു ഞാനെന്നിച്ഛിച്ചു വാഴും കാലം
വഞ്ചിപ്പാട്ടുണ്ടാക്കേണമെന്നരുളിച്ചെയ്തു"-എന്ന് കവി തന്നെ പാടിയിട്ടുണ്ടല്ലോ?.

കവിത ചമയ്ക്കാൻ വേണ്ടി വാര്യർ ഏതാനും ദിവസങ്ങൾ തിരുവനന്തപുരത്ത് താമസിച്ചു. ആ ദിവസങ്ങളിലെല്ലാം അദ്ദേഹത്തിന് `പക്കത്തു`ന്നായിരുന്നു ഊണ്. കുചേല കഥയെ അധികരിച്ചെഴുതിയ കവിത വാര്യർ മഹാരാജാവിനെപാടികേൾപ്പിച്ചു. `കിരാത`ത്തിൽ കുഞ്ചൻ നമ്പ്യാർ ചെമ്പകശ്ശേരി ദേവനാരായണ പ്രശംസ ചെയ്യുന്നതുപോലെ രാമപുരത്ത് വാര്യർ `കുചേലവൃത്തത്തി`ലെ,

''മൂർത്തി മൂന്നും മുപ്പത് മുക്കോടി ദേവൻമാരുമൊരു
മൂർത്തിയായി മുപ്പാരിന്നു വിളക്കുമായി
മാർത്താണ്ഡാഖ്യായായിരിക്കും പ്രത്യക്ഷദേവതയുടെ
മാഹാത്മ്യമോർത്തിട്ടു മനസ്സലിഞ്ഞിടുന്നു ''-എന്നീ വരികളിലെ `മാർത്താണ്ഡ` എന്ന സൂര്യസ്തുതിയിലൂടെ മാർത്താണ്ഡവർമ്മ മഹാരാജാവിനെസൂചിപ്പിക്കുന്നു. ഇങ്ങനെരാമപുരത്ത് വാര്യർ നിർമ്മിച്ച കുചേലവൃത്തം വഞ്ചിപ്പാട്ടിന് മലയാള സാഹിത്യത്തിൽ ഗണ്യമായ ഒരു സ്ഥാനം കൈവന്നു. അതിന് കാരണം അത് അത്യന്തം സ്വാനുഭൂതിയും ആത്മാർത്ഥതയും ഉരുകിച്ചേർന്ന കൃതിയാണെന്നതാണ്.

വൈക്കത്തിനും തിരുവനന്തപുരത്തിനുമിടയ്ക്കുള്ള യാത്രാവേളയിൽ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ആജ്ഞപ്രകാരം രാമപുരത്ത് വാര്യർ തൽക്ഷണം പാടിക്കൊടുത്ത ഒരു വായ്പാഠ കവിതയാണ് കുചേലവൃത്തമെന്ന് അത് സംബന്ധിച്ച് പ്രചാരത്തിലിരിക്കുന്ന കഥ അതിശയോക്തിപരവും തികച്ചും അവിശ്വസനീയവുമാണ്. എന്തുകൊണ്ടെന്നാൽ കുചേലവൃത്തം ഒരു നിമിഷ കവിതയല്ലാ തന്നെ. നിമിഷ കവിതകൾക്ക് അനിവാര്യമായ അന്തസാരശൂന്യതയും പ്രതിപാദനവൈകല്യങ്ങളും 698 വരികളുള്ള കുചേലവൃത്തത്തെ സ്പർശിച്ചിട്ടുപോലുമില്ല. ശാന്തതയിൽ ഘനീഭവിച്ച വൈകാരികാനുഭൂതിക്ക് അവധാനപൂർവ്വം ജപം കൊടുത്തു രചിച്ച കവിതയായിട്ടേ കുചേലവൃത്തത്തെ ഗണിക്കാൻ തരമുള്ളൂ. മഹാകവിത്വത്തിന് ഒരു പക്ഷേ വാര്യരേക്കാൾ അർഹതയുള്ള മികച്ച പ്രതിഭാശാലികൾക്ക്പോലും ഇരുന്ന ഇരുപ്പിൽ രചിച്ചുപാടിക്കൊടുക്കാവുന്ന ഒരു സരണിയല്ല കുചേലവൃത്തത്തിൽ കാണുന്നതെന്ന് മലയാള സാഹിത്യ ചരിത്രകാരനും ഭാഷാ പണ്ഡിതനുമായ പി. കെ. പരമേശ്വരൻ നായർ കുചേലവൃത്ത പഠനത്തിൽ വിശദമാക്കുന്നുണ്ട്.

രാമപുരത്ത് വാര്യരെഴുതിയ `കുചേലവൃത്തം` വഞ്ചിപ്പാട്ട് എന്ന ഒറ്റകൃതി നമ്പ്യാരുടെ വഞ്ചിപ്പാട്ടുകളെ വിച്ഛായങ്ങളാക്കി. അക്കാരണത്താലാകാം നമ്പ്യാർ വഞ്ചിപ്പാട്ട് മണ്ഡലത്തിൽ നിന്നും വളരെ നാളത്തേക്ക് വിട്ടുമാറി നിന്നു. പക്ഷേ അദ്ദേഹം നിഷ്ക്രിയനായില്ല. നമ്പ്യാർ തുള്ളൽ പ്രസ്ഥാനത്തിലേക്ക് പ്രവേശിച്ചു. ചുടുചുടെക്കൊള്ളുന്ന വാക്പ്രയോഗത്തിൽ വിദഗ്ധനും ജൻമനാ ഫലിത പടുവുമായിരുന്ന നമ്പ്യാർ തന്റെ തുള്ളപ്പാട്ടുകളിലൂടെ സാമൂഹിക വിമർശനത്തിന്റെയും ഫലിതത്തിന്റെയും ജനകീയ വിമർശനത്തിന്റെയും ജനകീയ പാത തുറന്നിട്ടു. തുള്ളലിലെ കാവ്യകലാംശങ്ങളുടെ വ്യവസ്ഥാപനം മുഖേനസർവ്വജനരഞ്ജകമായ പുതിയൊരു ദൃശ്യകലാരംഗത്തിന് മലയാളികളുടെ മനസ്സിൽ സ്ഥാനമുറപ്പിക്കുകയും ചെയ്തു കുഞ്ചൻ നമ്പ്യാർ.

'' ഹൃദയംഗമമായ രസപ്രസരംകൊണ്ട് മനസ്സലിയിക്കുന്നതും ചന്ദനച്ചാറുപോലെ പ്രശാന്ത ശീതളവുമായ രീതി ''യാണ് കുചേലവൃത്തത്തിന്റേത് എന്നതിനാൽ അതിന്റെ സമക്ഷത്തേക്ക് കടുന്നു വരാൻ പിന്നീടുണ്ടായ പല വഞ്ചിപ്പാട്ടുകൾക്കും കഴിയാതെ പോയി. ഇതിനൊരു മാറ്റമുണ്ടായത് മലയാളത്തിലെ ആധുനിക കവിത്രയത്തിന്റെ കാലം മുതലാണ്. ഇവരെ കൂടാതെ ഐ.സി ചാക്കോ, പന്തളം കേരളവർമ്മ, മൂലൂർ എസ്. പത്മനാഭപ്പണിക്കർ, പണ്ഡിറ്റ് കറുപ്പൻ തുടങ്ങിയ പ്രതിഭകളുടെ വഞ്ചിപ്പാട്ടുകളും മലയാള സാഹിത്യത്തിന് ഉൽകൃഷ്ട നേട്ടങ്ങളായി ഭവിച്ചിട്ടുണ്ട്. ഈ പാട്ടുകളിൽ എന്തുകൊണ്ടും ഏറെ സ്വീകാര്യമായത് മഹാകവി കുമാരനാശാന്റെ `കരുണ`യാണ്. ആശാന്റെ കവിതകളിൽ ഏറ്റവും പ്രശസ്തമായ കൃതി ഇതുതന്നെയെന്ന് പറയാം.

ഒരു കാലത്ത് കുട്ടനാട്ടിലെ ജലോത്സവങ്ങളിൽ ധാരാളം പാടിക്കേട്ടിട്ടുള്ളത് `കരുണ`യാണ്. കളിവള്ളങ്ങളുടെ മത്സരം കടുത്തതോടുകൂടി വഞ്ചിപ്പാട്ടുപാടി തുഴഞ്ഞു പോകുന്ന രീതി കളിവള്ളങ്ങളിൽ ക്രമേണ നിലച്ചു. വിവിധ ജലമേളകളോടനുബന്ധിച്ച് കരയ്ക്ക് സംഘടിപ്പിക്കുന്ന മത്സരവേദികളിൽ മാത്രമായി വഞ്ചിപ്പാട്ടുകൾക്ക് സ്ഥാനം. ഇങ്ങനെവന്നപ്പോൾ വഞ്ചിപ്പാട്ട് സംഘങ്ങൾ എന്തുകൊണ്ടോ പ്രധാനമായും കുചേലവൃത്തത്തിലെ ചില ഭാഗങ്ങൾ മാത്രം തെരഞ്ഞെടുത്ത് അവതരിപ്പിക്കുകയെന്ന നിലയിലേക്ക് ചുരുങ്ങി. അപൂർവ്വം ചില ടീമുകൾ മറ്റ് ചില പാട്ടുകൾ അവതരിപ്പിക്കുന്നുണ്ടെന്നതിവിടെ വിസ്മരിക്കുന്നില്ല. പൊതുവിൽ നോക്കുമ്പോൾ, ''നമ്മുടെ സാമൂഹിക ജീവിതത്തിന്റെയും സഞ്ചിത സംസ്ക്കാരത്തിന്റെയും ഏതൊക്കെയോ കോണുകളിൽ പ്രകാശം പരത്തുന്ന ശൈലികളും പ്രയോഗങ്ങളും കൊണ്ട് സമ്പന്നമായ '' വഞ്ചിപ്പാട്ടുകൾ പലതും വിസ്മൃതിയിലാണ്ടുപോകുന്നുവെന്നതാണ് വാസ്തവം. ഈ രംഗത്ത് മെച്ചപ്പെട്ട പുതിയ രചനകൾ വളരെ അപൂർവ്വമായേ ഉണ്ടാകുന്നുള്ളൂവെന്നതും നമ്മുടെ ഗാനസാഹിത്യം നേരിടുന്ന മറ്റൊരു പ്രതിസന്ധിയാണ്.

മലയാളത്തിലെ പ്രമുഖ കവികളുടെ വഞ്ചിപ്പാട്ടുകൾ കണ്ടെത്താൻ ഒരു പ്രയാസവും ഇന്നില്ല. ( ഈ ലേഖകന്റെ "വഞ്ചിപ്പാട്ട്-ഈണവും താളവും" എന്ന കൃതി-പ്രസാധകർ എസ്.പി.സി.എസ് കോട്ടയം നോക്കുക). നതോന്നതയിൽ രചിച്ചിട്ടുള്ള മനോഹരങ്ങളായ കവിതകൾ വേറെയുമുണ്ട്. ചില ഉദാഹരണങ്ങൾ (ആദ്യപാദ സൂചിക) ചുവടെ ചേർക്കുന്നു.

1. "ഓണം മഹാ! മാബലിതൻ
ത്യാഗപ്പൂ തൂപ്പൂക്കളണി-
മണിമുദ്രയണിഞ്ഞപോ-
ന്നോണം വരുന്നൂ!"
(ഓണം വരുന്നു-പി.കുഞ്ഞിരാമൻ നായർ)

2." കരിനീലനിറക്കാരീ-
ക്കായലുകൾ മലനാട്ടിൽ-
കരകളെ ബാന്ധവിച്ച-
കണവരല്ലോ"
(കായലുകളും കരകളും-വൈലോപ്പിള്ളി ശ്രീധരമേനോൻ)

3. " കലിതാഭമവനിയിൽ
കനകാഭിഷേകം ചെയ്യും
കതിരവൻ കടല്ക്കകം-
പതിച്ചനേരം "
(സന്ധ്യാഗീതം-ഇടപ്പള്ളി രാഘവൻപിള്ള)

4. " ഒടുങ്ങാത്ത പട്ടിണിക്കു-
മൊരുദിനമുത്സവത്തി-
ന്നൊളി ചേർക്കും തിരുവോണ-
ക്കുളിർ നിലാവിൽ"
(അരിവാളുകൾ-തിരുനല്ലൂർ കരുണാകരൻ)

5. " കുളിർത്തെന്നൽ മുരളുന്ന
കിളിവാക്കിൻരസമേറി
കുടുകുടെച്ചിരിക്കുന്ന
തളിർക്കൂട്ടം പോൽ"
(പരിവർത്തനത്തിന്റെ നെടുവീർപ്പ്-ഒ.എൻ.വി.-1949)

6. "ജയിച്ചാലും ജയിച്ചാലും
കേരളാംബേനിൻ മക്കളെ
നയിച്ചാലും സത്യത്തിന്റെ
നേർവഴിക്കെന്നും"
(കേരള ഗാനം-കേരളത്തിന്റെ അറുപതാനം പിറന്നാൾ ദിനത്തിന് ആശാംസാ ഗാനം-ഡോ. എം.ലീലാവതി)





# ഗാന്ധിജി



ശ്യാം കുട്ടനാട്



ഭാരതത്തിന്റെ ഭാഗ്യനക്ഷത്രമേ
ഭാസുരലോകമാർഗ്ഗ പ്രകാശമേ
ഭാനുബിംബമായ് ഭാവുകമേകുവാൻ
ഭൂമിയിൽ വന്ന തേജസ്സ് ഫുലിംഗമേ

നിത്യദു;ഖത്തിലാഴും സഹജരേ
വിശ്വപ്രേമത്തിൽ മാധുര്യം ഏകീയും
വിപ്ലവത്തിൽ കയത്തിൽ പെടാതെന്നും
വിസ്മയങ്ങൾ വിതച്ച വിശാരദൻ

കാരിരുമ്പിലും ശോണിയുമേറുന്ന
മാനസം കൊണ്ടു പോരാടി നേടിയ
സ്വാതന്ത്ര്യം നമ്മിലേകുന്നു സത്യവും
ധീരദേശാഭിമാനത്തിൽ വീര്യവും

സത്യധർമ്മങ്ങളക്ഷയമെന്നുള്ള
തത്ത്വമന്വർത്ഥമന്വർത്ഥമാക്കി മഹാത്മജി
പീഡിതർക്കു മടിമയ്ക്കു മേറിയ
കാരുണ്യത്തിന്റെ ചേതനാസൂനമേ

നിന്നിൽ നിന്നുണരട്ടെയീ ഭാരതം
നിൻ സ്വരം കേട്ടു ഉയരട്ടെ ഭാരതം
എന്നു മൈശ്വര്യ ദീപമായി ലോകത്തിൽ
ധന്യ ചാരുതയേകട്ടേ ഭാരതം !


RAMADA®
Alleppey
Your Luxury Destination
Nehru Trophy Finishing Point |Punnamada | Alleppey | Tel: +91 4772240001 | Mob: +91 9400005090


Your Wellness Haven in Kerala!!! The home of Ayurveda
Carnoustie
Ayurveda & Wellness Resort
Ph.+91 478 2830400 Fax +91 478 2830499
web:www.carnoustieresorts.com
Chennaveli,Chethy (P.O) Alappuzha,Kerala ,India.




പി. ജ്യോതിസ്, ആലപ്പുഴ

# സാമൂഹ്യ പുരോഗതിയിൽ വ്യക്തിയുടെയും കുടുംബത്തിന്റെയും സ്ഥാനം

സമൂഹത്തിൽ നിരവധി കൂട്ടായ്മകളുണ്ട്. അതിൽ പരമ പ്രധാനമാണ് കുടുംബം. ജനിച്ച നാൾ മുതൽ മനുഷ്യൻ ഇടപഴകുന്ന സാമൂഹ്യ സ്ഥാപനമാണ് കുടുംബം. സാമൂഹ്യ ബന്ധങ്ങൾക്ക് തുടക്കം കുറിക്കുന്നതു അവിടെ നിന്നാണ്. പ്രാചീന സമൂഹത്തിൽ ഗോത്രം, വംശം എന്നീ വിശാലമായ കൂട്ടായ്മകളുണ്ടായിരുന്നു. അവയുടെ അടിസ്ഥാന ഘടകവും കുടുംബമായിരുന്നു. ഒരു വ്യക്തി സാമൂഹ്യ ജീവിയായി മാറുന്നതിന്റെ പരിശീലനം ലഭിക്കുന്നത് കുടുംബത്തിൽ നിന്നാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ കാലഘട്ടങ്ങളിൽ വ്യത്യസ്ഥമായ വിവാഹ രീതികളിലൂടെ കുടുംബ ബന്ധങ്ങൾ രൂപാന്തരപ്പെട്ട കേരളത്തിൽ ഒരു കാലത്ത് മരുമക്കത്തായ സമ്പ്രദായത്തിൽപ്പെട്ട കൂട്ടുകുടുംബ വ്യവസ്ഥ ഉണ്ടായിരുന്നു. ഇന്ന് അണുകുടുംബങ്ങളാണ് കാണപ്പെടുന്നത്. അച്ഛനും അമ്മയും ഒന്നോ രണ്ടോ മക്കളും അടങ്ങുന്നതാണ് ഇന്നത്തെ കുടുംബം.

അണുകുടുംബത്തിന് മുമ്പ് കൂട്ടുകുടുംബ വ്യവസ്ഥ നിലനിന്നിരുന്നു. പരമ്പരാഗത കൂട്ടുകുടുംബത്തിൽ മൂന്നോ നാലോ തലമുറയിൽപ്പെട്ട അംഗങ്ങൾ ഉണ്ടായിരുന്നു. സ്വത്തുക്കൾ ഭാഗം വയ്ക്കാതെ കൈവശം വയ്ക്കുന്നതും അനുഭവിക്കുന്നതും കൂട്ടുകുടുംബ രീതിയായിരുന്നു. കുടുംബാംഗങ്ങൾ എല്ലാം കുടുംബനാഥന്റെ ആജ്ഞകൾക്ക് കീഴ്പ്പെട്ടുകൊണ്ടാണ് ജീവിച്ചിരുന്നത്. ആ നിയന്ത്രണം മിക്കപ്പോഴും പുരുഷൻമാർക്കായിരിക്കും. അങ്ങനെയാണ് പുരുഷാധിപത്യം സാമൂഹ്യവ്യവസ്ഥിതിയിൽ ഉടലെടുത്തത്.

പഴയ കുടുംബ വ്യവസ്ഥയിൽ നിന്നും കുറെക്കൂടി സങ്കീർണ്ണവും ഒറ്റപ്പെട്ടതും നിസ്സഹായാവസ്ഥ നില നിൽക്കുന്നതുമായ ജീവിതമാണ് അണുകുടുംബം നേരിടുന്നത്. അണുകുടുംബം നേരിടുന്ന പ്രശ്ന ങ്ങൾ നിരവധിയാണ്. തിരക്കു പിടിച്ച ജീവിതവും സഹായിക്കുവാൻ ആരുമില്ലാത്ത അവസ്ഥയും വർദ്ധിച്ചു വരുന്ന ജീവിതച്ചെലവുകളും അണുകുടുംബത്തിന്റെ ജീവിത പുരോഗതിയെ അലട്ടുന്നു. ജീവിതനിലവാരത്തിന്റെ കുതിച്ചു ചാട്ടവും, വളർന്നു വരുന്ന ഉപഭോഗസംസ്ക്കാരവും അണുകുടും ബത്തെ ബാധിക്കുന്ന ഗുരുതര പ്രശ്നങ്ങളാണ്.

ഐക്യത്തോടും സ്നേഹത്തോടും കൂടിയ കുടുംബ ജീവിതമാണ് സാമൂഹ്യ പുരോഗതിയുടെ അടി സ്ഥാന ശില. കൗമാര പ്രായക്കാരുടെ ചിലതരം സാഹസിക പ്രവർത്തനങ്ങൾ കുടുംബ ജീവിതത്തിന് താളപ്പിഴകൾ ഉണ്ടാക്കും. ബാല്യത്തിന്റെയും യുവത്വത്തിന്റെയും ഇടയിലുള്ള കൗമാരദശയിൽ കുട്ടി കൾക്ക് കൂടുതൽ സ്നേഹ പരിലാളനങ്ങൾ നൽകുവാൻ മാതാപിതാക്കൾ ബദ്ധശ്രദ്ധരായിരിക്കണം. കൗമാരദശയിലെ 11 മുതൽ 14 വയസ്സുവരെയുള്ള പ്രായത്തെ ടർബുലൻസ് സ്റ്റേജ് എന്നു പറയുന്നു. ഈ ദശയിലാണ് ആൺകുട്ടികളിലും പെൺകുട്ടികളിലും സൗന്ദര്യബോധം വർദ്ധിക്കുന്നത്. ഈ കാലഘട്ട ത്തിലാണ് വിദ്യാഭ്യാസ ദിശാബോധത്തിന്റെ ചിന്താസരണി ഉയർന്ന് വരുന്നത്. പരീക്ഷകളിലെ മാർക്കു കളിലും വിജയത്തിലും രക്ഷാകർത്താക്കൾ ശ്രദ്ധ ചെലുത്തണം. ബാല്യദശയിലും കൗമാരദശയിലും വിദ്യാർത്ഥികളിൽ വ്യക്തിത്വ ബോധം വളർത്തിയെടുക്കാൻ അദ്ധ്യാപകരും രക്ഷാകർത്താക്കളും, സാമൂഹ്യ സന്നദ്ധ സംഘടനകളും തയ്യാറാകണം. മാതാപിതാഗുരു എന്നിവരാണ് കാണപ്പെട്ട ദൈവ ങ്ങൾ എന്നും മുതിർന്നവരെ ആദരിക്കലും അനുസരിക്കുകയും ചെയ്യണമെന്നും ഉള്ള ഉൾബോധം വിദ്യാർത്ഥികളിൽ പകർന്നു നൽകണം. വിദ്യാധനം സർവ്വധനാൽ പ്രധാനം എന്ന ആപ്തവാക്യ ത്തിലൂന്നി എല്ലാ കുട്ടികളെയും കൂടുതൽ വിദ്യാസമ്പന്നരാക്കി മാറ്റുവാൻ സമൂഹം ഒട്ടാകെ ശ്രമിക്കണം. അതോടൊപ്പം കൗമാരദശക്കാരുടെ സ്വാതന്ത്ര്യത്തിലും സ്വകാര്യതയിലും അന്യായമായി ഇടപെടാതിരി ക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. കുട്ടികളുടെ അഭിരുചിക്ക് അനുസരണമായി വിദ്യാഭ്യാസവും കലാ-കായിക പരിപോഷണവും വളർത്തിയെടുത്താൽ സംതൃപ്ത കുടുംബ ജീവിതവും തദ്വാരാ നാടിന് പുരോഗതിയുമുണ്ടാകും.





# ഭഗത്സിംഗ് നീണാൾ വാഴട്ടെ



കെ.രംഗനാഥക്കുറുപ്പ് കരുവാറ്റ

വന്ദേ, ഭവദാസൻ ഭരതാംബതൻ
ബന്ധനം വെള്ളക്കാരിൽ നിന്നൊഴിവാക്കീടനായ്
പഞ്ചാബിൽ ബംഗയാം ഗ്രാമത്തിൽ ജനിച്ചൊരു
സുന്ദരബാലൻ ' ഭഗത് സിങ്ങി'നെയൊർക്കുന്നുണ്ടോ.
ക്ലാസഞ്ചിൽ പഠിക്കുന്നക്കാലമാ പിഞ്ചുബാലൻ
ജാലിയൻ വാലബാഗിൽ വെള്ളക്കാർ ക്രൂരത
മിണ്ടാ പ്രാണികളാം കൃഷി വലരേയും
പിഞ്ചുകുഞ്ഞുങ്ങളെയും കശ്മലർ കൊല ചെയ്തു.
ചോരയിൽ കുതിർന്നയാ മണ്ണവൻ കുപ്പിലാക്കി
വേദനയോടെ നിത്യം പൂവിട്ടു വന്ദിച്ചുപോയ്
ധീരമായ് പ്രതികാരം ചെയ്യണം വെള്ളക്കാരെ
ഭാരത നാട്ടിൽ നിന്നും തുരത്താൻ പ്രയത്നമായ്
നടനും കലാകാരൻ പ്രതിഭാശാലി വാഗ്മി
പഠനകാലത്തദ്ധ്യാപകരെല്ലാം പ്രശംസിച്ചു
"വളരട്ടിവൻ നാട്ടിൽ ജനനായകനാകാൻ
ഇടയുണ്ടാകട്ടെന്നാശംസിച്ചവരെല്ലാം"
വിപ്ലവ ശക്തിയേകാൻ 'നൗ ജവാൻ ഭാരത്'യെന്ന
ശക്തമാം സംഘശക്തി രാജ്യത്ത് രൂപപ്പെട്ടു




വർദ്ധിച്ച ജനമുന്നേറ്റം നാട്ടിലാകയും കാറ്റായ്
ശത്രുക്കളായി തീർന്നു ബ്രിട്ടീഷുകാർക്കീസിംഗ്
ഏറ്റുമുട്ടലുകളും മർദ്ദനമുറകളും
നാട്ടിലാകയും വെള്ളപ്പട്ടാളം കലി തുള്ളി
കണ്ടു നിൽക്കുവാൻ വയ്യാതഹിംസാ സിദ്ധാന്തങ്ങൾ മാറ്റി
അന്തകൻമാരുമായി സന്ധിക്കും മുതിർന്നില്ല
വിപ്ലവ തത്വത്തിലെ പോരാട്ടങ്ങളിലൂടെ
ശത്രുസംഹാരം ചെയ്ത് രാജ്യത്തെ മോചിപ്പിക്കാൻ
മിത്രങ്ങളാക്കി യുവശക്തിയെ രാജ്യത്താകെ
തത്വങ്ങൾ രഹസ്യമായ് ജനത്തെ സജ്ജരാക്കി
വെള്ളക്കാരുണ്ടാക്കും നിയമങ്ങളൊക്കെതന്നെ
പൊള്ളയാണെന്നുള്ള സത്യം ഉച്ചത്തിൽ വിളിച്ചവർ
അസംബ്ലിക്കുള്ളിൽ പൊട്ടിച്ച ബോംബിൻ ശബ്ദം കേട്ടു
അലറി വിറച്ചു പോയ് വൈസ്രോയി പ്രഭുതികൾ
അവിടെ വിളിച്ചവർ വിപ്ലവം ജയിക്കട്ടെ
തുരത്തും ദുഷ്ടൻമാരെ നിങ്ങളെയീന്നാട്ടിൽ നിന്ന്
ഓടിയില്ലവരെയാ പോലീസ് പിടികൂടി
ധീരനാം സിംങ്ങും സഹചാരിയാം ദത്തും മാത്രം
ബ്രിട്ടീഷുകാരുടെ പാദസേവകരായിട്ടന്നും
ഒറ്റുകാർ സ്ഥാനമോഹ കപട രാഷ്ട്രീയക്കാർ
ക്രൂര മർദ്ദനങ്ങളും കോടതി വിചാരണ



നേരിട്ട സിങ്ങും ദത്തും ധീരത കൈവിട്ടില്ല
പെറ്റനാടിന് വേണ്ടി സർവ്വതും ത്യജിച്ചയാ
ദത്തിന്റെ സിംഗിന്റെയും ശിക്ഷയാന്നൊഴിവാക്കാൻ
ഒറ്റനേതാക്കൾപോലും ബ്രിട്ടീഷു വൈസ്രേയിമേൽ
ശക്തമാം സമ്മർദ്ദങ്ങൾ നടത്താൻ മുതിർന്നില്ല
സ്ഥാനമോഹികൾ കള്ള രാഷ്ട്രീയ സ്വാർത്ഥൻമാരും
ഭാരത നാടിനെ കീറി സ്വാതന്ത്ര്യം പ്രഖ്യാപിച്ചീ
യധികാരത്തിൻ ചെങ്കോൽ നേടിയ കാലം മുതൽ
അധിനിവേശമായ് കാശ്മീറും മതിർത്തികൾ
ഒന്നുമേ മോഹിച്ചില്ലീ വിപ്ലവ കർമ്മ ധീരർ
എന്നുമീ അടിമത്വ ചങ്ങല പൊട്ടിച്ചീടാൻ
മന്നിലീ ജീവിതം സമത്വ സുന്ദരമാക്കി
വന്നു കാണുക മാത്രമായിരുന്നവർ ലക്ഷ്യം
പൂത്ത യൗവന കാലം സ്വാർത്ഥതയ്ക്കായിട്ടൽപ്പം
മാറ്റിവയ്ക്കുവാൻ പണിപ്പെട്ടിരുന്നങ്കിലവർക്കന്നീ
നാട്ടിലെ ഭരണത്തിൽ ഭാഗധേയരാകാർ തീർച്ച
കിട്ടുമായിരുന്നന്ന് ബ്രിട്ടീഷുകാരിൽ നിന്ന്
വേനലിൽ കടുംചൂടാ'മാർച്ചിരുപത്തി മൂന്ന് '
മാനസം തളരാതെ തൂക്കുമരത്തേക്കവർ
പാരതന്ത്ര്യത്തേക്കാളും മരണം മെച്ചമെന്ന്
ധീരതയോട് വിളിച്ചി'ങ്കിലാബ് സിന്ദാബാദ്'.
ലജ്ജിച്ചു തലതാഴ്ത്തിയാരാച്ചാരൻമാർപോലും
പുച്ഛിച്ചു മനസാക്ഷി വൈസ്രോയിമാരുള്ളിൽ
ദുഃഖിച്ചു ജനകോടി ദേശസ്നേഹികളെല്ലാം
വർഷിച്ചു ഭാരതത്തിൽ വിപ്ലവ പുതുവിത്തുകൾ
ഈ യുഗത്തിലും ഇതു കേട്ടുവേദനിക്കുന്ന
ധീരനാം ഭഗത്സിങ്ങും കൂട്ടാളി ദത്തിനേയും
തൂക്കിയ കൊലമരം ജ്വലിക്കുന്നുണ്ടീ ശബ്ദം
ഏറ്റുപാടുക നീണാൾ 'വാഴട്ടെ ഭഗത്സിംങ്ങ്'.







Sumeru®

INNOVATIVE FOODS LIMITED

**Innovative Foods Limited**
**Ezhupunna.P.O, Alappuzha Dist,**
**Kerala, India.**
**Pin : 688 537**
**Ph : 0478-287578/2872349**
**Fax : 0478-2874417**

## ആയുർജെനി

ആയുർവേദ ഹോസ്പിറ്റൽ





Ayurjani
AYURVEDA HOSPITAL

Pallichal Road, Parry Junction,Thoppumpady Cochin- 682 005, Kerala
www.ayurjaniayurvedic.com / info@ayurjaniayurvedic.com
**Ph : 0484 2233996, Mob : 8606310007**

### പ്രത്യേക ചികിത്സാ വിഭാഗങ്ങൾ

- അസ്ഥി – സന്ധി രോഗ ചികിത്സാ വിഭാഗം
- അമിത വണ്ണ ചികിത്സാ വിഭാഗം
- അർശ്ശ രോഗ ചികിത്സാ വിഭാഗം
- പ്രമേഹ ചികിത്സാ വിഭാഗം
- തൈറോയ്ഡ് ചികിത്സാ വിഭാഗം
- ത്വക്ക് രോഗ ചികിത്സാ വിഭാഗം
- മൈഗ്രൻ ചികിത്സാ വിഭാഗം
- സ്ത്രീ രോഗ ചികിത്സാ വിഭാഗം
- വന്ധ്യതാ ചികിത്സാ വിഭാഗം
- ഇ. എൻ. റ്റി. ചികിത്സാ വിഭാഗം

**OUR PANEL OF DOCTORS:**

Dr.Lekha Dharsak B.A.M.S (Chief Physician) | Dr.Alex. M. George B.A.M.S, M.S | Dr.Sreejith B.A.M.S | Dr Aasha.S B.A.M.S

കഥ
ബൈജു വർഗീസ്

# ഏകാന്തതയുടെ നിറം



ഗബ്രിയേൽ ഗാർസ്യമാർകേസ്-നോവലിൽ വായിച്ചറിഞ്ഞ മാക്കോണ്ടദ്വീപ് ഏതാണ്ടിങ്ങെയാ യിരുന്നുവെന്ന് അയാളറിഞ്ഞിരുന്നു. കണ്ണാടി ഭിത്തിക്ക് മേലേ ഉണ്ടാക്കിയ എന്തോയൊന്നുപോലെ. കണ്ണാടിയുടെ കാഴ്ചപെരുക്കങ്ങൾ 369 വർഷങ്ങൾക്ക് മുമ്പ് കായലിനടിയിലായിരുന്നു. അതിനും മുമ്പ് കടലിന്റെ അഗാധതയിൽ ഒരു സുനാമിയുടെ തിരിച്ചു പോക്കിൽ കടൽ മാറി, അവിടെ കായൽ രൂപം കൊണ്ടു. കായലിൽ നിന്ന് ദ്വീപ് ഉയർത്തുവന്നു. തകഴിപ്പുഴ കരുമാടിയിലേക്കും ചമ്പക്കുളത്തേക്കും തിരയുന്ന ഭാഗത്ത് ഇരുപത് ഏക്കർ വിസ്തീർണ്ണമുള്ള ദ്വീപ് പൂക്കൈത കായലിലെ ചെകുത്താൻ ദ്വീപ്. ഒരു പറങ്കി സായ്പും മദാമ്മയുമാണ് ആദ്യം താമസിച്ചിരുന്നത്. പിന്നെ ഒരു ഇംഗ്ലീഷ് കുടുംബം. ആ കുടുംബം ആത്മഹത്യ ചെയ്തു. പിന്നീടാരും താമസിക്കാതെ നൂറ്റാണ്ടിന്റെ പഴക്കമുള്ള വീടും പരിസരവും കിടന്നു. ഭൂമിയുടെ ഒത്ത നടുവിൽ തേക്കിലും ഈട്ടിയിലും തീർത്ത പുരാതനമാതൃകയിലെ ഇറ്റാലിയൻ കണ്ണാടികളാൽ തിളങ്ങുന്ന ഇരുനില മാളിക വീട്ടിലേക്കുള്ള വഴി ചരൽ വിരിച്ചും, വശങ്ങളിൽ പഴക്കമുള്ള ബദാം മരങ്ങൾ തണൽ തീർത്തും നിലകൊള്ളുന്നു. ഒറ്റതിരിഞ്ഞ് പറങ്കിമാവുകൾ പൂത്തും കായ്ച്ചും നിൽപ്പുണ്ട്. പറമ്പിലെ പത്തേക്കറിലിൽ ഏത്തവാഴത്തോട്ടം. വിളഞ്ഞു കിടക്കുന്ന ഏത്തവാഴക്കുലകൾ. അതിന് മുകളിൽ ഓടിക്കളിക്കുന്ന അണ്ണാറക്കണ്ണൻമാർ. ചിത്രശലഭങ്ങൾ,

പക്ഷികൾ, വാഴത്തോട്ടത്തിന്റെ നടുക്ക് ഒരു വലിയ കുളം. കരിങ്കൽപടവുകൾ. കുളത്തിൽ താമരപ്പൂക്കൾ. സ്ഫടിക ജലത്തിൽ നൃത്തം ചെയ്യുന്ന കരിമീനുകൾ, വരാൽകൂട്ടങ്ങൾ, കൂരികൾ, ഇരുപത്തിയഞ്ച് വർഷത്തെ നാവിക ജീവിതത്തിൽ നിന്നും വിരമിച്ച് ഈ ചെകുത്താൻ ദ്വീപ് സ്വന്തമാക്കി ഏകാന്ത ജീവിതം നയിക്കുന്ന നീന്തലറിയാത്ത നാവികൻ ബെഞ്ചമിൻ ഡേവിഡ്. കടലിന്റെ ഉപ്പേറ്റ് പുതലിച്ച ശരീരം. വലിയ മീൻ കണ്ണിൽ നിറയെ വിഷാദത്തിന്റെ കടൽ ഓർമ്മകളിലേക്ക് നീളുന്ന ഏകാന്തതയുടെ ജലയാത്ര. ഇടയ്ക്ക് ഓർമ്മകൾ കടലിലേക്ക് വിളിക്കുമ്പോൾ നിറഞ്ഞു കവിത പുഴയിലേക്ക് വഞ്ചിയിൽ ഏകനായി തുഴഞ്ഞു പോകും. നിലാവിൽ പുഴയുടെ ഹൃദയത്തിൽ നങ്കൂരമിട്ടു കിടക്കും. ആകാശത്തെ നക്ഷത്രങ്ങൾ, ഈറൻ കാറ്റ്, ആറ്റു കൈതകൾ പൂത്തതിന്റെ ഗന്ധം. ചിലപ്പോൾ ഇറച്ചി മസാലക്കൂട്ടിന്റെ ഓർമ്മകൾ ഉണർത്തുന്ന പാലപ്പൂവിന്റെ മാദക മണം. ഏഴു കടലുകളിലൂടെയുള്ള യാത്രകൾ..... സമുദ്രം അതിന്റെ വിശാലതയിൽ, ഏകാന്തതയിൽ, വന്യമൃഗത്തിന്റെ മുരൾച്ചയിൽ ജീവിതം പൂക്കൾ കൊണ്ട് പുരിപ്പിക്കാനാവാതെ ഉപ്പിലിട്ട് വയ്ക്കേണ്ടി വരുന്നു.....

സമുദ്രം ഭൂമിയേക്കാളും, ആകാശത്തേക്കാളും, രഹസ്യങ്ങളുടെ നിലവറയാണ്. ജലപുതപ്പിനാൽ രഹസ്യ പേടകത്തെ ഒളിപ്പിക്കുന്ന സമുദ്രം. കടൽപ്പച്ചിയുടെ അടിയിൽ......

പൂങ്കാവ് പള്ളിയിലെ പെസഹാ തിരുനാൾ. പള്ളിയോട് ചേർന്ന് കാലപഴക്കമേറിയ ഒലിവ് മരം പോലൊരു പുന്നമരം. മരം ഒരു ശിൽപ്പമായി നിൽക്കുന്നു. ഏതാനും വ്യത്യസ്ഥമായ ദീപക്കാഴ്ചകൾ. നിലവിളക്കുകളുടെ ദീപപ്രഭ. ദീപാവലി വട്ടക്കല്ല് മുതൽ റെയിൽവേ-ട്രാക്കുവരെ നീളുന്നു. എന്തൊരു സൗന്ദര്യം. വെളിച്ചത്തിന്റെ വഴികൾ. പ്രകാശത്തിന്റെ സമ്മേളനസ്ഥലം. എങ്ങും വെളിച്ചങ്ങൾ, പ്രാർത്ഥനകൾ. അന്ത്യ അത്താഴ കുർബ്ബാന. കുരിശിന്റെ വഴിയിലെ ധ്യാനമുഹൂർത്തങ്ങളിൽ ബോബി ജോസച്ചന്റെ കവിത പൊഴിയുന്ന വചനപ്രഘോഷണങ്ങൾ.

പെസഹാനാളിലെ പുളിച്ചപ്പവും, ഡാല് കാച്ചിയതും ദീപാലങ്കാരവും മുറ തെറ്റാതെ കാണുന്ന കാഴ്ചകൾ. സമുദ്രത്തിൽ ജീവിച്ച ഇരുപത്തിയഞ്ച് കൊല്ലം മാത്രം കാണാതെ പോയ നഷ്ടക്കാഴ്ചകൾ....

കടുത്ത വേനലിലെ വെളുപ്പാൻകാലത്ത് അമ്പാസിഡർ മാർക്ക് 4 കറുത്ത നിറമുള്ള കാറിൽ മടക്കയാത്ര. ചിന്താമണി കൊലക്കേസിൽ-സുരേഷ് ഗോപി ഉപയോഗിച്ചമാതിരിയുള്ള പ്രത്യേകതയുള്ള കറുത്ത കാർ. ബെഞ്ചമിൻ കറുത്ത ജീൻസും വെളുത്ത ഷർട്ടുമാണ് ധരിച്ചിരുന്നത്. കഴുത്തിൽ ഇറ്റലിയിൽ നിന്നും മാർപ്പാപ്പ വെഞ്ചരിച്ച് അനുഗ്രഹിച്ച സ്വർണ്ണ നിറത്തിലുള്ള ജപമാലയും തിളങ്ങുന്ന കുരിശും. വെളുത്തു ചുരുണ്ട തലമുടിയും ഫ്രഞ്ച് താടിയും കറുത്ത ഫ്രെയിമുള്ള കണ്ണടയും അതിനുള്ളിലെ മീൻ കണ്ണുകളും. മഞ്ഞുള്ള വെളുപ്പാൻകാലം. വിളഞ്ഞ നെൽപ്പാടങ്ങൾ. പാടശേഖരങ്ങൾക്ക് മുകളിൽ മൂടൽ മഞ്ഞിന്റെ പരവതാനി. അതിനു മുകളിൽ നിലാവിന്റെ ചിത്രം. കാറിനുള്ളിൽ ഉമ്പായിയുടെ ഗസ്സൽ. അയാൾ ഇടതുകൈകൊണ്ട് സിഗരറ്റ് ആഞ്ഞു വലിച്ചു. പിന്നെ സ്റ്റിയറിംഗിൽ നിന്ന് കൈയെടുത്ത് ടിൻബിയർ പൊട്ടിച്ചു. ഒരു കവിൾ കുടിച്ചു....

പൂപ്പള്ളി ജംഗ്ഷനിൽ നിന്നും കാർ വലത്തോട്ട് തിരിച്ച് ഗേയ്റ്റ് തുറക്കുമ്പോൾ പട്ടി കുരച്ചു. കാറിന്റെ വെളിച്ചത്തിൽ കൊളമ്പിയായുടെ കണ്ണുകൾ തിളങ്ങി. മുട്ടനാടിന്റെ വലിപ്പം. വെളുപ്പിൽ കറുത്ത പൊട്ടുകൾ- അലങ്കരിച്ച ശരീരം. തിളങ്ങിയ പളുങ്ക് കണ്ണടകൾ. വായ് തുറന്ന് നീളുന്ന നാവ്. തിളങ്ങുന്ന മൂർച്ചയുള്ള ആയുധംപോലെ പല്ലുകൾ.

അയാൾ കൈ ഉയർത്തി. നായ് കുരനിർത്തി അയാളെ നോക്കി. ഡ്രസ് മാറ്റി. ബർമുഡയിൽ കയറി. ടി.വിയുടെ വാർത്താ ചാനൽ ഓൺ ചെയ്തു. സീസറിന്റെ പടമുള്ള കുപ്പിയുടെ കഴുത്ത് ഞെരിച്ച് ചില്ലു ഗ്ലാസിലേക്ക് ഒഴിച്ചു. കൂടെ ഭംഗിയുള്ള ഐസ് പീസും. ഒരു കവിൾ ഇറക്കവേ, ഒരുതരം ഞെട്ടലോടെ ആ വാർത്തയും വിവരണവും അറിഞ്ഞു. മാർക്കോസിന്റെ മരണം!.

അതും ഒരു പെസഹാ ദിനത്തിൽ-

ഏത്തവാഴത്തോട്ടത്തിൽ നിന്നും കടവാവലുകൾ പറന്നു പോയി. തീവണ്ടി ചൂളം കുത്തി അകന്നു പോയി. അവിടം പേരയ്ക്കയുടെ മണത്താൽ നിറയുകയായിരുന്നു. ബെഞ്ചമിൻ ബദാം മരത്തിന്റെ ചുവട്ടിൽ പോയി മൂത്രമൊഴിച്ചു. അയാളുടെ കണ്ണുകൾ നിറഞ്ഞിരുന്നു. തിരികെ ചാരുകസേരയിൽ വന്നിരുന്നു. ഉണരുമ്പോൾ നേരം പുലർന്നിരുന്നു. ദുഖവെള്ളി!. അകലെയുള്ള പള്ളിയിൽ നിന്നും ദുഃഖഗീതങ്ങൾ. പുരോഹിതന്റെ ചിലമ്പിച്ച ശബ്ദത്തിൽ പ്രാർത്ഥനയും പ്രസംഗവും.

ഭൂമിയിൽ ഇരുട്ട് പടർന്നു. പെട്ടെന്ന് മഴ പെയ്യാൻ തുടങ്ങി. ചെറു കാറ്റുകൾ ശക്തി പ്രാപിച്ച് കൊടുങ്കാറ്റായി. തുമ്പിക്കൈ വണ്ണത്തിൽ മഴ!.

മഴയിൽ ബദാം മരത്തിന്റെ ശിഖരങ്ങൾ ആടിയുലഞ്ഞു. ക്രമേണ പുഴയിൽ വെള്ളം പൊങ്ങി തുടങ്ങി. ഏത്തവാഴകൾ നിലം പൊത്തി. കുളത്തിലെ മീനുകൾ പുഴയിലേക്ക് ചാടി. മഴ ചുവന്നും നീലിച്ചും പെയ്തു. ഇടയ്ക്ക് ഒന്നു ശമിച്ചു. വീണ്ടും പെയ്തപ്പോൾ മഴയിൽ നിന്നും വെളുത്ത മീനുകൾ വീണു. ചരൽമുറ്റം നിറയെ വെളുത്ത മീനുകൾ ചിതറിക്കിടന്നു പിടച്ചു.

മുറികളിലേക്ക് മഞ്ഞ ശലഭങ്ങൾ പറന്നു വന്നു. ബെഞ്ചമിൻ അന്നേരവും നോവൽ വായിച്ചു കൊണ്ടിരുന്നു. വൈകുന്നേരമായപ്പോൾ മഴ അൽപ്പം കുറഞ്ഞു. ടെലിവിഷനിൽ വാർത്തകൾ വന്നുകൊണ്ടിരുന്നു. നഗരവും, ഗ്രാമവും വെള്ളത്തിൽ മുങ്ങി. റോഡിലൂടെ വള്ളത്തിൽ സൈന്യം ജനങ്ങളെ രക്ഷിക്കുന്നു. മൃഗങ്ങളും മനുഷ്യരും വെള്ളപ്പാച്ചിലിൽ ഒലിച്ചു പോകുന്നു. പെട്ടെന്ന് കറന്റും പോയി. ജലം പതുക്കേ പറമ്പിലേക്കും മുറ്റത്തേക്കും കടന്നു വന്നുകൊണ്ടിരുന്നു. കടവിലെ ബോട്ട് ഓളങ്ങളിൽ ആടി.

ഈസ്റ്റർ ഞായറിന്റെ പുലരി. നിർത്താതെയുള്ള മഴ മൂന്നാം ദിവസത്തിലേക്ക്. കലണ്ടറിൽ ചുവന്ന മഷിമുട്ടിൽ ഉയിർപ്പിന്റെ ഞായർ കിടന്നു പിടഞ്ഞു. ദ്വീപ് വെള്ളത്തിലായി. തിരകൾ അതുവരെ ഉണ്ടാകാതിരുന്ന ഭ്രാന്തിൽ മുക്രയിട്ടു. ബെഞ്ചമിൻ ക്യാപ്റ്റന്റെ യൂണിഫോം തൊപ്പിയെടുത്ത് തലയിൽ വെച്ചു. പഴയ നാവികൻ!. വെള്ളം നീന്തി കടവിലേക്ക് മോട്ടോർ ബോട്ട് അയാളെ മാടി വിളിച്ചു. ബെഞ്ചമിൻ ബോട്ട് ഓൺ ചെയ്തു. പുഴ, മഴയുടെ സ്ഫടിക ജലത്താൽ കണ്ണാടിക്കടലുപോലെ വളർന്നു പന്തലിച്ചു. പൊന്തിയുയർന്നു വരുന്ന അസുര തിരകൾ, ചുഴലിക്കാറ്റ്, വെള്ളത്തിലെ ചുഴികൾ.

അയാൾ ബോട്ട് കായലിലേക്ക് അതിവേഗത്തിൽ ഓടിച്ചു കായലിൽ അനവധി ഹൗസ്ബോട്ടുകൾ മറിഞ്ഞു കിടന്നുരുന്നു. മൃതദേഹങ്ങൾ കായലിൽ ഒഴുകി നടന്നു. പെരുമഴയും കൊടുങ്കാറ്റും തേരോട്ടം നടത്തിയ വഴികൾ തിരമാലകൾ ബോട്ടിനു മുകളിലൂടെ ഉയർന്നു പൊന്തി. ചില ചിന്തകൾ വേശ്യകളെപ്പോലയാണ്. ആദ്യം ഹൃദയത്തിൽ പറ്റി ചേർന്നു നിൽക്കുകയും പിന്നീട് അവ പിണങ്ങി പിരിഞ്ഞ് മറവിയിൽ മറയുന്നു.

ഓർമ്മയുടെ കന്യാവനങ്ങളിലേക്ക് ഒരിക്കൽ കൂടി പറക്കാൻ കഴിയുമോ?. ഇല്ല. മറവി ഓർമ്മകളെ വിഴുങ്ങാൻ പോകുകയാണ്.

കര കാണാതെ വെള്ളം മാത്രം.

വീശിയടിക്കുന്ന കൊടുംകാറ്റിൽ ബോട്ട് നൃത്തമാടി. അയാൾ കായലിന് മദ്ധ്യത്തിൽ ബോട്ട് ഓഫ് ആക്കി. പെട്ടെന്ന് അതിശക്തമായി ഇടിമിന്നൽ.

ജീവിതം അവസാനിക്കുന്നതിന് മുമ്പ് ഒരു ചോദ്യം...?

ഏകാന്തതയുടെ നിറമെന്താണ്.....?

ബദാമിന്റെ കടും നിറം....

മരണമെന്താണ്....?

താമരപൂവിന്റെ ഗന്ധം

നിശബ്ദതയുടെ നിശ്ചലത തണുത്തുറഞ്ഞ ജലത്തിന്റെ പാളികൾ പൊട്ടിച്ച് ഉയർന്നു വരുന്ന ഭാര്യ കാമില. അവളുടെ കാമുകൻ ബെൻ മാർട്ടിൻ. മകൾ നവോമി.

ബഞ്ചമിൻ ഒരു നിമിഷം സ്തംഭിച്ചു നിന്നു. കരീബിയൻ കടലിൽ കൊന്നു തള്ളിയ മൂന്നു ജീവികൾ. അമ്മയും മകളും, ഉറ്റ സുഹൃത്തും. എങ്ങനെക്ഷമിക്കാൻ പറ്റും ആ വഞ്ചന. അമ്മയും മകളും ഓരാളെ പ്രേമിക്കുകയും, കാമിക്കുകയും, സുരതക്രിയകളിൽ ഏർപ്പെടുകയും ചെയ്യുക, ആ കാഴ്ച നേരിട്ട് കാണുക. എന്തൊരു കാഴ്ച.

തരളിതമായ വികാരത്തിൽ മകളെ രക്ഷിക്കാനായി കൈ നീട്ടി. നീട്ടിയ കൈയുടെ റിസ്റ്റ് വാച്ച് മാത്രം ജലത്തിന് മുകളിൽ ഒരു നിമിഷം. ബോധം ഉണരുമ്പോൾ തണുത്തുറഞ്ഞ മഞ്ഞു പാളികൾക്കിടിയിലൂടെ മരണത്തിലേക്ക് ആഴക്കടലിടുക്കുകളെ തേടി- ആത്മാവിന്റെ നഗ്നതയിലേക്ക് -പ്രേമത്തിനും രതിയ്ക്കും, പാപത്തിനുമിടയിൽ പുണ്യത്തിലേക്ക് ഭയരഹിത സുഖനിദ്രയിലേക്ക്.

ജലംപോലെ ഒഴുകുന്ന പ്രകാശത്തിൽ മഞ്ഞിൻ പാളികളിൽ തെളിഞ്ഞു വരുന്ന രക്തക്കറകളും ദിവസങ്ങൾ കഴിഞ്ഞിട്ടും ജീർണ്ണിക്കാതെ ശവശരീരവും ഓർമ്മകളുടെ ബോധത്തിന്റെ അതിരുകളെ മാന്ത്രിക ലോകത്തേക്ക് ചേർത്തു പിടിക്കുന്നു.

ചെകുത്താൻ ദ്വീപിലെ രണ്ടാം നിലയിൽ ഓടിക്കയറിയ കൊളമ്പിയാ എന്ന പട്ടി മാത്രം നിർത്താതെ കുരച്ചുകൊണ്ടിരുന്നു.



Email : [illegible]venir@gmail.com




MANGALA
access to prosperity

**Mangala Marine Exim India Pvt.Ltd**
**Aroor Thoppumpady Rd, NH 47, Bakery,**
**Edakochi, Kochi, Kerala 682010**



# വരും തലമുറയ്ക്കായി നമുക്കിതു ചെയ്തു തീർക്കാം

ബേബി പാറക്കാടൻ

വള്ളംകളിയുമായി ബന്ധപ്പെട്ടുള്ള ചരിത്ര വസ്തുതകളും വസ്തുക്കളും വരും തലമുറയ്ക്കായി ശേഖരിച്ച് സൂക്ഷിക്കുവാൻ നമ്മൾ ഉത്തരവാദിത്തപ്പെട്ടവരാണ്. ഇപ്പോൾ ഉള്ള തലമുറ തന്നെ പഴയ ചരിത്രങ്ങൾ വിസ്മരിച്ചിരിക്കുന്നു. ആലപ്പുഴ ജില്ലയിലെ പ്രത്യേകിച്ച് കുട്ടനാടൻ മേഖലയിലെ ചരിത്രം രേഖപ്പെടുത്തി പ്രദർശനം ചെയ്യേണ്ടതാണ്.

സമുദ്രനിരപ്പിൽനിന്ന് താഴെ സ്ഥലത്ത് നെൽകൃഷി ചെയ്യുന്ന ലോകത്തിലെ രണ്ട് സ്ഥലങ്ങളിൽ ഒന്നാണ് കുട്ടനാട്. അപ്പോൾ കുട്ടനാടിന്റെ ചരിത്രം പഠന വിധേയമാക്കേണ്ടതാണ്. കൃഷിയുടെ പാരമ്പര്യം, കൃഷി രീതികൾ, കൃഷിക്കായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ ആയുധങ്ങൾ, യന്ത്രവൽക്കരണത്തിന് മുന്നോടിയായി നടപ്പിലാക്കിയിരുന്ന കൃഷി സമ്പ്രദായം, വിവിധങ്ങളായ നെൽ വിത്തുകൾ, വെള്ളത്തിൽ നിന്നും കൃഷി നിലങ്ങളെ വേർതിരിക്കുന്ന മൺചിറകളുടെ നിർമ്മാണ രീതി, കൃഷിയെ ബാധിക്കുന്ന രോഗങ്ങൾ, അവയെ നിയന്ത്രിക്കുന്നതിനും നശിപ്പിക്കുന്നതിനും സ്വീകരിച്ചിരുന്ന രീതികൾ, കൃഷിക്കായി കർഷകൻ ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ തുടങ്ങി കൃഷിയെ സംബന്ധിക്കുന്ന മുഴുവൻ കാര്യങ്ങളും സമഗ്രമായി പ്രതിപാദിക്കുന്ന ചരിത്രം നമുക്ക് രേഖപ്പടുത്തണം.

നെൽകൃഷിയുടെ ഓരോ ഘട്ടത്തിലും തൊഴിലാളികൾ നാടൻ പാട്ടുകൾ പാടിയിരുന്നു. ചക്രപ്പാട്ട്, ഞാറ്റ്പാട്ട്, കുത്തുപാട്ട്, കൊയ്ത്തുപാട്ട് തുടങ്ങി വിവിധ ഈണത്തിലും താളത്തിലുമുള്ള നാടൻ പാട്ടുകളുടെ ഒരു ശേഖരം തന്നെ നമുക്കുണ്ട്. അന്യം നിന്നു എന്നു കരുതാവുന്ന ഒരു ശാഖയാണിത്.



വള്ളങ്ങളുടെ ചരിത്രം-കളിവള്ളങ്ങളുടെ മാതൃകകൾ, വള്ളങ്ങളുടെ ഉത്ഭവ ചരിത്രം തുടങ്ങി വള്ളങ്ങളെ സംബന്ധിക്കുന്നതെന്തും വിസ്തരിക്കുന്ന ചരിത്രവും നമുക്ക് വേണ്ടിയിരിക്കുന്നു.

കളിവള്ളങ്ങൾ മാത്രമല്ല, യാത്രയ്ക്കായി ഉപയോഗിക്കുന്ന ചെറുവള്ളങ്ങൾ, ഒറ്റയ്ക്ക് യാത്ര ചെയ്യാവുന്ന കൊതുമ്പു വള്ളങ്ങൾ, വിവിധയിനം കേവു വള്ളങ്ങൾ തുടങ്ങി വള്ളങ്ങൾ നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ടുള്ള ഒരു പഴയകാല ചരിത്രം പുതുതലമുറയ്ക്ക് പുതിയ അനുഭവമായിരിക്കും.

പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരുന്ന ജനവിഭാഗങ്ങളുടെ ജീവിത രീതികളും തൊഴിൽ രീതികളും ഇന്ന് മനസിലാക്കുവാൻ പഴയ ചരിത്രം ആവിഷ്ക്കരിച്ചേ മതിയാകൂ. ഉത്സവങ്ങളും ആഘോഷങ്ങളും ഇന്നത്തേക്കാൾ വ്യത്യസ്ഥമായിരുന്നു. അതിന്റെ പാരമ്പര്യം പറഞ്ഞാൽ മാത്രമേ അറിയാവൂ.

വിസ്മൃതിയിലാണ്ടുപോയ തൊഴിലുപകരണങ്ങൾ നിരവധിയുണ്ട്. പുതുതലുറ കണ്ടിട്ടില്ലാത്ത, കേട്ടിട്ടില്ലാത്ത നിരവധി ഉപകരണങ്ങൾ. അവയെല്ലാം ശേഖരിച്ച് പ്രദർശിപ്പിക്കാൻ നമ്മൾക്ക് ഉത്തരവാദിത്തമുണ്ട്. തൊഴിലുപകരണങ്ങൾ മാത്രമല്ല, ഗൃഹോപകരണങ്ങൾ, നിത്യോപയോഗ സാധനങ്ങൾ, കൃഷി ഉപകരണങ്ങൾ തുടങ്ങിയവ ശേഖരിക്കുകയോ പുനഃസൃഷ്ടിക്കുകയോ ചെയ്യണം.
കാലത്തിന്റെ ചരിത്രം എന്നു പറയുമ്പോൾ എല്ലാം അടങ്ങിയിരിക്കണം. കൗതകകരമായ പഠനത്തിനു സഹായിക്കുന്ന വിധം ഇവയെല്ലാം ക്രമീകരിച്ചാൽ പുതു തലമുറയ്ക്ക് നമുക്ക് നൽകാവുന്ന വലിയ സമ്മാനവും സംഭാവനയും ആയിരിക്കും എന്നതിന് തർക്കമില്ല.ചരിത്രം പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് പഴമയെ കണ്ടെത്തുവാൻ ശ്രമിക്കുന്നവർക്ക് ഇതൊരു അഭയകേന്ദ്രമായിരിക്കും.

കോന്നിയൂർ ബാലചന്ദ്രൻ



# മലയാള ഗീതം



ഒരു തിര വന്നു മൊഴിഞ്ഞു
വസുധയിതെന്തു മനോജ്ഞം!
മറുതിരമെല്ലെ മൊഴിഞ്ഞു
വസുധയിതല്ലോ മലയാളം!
മലയാളം....മലയാളം......നമ്മുടെ മലയാളം!!

അലകളലുക്കുകൾ ചാർത്തി
നുരകൾകൊലുസ്സുകൾ ചാർത്തി
രവികിരണങ്ങൾ അവളുടെ മാറിൽ
നിറമാലകൾ ചാർത്തി
രാസവിലാസ വിലോലപദങ്ങൾ
കേളിയിലുണരുകയായി!
മലയാളം....മലയാളം......നമ്മുടെ മലയാളം!!
തിരുവാതിരയുടെ കുളിരല ചാർത്തിയ
പുതിയ വിഭാതങ്ങൾ
വില്ലുകൾ കൊട്ടി പാടിയുണർത്തിയ
ചിങ്ങത്തോറ്റങ്ങൾ!
കുഞ്ഞോളങ്ങളിലമ്മാനക്കളി
യാടും വള്ളങ്ങൾ
കലയുടെ കേളീനളിനം വിടരും
നിളയുടെ പുളിനങ്ങൾ!
എല്ലാമൊന്നിച്ചൊരേ സ്വരത്തിൽ
എന്നും പാടുന്നു.
മലയാളം....മലയാളം......നമ്മുടെ മലയാളം!!



രതിഷ് ഭജനമഠം,



# ആലപ്പി വിൻസെന്റും മലയാള സിനിമയും



ഊടുറ്റ സിനിമകൾ കൊണ്ടും അതുല്യരായ അഭിനേതാക്കളേയും സിനിമാപ്രവർത്തകരേയും കൊണ്ടും സിനിമാരംഗത്ത് ആഗോളതലത്തിൽ തന്നെ ഏറെ പ്രശസ്തമായ നാടാണ് കേരളം. കേരളത്തിന്റെ കലാസാംസ്ക്കാരികചരിത്രത്തിൽ ഏറെ ശ്രദ്ധേയമായ ആലപ്പുഴ പട്ടണവും ജില്ലയും സിനിമാരംഗത്തും നാടകപ്രവർത്തനങ്ങൾക്കും ഏറെ പ്രശസ്തമായ നാടാണ്. നിരവധി മികച്ച ചലച്ചിത്ര പ്രതിഭകളേയാണ് ആലപ്പുഴ സിനിമാലോകത്തിന് സംഭാവനയായി നൽകിയിട്ടുള്ളത്. ആ ഗണത്തിൽ പ്രഥമ സ്ഥാനമാണ് മലയാളസിനിമ ചരിത്രത്തിലെ ആദ്യകാല പ്രവർത്തകനും ആദ്യമലയാളഭാഷ ചിത്രത്തിന്റെ ജനയിതാവും സ്നാപകനും എന്നറിയപ്പെടുന്ന ആലപ്പി വിൻസെന്റിനുള്ളത്.

ലോകത്ത് ആദ്യമായി പുറത്തിറങ്ങിയ ചലച്ചിത്രത്തിന്ശേഷം 18 വർഷം കഴിഞ്ഞാണ് ഭാരതത്തിലെ ആദ്യത്തെ ചിത്രമായ രാജാഹരിചന്ദ്ര 1913- ൽ ദാദാ സാഹിബ് ഫാൽക്കേ നിർമ്മിച്ച് പ്രദർശിപ്പിച്ചത്. പിന്നേയും 15 വർഷങ്ങൾ കഴിഞ്ഞാണ് കേരളക്കരയിൽ സിനിമയുടെ പ്രവർത്തനങ്ങൾ നടന്നത്. തിരുവനന്തപുരം സ്വദേശിയായ ജെ.സി ഡാനിയേൽ നിർമ്മിച്ച് സംവിധാനം നിർവ്വഹിച്ച കേരളത്തിലെ ആദ്യ നിശബ്ദ ചിത്രമായ വിഗതകുമാരൻ 1928 നവംബർ7 ന് പ്രദർശിപ്പിക്കപ്പെട്ടു.പിന്നെയും മലയാളഭാഷ ശബ്ദചിത്രത്തിന് പത്ത് വർഷങ്ങൾ കൂടി കാത്തിരിക്കേണ്ടിവന്നു. ആദ്യമലയാളഭാഷ സിനിമ സേലത്തെ ടി.ആർ. സുന്ദരത്തിന്റെ മോഡേൺ തിയറ്റേഴ്സ് 1938 -ൽ നിർമ്മിച്ച ബാലനാണ്. പ്രഥമ മലയാളഭാഷ ചിത്രമായ ബാലന്റെ നിർമ്മാണത്തിലെ പ്രധാനപ്രേരകശക്തിയും ചിത്രനിർമ്മാണത്തിൽ മുഖ്യപങ്കുവഹിച്ചതും ആലപ്പി വിൻസെന്റായിരുന്നു. മലയാളഭാഷാചിത്രം കേരളത്തിൽ കൊണ്ടുവരാനും ആ ചിത്രം പുറത്തിറങ്ങാനും വലിയ പരിശ്രമങ്ങൾ നടത്തിയ ആലപ്പി വിൻസെന്റാണ് പ്രഥമ മലയാളഭാഷാ ചിത്രത്തിലെ ആദ്യ ഡയലോഗ് പറഞ്ഞതും ആദ്യഫ്രയിമിൽ പ്രത്യക്ഷപ്പെട്ടതും എന്നത് സ്മരണീയമാണ്.




കേരളത്തിൽ മലയാള സിനിമയ്ക്ക് അടിത്തറ പാകിയവരിൽ പ്രമുഖനായ സേവ്യർ വിൻസെന്റ് എന്ന ആലപ്പി വിൻസെന്റ് ആലപ്പുഴ പട്ടണത്തിലെ തീരഗ്രാമമായ തുമ്പോളിയ്ക്ക് അടുത്തുള്ള കാഞ്ഞിരംചിറ പൊള്ളയിൽ കുടുംബത്തിലെ വിൻസെന്റ്-മാർഗരറ്റ് ദമ്പതികളുടെ മകനായി 1909 ആഗസ്റ്റ് 19-ന് ഭൂജാതനായി.മലയാള നാടകവേദിയിലെ അതുല്യപ്രതിഭാശാലിയും പ്രഗൽഭനാടകനടനും ഗായകനുമായ സെബാസ്റ്റ്യൻ കുഞ്ഞു കുഞ്ഞു ഭാഗവതർ,വിൻസെന്റിന്റെ ജ്യേഷ്ഠസഹോദരനാണ്. ചെറുപ്പം മുതൽ വിൻസെന്റിനും കലാപ്രവർത്തനങ്ങളോട് വലിയ താത്പര്യമുണ്ടായിരുന്നു.ആലപ്പുഴ ലിയോ തേർട്ടീന്ത് സ്കൂളിൽ ഹൈസ്ക്കൂൾ പഠനം പൂർത്തിയാക്കി അദ്ദേഹം എറണാകുളം മഹാരാജാസ് കോളേജിൽ നിന്ന് ഉന്നതബിരുദം നേടി. തുടർപഠനത്തിനായി അദ്ദേഹം എറണാകുളം ലോ കോളേജിൽ ചേർന്നെങ്കിലും കലയോടും സിനിമാപ്രവർത്തനങ്ങളോടുമുള്ള അമിതമായതാത്പര്യം മൂലം അദ്ദേഹം ഇറങ്ങിത്തിരിച്ച് എത്തിപ്പെട്ടത് സേലത്തായിരുന്നു. യാത്രമദ്ധ്യേ തീവണ്ടിയിൽവച്ച് സേലം മോഡേൺ തിയറ്റേഴ്സ് ഉടമ ടി.ആർ സുന്ദരത്തെ യാദർച്ഛികമായി അദ്ദേഹം പരിചയപ്പെട്ടതാണ് ആദ്യമലയാളഭാഷാചിത്രമായ ബാലന്റെ നിർമ്മാണത്തിന് വഴിതെളിച്ചത്. ഇവർ കൂടിയാലോചിച്ചാണ് ആദ്യമലയാളസിനിമയുടെ ഒരുക്കങ്ങൾ ആരംഭിച്ചത്.പ്രഥമ മലയാളഭാഷാ ചിത്രം നിർമ്മിക്കാൻ ടി.ആർ സുന്ദരത്തെ ഏറെ പ്രേരിപ്പിച്ചതും വലിയ പ്രചോദനം നൽകിയതും വിൻസന്റായിരുന്നു. ഇതിന്റെ സംവിധായകൻ ബോംബേ സ്വദേശിയായ എസ്. നൊട്ടാണിയായിരുന്നു. ബാലന്റെ തിരക്കഥയും ഗാനങ്ങളും എഴുതിയത് മുതുകുളം രാഘവൻപിള്ളയായിരുന്നു.നടീനടന്മാരെ കണ്ടെത്തിയത് വിൻസെന്റായിരുന്നു. സിനിമയുടെ ചിത്രീകരണം നടന്നത് സേലത്തായിരുന്നു.ചെന്നൈയിലെ ശ്യാമള പിക്ചേഴ്സ് സിനിമ തിയറ്ററുകളിൽ എത്തിച്ചു.1938 ജനുവരി പത്തിന് ബാലൻ എറണാകുളം സെലക്റ്റ് ടോക്കീസിൽ പ്രദർശിപ്പിച്ചു. ബാലനിലെ വിരുതൻ ശങ്കു എന്ന കഥാപാത്രത്തെയാണ് വിൻസെന്റ് അവതരിപ്പിച്ചത്. മലയാളശബ്ദ ചിത്രചരിത്രത്തിൽ ആദ്യം

കേട്ട ശബ്ദവും വെളിച്ചത്തിൽ ആദ്യം പതിഞ്ഞ മുഖവും അദ്ദേഹത്തിന്റേതായിരുന്നു. ഒട്ടും അനുകൂലമല്ലാത്ത സാഹചര്യത്തിൽ മലയാളത്തിൽ സിനിമ എന്ന ആശയത്തെക്കുറിച്ച് അധികമാരും ചിന്തിച്ച് തുടങ്ങിയിട്ടില്ലാത്ത അവസരത്തിൽ വിൻസെന്റ് എന്ന യുവ കലാസ്നേഹിയുടെ ധീരമായ യത്നം ഒന്നുകൊണ്ട് മാത്രമാണ് പലരും കയ്യൊഴിഞ്ഞിട്ടും ബാലൻ പുറത്തിറങ്ങാൻ ഇടയായതെന്നാണ് ആലപ്പി വിൻസെന്റിന്റെ ജീവചരിത്രമെഴുതിയ ഡോ. സെബാസ്റ്റ്യൻ പോൾ രേഖപ്പെടുത്തിയിരിക്കുന്നത്.

ബാലന്റെ വിജയത്തിനു ശേഷം രണ്ടാമത്തെ മലയാള ശബ്ദ ചിത്രമായ ജ്ഞാനാംബികയുടെ നിർമ്മാണത്തിനും ആലപ്പി വിൻസെന്റ് സുപ്രധാനനേതൃത്വം നൽകി. ശ്യാമള പിക്ചേഴ്സ് ഉടമ അണ്ണാമല ചെട്ടിയാർ നിർമ്മിച്ച് എസ് നെട്ടാണിയാണ് അത് സംവിധാനം ചെയ്തത്. ആലപ്പുഴയിലെ സി. മാധവൻപിള്ളയുടെ ജ്ഞാനാംബിക എന്ന നോവലാണ് ചലച്ചിത്രമാക്കിയത്. വിൻസെന്റും സഹോദരൻ കുഞ്ഞുകുഞ്ഞു ഭാഗവതരും സി മാധവൻ പിള്ളയും ചേർന്ന് സിനിമയുടെ സ്ക്രിപ്റ്റ് തയ്യാറാക്കി. മഹാകവി പുത്തൻകാവ് മാത്തൻ തരകന്റെ ഗാനങ്ങൾക്ക് ടി കെ ജയരാമയ്യർ സംഗീതം നൽകി. കുഞ്ഞുകുഞ്ഞു ഭാഗവതരുമായി ആലോചിച്ചാണ് നടീനടന്മാരെ കണ്ടെത്തിയത്. 1940ൽ പ്രദർശനത്തിന് എത്തി വൻ വിജയമായിത്തീർന്ന ജ്ഞാനാംബികയിൽ നായകൻ കുഞ്ഞു കുഞ്ഞു ഭാഗവതരും വില്ലൻ കഥാപാത്രം വിൻസന്റുമായിരുന്നു. ഭാരത സിനിമാ ചരിത്രത്തിൽ തന്നെ ആദ്യമായാണ് സഹോദരങ്ങൾ പ്രധാനവേഷങ്ങളിൽ അഭിനയിക്കുന്നത്. പിന്നീട് അദ്ദേഹം നേതൃത്വം നൽകിയ ഒരു പ്രധാനചലച്ചിത്രമായിരുന്നു തമിഴിലും മലയാളത്തിലുമായി ചിത്രീകരണം നടന്ന ജനോവ എം.ജി.ആർ നായകനായ ജനോവായിൽ വിൻസെന്റും എം.ജി.ആറിന്റെ സഹോദരൻ ചക്രപാണിയും പ്രധാനനടന്മാരായിരുന്നു. ഈ സിനിമയും വൻ വിജയമായിരുന്നു.

കലാരംഗം എന്നപോലെ രാഷ്ട്രീയ-സാമൂഹിക രംഗത്തും വിൻസെന്റ് പ്രവർത്തിച്ചിട്ടുണ്ട്. പുന്നപ്ര-വയലാർ സമരകാലഘട്ടത്ത് അദ്ദേഹം രാഷ്ട്രീയ – പ്രവർത്തന രംഗത്ത് സജീവ സാന്നിദ്ധ്യമായിരുന്നു. ആലപ്പുഴയിലെ പ്രമുഖ തൊഴിലാളി നേതാവായിരുന്ന ടി.വി.തോമസുമായുള്ള അടുത്ത സൗഹൃദബന്ധമാണ് അദ്ദേഹത്തിന് രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് വഴികാട്ടിയായത്.തിരുവിതാംകൂർ ശ്രീമൂലം അസംബ്ലിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ സ്റ്റേറ്റ് കോൺഗ്രസ് സ്ഥാനാർത്ഥിയായി മത്സരിച്ച് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. ആ കാലത്തും കൂടുതൽ സമയം കലാപ്രവർത്തനങ്ങൾക്ക് വേണ്ടി വിനിയോഗിക്കാനാണ് അദ്ദേഹം ഏറെ ആഗ്രഹിച്ചത്. ആ കാലഘട്ടത്ത് കേരളത്തിലെ സിനിമകൾ തമിഴ്നാട്ടിലെ സ്റ്റുഡിയോകളിലാണ് ചിത്രീകരിച്ചിരുന്നത്. മലയാളസിനിമകൾ ചിത്രീകരിക്കാൻ നാട്ടിൽതന്നെ സ്റ്റുഡിയോ വേണമെന്ന് അതിയായി ആഗ്രഹിച്ച അദ്ദേഹം അതിനായും ശക്തമായി നിലകൊള്ളുകയും ആരംഭപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. അദ്ദേഹം ഉൾപ്പെടെയുള്ളവരുടെ ശ്രമഫലമായാണ് കേരളത്തിലെ ആദ്യചലച്ചിത്ര നിർമ്മാണ കേന്ദ്രമായ ആലപ്പുഴ ഉദയാസ്റ്റുഡിയോ സ്ഥാപിതമായത്. ടി.വി. തോമസ്, ചെട്ടിക്കാട് ഹർഷൻപിള്ള എന്നിവരൊടൊപ്പം ചേർന്ന് വിൻസെന്റ് ഉദയാപിക്ചേഴ്സ് എന്ന ഒരു ചലച്ചിത്ര കമ്പനി രജിസ്ട്രർ ചെയ്തു.തുടർന്ന് ടി.എം. വർഗ്ഗീസ്, ഇ. ജോൺ ഫിലിപ്പോസ്, കുഞ്ചാക്കോ, വെണ്ടർ കൃഷ്ണപിള്ള, പ്ലാന്റർ ചേപ്പാട് മാത്തുക്കുട്ടി, ഹസ്സൻപിള്ള തുടങ്ങിയ പ്രമുഖ വ്യക്തികൾ അതിൽ പങ്കാളിയായി. ടി. എം വർഗ്ഗീസ് ചെയർമാനും മറ്റുള്ളവർ ഡയറക്ടർനമാരായും ഉദയ സ്റ്റുഡിയോ രജിസ്റ്റർ ചെയ്തു. കുഞ്ചാക്കോയുടെ പാതിരപ്പള്ളിയിലുള്ള ഭവനവും അഞ്ചേക്കർ സ്ഥലവും തന്റെ ഷെയർ എന്ന നിലയ്ക്ക് കുഞ്ചാക്കോ സ്റ്റുഡിയോ സ്ഥാപിക്കാൻ വിട്ടു നൽകി. 1947 ഡിസംബർ 25-ന് ഉദയാ സ്റ്റുഡിയോയുടെ ശിലാസ്ഥാപനം നടന്നു. തുടർന്ന് വിൻസെന്റിന്റെ വലിയ സ്വപനമായിരുന്ന കേരളത്തിനൊരു സ്വന്തം സ്റ്റുഡിയോ എന്ന സ്വപ്നം യാഥാർത്ഥ്യമായി. കെ കൃഷ്ണൻപിള്ള രചിച്ച വെള്ളിനക്ഷത്രമാണ് ഉദയായിൽ ആദ്യമായി നിർമ്മിച്ച സിനിമ. ഇതിൽ വിൻസെന്റും അഭിനയിച്ചിരുന്നു. ഇതിൽ ആദ്യമായി അഭിനയിച്ച ഭരണങ്ങാനം സ്വദേശിനി സുപ്രസിദ്ധ

യായ സിനിമാതാരം മിസ് കുമാരിയ്ക്ക് അതിനുള്ള അവസരം നൽകിയത് വിൻസെന്റായിരുന്നു. തുടർന്ന് കുറച്ചു കാലം കൂടി അദ്ദേഹം ഉദയായു മായി സഹകരിച്ചു പ്രവർത്തിച്ചിരുന്നു. പിന്നീട് കുഞ്ചാക്കോയുമായി ഉണ്ടായ ചില അഭിപ്രായ വ്യത്യാസങ്ങൾ കാരണം വിൻസെന്റ് ഉദയായിൽ നിന്ന് പിരിഞ്ഞു.

തുടർന്നും അദ്ദേഹം സിനിമ പ്രവർത്തനരംഗത്ത് തന്നെ ഉറച്ചു നിന്നു. അദ്ദേഹത്തിന്റെ അടുത്ത പരി ശ്രമം മറ്റൊരു സ്റ്റുഡിയോ ആരംഭിക്കുന്നതിനെപറ്റി യായിരുന്നു. ഭാരതത്തിലെ തന്നെ ആദ്യ സിനിമാ മേഖലയിലെ സഹകരണപ്രസ്ഥാനത്തിന്റെ സ്ഥാപ കനും അദ്ദേഹമാണ്. 1957 ൽ ഇ എം എസ് സർക്കാർ സ്റ്റുഡിയോ സ്ഥാപിക്കുന്നതിനു വേണ്ടി ആലു വയ്ക്ക് അടുത്തുള്ള തോട്ടുമുഖം കൊടുകുത്തി മല യിലെ സർക്കാർ ഭൂമി സഹകരണാടിസ്ഥാനത്തിൽ പാട്ടത്തിനു നൽകി. അവിടെ ചലച്ചിത്ര നിർമ്മാണ ശാല സ്ഥാപിക്കാൻ വേണ്ടി വിൻസെന്റ് സെക്രട്ടറി യായി ആരംഭിച്ച കോ-ഓപ്പറേറ്റീവ് സൊസൈറ്റി യാണ് അജന്ത സ്റ്റുഡിയോ. അദ്ദേഹത്തിനൊപ്പം പങ്കജം ടാക്കീസ് ഉടമ കരുണാകരൻ പിള്ള, ചേല ങ്ങാട്ടു ഗോപാലകൃഷ്ണൻ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റിയുടെ നേതൃത്വത്തിലാണ് സഹകരണാടി സ്ഥാനത്തിലുള്ള ആദ്യ സ്റ്റുഡിയോയായ അജന്ത യുടെ നിർമ്മാണം പൂർത്തിയായത്. 1960 ഡിസംബർ 28 ന് അജന്ത സ്റ്റുഡിയോയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഓളവും തീരവും, ജന്മഭൂമി, അഴകുള്ള സെലീനതുടങ്ങിയ നിരവധി സിനിമകൾ അജന്ത സ്റ്റുഡിയോയിൽ നിർമ്മിച്ചിട്ടുണ്ട്. തന്റെ ആദ്യഭാര്യയും രണ്ടാമത്തെ ഭാര്യയും മരണപ്പെട്ടതു ഉൾപ്പെടെയുള്ള അനവധി ദുഃഖങ്ങളും പ്രയാസങ്ങളും ജീവിതത്തിൽ ഉണ്ടായെങ്കിലും അദ്ദേഹം തന്റെ ജീവിതം പരിപൂർണ്ണ മായി കലാപ്രവർത്തനങ്ങൾക്ക് വേണ്ടി മാറ്റിവച്ചു. പിന്നീട് സ്റ്റുഡിയോയുടെ പ്രവർത്തനവും നിലച്ചു.

മലയാള സിനിമ ലോകത്തിന് അനവധി അതുല്യ സംഭാവനകൾ നൽകിയ വിൻസെന്റിന്റെ 'ഹലോ മിസ്റ്റർ' എന്ന ആദ്യ ശബ്ദത്തിലൂടെയാണ് പ്രഥമ മലയാളഭാഷ ചിത്രം പുറത്തിറങ്ങിയത്. മല യാള സിനിമയുടെ ചരിത്രത്തിൽ വലിയ സ്ഥാനമുള്ള അദ്ദേഹം അർഹിക്കുന്ന രീതിയിൽ സ്മരിക്കപ്പെടു കയോ ആദരിക്കപ്പെടുകയോ ചെയ്യുന്നില്ല. മലയാള ഭാഷ ചിത്രത്തിന്റെ ആരംഭം മുതൽ അമൂല്യ സംഭാവന കൾ നൽകിയ അതുല്യ പ്രതിഭ ആലപ്പി വിൻസെന്റ് 1992 ജൂലൈ 12– ന് അന്തരിച്ചു. ചരിത്രത്തിന്റെ ഭാഗ മായി മാറി. അദ്ദേഹത്തെ സംസ്ക്കരിച്ചിരിക്കുന്നത് ആലുവ തോട്ടുമുഖം പെരിയാർമുഖം സെന്റ് ആൻഡ്രൂസ് ദേവാലയ സെമിത്തേരിയിലാണ്. പ്രമുഖ മാധ്യമ പ്രവർത്തകനും പത്രപ്രവർത്തകനും എഴുത്തു കാരനും മുൻ എം പിയും എം എൽ എയുമായിരുന്ന ഡോ. സെബാസ്റ്റ്യൻപോൾ എഴുതിയ വിൻസെന്റിനെകുറിച്ചുള്ള ജീവചരിത്രഗ്രന്ഥത്തിന് "ആലപ്പി വിൻസെന്റ്: മലയാള സിനിമയുടെ സ്നാപ കൻ" എന്ന പേരാണ് നൽകിയത്. ആലപ്പി വിൻസെന്റ് കാലയവനികയ്ക്കുള്ളിൽ മൺമറഞ്ഞ് ഓർമ്മകളുടെ ഭാഗമായതിന്റെ 25ാം വാർഷികമാണ്. ആ കലാപ്രതിഭ യുടെ ചരമരജത ജൂബിലിയ്ക്ക് പ്രണാമം.





അഡ്വ.സദാനന്ദൻ പാണാവള്ളി

# പിന്നിട്ട പാതകൾ

പിന്നിട്ട പാതയിൽ പരതിനോക്കുന്നു ഞാൻ
പിച്ചവയ്പിച്ചോരാപദമുദ്രകൾ
ഈറൻതലമുടി ഒതുക്കിയെൻ മൂർദ്ധാവിൽ
ഉമ്മവച്ചോരാ അധരത്തുടിപ്പുകൾ
എപ്പോഴൊ നഷ്ടമായ് എനിക്കവപൂർണ്ണമായ്
വിലയോർത്തിടാതെ ഞാനെൻ അഹന്തയിൽ

വൃദ്ധസദനത്തിനഴികളിൽ കയ്യൂന്നി
വ്യർത്ഥമായ് പാതതിരയുന്നെൻ കണ്ണുകൾ
അച്ഛനെന്നൊരുവിളി കേട്ടിടാനായ്
കാതുകൂർപ്പിച്ചുകുഴയുന്നു പകലുകൾ
പാതിരാവിലന്ത്യമാംയാമത്തിൽ

കേൾക്കാറുണ്ടു ഞാൻ  വിറയാർന്നജല്പനം
ആളുമർത്ഥവും ശാശ്വതമല്ലെന്ന
അമ്മയേകിയ സത്യമാം മന്ത്രണം


Manufacturers & Exporters of Coir Yarn,
Products of Coir, Jute, Sisal,
Rubber and Seagrass
Palm Fibre (India) Private Limited
ALLEPPEY • COCHIN • GURGAON
CORPORATE OFFICE
Pathirappally P.O; Alleppey 688 521, Kerala, India,
Tel:91-477-2258172, fax:91-477-2258171,
Email:palm@palmfibreindia.com /www.palmfibreindia.com
REGISTERED OFFICE
Calvethy, Cochin-682001,Kerala, India
Tel: 91- 484-2217091, Email: palmfibr@md2.vsnl.net.in
DIVISIONAL OFFICE
Plot No.860,Phase V, Udyog Vihar, Gurgaon, Haryana - 122016
Tel:91-124 - 4005972,91-124 4005971,Email: palmfibre@airtelmail.in





ഫിറോസ് അഹമ്മദ് എ.
(പരിസ്ഥിതി പ്രവർത്തകൻ)

# 156-ാം വയസ്സിലും പ്രകാശം ചൊരിഞ്ഞ് വിളക്കുമരം

**1862 മാർച്ച് 28 നാണ് ലൈറ്റ്ഹൗസ് നിർമിച്ചത്. ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്തും ദക്ഷിണ തീരത്തും ഇത്തരത്തിലുള്ള ആദ്യത്തെ ലൈറ്റ്ഹൗസും നമ്മുടെ സ്വന്തം കിഴക്കിന്റെ വെനീസായ ആലപ്പുഴയുടെതാണ്.**

ആലപ്പുഴയുടെ ചരിത്രത്തോളം പ്രാധാന്യത്തോടെ തല ഉയർത്തി നിൽക്കുന്ന ലൈറ്റ്ഹൗസ് സ്ഥാപിതമായിട്ട് ഇപ്പോൾ 156 വർഷം പിന്നിട്ടിരിക്കുന്നു. പാശ്ചാത്യരീതിയിൽ നിർമ്മിക്കപ്പെട്ട ആധുനിക ലൈറ്റ് ഹൗസുകളിൽ രാജ്യത്തെ ഏറ്റവും പഴക്കംചെന്ന രണ്ടാമത്തെ ലൈറ്റ്ഹൗസ് ആണ് ആലപ്പുഴയിലേത്. 1862 മാർച്ച് 28നാണ് ഇവിടെ ലൈറ്റ്ഹൗസ് നിർമ്മിക്കപ്പെട്ടത്. ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്തും ദക്ഷിണതീരത്തും ഇത്തരത്തിലുള്ള ആദ്യത്തെ ലൈറ്റ്ഹൗസും നമ്മുടെ സ്വന്തം ആലപ്പുഴയുടെതാണ്.





1859 മാർച്ച് 17 നാണ് ആലപ്പുഴയിൽ ലൈറ്റ്ഹൗസ് സ്ഥാപിക്കാൻ ഉത്തരവിറക്കിയത്. ഇതിന്റെ അടിസ്ഥാനത്തിൽ 1860 ലാണ് വിളക്കുമരത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചത്. 1862 ൽ തിരുവിതാംകൂർ ഭരിച്ചിരുന്ന ആയില്യം തിരുനാൾ രാമവർമ്മ മഹാരാജാവിന്റെ കാലത്താണ് ലൈറ്റ്ഹൗസിന്റെ പണി പൂർത്തിയായത്. ആയില്യം തിരുനാളിന്റെ കാലത്ത് റസിഡന്റ് ആയിരുന്ന ഫ്രാൻസിസ് ന്യൂ മോൾബിയുടെ ഭാര്യ മിസ്സിസ് മോൾബിയാണ് ലൈറ്റ്ഹൗസ് ആദ്യമായി പ്രകാശിപ്പിച്ചത്. ഹ്യൂ ക്രാഫോർഡ് എന്ന സ്കോട്ട്ലാൻഡുകാരനായിരുന്നു വിളക്കുമരത്തിന്റെ ശില്പി. പ്രമുഖമായും സുർക്കിയും വെട്ടുകല്ലുമായിരുന്നു വിളക്കുമരത്തിന്റെ നിർമ്മാണത്തിനായി ഉപയോഗിച്ചത്.

തിരക്കേറിയ ആലപ്പുഴ തുറമുഖത്ത് ലൈറ്റ്ഹൗസ് സ്ഥാപിക്കാനുള്ള ശ്രമം 1840 മുതൽ തുടങ്ങിയിരുന്നുവെങ്കിലും ആലപ്പുഴ തുറമുഖത്തിന് സ്വന്തം നിലയിൽ വിളക്കുമരം നിർമ്മിക്കാനുള്ള ശേഷിയില്ലാതെ വന്നതിനാൽ 1860 വരെ കാത്തിരിക്കേണ്ടിവന്നു. അന്നത്തെ പോർട്ട് ഓഫീസർ കൂടിയായിരുന്ന ഹ്യൂ ക്രാഫോർഡ് വിളക്കുമരത്തിന് വേണ്ട സാങ്കേതികവിദ്യയും സാമഗ്രികകളും ബ്രിട്ടനിൽ നിന്നും വരുത്തി. തുടക്കത്തിൽ 17 നോട്ടിക്കൽ മൈൽ വരെ വെളിച്ചമെത്തുന്ന ലൈറ്റായിരുന്നു വിളക്കുമരത്തിൽ ഉണ്ടായിരുന്നത്. ഇത് 90 വർഷത്തോളം കാര്യക്ഷമമായി പ്രവർത്തിപ്പിച്ചു. 1960 ആഗസ്റ്റ് 4 നാണ് വൈദ്യുതിലൈറ്റ് ആദ്യമായി സ്ഥാപിച്ചത്. കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ഏറ്റവും അത്യാധുനിക ഇലക്ട്രിക്കൽ ഡിസ്ചാർജ്ജ് ലാംമ്പ് അടക്കമുള്ളവ ഇവിടെവന്നു. നിലവിൽ 33 മീറ്റർ ഉയരമുള്ള വിളക്കുമരത്തിൽ നിന്നുള്ള വെളിച്ചം 36 നോട്ടിക്കൽ മൈൽ (ഒരു നോട്ടിക്കൽ മൈൽ = 1.852 കി.മി. ) വരെ എത്തും. 1950 ലാണ് കേന്ദ്രസർക്കാർ വിളക്കുമരം ഏറ്റെടുത്തത്. നിലവിൽ കേന്ദ്ര ഷിപ്പിങ് മന്ത്രാലയത്തിന്റെ കീഴിലുള്ള കൊച്ചിയിലെ ഡയറക്ടറേറ്റ് ഓഫ് ലൈറ്റ് ഹൗസ് ആൻഡ് ലൈറ്റ്ഷിപ്പ്സിനാണ് വിളക്കുമരത്തിന്റെ ചുമതല.

ലൈറ്റ്ഹൗസുകൾ കടലിൽ കൂടി പോകുന്ന കപ്പലുകൾക്ക് മാർഗസൂചിയായി നിന്നിരുന്ന കാലത്ത് നിന്ന് ഏറെ മാറ്റമുണ്ടായിരിക്കുന്നു ഇപ്പോൾ. കപ്പലുകൾ കൂടാതെ കടലിലെ ഓരോ യാനത്തിന്റെ നീക്കവും കൃത്യമായി നിരീക്ഷിക്കാവുന്ന ആധുനിക ഉപകരണങ്ങൾ സഹിതമാണ് ഇപ്പോൾ ഓരോ ലൈറ്റ്ഹൗസും പ്രവർത്തിക്കുന്നത്. ആലപ്പുഴ ലൈറ്റ്ഹൗസിലും ആധുനിക സാങ്കേതികവിദ്യയുടെ അത്ഭുതലോകം തന്നെ തുറന്നുകാട്ടുന്ന നാഷണൽ ഓട്ടോമാറ്റിക്ക് ഐഡന്റിഫിക്കേഷൻ സിസ്റ്റം (എൻ. എ. ഐ. എസ്) സ്ഥാപിച്ചിട്ടുണ്ട്. ഇതുവഴി ലൈറ്റ്ഹൗസിന്റെ പരിധിയിൽ കടലിൽ കൂടി സഞ്ചരിക്കുന്ന കടൽ യാനങ്ങൾ ഏതൊക്കെയാണെന്നും ഏത് ദിശയിലേക്ക് പോകുന്നതാണെന്നും മനസ്സിലാക്കാൻ സാധിക്കും. ഇതിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ എൻ. എ. ഐ. എസ് റിസീവറുകളിൽ കൂടി കൊച്ചിയിലെ കൺട്രോൾ റൂമിലേക്കയക്കും. അവിടെ നിന്നും മുംബൈയിലെ കേന്ദ്ര ഓഫീസിലേക്കും വിവരങ്ങൾ കൈമാറും. അങ്ങനെ കാലത്തിനനുസരിച്ച് മാറ്റങ്ങൾ വരുത്തി ആലപ്പുഴ ലൈറ്റ്ഹൗസും ചരിത്രത്തിന്റെ താളുകളിൽ ഒരു പുതിയ മുഖം എഴുതിചേർത്തു.




സുരക്ഷാകാരണങ്ങളാൽ ഇടക്കാലത്ത് ലൈറ്റ്ഹൗസ് സന്ദർശിക്കുന്ന സഞ്ചാരികൾക്ക് പ്രവേശനം അനുവദിച്ചില്ലായിരുന്നുവെങ്കിലും ഇപ്പോൾ നിശ്ചിത ഫീസീടാക്കി സന്ദർശകരെ ലൈറ്റ്ഹൗസിൽ പ്രവേശിപ്പിക്കുന്നുണ്ട്.

ആലപ്പുഴയിൽ നിന്നും കടലിലേക്ക് നീണ്ട പ്രകാശത്തിന്റെ പ്രായം 2012 മാർച്ച് 28 നാണ് 150 വർഷം പൂർത്തിയായത്. ദക്ഷിണ പശ്ചിമ തീരത്തെ ഏറ്റവും പഴക്കമേറിയ ഈ ലൈറ്റ്ഹൗസിന്റെ 150-ാം പിറന്നാൾ അന്ന് വിപുലമായി ആഘോഷിക്കുകയും ചെയ്തിരുന്നു. ചരിത്രപ്രദർശനം, ലൈറ്റ്ഹൗസിന്റെ ചിത്രം ആലേഖനം ചെയ്ത തപാൽസ്റ്റാമ്പ് പുറത്തിറക്കൽ, ലൈറ്റ്ഹൗസ് മ്യൂസിയത്തിന്റെ ഉദ്ഘാടനം തുടങ്ങിയവയും പിറന്നാളാഘോഷത്തിന്റെ ഭാഗമായി നടന്നു. ലൈറ്റ്ഹൗസിനോട് ചേർന്ന് 198 വർഷം മുൻപ് ആയുധപുരക്കുവേണ്ടി നിർമ്മിച്ച കെട്ടിടം നിലവിൽ വിനോദസഞ്ചാരികളെ ഏറെ ആകർഷിക്കുന്ന ലൈറ്റ്ഹൗസ് മ്യൂസിയമായും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ലോക ടൂറിസം ഭൂപടത്തിൽ ആദ്യ പത്തിൽ സ്ഥാനമുള്ള ആലപ്പുഴയുടെ മുഖമുദ്രയായി ലൈറ്റ്ഹൗസ് മാറിക്കഴിഞ്ഞിരിക്കുന്നു എന്നതും ലൈറ്റ്ഹൗസിന് മുകളിൽ നിന്നുള്ള കാഴ്ചകളെല്ലാം തന്നെ കൗതുകവും അതിലുപരി വിസ്മയത്തോടെയുമാണ് സഞ്ചാരികൾ നോക്കികാണുന്നു എന്നതും വിളക്കുമരത്തിന്റെ പ്രാധാന്യം എത്രത്തോളമെന്നത് നാം ഓരോരുത്തരെയും ഓർമ്മിപ്പിക്കുന്നു.




TIME TO BREAK ANOTHER MYTH
EXPLORE KERALA THIS MONSOON

THINK EMPTY DRENCHED BEACHES, PRISTINE GREENS,
AND SWELLING WATERFALLS.
MAKE KERALA YOUR MONSOON HOLIDAY DESTINATION WITH

**THE TREE LEAF MARARI SANDS BEACH RESORT & SPA**

For Bookings contact blr.sales@treeleafhospitality.com or you can
call on +91-9899080477






എം.എസ്. അബ്ദുറഹ്മാൻ



# ആലപ്പുഴയുടെ പ്രാചീനകാല ചരിത്രം



പുരാതനകാലം മുതൽ ആലപ്പുഴ ചരിത്രത്തിൽ ഇടം നേടിയിട്ടുണ്ട്. പുരാവസ്തു പഠനം, സമുദ്രപഠനം, ഭൂമിശാസ്ത്രം, പുരാലിഖിത പഠനം, സ്ഥലനാമ പഠനം എന്നിവയുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള വെളിപ്പെടുത്തലുകൾ ആലപ്പുഴയുടെ ചരിത്ര പാരമ്പര്യത്തെ ദൃഢപ്പെടുത്തുന്നു.

മഹാശിലായുഗത്തോളം പോന്ന ചരിത്രം നമ്മുടെ നാടിനുണ്ടെന്ന് ചരിത്രകാരൻമാർ രേഖപ്പെടുത്തിയിട്ടുണ്ട്. ചെങ്ങന്നൂരിനടുത്തുള്ള പുലിയൂർ മഹാശിലായുഗ അവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുള്ള സ്ഥലമാണ്.

പുരാതനറോമാ സാമ്രാജ്യവുമായി നമ്മുടെ നാട് വ്യാപാര ബന്ധത്തിൽ ഏർപ്പെട്ടിരുന്നതായി ചരിത്ര രേഖകൾ സൂചിപ്പിക്കുന്നു. ക്രിസ്തു വർഷാരംഭത്തിന് മുൻപുതന്നെ കേരളവും റോമും തമ്മിൽ വ്യാപാര ബന്ധങ്ങളുണ്ടായിരുന്നു. അറിയപ്പെട്ട ഒരു ബുദ്ധമത കേന്ദ്രമായിരുന്നു പൗരാണിക കാലത്തെ ആലപ്പുഴ എന്നതിന് ശക്തമായ തെളിവുകളുണ്ട്. ആലപ്പുഴ ഒരു കാലത്ത് കടലിനടിയിലായിരുന്നു. ഭൗമ ശാത്രജ്ഞൻമാർ ഭൂമി കുഴിച്ച് നടത്തി പഠനങ്ങൾ ഇത് ശരിവയ്ക്കുന്നു. കടൽ പിൻവാങ്ങി രൂപംകൊണ്ട കരഭൂമിക്ക് കാലാന്തരേണ ആലപ്പുഴയെന്ന പേരു വീണതായി ചരിത്രകാരൻമാർ പറയുന്നു. ആലപ്പുഴയുടെ പ്രാചീനരാഷ്ട്രീയ ചരിത്രം സംഘകാലത്തെ ചേരരാജാക്കൻമാരുടേതു തന്നെ.

വഞ്ചി അഥവാ കരൂർ കേന്ദ്രമാക്കി കേരളം ഭരിച്ചിരുന്നവരാണ് ചേരൻമാർ. അന്നു തമിഴകത്തിന്റെ ഭാഗമായിരുന്ന കേരളം പുഴിനാട്, കുടനാട്, കുട്ടനാട്, വേണാട്, കാർക്കാനാട് എന്നിങ്ങനെഅന്നത്തെ കേരളം അഞ്ചു നാടുകളായി വിഭജിക്കപ്പെട്ടിരുന്നു. ഇന്നത്തെ എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ ജില്ലകളും, കൊല്ലം ജില്ലയിലെ ചില പ്രദേശങ്ങൾ ചേർന്നതുമായിരുന്നു കുട്ടനാട്. പ്രബലമായ മൂന്ന് രാഷ്ട്രീയ ശക്തികളായിരുന്നു അന്ന്കേരളത്തിൽ ആധിപത്യം സ്ഥാപിച്ചിരുന്നത്. തെക്കൻ പ്രദേശങ്ങൾ ആയ് രാജാക്കൻമാരും വടക്കൻ പ്രദേശങ്ങളിൽ ഏഴിമല രാജാക്കൻമാരും ഇവയ്ക്കിടയിലുള്ള നാടായിരുന്നു ചേര രാജാക്കൻമാരും ഭരണം നടത്തിയിരുന്നത്.

ഒന്നാംചേര സാമ്രാജ്യത്തിന്റെ തലസ്ഥാന നഗരിയും ചേര സാമ്രാജ്യ സ്ഥാപകനുമായ ഉതിയൻ ചേരലാ തന്റെ രാജധാനിയുമായ കുഴുമൂർ കോട്ടയം ജില്ലയിലെ വെച്ചൂർ ആണെന്ന് ചരിത്രകാരൻ കൂടിയായ ദലിത് ബന്ധു എൻ.കെ. ജോസ് അദ്ദേഹത്തിന്റെ കുട്ടനാടിന്റെ ഇതിഹാസം എന്ന ഗ്രന്ഥത്തിൽ സമർത്ഥിച്ചിരിക്കുന്നു. ക്രിസ്തു വർഷാരംഭ ശതകങ്ങളിൽ കേരളം വിദേശ നാടുകളുമായി ഉണ്ടായിരുന്ന വാണിജ്യ ബന്ധങ്ങൾക്ക് അടിസ്ഥാനമായിരുന്ന പ്രധാനപ്പെട്ട തുറമുഖങ്ങളെ കുറിച്ച് പ്ലീനിയും, പെരിപ്ലസ്കാരനും ടോളമിനും വിവരിക്കുന്നുണ്ട്.

മുസ്സിരിസ്, തിണ്ടിസ്, ബറക്കേ, നെൽകിണ്ട എന്നിവയാണ് പുരാതനകേരളത്തിലെ പ്രധാനപ്പെട്ട തുറമുഖങ്ങൾ. എ.ഡി 60-ൽ പൂർത്തിയാക്കിയ പെരിപ്ലസ് ഓഫ് ദി എരിത്രിയൻസ് എന്ന പ്രാചീനഗ്രന്ഥത്തിൽ നദീമുഖമായ നെല്കിണ്ട എന്ന സ്ഥലത്തെക്കുറിച്ചും അതിനടുത്തുള്ള ബക്കറേ എന്ന ഗ്രാമത്തെപ്പറ്റിയും പറയുന്നുണ്ട്. അമ്പലപ്പുഴ ക്കടുത്തുള്ള പുറക്കാടാണ് ബക്കറേ. പമ്പാനദിക്ക് ആ ഗ്രന്ഥത്തിൽ ബാരീസ് എന്നാണ് പറഞ്ഞിരിക്കുന്നത്. കൊട്ടനോറ ഇന്നത്തെ കുട്ടനാടാണന്നും വ്യക്തമാണ്.

പ്ലീനി എന്ന ഇറ്റാലിയൻ ചരിത്രകാരനും ആലപ്പുഴയിലെ സ്ഥലങ്ങളെക്കുറിച്ച് നിരവധി കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എ.ഡി 77-ലാണ് അദ്ദേഹത്തിന്റെ ഗ്രന്ഥം പുറത്തിറക്കിയത്. ആ ഗ്രന്ഥത്തിൽ പുറക്കാടിന് ബക്കറേ എന്ന പേര് കാണാം. ബക്കറയിലേക്ക് വഞ്ചികളിൽ കുരുമുളക് കൊണ്ടുവന്നിരുന്നത് കൊട്ടനോറയിൽ നിന്നാണെന്ന് പ്ലീനിയും പറയുന്നു. പ്രശസ്ത ചരിത്രകാരനായ ടോളമിയും ബക്കറേ എന്ന സ്ഥലത്തെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്.

പുരാതനകാലം മുതലേ ആലപ്പുഴയടെ തീര പ്രദേശം വാണിജ്യ രംഗത്ത് പ്രശസ്തി യാർജ്ജിച്ചിരുന്നു. പോർക്കോ, ബക്കറേ എന്നീ പേരുക ളിൽ അറിയപ്പെടുന്ന പ്രക്കാട്ടു തുറമുഖം ക്രിസ്തു വർഷത്തിന്റെ ആദ്യ ശകതങ്ങളിൽ കേരളത്തിന് വിദേശ രാജ്യങ്ങളുമായി ഉണ്ടായിരുന്ന വാണിജ്യ ബന്ധങ്ങൾക്ക് അടിസ്ഥാനമായിരുന്ന തുറമുഖമാണ്.

ഭാരതത്തിൽ ആലപ്പുഴ അറിഞ്ഞു തുടങ്ങിയത് ബുദ്ധമത കാലത്തായിരുന്നു. അശോകന്റെ ഭരണകാലമായ ബി.സി. മൂന്നാം ശതകത്തിൽ ബുദ്ധ മതം കേരളത്തിൽ എത്തിയതായി കണക്കാക്കാം. ചേര രാജാക്കൻമാരുടെ കാലത്ത് തന്നെ കുട്ടനാട് ഉണ്ടായിരുന്നു. അവർക്ക് ബുദ്ധമതവുമായി അടുത്ത ബന്ധമുള്ളതായി ചരിത്രകാരൻമാർ പറയുന്നു. പുറക്കാട് തുറമുഖവും അവിടെ വന്നു ചേരുന്ന കപ്പലുകളുമാകാം ഇവിടെ ഒരു ബുദ്ധ കേന്ദ്രം ഉയിർത്തെഴുന്നേൽക്കാൻ നിമിത്തമായത്.

മൂന്നാം നൂറ്റാണ്ടിൽ ജൈനർക്ക് ശേഷം വന്നെത്തിയ ബുദ്ധമതം ആലപ്പുഴയുടെ മണ്ണിൽ വേരുറച്ചു ശക്തമായിരുന്നു. ഭരണിക്കാവ്, മാവേലിക്കര, കരുമാടി എന്നീ പ്രദേശങ്ങളിൽ നിന്ന് ലഭിച്ച ബുദ്ധ പ്രതിമകൾ ഈ നാട്ടിൽ ബുദ്ധമതത്തിന് ഉണ്ടായിരുന്ന വമ്പിച്ച പ്രചാരണത്തെയാണ് കാണിക്കുന്നത്. ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച ബുദ്ധതീർത്ഥാടനകേന്ദ്രമായിരുന്ന ശ്രീമൂലവാസം അമ്പലപ്പുഴയ്ക്കും തൃക്കുന്നപ്പുഴയ്ക്കും ഇടയ്ക്ക് കടലിനോട് ചേർന്നായിരുന്നു എന്നു വേണം അനുമാനിക്കാൻ. ഇത് കടൽക്ഷോഭത്തിൽ നശിച്ചുപോയി. ശ്രീമൂലവാസത്തെക്കുറിച്ച് ആയ് രാജാവായിരുന്ന വിക്രമാദിത്യ വരഗുണന്റെ പാലിയം ശാസനത്തിലും അതുല മഹാകവിയുടെ മൂഷികവംശം മഹാകാവ്യത്തിലും പരാമർശമുണ്ട്. ആയ് രാജാവായ വിക്രമാദിത്യ വരഗുണൻ (885-925) ശ്രീമൂലവാസത്തിന് സംരക്ഷണം നൽകിയതിന് തെളിവാണ് അദ്ദേഹത്തിന്റെ പാലിയം ചെപ്പേട്.

ക്രിസ്തു വർഷത്തിന്റെ ആദ്യ നൂറ്റാണ്ടുകളിൽ ദ്രാവിഡീയമായ ആചാരങ്ങളാണ് ആലപ്പുഴയുടെ മണ്ണിൽ നിലനിന്നിരുന്നത്. ബൗദ്ധായനമാണ് ഈ നാടിന്റെ ആദിമ മതമെന്ന് ചരിത്രകാരൻമാരിൽ ഒരു വിഭാഗം വാദിക്കാറുണ്ട്. എന്നാൽ എ.ഡി. എട്ട്, ഒൻപത് നൂറ്റാണ്ടുകളിലെ ശിൽപ്പ നിർമ്മിതി പിൻതുടരുന്ന ബുദ്ധ പ്രതികമകളാണ് ആലപ്പുഴയിൽ നിന്ന് ലഭിച്ച അഞ്ച് പ്രധാനപ്രതിമകളും. എ.ഡി പത്താം നൂറ്റാണ്ടോടെ നമ്മുടെ നാട്ടിലെ ബൗദ്ധായനത്തിന് അവസാനമായെന്ന് കരുതപ്പെടുന്നു.

ആലപ്പുഴ ഒരു കാലത്ത് കടലിനടിയി ലായിരുന്നു എന്നതിന് ഉപോൽബലകമായി പല തെളി വുകളും ചരിത്രകാരൻമാർ നിരത്തുന്നുണ്ട്.

ചങ്ങനാശ്ശേരിക്കടുത്ത് വാഴപ്പള്ളിയിൽ നിന്ന് വിവിധ കടൽ ജീവികളുടെ ഫോസിലുകളും കക്ക, ശംഖ് തുടങ്ങിയ ജീവികളുടെ പുറം തോടുകളും ലഭിച്ചുവെന്നതാണ് ഇതിലൊന്ന്. വാമിങ്ടണിന്റെ പുസ്തകത്തിൽ പണ്ടുകാലത്ത് കൊടുങ്ങല്ലൂരിൽ നിന്ന് കോട്ടയത്തേക്ക് കപ്പലിൽ യാത്ര ചെയ്യുന്നതിന്റെ വിവരണങ്ങളുണ്ട്.

ഇതിന് ഉപോൽബലകമായ മറ്റൊരു തെളിവാണ് തൈക്കൽ കൊച്ചുതറ പ്രദേശത്ത് ഖനനം ചെയ്തെടുത്ത പായ്ക്കപ്പൽ. ഭാഗികമായി പുറത്തെടുത്ത കപ്പലിന് 1010 വർഷമെങ്കിലും പഴക്കമു

ണ്ടെന്നു ലക്നൗവിലും അമേരിക്കയിലെ ടെക്സാസ് യുണിവേഴ്സിറ്റിയിലും നടത്തിയ പരിശോധനകളിൽ വ്യക്തമായിരുന്നു.

കുമരകം ഒരു ഗ്രാമസംസ്കൃതിയുടെ പുരാവൃത്തം എന്ന ഗ്രന്ഥത്തിൽ അഡ്വ.പി.ജി. പത്മനാഭൻ ഇപ്രകാരം പറയുന്നു. കുമരകം അടങ്ങുന്ന വേമ്പനാട്ടു കായലിന്റെ കിഴക്കൻ തീരങ്ങളും ആലപ്പുഴ, ചേർത്തല, കടൽത്തീര പ്രദേശങ്ങളും ഇതിനുള്ളിലുള്ള വേമ്പനാട്ടു കായലും രൂപം കൊണ്ടിട്ട് രണ്ടായിരത്തോളം വർഷങ്ങളേ ആയിട്ടുള്ളൂ. ഈ പ്രദേശങ്ങളിൽ ഭൂമി കുഴിച്ച് ഭൗമശാസ്ത്രജ്ഞൻമാർ നടത്തിയ പഠനങ്ങളാണ് ഈ കാലഗണനസംശയാതീതയമായി തെളിയിച്ചിട്ടുള്ളത്.

(Power S.D.etal 1983 ``systematic Geological Mapping Around Shertalai, Vaikkom, Alleppey, Kottyam and Pandalam Areas in parts of Alleppey and Kottayam Districts UN publication, Report of the Geological Survey of India)

കോഴിക്കോടിന്റെ ചരിത്രം എന്ന ഗ്രന്ഥത്തിൽ കെ. ബാലകൃഷ്ണക്കുറുപ്പ് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

സ്റ്റേറ്റ് കമേർസ്യൽ ഏജന്റായിരുന്ന മി.റോഡ്സ് ആലപ്പുഴയിലെ ചളിമതിലിനെ (Mudbank) പരമാർശിച്ച കൂട്ടത്തിൽ ഇങ്ങനെ എഴുതി.എഴുതപ്പെട്ട തെളിവുകളില്ലാത്തതുകൊണ്ട് കാലം കൃത്യമായി തീർത്ത് പറയാൻ സാധ്യമല്ല. എന്നാൽ കോഴിക്കോടിന്റെ വടക്കുഭാഗം മുതൽ കൊല്ലത്തിന്റെ തെക്കുഭാഗം വരെയുള്ള തീര പ്രദേശം ഒരിക്കൽ കടൽ നിരപ്പിൽ നിന്ന് നന്നായി പൊന്തി നിൽക്കുകയും കുറെകാലത്തിന് ശേഷം കടലിൽ താഴുകയും ചെയ്തുവെന്ന് എനിക്ക് തീർത്തു പറയാൻ കഴിയും. ആ സ്ഥലം, അഗ്നിപർവ്വത പ്രവർത്തനം കൊണ്ടാവാം, വീണ്ടും ഉയർന്നുവന്ന് പിന്നെയും അത് സമുദ്രവിതാനത്തിൽ നിന്നും താഴെയായി. വർക്കല തുരങ്കം നിർമ്മിക്കുമ്പോൾ മരങ്ങളും ആഴക്കടലിൽ മാത്രമുള്ള കക്കകളുടെ അവശിഷ്ടങ്ങളും കണ്ടതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. ഏതാണ്ട് മുപ്പത് വർഷം മുമ്പ് ഒരു കോട്ടയുടെ അവശിഷ്ടങ്ങൾ പുറക്കാട്ട് കാണുകയുണ്ടായി. കോഴിക്കോട്ടും വൈപ്പിനിലും വളരെയധികം കെട്ടിടങ്ങൾ ഇപ്പോഴും കടലിനടിയിലാണ്. (Chopra editor, India prehistoric profo Historic periods-publication Division, Govt of India p.44).

തെളിവുകളിൽ നിറഞ്ഞ് കടൽക്കാലം എന്ന ചരിത്ര ലേഖനത്തിൽ വി. മിത്രൻ ഇപ്രകാരം പറയുന്നു.

ആലപ്പുഴ ബൈപാസിന്റെ ഭാഗമായുള്ള എലിവേറ്റഡ് ഹൈവേയുടെ നിർമ്മാണത്തിനായി ഭൂമി പരിശോധനനടത്തിയപ്പോൾ ലഭിച്ച ഫലവും ഈ വാദം സത്യമാണെന്ന് തെളിയിക്കുന്നു. വിവിധ പ്രദേശങ്ങളിൽ നടത്തിയ ഭൂപരിശോധനയിൽ അറുപതടിയോളം താഴ്ചയിൽ പോലും കടൽ ജീവികളുടെയും കക്കകളുടെയും അവശിഷ്ടങ്ങൾ ലഭിച്ചിട്ടുണ്ട്. എന്നാൽ പാറയുടെ ഒരു ചെറിയ അംശംപോലും എവിടെയും കണ്ടെത്തിയുമില്ല. അക്കാലത്ത് ഈ പ്രദേശങ്ങളെല്ലാം കടലിനടിയിലായിരുന്നു എന്നത് സത്യമാണെന്നാണ് പുതിയ കണ്ടെത്തലിലൂടെയും വെളിവാക്കപ്പെടുന്നത് (മലയാള മനോരമ-2015 ഏപ്രിൽ 22).

ആലപ്പുഴയുടെ മണ്ണിൽ ബൗദ്ധകാലത്തിന് ശേഷം വേരുറപ്പിച്ച മതമാണ് ക്രിസ്തുമതം. എ.ഡി. 52 മുതൽ പത്തൊമ്പതര നൂറ്റാണ്ടിന്റെ തുടർച്ചയായ ക്രൈസ്തവ സാന്നിദ്ധ്യം അവകാശപ്പെടുന്ന പ്രദേശങ്ങൾ ലോകത്തിൽ കേരളംപോലെ അധികമില്ല. ക്രിസ്തുവിന്റെ പന്ത്രണ്ടു ശിഷ്യൻമാരിൽ ഒരാളായ സെയിന്റ് തോമസ് ഒന്നാം നൂറ്റാണ്ടിൽ തന്നെ കേരളത്തിലെത്തുകയും പാലയൂർ, കൊടുങ്ങല്ലൂർ,പറവൂർ, കോക്കമംഗലം,നിരണം, ചായൽ,കൊല്ലം എന്നിവിടങ്ങളിൽ പള്ളികൾ സ്ഥാപിക്കുകയും ചെയ്തു എന്നാണ് പാരമ്പര്യം. കേരളോൽപ്പത്തി, റമ്പാൻ പാട്ട്, മാർഗ്ഗംകളി പാട്ടുകൾ, വഞ്ചിപ്പാട്ടുകൾ എന്നിവ ഇക്കാര്യം എടുത്തു പറയുന്നുണ്ട്. കൊടുങ്ങല്ലൂരുനിന്ന് വേമ്പനാട്ടു കായലിലൂടെയുള്ള യാത്രയ്ക്കിടയിൽ ആലപ്പുഴയിലെ കോക്കമംഗല (കൊക്കോതമംഗലം)ത്തെത്തിയ തോമാസ്ലീഹായുടെ സമ്മേളനത്തിൽ 1600 പേർ വന്നു ചേർന്നതായി പറയപ്പെടുന്നു. എന്നാൽ ചരിത്ര ഗവേഷകർ ഇത് പൂർണ്ണമായി സ്ഥിരീകരിക്കുന്നില്ല.



"ഐശ്വര്യം" എന്ന് അർത്ഥം വരുന്ന "ബർക്കത്ത്" എന്ന അറബി വാക്കിൽ നിന്നാണ് പുറക്കാട് എന്നു പേരുണ്ടായതെന്ന് സ്ഥലനാമ കൗതുകങ്ങളിൽ ചരിത്രകാരൻമാർ രേഖപ്പെടുത്തിയിട്ടുണ്ട്. പായ്ക്കപ്പലുകളിൽ കച്ചവടത്തിനെത്തിയ അറബി വ്യാപാരികളായിരിക്കണം ഈ മണ്ണിലേക്ക് കടന്നു വന്ന ആദ്യ മുസ്ലീം വിഭാഗം. കേരളത്തിൽ ഇസ്ലാം മതം എത്തിയ കാലത്തെപ്പറ്റി വ്യത്യസ്ഥമായ അഭിപ്രായങ്ങളുണ്ടെങ്കിലും മുഹമ്മദ് നബിയുടെ കാലത്ത് (എ.ഡി 570-632) തന്നെ ഇസ്ലാം കേരളത്തിൽ എത്തിച്ചേർന്നെന്നു കരുതുന്നതിൽ വളരെ ശരിയുണ്ട്.അക്കാലത്തെ കേരള ചക്രവർത്തി ചേരമാൻ പെരുമാൾ അറേബ്യയാത്ര നടത്തി നബി തിരുമേനിയെ കണ്ട് ഇസ്ലാം മതം സ്വീകരിച്ചതായി ചരിത്രം പറയുന്നു. പിന്നീട് "മാലിക്ക്ബ്നു ദീനാറി"ന്റെയും സംഘത്തിന്റെയും കേരള യാത്രയാണ് ഇസ്ലാം മത പ്രചാരണം സാധിതമാക്കിയത്.

ക്രിസ്തു മതത്തെപോലെ ഇസ്ലാം മതത്തെയും ഹാർദ്ദവമായി സ്വാഗതം ചെയ്ത പാരമ്പര്യമാണ് നമ്മുടെ മണ്ണിന്റെത്. കുട്ടനാട് കേന്ദ്രമാക്കി ഭരണം തുടങ്ങുകയും പിന്നീട് മുസിരിസിലേക്ക് തലസ്ഥാനം മാറ്റുകയും ചെയ്ത രാജവംശമാണ് ചേരൻമാർ. ചേര രാജാക്കൻമാരിൽ അവസാനത്തെ രാജാവായിരുന്ന ചേരമാൻ പെരുമാൾ ഇസ്ലാം മതം സ്വീകരിച്ചതായി കരുതപ്പെടുന്നു. എന്നാൽ ചേരമാൻ പെരുമാൾ ബുദ്ധമതം സ്വീകരിച്ചു നീലംപേരൂരിലെത്തി എന്നൊരു വാദവും നിലനിൽക്കുന്നുണ്ട്.

ആലപ്പുഴയുടെ പ്രാചീനചരിത്രത്തിലേക്ക് വെളിച്ചംവീശുന്ന ശിലാലിഖിതങ്ങളും ചെപ്പേടുകളും ലഭ്യമായ തെളിവുകളായി ഈ മണ്ണിൽ സ്ഥിതി ചെയ്യുന്നു.

മാന്നാറിനടത്ത് തിരുവൻവണ്ടൂർ ക്ഷേത്രത്തിലെ നാലമ്പലത്തികത്ത് പ്രധാനപ്പെട്ട രണ്ടു ശിലാ ലിഖിതങ്ങളുണ്ട്. എ.ഡി-947 ൽ എഴുതപ്പെട്ട രണ്ടു ശിലാലിഖിതങ്ങളും ശ്രീ വല്ലഭൻകോതയുടേതാണ്. ഏറ്റവും പഴക്കമേറിയ ശിലാ ലിഖിതങ്ങൾ കണ്ടെടുത്തത് കണ്ടിയൂർ ക്ഷേത്രത്തിൽ നിന്നാണ്. കേരളത്തിലെ ആദിമ ദേവാലയങ്ങളിൽ ഒന്നായ മാവേലിക്കര കണ്ടിയൂർ ക്ഷേത്രംനിർമ്മിച്ചത്-ചേരമാൻ പെരുമാൾ നായനാരാണെന്ന് ചില ചരിത്രകാരൻമാർ പറയുന്നു. ആലപ്പുഴയുടെ ഓരോ മണൽത്തിരിക്കും അതിന്റേതായ ചരിത്രമുണ്ട്, സംസ്ക്കാരമുണ്ട്, കഥയുണ്ട്.



അൻസാരി റഹുമത്തുള്ള



# ജലോത്സവം



കാറ്റുവന്നു കരിമേഘങ്ങൾ പറന്നു
കർക്കിടകം പടികടന്നു പോയി.
വാർമുടിയഴിച്ചുലച്ചു കെട്ടി
കായലിളവെയിൽ പുടവചുറ്റി
കായലോളങ്ങൾക്കിന്നുത്സവം

നാടാകെ വാദ്യമേളാഘോഷ-
മേറിയകമ്പടിയാലെത്രയെത്ര
വർണ്ണത്തിളക്കമേറും, മുത്തു
ക്കുടകളേന്തി, കുട്ടനാടിൻ
അഴകോലും പെൺകിടാങ്ങൾ
അലയൊന്നിളയിളക്കി
അണിയത്താഞ്ഞു കുത്തി
ചരിഞ്ഞും നിവർന്നുലഞ്ഞാടി
കുതിച്ചെത്തുന്നോരോരോ
കറുത്തകളിയോടങ്ങൾ
മേൽക്കുമേലാരവത്താൽ
ഉല്ലാസതാളമോടുമലതല്ലി
ആർത്തലച്ചോളമേളത്തി-
ലോടിയെത്തിടുന്നവർ
കുട്ടനാടിൻ വീരമക്കൾ
നീട്ടുത്തുഴഞ്ഞെത്തുന്നു വാശി-
യേറിയ മിന്നൽപിണുരുകളായി
വെടിത്തടിയിലിടിത്താളമിട്ടു
ഞടുക്കുമാറുച്ചത്തിലേറ്റു പാടു-
ന്നവർ നടുവിലായി മൂന്നുപേർ

ചിറകുവീശി പറന്നുപൊങ്ങും
പരുന്തിനെപോൽ വള്ളങ്ങൾ
തുഴഞ്ഞേറിടുന്നൊരിഞ്ചപ്പാട-
മകലത്തിലുമൊന്നാമനാകുവാൻ
ആവേശത്തിരകൾക്കുമേലെ.
ചിന്നിത്തെറിക്കുമോളങ്ങൾക്ക്
മീതേയെടുത്തുചാടി കുതിച്ചു
പൊങ്ങി കാണികളിൽ ചിലർ
വെള്ളത്തിലടിച്ചാർത്തിരമ്പു-
ന്നങ്ങിങ്ങായി കായലിൽ.
കാറ്റുകൊടുങ്കാറ്റായാരവങ്ങൾ
ആർപ്പുവിളി മുഖരിതമീ
പുന്നമടക്കായലിൻ നടുവിലായി
പാറിയിറങ്ങുന്നൊരു ലോഹ പക്ഷി
കാട്ടിടുന്നൊരു രക്ഷാപ്രകടനം.
പാരിലാകെ പുകൾപെറ്റൊരീ
ജലരാജ മഹാമഹോത്സവം
കേട്ടുകേട്ടെത്തുന്നു ദേശമന്യ
ദേശങ്ങളിലായിരമായിരമാരാധകർ
ആവേശത്തിരകളിലാറാടുന്നു...





നൈന മണ്ണഞ്ചേരി

# മലയാളത്തിൽ കരയുന്ന കുട്ടികളുടെ ശ്രദ്ധയ്ക്ക്...

രാവിലെ സ്ക്കൂളിൽ ചിരിച്ചുകൊണ്ടു പോയ മകൻ വൈകിട്ട് കരഞ്ഞുകൊണ്ട് തിരിച്ചുവരുന്നത് കണ്ട് അമ്മ അന്തം വിട്ടു. ഇന്നു ട്യൂഷനു പോകാതിരിക്കാനുള്ള വയറുവേദന, തലവേദന തുടങ്ങിയ തന്ത്രം വല്ലതുമാണോ എന്നാണ് ആദ്യം സംശയിച്ചത്. കാലവും കോലവും മാറിയെങ്കിലും ന്യൂജനറേഷനൊക്കെ ആയെങ്കിലും പഠിക്കാൻ പോകാതിരിക്കാൻ കുട്ടികൾ പറയുന്ന കാരണങ്ങൾ ഇപ്പോഴും പഴയതൊക്കെ തന്നെ. അതോ ഇനി ഏതെങ്കിലും കുട്ടികളുമായിട്ട് തല്ലു കൂടിയിട്ട് വരികയാണോ എന്നുമറിയില്ല. സിനിമയിലും സീരിയലിലുമൊക്കെ കാണുന്ന രംഗങ്ങൾ അഭിനയിച്ച് നോക്കുന്നത് സ്കൂളിലും വീട്ടിലുമൊക്കയാണല്ലോ?

`എന്താ മോനേ ? `ആകാംക്ഷയോടെ അമ്മ ചോദിച്ചു. `അച്ഛൻ വന്നിട്ട് പറയാം. ` കരച്ചിലിനിടയിലും മകൻ പറഞ്ഞു. `അതെന്താ, എന്നോട് പറയാൻ പറ്റാത്ത കാര്യം? `

` പറയാൻ പറ്റാത്തതു കൊണ്ടല്ല, അച്ഛൻ വരുമ്പോൾ പിന്നേം പറയണ്ടേ എന്നോർത്താ.....
അതുമല്ല അച്ഛൻ ഇടപെടാതെ ഇതിനൊരു പരിഹാരവുമാകില്ല

`എന്തായാലും നീ കാര്യം പറ` മെഗാ സീരിയൽ നീട്ടിക്കൊണ്ടു പോകുന്നതു പോലെയുള്ള അവന്റെ സംസാരം അമ്മയ്ക്ക് തീരെ ഇഷ്ടപ്പെട്ടില്ല. ഇതു കണ്ടോ ഇന്നെന്നെ ടീച്ചർ തല്ലി. അവൻ പറഞ്ഞപ്പോഴാണ് അമ്മ ശ്രദ്ധിച്ചത്.

ശരീരം നിറെ തിണർത്തു കിടക്കുന്ന പാടുകൾ. എന്തെങ്കിലും വികൃതി കാണിക്കാതെ ടീച്ചർ ഇങ്ങനെ തല്ലാൻ സാധ്യതയില്ല. അമ്മയുടെ സംശയം മനസ്സിലാക്കിയാവാം അവൻ പറഞ്ഞു. ഞാനൊന്നും ചെയ്തില്ല. അമ്മയെ വിളിച്ചതു മാത്രമാണ് ഞാൻ ചെയ്ത തെറ്റ്.`

`വെറുതയല്ല അമ്മയ്ക്ക് വിളിച്ചാൽ ടീച്ചറെന്നല്ല ആരും തല്ലിപ്പോകും`

`അയ്യോ ടീച്ചറുടെ അമ്മയ്ക്കല്ല. എന്റെ സ്വന്തം അമ്മയെത്തന്നെയാ ഞാൻ വിളിച്ചത്. അത് കേട്ടുകൊണ്ടാണ് അച്ഛൻ കയറി വന്നത്` എന്താ പ്രശ്നം`?

`അതാ പറഞ്ഞോണ്ട് വരുന്നത്. അടുത്തിരുന്ന കുട്ടി എന്നെ പിടിച്ചുതള്ളിയപ്പോൾ അറിയാതെ ഞാൻ അയ്യോ എന്റെ അമ്മേ എന്ന് വിളിച്ചുപോയി. അതും കേട്ടു കൊണ്ടു വന്ന ടീച്ചർ ക്ലാസ്സിൽ ഇനി മലയാളം പറയുമോടാ` എന്നു ചോദിച്ചു കൊണ്ട് അടിച്ചു പൊട്ടിച്ചതാ ഇതൊക്കെ`അച്ഛൻ അവന്റെ ദേഹമൊക്കെ പരിശോധിച്ചു. അപ്പോഴാണ് പുറത്ത് ഒരു പേപ്പറിൽ എഴുതി പിൻചെയ്തു വെച്ചിരിക്കുന്നത് കണ്ടത്. ഇതെന്താ , നെയിം ബോർഡൊക്കെ ഇപ്പോൾ മുതുകത്താണോ ഒട്ടിക്കുന്നത് എന്നു ചോദിച്ചുകൊണ്ട് നോക്കിയപ്പോഴാണ് അതിൽ എഴുതി വെച്ചിരിക്കുന്നത് മനസ്സിലായത്.

``ഇനി ഞാൻ മലയാളം പറയില്ല.``

`` അത് ടീച്ചർ ഒട്ടിച്ചു വെച്ചതാ, പോരാത്തതിന് `` ഞാൻ അറിയാതെ മലയാളം പറഞ്ഞതാണ്. ഇനി ഒരിക്കലും മലയാളം പറയില്ല `` എന്ന് നൂറ് പ്രാവശ്യം ഇംപോസിഷൻ എഴുതികൊണ്ട് ചെല്ലണമെന്നാ ടീച്ചർ പറഞ്ഞിരിക്കുന്നത്. `` മകൻ വിശദീകരിച്ചപ്പോൾ ഞാനോർത്തു എന്തൊപരാധമാണ് അവൻ ചെയ്തത്. വീഴാൻ പോയപ്പോഴാണെങ്കിലും ഇംഗ്ലീഷ് സ്കൂളാണെന്ന കാര്യം ഓർക്കുന്നുണ്ടായിരുന്നോ. `ഓ മൈഗോഡ്` എന്നോ `ഓ മൈ മദർ` എന്നോ മറ്റോ വിളിച്ചു കൊണ്ട് വീണിരുന്നെങ്കിൽ വീണ വേദന മാത്രമേ ഉണ്ടാകുമായിരുന്നുള്ളൂ. ഇതിപ്പോൾ ആകെ നാണക്കേടായി പോരാത്തതിന് ഇംപോസിഷനും എഴുതണം.



ഏതായാലും ജീവിതത്തിലൊരിക്കലും മലയാളം പറയരുതെന്ന തീരുമാനത്തിലൊന്നുമല്ല മകനെ ഇംഗ്ലീഷ് മീഡിയം സ്ക്കൂളിൽ ചേർത്തത്. അൽപം അടക്കവും ഒതുക്കവുമുള്ള ഒരു സ്കൂളായിക്കോട്ടെ എന്നു വിചാരിച്ചു. എന്നാൽ ഇപ്പോൾ മറ്റ് സ്കൂളുകളെയോക്കെക്കാൾ കഷ്ടമാണ് അവസ്ഥ. നാട്ടിലെവിടെയെങ്കിലുമുള്ള ഏതെങ്കിലും ഈർക്കിൽ സംഘടന വിദ്യാഭ്യാസ ബന്ദെന്നെങ്ങാനും പറഞ്ഞു കളഞ്ഞാൽ സ്കൂളിന് രണ്ടു ദിവസം അവധി കൊടുത്തു കളയും ! കേരളത്തിൽ മറ്റെല്ലാ സ്കൂളുകൾക്കും പിറ്റേന്ന് ക്ലാസ് കാണും. നമ്മുടെ കാണും സ്കൂളിന് മാത്രം വിദ്യാഭ്യാസ ബന്ദ് ഇങ്ങനെ പ്രശസ്തമായിക്കൊണ്ടിരിക്കുന്ന സ്കൂളിലാണ് ഇപ്പോൾ മാതൃഭാഷയിൽ കരഞ്ഞതിന് അടിയും പിഴയും ഇതൊക്കെയാണെങ്കിലും ദോഷം പറയരുതല്ലോ ഫീസിന്റെ ഇൻസ്റ്റാൾമെന്റുകൾ അടക്കുന്നതിനുള്ള അറിയിപ്പുകൾ കൃത്യമായി വരികയും ചെയ്യും. അതിന് ഒരു വിദ്യാഭ്യാസ ബന്ദും പ്രശ്നമല്ല. താമസിച്ചാൽ ഫൈനും വാങ്ങിക്കും.

നമ്മളൊക്കെ മാതൃഭാഷയിൽത്തന്നെ കരയുകയും ചിരിക്കുകയുംചെയ്യുന്നവല്ലേ. ഏതായാലും ഒന്ന് ചോദിച്ചേക്കാമെന്ന് കരുതി സ്കൂളിൽ ചെന്നു. സമയം കിട്ടുകയാണെങ്കിൽ മാതൃഭാഷാസ്നേഹത്തെപ്പറ്റി ഒരു ക്ലാസ്സുമെടുത്തു കളയാം. അകത്തേക്ക് കയറിയ ഉടനെ തന്നെ പ്രിൻസിപ്പൽ കൂപ്പു കൈകളോടെ അഭിവാദ്യം ചെയ്തു ``നമസ്ക്കാരം``

എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. വഴിതെറ്റി വേറെ എവിടെയെങ്കിലുമാണോ ചെന്നു കയറിയത്. അല്ലെന്ന് ഒന്നുകൂടി ഉറപ്പു വരുത്തി. കുറച്ചു കഴിഞ്ഞാണ് കാര്യങ്ങൾ മനസ്സിലായത്. എന്നെപ്പോലെ തന്നെ കുറെ കുട്ടികളും രക്ഷിതാക്കളും രാവിലെ തന്നെ എത്തിയിട്ടുണ്ട്. എല്ലാം കേസ് ഇതുതന്നെ . മലയാളം പറഞ്ഞതിനും മലയാളത്തിൽ കരഞ്ഞതിനും ശിക്ഷിക്കപ്പെട്ട കുട്ടി ക്രിമിനലുകളും അവരുടെ നിർഭാഗ്യവാന്മാരുമായ രക്ഷിതാക്കളുമായി വന്ന് സ്കൂളിൽ ഒരങ്കം കഴിഞ്ഞിരിക്കുന്നു. കൂടെ ആരോ പറഞ്ഞതനുസരിച്ച് പത്ര റിപ്പോർട്ടർമാരും ക്യാമറാമാൻമാരുമൊക്കെ നേരത്തെ വന്ന് സ്ഥലം പിടിച്ചിട്ടുണ്ട്. ബാക്കിയുള്ളവർ വന്നു കൊണ്ടിരിക്കുന്നു.

ചിലപ്പോൾ ലൈവ് റിപ്പോർട്ടിംഗ് തന്നെ ഉണ്ടാകാനുള്ള സാദ്ധ്യതയുമുണ്ട്. ഏതായാലും എല്ലാവരുടെയും മുഖങ്ങളിൽ സന്തോഷം അലയടിക്കുന്നുണ്ട്. വൈകിട്ട് ന്യൂസ് അവറിൽ ചർച്ച ചെയ്യാൻ ഒരു വിഷയം കിട്ടിയല്ലോ. വെറുതയല്ല സ്കൂളുകാർക്ക് പെട്ടെന്നൊരു മലയാള സ്നേഹം വന്നത്. കാര്യങ്ങൾ വിശദീകരിച്ച് പ്രിൻസിപ്പാളിന് നമസ്ക്കാരവും പറഞ്ഞ് മോനുമായി പുറത്തിറങ്ങുമ്പോൾ ഞാനോർത്തു. മാതൃഭാഷയിൽ സംസാരിക്കാൻ കുട്ടികളെ അനുവദിച്ചെങ്കിലും വേണ്ടില്ല. കുറഞ്ഞ പക്ഷം മാതൃഭാഷയിൽ കരയാനെങ്കിലും സമ്മതിച്ചാൽ മതിയായിരുന്നു.










60 Lake-facing Rooms • Floating Cottages • Heritage Villas • Luxury Houseboat • Mystic Spice The All Day Dining
Chemmeen The Seafood Speciality Restaurant Zephyr The Poolside Cafe & Bar• Madira The Bar
Conference Facilities for up to 120 guests • Outdoor Banquet and Wedding Lawns for up to 500 guests • Internet Cafe
Swimming Pool • Yoga & Meditation Deck • Spa & Fitness Centre • Wi-fi • Indoor Activity Centre

vasundhara
SAROVAR PREMIERE
kerala - vayalar
A SAROVAR HOTEL

www.vasundhararesorts.in
www.sarovarhotels.com

U R O
VP II / 326 B, Vayalar, Cherthala,
Alleppey District, Kerala 688 536
T: +91 478 661 3000
F: +91 478661 3030
E: vsp@sarovarhotels.com

Toll Free Reservations 1 800 111 222

R R
Ahmedabad (079) 2642 5299 • Bengaluru (080) 4115 3344
Chandigarh (0172) 4299 999 • Chennai (044) 2826 5566
Delhi (011) 2638 3851-55 • Hyderabad (040)2374 1666
Indore (0731) 3072 727 • Kolkata (033) 4400 3900
Ludhiana (0161) 2773 000 • Mumbai (022) 6156 5757
Pune (020) 2683 0855 • Surat 099740 22783
Vadodara 09974012410

# അലി അബ്രഹാമിന്റെ പേടകം



സി.ജോസുകുട്ടി



ഇടവേളയില്ലാതെ പെയ്യുന്ന ചാറ്റൽ മഴയ്ക്ക് കുന്തിരിക്കം പുകഞ്ഞു തീരുന്ന ഗന്ധമായിരുന്നു. ഇടയ്ക്കിടയ്ക്ക് പറന്നു വരുന്ന തണുത്ത കാറ്റിന്റെ ചിറകുകളിലും കുന്തിരിക്കത്തിന്റെ വിഷാദഗന്ധം തങ്ങിനിന്നിരുന്നു. ഇടവഴികളിൽ നനഞ്ഞു കിടക്കുന്ന കരിയിലകളിലെ പാദസ്പർശങ്ങൾ. ആളുകൾ വന്നുകൊണ്ടിരിക്കുകയായിരുന്നു. അവ്യക്തമായ തേങ്ങലുകൾക്കുമീതെ ആളുകളുടെ കലപില ശബ്ദം. എല്ലാം അവ്യക്തമാണ്. എല്ലായിടത്തും, ദുരൂഹതകൾ അപ്പൂപ്പൻതാടിപോലെ പറന്നു നടന്നു. അല്ലെങ്കിൽ, ആകാശത്ത് പാറക്കെട്ടുകൾ പോലെയുള്ള കാർമേഘങ്ങളിൽ പതുങ്ങിയിരുന്നു.

പേടകം തുറക്കാൻ സമയമായിട്ടില്ല. അലി അബ്രഹാമിനെകാണാനും മൂന്നു ദിവസം മുമ്പ് കരിഞ്ഞുപോയ സ്വപ്നങ്ങളുടെ അവശിഷ്ടങ്ങൾ കാണാനും സമയം നീങ്ങണം. നാലു തൂണുകളിൽ ഉയർത്തിവച്ചിരിക്കുന്ന ടാർപോളിന് കീഴെ വലിയ പെട്ടിയിൽ അലി അബ്രഹാം ഉറങ്ങുകയായിരുന്നു. പേടകത്തിന് ചുറ്റും സാമ്പ്രാണിത്തിരികൾ എരിയുന്നുണ്ട്. പേടകത്തിനരികിലായി ഒരുക്കിയിട്ട ബഞ്ചിൽ അവശയായ ഉമ്മയും സഹോദരിമാരും. പിന്നെ, മങ്ങിയ ആകാശം കണ്ണുകളിലൊളിപ്പിച്ച് അബ്ദുവും എല്ലാവരുടെയും തേങ്ങലുകൾ. നിതാന്ത നിശബ്ദതയുടെ താഴ്വരയിൽ മരവിച്ചു നിന്നു. പേടകം വഹിച്ചുകൊണ്ടുവന്ന അലി അബ്രഹാമിന്റെ സഹപ്രവർത്തകർ ഓരോ ഇടങ്ങളിൽ നിന്ന് മൗനമായി പുറുപിറുത്തുകൊണ്ടിരുന്നു. അവർ ധരിച്ചിരുന്ന കറുത്ത ബാഡ്ജുകൾ നനഞ്ഞു കുതിർന്നു.

ഇടവഴി ആരംഭിക്കുന്നിടത്ത് ഓട്ടോറിക്ഷകൾ വന്നു നിന്നു. ഒന്നു രണ്ടു ബന്ധുക്കൾ അലമുറയിട്ടുവരുന്നുണ്ടായിരുന്നു. അകലങ്ങളിൽ നിന്ന് ആർത്തലച്ച് വരുന്ന മഴയുടെ ഭീതിദമായ ആരവത്തോടെ അവർ നിലവിളിച്ചുകൊണ്ട് അലി അബ്രഹാമിന്റെ പേടകത്തിന്റെ പുറത്തേക്ക് കുഴഞ്ഞുവീണു. അവരുടെ വിലാപം മടുപ്പിക്കുന്ന അസ്വസ്ഥതയിലേക്കുയരവേ ആരോ അവരെ താങ്ങി പുറകോട്ടുമാറ്റി. ക്രമേണ, അവരുടെ നിലവിളി നേർത്തുവന്നു. ചാറ്റൽമഴയുടെ വിലാപഗീതവും അപ്പോഴും അലി അബ്രഹാം ഉറങ്ങുകയായിരുന്നു. ഒന്നുമറിയാതെ.

മഴ തോർന്നു തുടങ്ങിയിരുന്നു. കാറ്റടിക്കുമ്പോൾ മാത്രം ഇലകൾ പൊഴിയുംപോലെ മരങ്ങളിൽ നിന്ന് മഴത്തുള്ളികൾ ഇറ്റുവീണു. കണ്ണീർത്തുള്ളികളുടെ ഭാരവും പേറി. മുറ്റത്ത് വളർത്തു ചെടികൾ ദുഃഖിതരുടെ കാൽപ്പാദത്തിന് കീഴെ ഞെരിഞ്ഞമർന്നു.

ശത്രുപാളയത്തിൽനിന്നും ചീറിപ്പാഞ്ഞുവന്ന ഒരു സ്ഫോടകവസ്തു. അലി അബ്രഹാമിന്റെ ശരീരം ഒരു കരിക്കട്ടയാക്കിയത് അതായിരുന്നുവത്രെ. തിരിച്ചറിയാനാവാത്തവിധം ശരീരം വികൃതമായിരുന്നു.

അലി അബ്രഹാമിന് ഒരുപാടു സ്വപ്നങ്ങളുണ്ടായിരുന്നു. ആ സ്വപ്നങ്ങളൊക്കെയും നെയ്തെടുക്കാൻ ഞാനും സഹായിയായിരുന്നു. കടൽ അവശേഷിപ്പിച്ച ഈർപ്പമുള്ള മണൽത്തട്ടിലിരുന്ന് മണ്ണുകൊണ്ട് മാളിക ഉണ്ടാക്കുന്ന നേരങ്ങളിൽ പലപ്പോഴും ചർച്ച ചെയ്യും. ഭാവിയെക്കുറിച്ച് നിലാവത്ത് നടക്കാനിറങ്ങുന്ന രാത്രികളിൽ കടൽത്തീരത്ത് ഞങ്ങൾ വെറുതെ കിടക്കുമായിരുന്നു. രാത്രി കാലങ്ങളിൽ കടൽ പലപ്പോഴും ശാന്തമാകവേ, അവ്യക്തമായ കടലിന്റെ ആരവം കേട്ട് അലി അബ്രഹാം പറയുകയുണ്ടായിരുന്നു. കടൽ താരാട്ട് പാടുകയാണത്രെ. ആ താരാട്ടു പാട്ടിൽ ഞങ്ങൾ മയങ്ങി ഉറങ്ങാറുണ്ടായിരുന്നു.

സ്വന്തമായിത്തിരി മണ്ണ്. അതിൽ ചെറിയൊരു വീട്. സഹോദരിമാരുടെ വിവാഹം. അനുജൻ അബ്ദുവിന്റെ പഠിത്തം. പരിമിതമോഹങ്ങൾ മാത്രമായിരുന്നു അലി അബ്രഹാമിനുണ്ടായിരുന്നത്. ഞങ്ങൾക്ക് മാത്രമായി കടൽക്കരയിൽ പകൽ മരിക്കുകയും രാത്രി ജനിക്കുകയും ചെയ്തു.

മഞ്ഞ് ഒരു കാരുണ്യത്തിനായി വരണ്ട ഹൃദയങ്ങളിൽ പെയ്തിറങ്ങുന്ന ഒരു വെളുപ്പാൻകാല രാവിൽ ഒരു ബാഗുമായി, പ്രത്യാശയുടെ കാഹളം മുഴക്കിവരുന്ന തീവണ്ടിയെ കാത്ത് സ്റ്റേഷനിൽ നിൽക്കുമ്പോൾ അലി അബ്രഹാമിന്റെ കണ്ണുകളിൽ വേർപാടിന്റെ നനവും പ്രതീക്ഷയുടെ തിളക്കവുമുണ്ടായിരുന്നു. രാജ്യത്തിന്റെ അതിർത്തി കാക്കാൻ അവൻ വിളിക്കപ്പെട്ടിരിക്കുകയായിരുന്നു. വാക്കുകൾ ഞങ്ങൾക്കിടയിൽ വെളിച്ചം നഷ്ടമായ മിന്നാമിനുങ്ങുകളായി ചിറകടിച്ചു പറന്നു. അന്ന് ഞങ്ങളെന്തൊക്കെയോ സംസാരിച്ചു. വാക്കുകൾ പറഞ്ഞവസാനിപ്പിക്കുന്നതിന് മുമ്പേ തീവണ്ടി വന്നു നിന്നിരുന്നു.

ചാറ്റൽ മഴ നിന്നുവോ......മഴയുടെ അവശിഷ്ടങ്ങൾ ഇടവഴിയിലെ മരക്കൊമ്പുകളിൽ തങ്ങിനിൽപ്പുണ്ടായിരുന്നു. അലി അബ്രഹാമിന്റെ പേടകം തുറക്കാറായിരിക്കുന്നു. പേടകവുമായി വന്നവർ അത് തുറക്കാനാരംഭിക്കവേ കരച്ചിലിന്റെ നേർത്ത അലകൾ വൻ തിരമാലകളായി മൗനത്തിന്റെ കടൽഭിത്തി തല്ലിത്തകർത്തു. ആളുകൾ കൂട്ടത്തോടെ പന്തലിലേക്ക് തള്ളിക്കയറി. ഒട്ടൊന്നു മാറി നിന്ന മഴ ആർത്തലച്ച് പെയ്യാനും തുടങ്ങി. മഴത്തുള്ളികൾ ക്രമേണ കണ്ണീരിന്റെ ഉപ്പുരസം ഏറ്റുവാങ്ങി.സമയം ഒരു വിലാപയാത്രയായി നടന്നു നീങ്ങവേ, അലി അബ്രഹാമിന്റെ പേടകം ദുഃഖിതർക്കുവേണ്ടി തുറക്കപ്പെടുകയായിരുന്നു. ഞാൻ തിരിഞ്ഞു നടന്നു. എന്റെ വഴി വിജനമായിരുന്നു.



ചന്തിരൂർ ദിവാകരൻ



# പോയകാലം തിരിച്ചുവന്നെങ്കിൽ



ഓർമതേടുന്നു മേച്ചിൽ പുറങ്ങളിൽ,
പോയകാലം തിരിച്ചു വന്നീടുമോ?
പോയകാല്യ സ്മരണകളിപ്പൊഴും
ആയതനേത്രപാളിയിൽ കാണ്മുഞാൻ.
എന്തു സൗഹൃദത്തേൻമഴയായിരു-
ന്നന്ധകാരം തുളുമ്പിനിൽക്കുമ്പൊഴും
എന്തൊരാനന്ദ സന്മാർഗ്ഗബോധന-
കാന്തി ദീപങ്ങളൂടുവഴിയിലും.

അന്നയൽക്കാർ പരസ്പര സ്നേഹമാ-
മന്നദാനങ്ങളോരോ ദിനത്തിലും
തന്നിരുന്നതിന്നോർമകളിപ്പൊഴും
ഖിന്നഭാവമകറ്റീടുമൗഷധം.
ഉറ്റചങ്ങാതി ചേട്ടത്തിയമ്മമാർ
ചുറ്റുപാടെഴും മാനവ ജീവികൾ
ശുദ്ധരാഗപ്പകിടയുരുട്ടിടും
മർത്യ ജീവികളായിരുന്നന്നു നാം.
കാലമേതോ ഋതുസംഗമങ്ങളാം
ചേലചുറ്റി നടന്നകലുമ്പോഴും
ഞാനറിഞ്ഞു മനുഷ്യമനങ്ങളിൽ
വേർതിരിവിൻ പ്രചണ്ഡകോലാഹലം !
തമ്മിലൊന്നുരിയാടുവാൻ ചേരുവാൻ
സൗഹൃദപ്പൊൻ വള കിലുക്കീടുവാൻ
നേരമില്ലതുപോട്ടെ, അരാതിപോൽ
മാറിടുന്ന തലമുറ കൺകളിൽ !
രക്തബന്ധങ്ങൾ സൗഹൃദ സന്ധ്യകൾ
ശക്തിചോരും പ്രവാഹിനി പോലെയായ്
മിത്രഭാവങ്ങൾ, ശത്രുതാമേടയിൽ
നൃത്തമാടുന്ന ചിത്രമെന്തെത്ഭുതം !
ദുർഗുണങ്ങളിൽ മുങ്ങും യുവത്വമേ
ദുർനിമിത്ത ശകുനമാകുന്നു നീ
ആദരവില്ല വൃദ്ധജനങ്ങളിൽ
ആരറിയുന്നവരുടെ നൊമ്പരം!
ഇന്നവർക്കു പകൽ വീടു സാന്ത്വനം
ഗാന്ധിഗേഹങ്ങൾ സ്നേഹരാജ്യങ്ങളും
നൽകിടുന്നുവെന്നാകിലും പോരുമോ
സ്വന്ത ഗേഹവും നാട്ടിൻ പുറങ്ങളും!




കഥ

# കുത്തുബ

എ.അഷറഫ്

ആദ്യബാങ്കുവിളി മുഴങ്ങിയപ്പോൾ മുതൽ ജൂമാ നമസ്ക്കാരത്തിനായി ആളുകൾ പള്ളിയിലേക്ക് ഒഴുകികൊണ്ടിരുന്നു. സുന്നത്ത് നമസ്ക്കാരം കഴിഞ്ഞ് ഇമാമ് പതിവ് പ്രസംഗത്തിനായി എഴുന്നേറ്റു. ഒളുവെടുത്തവർ പള്ളിയുടെ പ്രധാന ഹാളിൽ ഇരിപ്പിടത്തിനായി തിരക്കുകൂട്ടുന്നുണ്ട്. അകവും വരാന്തയും കഴിഞ്ഞ് പുറത്തെ മണൽപ്പരപ്പിൽ പുല്ലുപായകൾ വിരിച്ചു. ഉച്ചവെയിലിനു കുടപിടിച്ചുകൊണ്ട് ആകാശത്ത് വെള്ളിമേഘങ്ങളുടെ സഞ്ചാരം തുടങ്ങി.

ഇമാമിന്റെ പ്രസംഗത്തിൽ ഒരാഴ്ചത്തെ സംഭവങ്ങൾ നാടും നഗരവും കഴിഞ്ഞ് ലോകത്തോളമെത്തിയപ്പോൾ സമയമായെന്ന സിഗ്നൽ അബൂക്ക നൽകി. അബൂക്ക ഇമാമും മുക്കിറിയും ഒന്നുമല്ല. എന്നാലും വെള്ളിയാഴ്ചത്തെ കുത്തുബ അബൂക്കയുടെ വകയാകണമെന്നത് എല്ലാവർക്കും നിർബന്ധമാണ്. എത്രയോ വർഷമായി അയാളതു മുടങ്ങാതെ ചെയ്യുന്നു. പണ്ഡിത ശ്രേഷ്ഠനായ ഇമാമുപോലും അബൂക്കയെ വളരെ ആദരവോടെയാണ് കാണുന്നത്.

ഷർട്ടിന്റെ കോളറുള്ള നീളൻ ജൂബയും, കണ്ണയ്ക്കുമുകളിൽ കൃത്യമായി നിൽക്കുന്ന നേരിയ കരയൻ വെള്ളമുണ്ടും, വട്ടത്തൊപ്പിയുടെ മേൽ വെളുത്ത ഷാളുകൊണ്ട് കിരീടം പോലൊരു ചുറ്റിക്കെട്ടുമുള്ള്ള അബൂക്ക തിളക്കമുള്ള വാളും കുത്തിപ്പിടിച്ചുനിന്ന് കുത്തുബ ഓതുന്നതു കാണാൻ തന്നെ ഒരലങ്കാരമാണ്.

വെള്ളിയാഴ്ചച്ചൂടിൽ മഴയ്ക്കുമുൻപുള്ള ഒരു കുളിർകാറ്റുപോലെയാണ് അബൂക്കയുടെ കുത്തുബ ഓതൽ

ജൂമാകഴിഞ്ഞ് പരസ്പരം സലാം പറഞ്ഞ് എല്ലാവരും പിരിഞ്ഞപ്പോൾ മഴതോർന്ന ശാന്തതയിലായ് പള്ളിയും പരിസരവും.

അബൂക്ക പോകാനിറങ്ങുമ്പോൾ വീട്ടിൽ വന്ന് ഒരുമിച്ചിരുന്നു ഊണുകഴിക്കാൻ ദുബായിൽ നിന്നും അവധിക്കു വന്ന സുബൈർ ആഗ്രഹം പ്രകടിപ്പിച്ചു.

``ഒരു മരണവീട്ടിൽ ചെല്ലാമെന്നേറ്റിട്ടുണ്ട്.``

അബൂക്ക സ്നേഹപൂർവ്വം പറഞ്ഞ് ആ ക്ഷണം നിരസിച്ചു.

മരണവീട്ടിൽച്ചെന്നു ഓരോ ഖത്തത്തിനും തുക പറഞ്ഞുറപ്പിച്ചാണ് ഇപ്പോൾ മുസ്സലിയാക്കൻമാർ ഓതുന്നത്. പണക്കാരുടെ വീട്ടിൽപ്പോയാൽ കൂടുതൽ തുകയും നല്ല ഭക്ഷണവുമൊക്കെ കിട്ടും. കള്ള ത്തരമോതി പണം പിടുങ്ങുന്ന വിരുതൻമാരുമണ്ട്.

പക്ഷേ അബൂക്കയെ അതിനൊന്നും കിട്ടില്ല, പാവങ്ങൾ വിളിച്ചാൽ പോകും. എന്തെങ്കിലും കൊടുത്താൽ വാങ്ങും, ഇല്ലെങ്കിലും പരിഭവമില്ല. പാവങ്ങളുടെ ഉസ്താദായ് അബൂക്ക മറിയതങ്ങനെയാണ്. അതുകൊണ്ടുതന്നെ അയാൾക്ക് ധാരാളം ശത്രുക്കളുമുണ്ട്.

പണ്ടെല്ലാം മഹല്ലുകമ്മറ്റിയിൽ പ്രവർത്തിച്ചിരുന്നു.
പള്ളിപ്പറമ്പിൽ വാണിജ്യ സമുച്ചയം കെട്ടാനും ആവശ്യമില്ലാത്ത നിർമ്മാണപ്രവർത്തനം നടത്താനും പുതിയ ആളുകൾക്ക് ആവേശം കൂടിയപ്പോൾ അബൂക്കയും കൂട്ടരും കമ്മിറ്റിയിൽ നിന്നും പുറത്തേയ്ക്കു പോന്നു. അന്നു മുതൽ അവരുടെ കണ്ണിൽ റിബലുമായി.

മദ്രസയിൽ അദ്ധ്യാപകരില്ലാത്തപ്പോൾ അബൂക്ക പകരക്കാരനാകും. അബൂക്കയുടെ പഠനരീതി കുട്ടികൾക്ക് വളരെ ഇഷ്ടമാണ്.

മലബാറിലെ അറബിക്കോളേജുകളിൽ നിന്നും പഠിച്ചിറങ്ങിയ കുട്ടി മുസല്യാക്കന്മാർ ഇടവേളകളിൽ പള്ളിയിലിരുന്നു ഖുർ ആൻ ഓതുമ്പോൾ അബൂക്ക ശ്രദ്ധിച്ചുകേൾക്കും. എന്നിട്ട് അവരെ അടുത്തു വിളിച്ചിരുത്തി തെറ്റുതിരുത്തി കൊടുക്കും. അബൂക്ക പറഞ്ഞതാണോ കിത്താബിലുള്ളതാണോ ശരിയെന്നവർ സംശയത്തോടെ നോക്കും. ഒടുവിൽ അബൂക്കയെ അത്ഭുതത്തോടെ നോക്കിയിരിക്കും.

ഒരിക്കൽ കുട്ടി മുസല്യാക്കന്മാർ അബൂക്കയെ ഒന്നു പരീക്ഷിക്കണമെന്ന പുതിയുമായി അദ്ദേഹത്തിന്റടുത്തുചെന്നു.

ഞങ്ങൾ ഓതുന്നതിന്റെ തുടർച്ച അബൂക്ക കിത്താബുനോക്കാതെ ഓതാമോയെന്നായി.
ഇൻഷാ അള്ളാ ശ്രമിക്കാം

ഓരോത്തരും ഓരോ ജൂസുവും മാറി മാറി ഓതി നിർത്തി. നിർത്തിയിടത്തുനിന്നും അബൂക്ക തുടങ്ങി. പിന്നെ എത്രാമത്തെ അദ്ധ്യായം, അതിന്റെ അർത്ഥം, സന്ദർഭവുമൊക്കെ അയാൾ സ്വതസിദ്ധമായ ശൈലിയിൽ പറഞ്ഞുകേൾപ്പിച്ചു.

മലബാറിൽ പോയി പഠിച്ചാലും മക്കത്തുപോയി വന്നാലും എല്ലാം പഠിച്ചുവെന്നു കരുതരുത്, തറമായി പഠിക്കണം. പഠിച്ചതൊക്കെ വീണ്ടും വീണ്ടും ഓതിക്കൊണ്ടിരിക്കണം. അപ്പോൾ അള്ളാഹുവിന്റെ കൃപയുണ്ടാകും.

സാധാരണ പോലെ കുട്ടികളെ ഉപദേശിച്ചുകൊണ്ട്  അബൂക്ക കടന്നുപോയി. അബൂക്കയെ പരീക്ഷിച്ച വാർത്ത ഇമാമിന്റെ ചെവിലെത്തി. അദ്ദേഹം മുസലിയാക്കന്മാരെ വിളിച്ചു ശകാരിച്ചു.

ആത്മീയമായി അബൂക്കയ്ക്കുള്ള അറിവിന്റെ ആഴം മനസ്സിലാക്കിയിട്ടുള്ളത് ഇമാമ് മാത്രമാണ്.

``എത്ര തലമുറയെ ഇൽമു പകർന്നുകൊടുത്ത കുടുംബാംഗമാണ്. അയാളെപരീക്ഷിക്കാൻ നടക്കുന്ന നേരത്ത് അയാളിൽ നിന്നും എന്തെങ്കിലും പഠിക്കാൻ നോക്കൂ...``

ദേഷ്യത്തോടെ എല്ലാവരെയും ചുഴിഞ്ഞുനോക്കി വീണ്ടും തുടർന്നു.

``അയാള് ഓതിച്ചവന്മാരാണ് മുക്കിനും മൂലയ്ക്കുമിരുന്നു ആണ്ടുനേർച്ചയും വെള്ളം മന്ത്രിക്കലും, ഉറുക്കെഴുത്തുമായി പണം വാരിക്കൂട്ടുന്നത്. അബൂക്ക ആ വഴി പോയിരുന്നെങ്കിൽ ആ മനുഷ്യനാകും ഇവിടുത്തെ ഏറ്റവും വലിയ കോടീശ്വരൻ. അതറിയുവോ ഇങ്ങക്ക്...``

ദേഷ്യംകൊണ്ട് ഇമാമിന്റെ ശരീരം വിറച്ചുകൊണ്ടിരുന്നു. കുറ്റബോധവും ഭയവും മൂലം മുസലിയാക്കന്മാർ തലകുമ്പിട്ടുനിന്നു.

മദ്രസയിൽ വെച്ച് ഒരിക്കൽ അബൂക്ക കമ്മറ്റിക്കാരുമായി കോർത്തു.

നിക്കാഹ് രജിസ്ട്രറിൽ സ്ത്രീധനത്തുക എഴുതരുതെന്നാണ് അബൂക്കയുടെ വാദം. ശരീയത്തിൽ മഹറിനെക്കുറിച്ചു മാത്രമാണ് പറയുന്നത്.

``അപ്പോൾ ഞങ്ങളുടെ മക്കളെ മൊഴിചൊല്ലിയാൽ കൊടുത്ത മുതലിനൊക്കെ എന്തു തെളിവാണുള്ളത്.`` ഒരാൾ ആരോടെന്നില്ലാതെ ചോദിച്ചു.

``ഇങ്ങള് മൊഴിചെല്ലാനാണോ മക്കളെ നിക്കാഹ് ചെയ്യിക്കണത്.....``

അബൂക്ക വിട്ടുകൊടുത്തില്ല

``ഈ മഹല്ലിൽ എത്രപാവപ്പെട്ട കുടുംബങ്ങളിലെ പെൺ കുഞ്ഞുങ്ങളാണ്





കായില്ലാത്തതുകൊണ്ട് നിക്കാഹ് കഴിക്കാതെ പെരേന്റെയുള്ളിൽ കഴിയുന്നത്.

``ഓരെ വേദന നിങ്ങക്കൊന്നും മനസ്സിലാവില്ല.``

അതിനിടയിൽ സലാം പറഞ്ഞുകൊണ്ട് ഇമാമ് കടന്നുവന്നു.

``കൂടുതൽ സ്ത്രീധനം കിട്ടിയാൽ കൂടുതൽ സംഭാവന വാങ്ങാം, മുയലിയാക്കന്മാരുടെ പോക്കറ്റുമണിയും കൂടും. പള്ളിയുടെ പേരിൽ പണപ്പിരിവ് ഇനി അനുവദിക്കില്ല.

അബൂക്ക ഉറച്ചുതന്നെ...

അബൂക്കയെ ശാന്തനാക്കി തോളിൽ ചേർത്തു പിടിച്ചു പള്ളിയിലേക്കു നടക്കുന്നതിനിടയിൽ ശബ്ദം താഴ്ത്തി ഇമാമ് പറഞ്ഞു.

``ഇങ്ങളു....പറയുന്നത് ശരിയാണ് പക്ഷേങ്കിലേ ഈ ശെയ്ത്താന്മാരോട് മനുഷ്യന്മാർക്ക് സംസാരിക്കാൻ വേണ്ടിക്കഴിയുമോ.... അബൂക്കാ

*** ***

പ്രായാധിക്യം അബൂക്കയെ തളർത്തിയിരിക്കുന്നു. ജൂമാ നമസ്ക്കാരത്തിനു മാത്രമേ പള്ളിയിലെത്താറുള്ളൂ. തിരിച്ചാരെങ്കിലും വണ്ടിയിൽ വീട്ടിലെത്തിച്ചുകൊടുക്കും. ഇപ്പോൾ തീരെ വരാതായി. അതോടെ കുത്തുബ ഓതുന്നത് ആരെന്ന് കാര്യത്തിൽ തർക്കമായി.

ബാപ്പ കൂത്തുബ ഓതുന്നത് പുതുപ്പണക്കാരായ മക്കൾക്ക് അന്തസ്സിന്റെ പ്രശ്നമായി മാറി. തർക്കം മൂത്തു കമ്മറ്റിയിലെത്തി. അറിവെന്ന മാനദണ്ഡം അവസാനിപ്പിച്ചു. മൂന്നുപേർക്കായ് അവസരം പങ്കുവെച്ചു.

ഓരോ കുത്തുബ കേൾക്കുമ്പോഴും അബൂക്കയുടെ മാസ്മരിക ശബ്ദവും ഉച്ചാരണസ്ഫുടതയും എല്ലാവരുടെയും സ്മരണയിലെത്തും.

ആദ്യമെല്ലാം അബൂക്കയെ തേടി ചിലരൊക്കെ ചെന്നിരുന്നു. പിന്നീടാരും അന്വേഷിക്കാതായി. മറവിരോഗത്താൽ അബൂക്ക ഏറെനാൾ വീട്ടിൽ ഒറ്റപ്പെട്ടു കഴിഞ്ഞു.

ജൂമാ കഴിഞ്ഞ് എല്ലാവരും പിരിയുമ്പോഴാണ് അബൂക്കയുടെ മരണ അറിയിപ്പുണ്ടായത്. അപ്പോൾ അബൂക്ക ജീവിച്ചിരിപ്പുണ്ടായിരുന്നോ?.

എന്ന് പലരും പരസ്പരം ചോദിക്കുന്നുണ്ടായിരുന്നു.

# അവസാനവട്ടവിലയിരുത്തൽ



# വരവേൽപ്പ്






# തിരിതെളിയുന്നു..



# തിരിതെളിയുന്നൂ..





# ഉദ്ഘാടനം






# സ്മരണികപ്രകാശനം



# അല്പം നാട്ടുവിശേഷം





# വാൽസല്യപൂർവ്വം..





# കായിക കേരളം: പ്രതീക്ഷയും പ്രതിസന്ധികളും




മെബീൻ തോമസ്

കളിയോടങ്ങൾ വഞ്ചിപ്പാട്ടു മുഴക്കുന്ന കുട്ടനാട്ടിൽ ജലപ്പരപ്പ് തോടുകളാലും മധുകുംഭങ്ങൾ പേറുന്ന തെങ്ങുകളാലും ചുറ്റപ്പെട്ട ദൈവത്തിന്റെ സ്വന്തം നാട്- കേരളം. കേര നിരകളാൽ തലയുയുയർത്തി നിൽക്കുന്ന കേരനാടിനു ലോക ഭൂപടത്തിൽ മുന്തിയ ഒരു സ്ഥാനം തന്നെയുണ്ട്. ഭാരതത്തിന്റെ തിലകക്കുറിയായ്, തിടമ്പേറ്റിയ ഗജവീരനെപ്പോലെ ശിരസ്സുയർത്തി നിൽക്കുന്ന മലയാളനാട് ലോകത്തിനു നൽകിയ മഹനീയമായ സംഭാവനയാണ് കായികലോകത്തെ നിശ്വാസത്തിന്റെ ഏറ്റക്കുറച്ചിലുകളിലേക്ക് കടത്തിവിടുന്ന കായികതാരങ്ങളുടെ മിന്നും പ്രകടനം.

ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ മുത്തമിട്ട ഭാരതത്തിൽ കായികതാരങ്ങളിൽ പ്രമുഖഗണവും മലായളികൾ എന്നു മനസ്സിലാക്കുമ്പോൾ ഓരോ കേരളീയനും സന്തോഷമാണ്. കളമൊഴിഞ്ഞ പി.വി. മത്തായി തുടങ്ങിയ അനേകതാരങ്ങൾക്ക് പിന്നാലെ അഞ്ജുബോബി ജോർജ്ജിനും, പി.റ്റി.ഉഷക്കും, ഷൈനിവിൽസണും പിൻഗാമികളായി യുവകേരളത്തിന്റെ പ്രതീക്ഷയായ പി.യു.ചിത്രയും, മുഹമ്മദ് അനസ്സും, കുഞ്ഞു മുഹമ്മദും, ടിന്റു ലൂക്കയും, അനുവും മാറുമ്പോൾ നമുക്ക് അഭിമാനിക്കാതെ വയ്യ. മലയാളനാടിന്റെ മാറിൽ ചവിട്ടി ഭാരതത്തിന്റെ ദേശീയ കായിക ഇനമായ ഹോക്കിയിൽ മിന്നു പ്രകടനം നടത്തിയവരുടെ കൂട്ടത്തിലും ഒരു മലയാളി, ആർ. ശ്രീജേഷ്, തീർന്നില്ല, ഭാരതത്തിന്റെ നെഞ്ചിടിപ്പിന്റെ താളമായ ക്രിക്കറ്റിലും മലയാളികൾ... സഞ്ജു വി. സാംസൺ തുടങ്ങി അനേകർ.





ചൊവ്വയിൽ ചെന്നാലും മലയാളി എന്നു പറയുന്നതുപോലെ എല്ലാ കലാ കായിക മേഖലകളിലും സാന്നിദ്ധ്യം ഉറപ്പിക്കുന്ന മലയാളനാടിന്റെ ശൈലി നാളുകൾക്കു മുമ്പേ ശ്രദ്ധ പിടിച്ച ഒന്നാണ്. മണ്ണിനെ സ്നേഹിച്ച് മണ്ണിന്റെ മാറിൽ ചവിട്ടി നിന്നു, ഭൂമിയെ അമ്മയായികണ്ട്, ഓരോ കാലടിയും സൂക്ഷമതയോടെ വെക്കുന്ന അനേകം കായിക താരങ്ങൾ നമുക്കുണ്ട്. യഥാർത്ഥ കുട്ടനാട്ടുകാരന്റെ വീറും വാശിയും പ്രദർശിപ്പിച്ച് പരിശ്രമത്തിന്റെ ഉദാത്ത മാതൃകയായ കായികതാരങ്ങൾ മാറുമ്പോൾ ചിന്തിക്കുക കേരള കായിക ഭാവി സുരക്ഷിതമോ എന്ന്.

കാൽപ്പന്തുകളിയും, ക്രിക്കറ്റും കേരളത്തിന്റെ ജനതയെ ആകർഷിക്കുന്നതുപോലെ തന്നെ ജലമേളകളും മലയാളികളെ ആകർഷിക്കുന്നു. ജൂനിയർ, സീനിയർ വിഭാഗങ്ങൾ കേരളത്തെ പ്രതിനിധികരിച്ച് ചാമ്പ്യൻഷിപ്പുകളിൽ മുത്തമിടുമ്പോൾ അവർ നാടിന്റെ അഭിമാനമായി മാറുന്നു.

``നിങ്ങൾ രാജ്യത്തിനുവേണ്ടി എന്തുചെയ്തു ``എന്ന ചോദ്യത്തിന് തങ്ങളുടെ ജീവിതം ബാക്കിപ്പത്രമാക്കുന്ന കായികതാരങ്ങൾ അന്വർത്ഥമാക്കുന്ന ഒരു വാചകമുണ്ട്.

``രാജ്യം നിങ്ങൾക്കുവേണ്ടി എന്തു ചെയ്തു എന്നു ചിന്തിക്കരുത്
നിങ്ങൾ രാജ്യത്തിനുവേണ്ടി എന്തു ചെയ്തു എന്നു ചിന്തിക്കുക``

ഭാഗ്യം എന്ന രണ്ടക്ഷരത്തിനുപകരം കഠിനാദ്ധ്വാനം എന്ന അഞ്ചക്ഷരത്തെ കൂട്ടുപിടിച്ചു നീങ്ങുന്ന കായിക കേരളത്തിനു നേരിടേണ്ടി വരുന്ന പ്രതിസന്ധികളുമേറെ. തിരുവനന്തപുരത്തെ പുത്തരിക്കണ്ടം മൈതാനം പോലെ കേരളത്തിൽ അങ്ങോളമിങ്ങോളം നീണ്ടു നിവർന്നു കിടക്കുന്ന കളിപ്പറമ്പുകൾ യന്ത്രക്കൈകളാൽ ഗോപുര സമുച്ചയങ്ങൾക്കായി ഒരുക്കപ്പെടുന്നു. തീർന്നില്ല കുട്ടികളുടെ കഴിവുകളെ കണ്ടെത്താൻ സഹായകരമാകുന്ന സംരംഭങ്ങളുടെ കുറവ് തുടങ്ങി കായിക താരങ്ങൾക്ക് നേരിടേണ്ടി വരുന്ന അവഗണന തുടങ്ങിയവയെല്ലാം കായികലോകത്തിന്റെ പ്രതീക്ഷകളെ അസ്തമിപ്പിക്കുന്നു.




മലയാള മനോരമ ദിനപത്രത്തിൽ കായികം പേജിൽ ഒരിക്കൽ പ്രത്യക്ഷപ്പെട്ട പ്രധാന തലക്കെട്ട് ``ചിത്രവധം`` എന്നായിരുന്നു. അന്താരാഷ്ട്ര മത്സരങ്ങളിൽ കഴിവു തെളിയിച്ചിട്ടുപ്പോലും തുടർ മത്സരങ്ങളിൽ പങ്കെടുക്കുവാൻ സാധിക്കാതെ കടുത്ത അവഗണന നേരിടേണ്ടി വന്ന പി.യു. ചിത്രയെപ്പോലെയുള്ള താരങ്ങൾ തഴയപ്പെടുമ്പോൾ ചിന്തിക്കുക കായികലോകം പ്രതിസന്ധിയിലെന്ന്. അതോടൊപ്പം തന്നെ കായിക താരങ്ങൾക്ക് ലഭിക്കേണ്ട ജോലി സംബന്ധമായ അവകാശങ്ങളും അവരുടെ അഭിപ്രായസ്വാതന്ത്രവും ഹനിക്കപ്പെടുമ്പോൾ, കായികലോകം നിരാശയിലാഴുന്നു. ഉസൈൻബോൾട്ടെന്ന ജമൈക്കൻ ക്രിക്കറ്റ് താരത്തിൽ ഒരു അത്‌ലറ്റിനെ കണ്ടെത്തിയ പരിശീലകനെപ്പോലെ, ഒരു പരിശീലകൻ അല്ല അനേകം പരിശീലകന്മാർ ഉയർന്നു വന്നാലും, സമൂഹം അവരോടു പ്രദർശിപ്പിക്കുന്ന അവഗണന കേരള കായികലോകത്തെ വിഷമതയിലാഴ്ത്തുന്നു. ഉന്നതവും, നൂതനവുമായ സാങ്കേതിക വിദ്യയുടെ സഹായമോ, ഉയർന്ന നിലവാരമുള്ള പരിശീലനകേന്ദ്രങ്ങളോ ഇല്ലാത്ത പലയിടങ്ങളും കേരളത്തിലുണ്ട്. തങ്ങളുടെ കഴിവുകൾ പ്രദർശിപ്പിക്കാനാകാതെ അവർ പിന്നിലാക്കപ്പെടുമ്പോൾ നമുക്ക് നഷ്ടപ്പെടുന്നത് ഒരു സച്ചിൻ ടെൻഡുക്കറോ, മൈക്കൽ ഫെൽപ്സോ, ഉസൈൻ ബോൾട്ടോ, ലയൺ മെസ്സിയോ, ധ്യാൻ ചന്ദോ, റോജൻ ഫെഡറോ, റഫേൽ നദാലോ ആയിരിക്കും. സ്ത്രീകൾക്കും ഉയർന്ന നിലവാരമുള്ള പരിശീലനങ്ങൾ നൽകുകയും അവരെ കായികലോകത്തേക്ക് കൈപിടിച്ചുയർത്തുകയും ചെയ്യാനാകുമെങ്കിൽ മിതാലി രാജിനെപ്പോലെ മൺപീത് കൗറിനെപ്പോലെയുള്ള ക്രിക്കറ്റ് കളിക്കാരും, സെറീന വില്യംസ്, വിനസ് വില്യംസ്, സാനിയ മിർസ, പി.വി.സിന്ധു, കരോളിന ഫിങ്കിസ് തുടങ്ങി അനേകം കായിക താരങ്ങളും പിറവിയെടുക്കും.

ആയതിനാൽ നമ്മുടെ കേരളത്തിന്റെ വാഗ്ദാനങ്ങളായ കായികതാരങ്ങൾക്ക് മെച്ചം തന്നെ ഉറപ്പുവരുത്താം. എല്ലാ വിദ്യാലയങ്ങളിലും കായിക പരിശീലന ക്ലാസുകൾ, കായിക ഇനങ്ങളിൽ മിന്നും പ്രകടനം നടത്തുന്നവർക്ക് സ്കോളർഷിപ്പുകൾ, നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പരിശീലനക്ലാസുകൾ എല്ലാറ്റിനുമുപരി സർക്കാർ പിന്തുണയും നമുക്ക് ഉറപ്പുവരുത്തണം. അങ്ങനെ ലോകം കേരളത്തെ അറിയും, കുരുമുളകിന്റെ മാത്രം നാടെന്നല്ല- കായിക താരങ്ങളുടെ നാടെന്ന്.


വിജയിയെ കാത്ത്..

കഥ

# പുഴ പറഞ്ഞത്

ദീപക് രാജീവ്



കടപ്പാട്

നീണ്ട ഹൈവേ നിരത്തിൽ നിന്നും... കാർ പതിയെ തിരിച്ച്... ഇടുങ്ങിയ ഇടവഴിയിലേക്ക് കയറുമ്പോൾ അച്ഛന്റെ ഓർമ്മകൾ... തിരമാലകൾപോലെ വീണ്ടും ഹൃദയത്തിലേക്ക് കടന്നു വന്നു.

എതിരെ പാഞ്ഞുവന്ന ബൈക്കിന് വേണ്ടി കാർ ഒരരികിലേക്കൊതുക്കി. നഗരത്തിന്റെ കോലാഹലങ്ങൾ നിറഞ്ഞ് വീർപ്പുമുട്ടിക്കുന്ന അന്തരീക്ഷത്തിൽ നിന്ന് ഗ്രാമീണ ശാലീനതയിലേക്ക് കയറുമ്പോൾ എ.സി ഓഫ് ചെയ്ത്ജനാല തുറന്നിട്ടു.

കവിളുകളിലും നെറ്റിയിലും വന്നുമ്മവെച്ച... തണുത്ത കാറ്റിന് ഭാരതപ്പുഴയുടെ ഗന്ധം!. ഗ്രാമീണ നൻമയുടെയും... ഈശ്വരാ... അച്ഛനൊരാപത്തും വരുത്തരുതേ!. ശെരിയാ... നഗരത്തിലെ തിരക്കുപിടിച്ച ഓട്ടത്തിനിടയിൽ അദ്ദേഹത്തെ വന്നു കാണുവാനും.... സ്നേഹം പങ്കുവയ്ക്കുവാനും തനിക്ക് പലപ്പോഴും കഴിഞ്ഞിട്ടില്ല. വാർദ്ധക്യം ജീവിതത്തിൽ വിള്ളലു വീഴ്ത്തുന്ന നാളുകളിൽ അച്ഛന് സ്നേഹവും പരിചരണവും ആണ് വേണ്ടത്, തനിക്കറിയാം.....

ഈ തിരക്കിനിടയിൽ... ഒന്നിനും സമയം കണ്ടെത്തുവാൻ കഴിഞ്ഞില്ല.

നാല്....

അല്ല ഒരു ആറ് മാസങ്ങൾക്ക് മുമ്പ് ഒടുവിലായി തറവാട്ടിൽ വന്നപ്പോൾ അച്ഛൻ പറഞ്ഞത് ഓർമ്മയുണ്ട്. ഉണ്ണീ.... അച്ഛന് കാല് വേദനതീരെ സഹിക്കാനാവുന്നില്ല... നാളുകൾ കഴിയുമ്പോൾ നീര് അങ്ങനെകൂടിക്കൊണ്ടിരിക്ക്യാ...പോയിട്ട് വരുമ്പോ.... കാലുവേദനയ്ക്കുള്ള ഒരു കുപ്പി കഷായം വാങ്ങുവാൻ മറക്കല്ലേ.

ഇയ്യ്....

ഈശ്വരാ...

ഇപ്പോഴെങ്കിലും... ഓർമ്മിപ്പിച്ചതിൽ ഒരായിരം നന്ദി. തീർച്ചയായും വാങ്ങും...അച്ഛാ... ഒരു അഞ്ച് ആറ് മാസം ലീവ് എടുക്കണം... അച്ഛനെപരിചരിച്ച് ഗ്രാമത്തിന്റെ വിശാലമായ നാട്ടിടവഴികളിലും... തന്നെ താനാക്കി മാറ്റിയ പുഴ വക്കിലൂടെയും... വെറുതെ അലസമായി നടക്കണം...

ഓഫീസിലെ തിരക്കുപിടിച്ച ജോലിക്കിടയിലായിരുന്നു... ചെറിയച്ഛൻ വിളിച്ചത്.

ഉണ്ണീ... സേതുവേട്ടന് ദണ്ണം അൽപ്പം കലശലാണ്... ട്ടോ... വേഗം ഇങ്ങ് പോരുക ഇയ്യ്... നിന്നെ കാണണമെന്ന് പറയുകയും ചെയ്തു.

മനുഷ്യൻമാരുടെ കാര്യല്ലെ... എത്രനാൾ... എവിടെവരെ എന്നാർക്കറിയാം...

മറുത്തൊന്നും പറയാൻ കഴിഞ്ഞില്ല. ചെറിയച്ഛൻ വേഗം തന്നെ ഫോൺവച്ചിരുന്നു. അദ്ദേഹത്തിന്റെ വാക്കുകളിൽ പതർച്ചയും, ദൈന്യതയുമുണ്ടായിരുന്നു. പിന്നീട് കൂടുതൽ ആലോചിക്കുവാൻ നിന്നില്ല. ബോസിൽ നിന്ന് ലീവ് എഴുതി വാങ്ങി... കാറിൽ കയറി ഇങ്ങു പോന്നു.

ഈശ്വരാ... എന്റെ പാവം അച്ഛന് ഒരാപത്തും ഒരാപത്തും വരുത്തരുതേ...അദ്ദേഹവും... ഈ ഗ്രാമത്തിലെ കുഞ്ഞുപള്ളിക്കൂടവും....നിറഞ്ഞൊഴുകിയിരുന്ന ഭാരതപ്പുഴയൊക്കെയാണ് തന്നെ താനാക്കി മാറ്റിയത്.

ശെരിയാ... നാഗരിക ജീവിതത്തിന്റെ ഉൻമാദത്തിനതിടയിൽ... ഒരു നിമിഷം ഒക്കെയും വിസ്മരിച്ചുപോയി... പക്ഷേ എന്നാലും ഒന്നും കൈമോശം വന്നിട്ടില്ല. തീർച്ച...

ഉള്ളിന്റെ ഉള്ളിൽ... ഇവിടെ ഉള്ള ഏവരെയുംപോലെ ഒരു പച്ചയായ മനഷ്യൻ ആണ് താനും. നിരത്തിലൂടെ പശുക്കൂട്ടത്തെ തെളിച്ചുകൊണ്ട് പോയ ഒരു കർഷകനോട്, കാർ നിർത്തിയതിന് ശേഷം ചോദിച്ചു.

ചേട്ടാ... ഈ കഷായവും മറ്റ് ആയുർവ്വേദ മരുന്നുകളും ലഭിക്കുന്ന കട ഉണ്ടോ അടുത്ത്?

അദ്ദേഹം നിഷ്കളങ്കമായ മഞ്ഞച്ച പല്ലുകൾ കാട്ടി ചിരിച്ചുകൊണ്ട് പറഞ്ഞു.

''നേരെ പോകുമ്പോൾ നാലാമത്തെ വളവു തിരിഞ്ഞാൽ ചന്തയെത്തി...,അവിടെ കിട്ടും''

'' താങ്ക് യൂ''

പറഞ്ഞതെന്താണെന്ന് മനസിലായില്ലെങ്കിലും... മഞ്ഞച്ച പല്ലുകൾ കാട്ടി......അദ്ദേഹം പുഞ്ചിരിച്ചുകൊണ്ടേയിരുന്നു. പച്ചയായ മനുഷ്യന്റെ ഗ്രാമീണ നൈർമല്യത്തിൽ ചാലിച്ച പുഞ്ചിരി...

ഭാരതപ്പുഴയുടെ മടിത്തട്ടിൽ കളിച്ചുവളർന്ന ഏവരുടെയും... പുഞ്ചിരി ഏതാണ്ട് ഇത്പോലെ തന്നിരിക്കും.

തന്റേയോ?.

പണ്ട്, ആറര വെളുപ്പിന് സൂര്യനുദിക്കുന്ന സമയത്ത് അച്ഛൻ ഭാരതപ്പുഴയിൽ കുളിക്കാൻ പോകുമായിരുന്നു.

ഒഴിവു ദിവസങ്ങളിൽ കൈക്കുഞ്ഞിനെയെന്നപോലെ പൊക്കിയെടുത്ത് തന്നെയും തോളിലുരുത്തികൊണ്ടു പോകും. ആ യാത്രയ്ക്കിടയിൽ അദ്ദേഹം എത്ര എത്ര കഥകൾ പറഞ്ഞു തരുമായിരുന്നു... എത്ര വല്യ കാര്യങ്ങൾ പറഞ്ഞുതരുമായിരുന്നു.

ഉണ്ണീ... ജീവിതത്തിൽ ഒരു ലക്ഷ്യമുണ്ടാകണം.... ചെറുതല്ല വലിയ ലക്ഷ്യങ്ങൾ വേണം കാണുവാൻ. ശേഷം അത് നേടുവാൻ മരണംവരെയും ആത്മാർത്ഥമായി പരിശ്രമിക്കുകയും വേണം. ആമയുടെയും മുയലിന്റെയും കഥ പറഞ്ഞതുപോലെ... മടിയുടെ ആലസ്യം നിറഞ്ഞ മൂടുപടം ഒരിക്കലും നമ്മെ മൂടുവാൻ പാടില്ല. ഏകാഗ്രതയോടുള്ള.... ആത്മാർത്ഥ പരിശ്രമം ആയിരിക്കും നിന്നെ വിജയശ്രീലാളിതനാക്കുക!!.

സൂര്യൻ കിഴക്കുദിച്ചു പൊങ്ങുമ്പോൾ അച്ഛൻ ഭാരതപ്പുഴയിൽ നീന്തി തുടിക്കും..... താൻ അരികിൽ മണ്ണു വാരി കളിച്ചുകൊണ്ട് അദ്ദേഹത്തെ തന്നെ നോക്കിയിരുക്കും... കിഴക്കിലേക്ക് തിരിഞ്ഞുനിന്ന് കൈക്കുമ്പിളിൽ വെള്ളം നിറച്ചുകൊണ്ട് അദ്ദേഹം പറയും....

ഗുരുർ ബ്രഹ്മ: ഗുരുർ വിഷ്ണു
ഗുരുർ ദേവോ മഹേശ്വര:
ഗുരുസാക്ഷാൽ പരബ്രഹ്മ
തസ്മൈ ശ്രീ ഗുരുവേ നമ:

ആരാധനയോടെ നോക്കി നിൽക്കുന്ന തന്നെ തൊട്ടുവിളിച്ചുകൊണ്ട് അച്ഛൻ പറയും:

'' ഉണ്ണിക്ക് അർത്ഥം മനസ്സിലായോ...?

ഗുരു ബ്രഹ്മാവാണ്, വിഷ്ണുവാണ്... ലോകമെങ്ങും നിറഞ്ഞു നിൽക്കുന്ന പരബ്രഹ്മമാണ്.ഗുരുവിനെആദരിക്കുകയും അനുസരിക്കുകയും ചെയ്യുന്ന കുട്ടികളേ ജീവിതത്തിൽ ഉയരുകയുള്ളൂ എന്ന് സാരം!''

ഈശ്വരാ... എന്റെ പാപം അച്ഛന് ഒരാപത്തും വരുത്തരുതേ... ദണ്ണം അൽപ്പം കൂടുതലാ എന്നാണ് ചെറിയച്ഛൻ പറഞ്ഞത്. അച്ഛനോടുള്ള തന്റെ കടപ്പാടിന്റെ ഒരംശംപോലും ചെയ്തു തീർക്കുവാൻ കഴിഞ്ഞില്ല!

പ്രായശ്ചിത്തം ചെയ്യണം... ചെയ്തേ പറ്റൂ... രാവിലെ എണീറ്റ് ഓഫീസിൽപോയി വൈകുന്നേരം മാലിനിയുമായി നഗരത്തിൽ ചുറ്റിയടിച്ച്... ഒടുവിൽ ഇരുട്ടുമ്പോൾ നൈറ്റ് ക്ലബ്ബിലും... പോകും.

തന്റെ ഒരു ദിവസം തീർന്നു. ഈ തിരക്കിനിടയിൽ അച്ഛനെയും പുഴയെയും കഷാത്തെയും പറ്റി ഓർക്കുവാൻ ആർക്കുണ്ട് സമയം...?

ചന്തയിലിറങ്ങി കഷായം വാങ്ങി പെട്ടിയിൽവെച്ച്... കാർ പായിച്ചു വിട്ടു. നീണ്ട നെൽപ്പാടങ്ങൾ കടന്നു... ഭാരതപ്പുഴയുടെ അരികിൽ കാർ നിർത്തി. പുഴ നടന്നു കടക്കാവുന്നതേ ഉള്ളൂ.... തൊട്ടപ്പുറത്താണ് തന്റെ തറവാട്.

വറ്റി വരളുന്ന പുഴയിൽ ചുട്ടുപൊള്ളുന്ന വെയിലേറ്റ് മണൽത്തരികൾ പഴുക്കുന്നു.

നല്ല വിഷമം തോന്നി. തന്നെ താനാക്കി മാറ്റിയ പുഴയും ഗ്രാമവും, തറവാടും പിന്നെ അച്ഛനും എല്ലാം... മൃതപ്രായമായിക്കൊണ്ടിരിക്കുന്നു.

വീട്ടുമുറ്റത്തെത്തിയപ്പോളാണ് ആളുകൾ കൂടി നിൽക്കുന്നത് കണ്ടത്. ആരുടെയോ അൽപ്പം ഉറക്കെയുള്ള കരച്ചിൽ കേട്ടു:

"സേതുവേട്ടാ... കണ്ണ് തുറക്കൂ... സേതുവേട്ടാ........."

ഹൃദയമിടിപ്പ് പെരുമ്പറപോലെ വർദ്ധിച്ചു. കാലുകൾ തളരുന്നതുപോലെ...

" എന്റെ സേതുവേട്ടൻ പോയല്ലോ... ഈശ്വരാ..."

അതെ ചെറിയച്ഛന്റെ ശബ്ദം തന്നെയായിരുന്നു അത്.

"പ്രായശ്ചിത്തം?..."

"അച്ഛൻ..."

കരയാൻപോലുമാവാതെ മരവിച്ചു നിന്നപ്പോൾ...

കയ്യിൽനിന്നുപെട്ടി താഴെ വീണു

ചന്തയിൽ നിന്ന് വാങ്ങി പൊതിഞ്ഞു വെച്ചിരുന്ന കഷായക്കുപ്പി പൊട്ടി ഒലിച്ചു...

അച്ഛൻ

തന്റെ പാവം അച്ഛൻ




ഇടവേളയിൽ...



# സ്ത്രീയും സമൂഹവും

അരുൺ.ടി

ഒരിക്കൽ ഒരു മഹാൻ പറഞ്ഞു തൊട്ടിലാട്ടുന്ന കൈകൾ അമ്മമാരാണ്. അമ്മയെന്നാൽ സ്ത്രീയാണ്. അത്തരത്തിൽ ലോകം ഭരിക്കേണ്ടത് സ്ത്രീകളാണ്. മാത്രമല്ല ഫ്രഞ്ച് വിപ്ലവത്തിന്റെ ശിശു എന്നറിയപ്പെടുന്ന നെപ്പോളിയൻ ഒരിക്കൽ പറയുകയുണ്ടായി. എനിക്ക് നല്ല അമ്മമാരെ തരുക ഞാൻ നിങ്ങൾക്ക് നല്ല രാജ്യം തരാം. ഈ വാക്യങ്ങളെല്ലാം തന്നെ

സ്ത്രീത്വത്തിന്റെ മഹത്വം വിളിച്ചോതുന്നവയാണ്. എന്നാൽ സ്ത്രീ സാഹിത്യത്തിലും പ്രസംഗത്തിലും എല്ലാം വാഴ്ത്തപ്പെടുമ്പോൾ അവളുടെ ജീവിതത്തിൽ സമൂഹത്തിൽ ഇകഴ്ത്തപ്പെടുന്ന വാർത്തയാണ് നമുക്ക് കേൾക്കുവാനും കാണുവാനും സാധിക്കുന്നത്.



ഇന്ന് സമൂഹത്തിന്റെ ഏതു കോണിലും ആൺ, പെൺ വേർതിരിവ് കാണാം. ജോലി സ്ഥലത്തെ ശമ്പള വ്യവസ്ഥ എടുത്താലും പഠിപ്പിന്റെ കാര്യത്തിലാണെങ്കിലും പെൺകുട്ടികൾക്ക് അധികം പഠിപ്പ് വേണ്ട എന്നു തീരുമാനിക്കുന്നവരാണ് മിക്ക വീട്ടുകാരും. ഈ വേർതിരിവ് ഒരു ജാതിവ്യവസ്ഥപോലെ മനുഷ്യ സമൂഹത്തെ വിടാതെ പിന്തുടർന്നുകൊണ്ടിരിക്കുന്നു. ഇന്നും പല രാജ്യങ്ങളിലും സ്ത്രീകൾക്ക് പൊതുസ്ഥലങ്ങൾ സന്ദർശിക്കാനോ പൊതുനിരത്തുകളിൽ ഇറങ്ങാനോ സ്വാതന്ത്ര്യമില്ല. മാത്രമല്ല, ഇറാനിൽ വോളിബോൾ മത്സരം കാണാനെത്തിയ പെൺകുട്ടിയെ ജയിലിൽ അടച്ച വർത്തമാനപത്രങ്ങളിലെ വാർത്ത നാം അൽപ്പം രോഷത്തോടെയെങ്കിലും വായിച്ചിരിക്കണം. ഇന്നുകാര്യങ്ങൾ അത്ര സുഗമമല്ലെങ്കിലും പിന്നെയും മെച്ചപ്പെട്ടിട്ടുണ്ട്. പണ്ട് സ്ത്രീജനങ്ങൾക്ക്, കേരളത്തിൽ പോലും വെളിയിലിറങ്ങാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. അത് കീഴാളനായിക്കോട്ടെ, മേലാളനായിക്കോട്ടെ. ഇന്നും അന്തർജനങ്ങൾ എന്നാണ് അവരറിയപ്പെട്ടിരുന്നത്. എന്നാൽ പലപ്പോഴും ആ സ്ഥിതിയിലേക്ക് കാര്യങ്ങൾ വന്നെത്തി നിൽക്കുന്നു.

ജനിച്ചു വീഴുന്ന പിഞ്ചുകുഞ്ഞ് പെണ്ണാണെങ്കിൽ ആ കുഞ്ഞിനെ വരെപീഢിപ്പിക്കാൻ കഴുകൻ കണ്ണുകളുമായി നടക്കുന്ന അധമൻമാരുടെ നാടായി നമ്മുടെ കേരളവും, ഭാരതവും മാറി. എന്തിനേറെ പറയുന്നു. തൊണ്ണൂറു വയസ്സു കഴിഞ്ഞ വൃദ്ധയെപ്പോലും വെറുതെ വിടുന്നില്ല. പന്നെയാണ് പിഞ്ചു കുഞ്ഞ്. നമ്മുടെ നാട്ടിലെ ശിക്ഷാ വ്യവസ്ഥിതി കുറച്ചുകൂടി കർശനമായാൽ ഇതെല്ലാം ഒരു പരിധിവരെ നിയന്ത്രിക്കാൻ നമുക്ക് സാധിക്കും



ശക്തിയുടെയും സഹനത്തിന്റെയും ത്യാഗത്തിന്റെയും പര്യായമാണ് സ്ത്രീ എന്നു മനസിലാക്കാൻ പുരുഷ മേധാവിത്തമായ സമൂഹത്തിന് കഴിയുന്നില്ല എന്നതാണ് സാരം. ഇന്ന് സമസ്ത മേഖലകളിലും സ്ത്രീത്വത്തിന്റെ മുന്നേറ്റമാണ് നമുക്ക് കാണുവാൻ കഴിയുക. അതിനുദാഹരണമാണ് 1983 ൽ കപിൽദേവിന്റെ നേതൃത്വത്തിൽ ഇന്ത്യ ലോകകപ്പ് നേടി 34 വർഷങ്ങൾക്ക് ശേഷം അതേ മണ്ണിൽ ഇന്ത്യയുടെ വീര വനിതകൾ ക്രിക്കറ്റ് ലോകകപ്പിന്റെ ഫൈനൽവരെയെത്തിയത്. എന്നാൽ നിർഭാഗ്യം കൊണ്ടുമാത്രം അവർക്ക് വിജയിക്കാൻ സാധിച്ചില്ല. എന്നാൽ ആ നേട്ടത്തെ വിലകുറച്ച് കാണുകയല്ല വേണ്ടത്. എന്നാൽ പുരുഷ ക്രിക്കറ്റ് ടീമിന് കിട്ടുന്നയത്രയും പ്രതിഫലം അല്ല അതിന്റെ പകുതിയുടെ പകുതിപോലും വനിതാ ക്രിക്കറ്റ് ടീം അംഗങ്ങൾക്ക് കിട്ടുന്നില്ല എന്നത് മറ്റൊരു യാഥാർത്ഥ്യം. കായിക രംഗങ്ങളിലും, ശാസ്ത്ര സാങ്കേതിക രംഗങ്ങളിലും, സാഹിത്യ ലോകത്തും, രാഷ്ട്രീയത്തിലും തങ്ങളുടെതായ വ്യക്തി മുദ്ര പതിപ്പിച്ച സ്ത്രീജനങ്ങൾ നിരവധിയാണ്. എന്നാൽ ഇന്ന് ഏറ്റവും കൂടുതൽ പീഢനങ്ങളും ത്യാഗങ്ങളും ദുഃഖങ്ങളും അനുഭവിക്കേണ്ടിവരുന്നത് സ്ത്രീകളാണ്. സ്ത്രീ അമ്മയാണ്, സഹോദരിയാണ്, ഭാര്യയാണ് എന്നെല്ലാം പറയുമ്പോഴും പട്ടാപ്പകൽ അപമാനത്തിനിരയാകുന്ന സ്ത്രീജനങ്ങളെ നാം കണ്ടില്ലെന്ന് നടിക്കുന്നു. കൂടാതെ ജനിച്ചു വീഴുന്നത് പെൺകുട്ടിയാണെങ്കിൽ ആ കുട്ടിയെ കഴുത്തു ഞെരിച്ച് കൊല്ലുന്ന നാടായി നമ്മുടെ ഭാരതത്തിലെ ചില ഗ്രാമങ്ങളെങ്കിലും മാറി കഴിഞ്ഞിരിക്കുന്നു. ഡൽഹിയിലെ ഒരു നിർഭയയ്ക്കു ശേഷം അനേകം നിർഭയമാർ ഇന്നും അനേകം നാടുകളിലായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. രാത്രി എട്ടു മണി കഴിഞ്ഞാൽ പെൺകുട്ടിയാണെങ്കിൽ പുറത്തിറങ്ങി നടക്കരുത്. അവൾ വീട്ടിലെ അടുക്കളയുടെ നാല് ചുമരുകൾക്കുള്ളിൽ കഴിഞ്ഞുകൂടേണ്ടവളാണ് എന്ന ചിന്താഗതിക്കാരാണ് മിക്കവരും. എന്നാൽ നിങ്ങൾക്കൊരു ആൺ മകനാണെങ്കിൽ നിങ്ങൾ അങ്ങനെ വിലക്കാൻ തയ്യാറാകുമോ? എന്നു പല സ്ത്രീകളും ചോദിക്കാൻ തുനിഞ്ഞ ചോദ്യങ്ങളാണ്. എന്നാൽ പുരുഷ മേധാവിത്ത സമൂഹത്തിന്റെ വിലക്കുകൾ തീർത്ത വിലങ്ങുകൾ അവളുടെ നാവിനെ ബന്ധിച്ചു.




പെൺകുട്ടികളുടെ അവകാശത്തിനുവേണ്ടി വാദിച്ച മലാല യൂസഫ് സായിമാർ ഇനിയും ഉണ്ടാകേണ്ടി
യിരിക്കുന്നു. നിർബന്ധിത ലൈംഗികതൊഴിൽ ചെയ്യാൻ ആഫ്രിക്കപോലുള്ള ഭുഖണ്ഡങ്ങളിൽ പെ
ൺകുട്ടികൾ നിർബന്ധിതരാവുന്ന കാഴ്ച വേദനയോടെ നോക്കി നിൽക്കാൻ മാത്രമേ മനുഷ്യമനസാ
ക്ഷിക്ക് കഴിയുന്നുള്ളൂ. സ്ത്രീകൾക്ക് കിട്ടേണ്ട അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും പുസ്തക താളുകളി
ലും, പ്രസംഗങ്ങളിലും അല്ല, പ്രവർത്തിയിലൂടെ നേടിയെടുത്ത് കാണിക്കണം. സ്ത്രീധനം നിരോധിക്ക
പ്പെട്ടെങ്കിലും, അതിന്റെ പേരിൽ മാനസികമായും ശാരീരികമായും ധാരാളം സ്ത്രീകൾ ഇന്നും പീഢന
ങ്ങൾ അനുഭവിക്കുന്നുണ്ട്. ഈ അവസ്ഥയ്ക്കെല്ലാം അറുതി വരുത്താൻ മാറി മാറി വന്ന ഒരു സർക്കാ
രിനുംകഴിഞ്ഞിട്ടില്ല. സ്ത്രീയെ പുരുഷന്റെ അടിമയായി കാണാതെ ഉടമയായി കാണാൻ കഴിയണം.
എല്ലാ മഹാൻമാരുടെയും വിജയത്തിന് പിന്നിൽ ഒരു സ്ത്രീയായിരിക്കും. അത് പല രൂപത്തിലും
ആവാം. ഒന്നുകിൽ അമ്മയുടെ, ഭാര്യയുടെ അല്ലെങ്കിൽ സഹോദരിയുടെ. ലോകത്തിൽ തങ്ങളുടെതായ
വ്യക്തിമുദ്ര പതിപ്പിച്ച സ്ത്രീരത്നങ്ങൾ നിരവധിയുണ്ട്. ബഹിരാകാശയാത്രികരായ വാലന്റിന തെര
ഷ്കോവയും, കൽപ്പന ചൗളയും, സുനിത വില്യംസും, രാഷ്ട്രീയ രംഗത്ത് കൊടികുത്തിവാണ മാർഗ
രറ്റ് താച്ചറും, ഇന്ദിരാഗാന്ധിയും,കായിക രംഗത്തെ അഭിമാനങ്ങളായ ഉസൻ ബയേവയും, ദ്യുതി ചന്ദും,
ആതുര സേവന രംഗത്ത് പുതിയ മാനങ്ങൾ സൃഷ്ടിച്ച വിശുദ്ധ മദർ തെരേസയും, ഫ്ളോറൻസ്
നൈറ്റിംഗേലും, മലാല യൂസഫ്സായിയും, കിരൺബേദിയെപ്പോലുള്ള ഐ.പി.എസ് ഉദ്യോഗസ്ഥരും
അങ്ങനെ അനേകം അനേകം സ്ത്രീ രത്നങ്ങൾ അവരെക്കുറിച്ചെല്ലാം പറയാൻ ഈ കടലാസുകൾ മതി
യാകാതെ വരും.




വനിതാദിനത്തിൽ മാത്രം സ്ത്രീകളെ ആദരിക്കുകയും അവരുടെ മഹത്വം നാം മനസിലാക്കുകയും ചെയ്യുന്നു. എന്നാൽ ദിനവും ഒരു പോലെ സ്ത്രീയെ മനസിലാക്കുവാനും അംഗീകരിക്കുവാനും നമുക്ക് സാധിക്കണം. മാളുഷേക്ക് എന്ന ഇരുപത് വയസ്സുകാരിയെ നമുക്കേവർക്കും അറിയാം. തന്റെ പതിനാറാം വയസ്സിൽ ആത്മഹത്യയ്ക്കൊരുങ്ങിയ അവളെ ഒരാൾ ദൈവദൂതനെപ്പോലെ അതിൽ നിന്നും രക്ഷിക്കുന്നു. വീട്ടുകാരുടെയും നാട്ടുകാരുടെയും അപാരവും അസഹനീയവുമായ മാനസിക പീഢനത്താലാണ് ആ അനാഥ ഈ കടുംകൈ ചെയ്യുന്നത്. എന്നാൽ അവൾ ജീവിതത്തോടും, സമൂഹത്തോടും മല്ലിട്ടു. ആണുങ്ങൾക്കുപോലും അപ്രാപ്യമായ പലതും അവൾ വെട്ടിപ്പിടിച്ചു. ഇന്നു വളയിടേണ്ട ആ കൈകൾ ഇരുപത് വയസ്സുകാരിയുടെ കൈകൾ ട്രക്കിന്റെ വളയം പിടിക്കാൻ പാകത്തിന് കരുത്തുള്ളതായി തീർന്നു. കൂടാതെ അവൾ നിർത്താതെ വേമ്പനാട്ടുകായലിൽ  കിലോമീറ്ററുകൾ ദൂരം നീന്തിയതും അതിനുദാഹരണമാണ്. ഇതുപോലെ പ്രതിസന്ധികളെ വെട്ടിപ്പിടിക്കാൻ നമ്മുടെ സ്ത്രീ ജനങ്ങൾക്കും കഴിയണം. സാഹിത്യത്തിൽ സ്ത്രീ എന്നും സാഹിത്യകാരൻമാരുടെ തൂലികകളിൽ വാഴ്ത്തപ്പെട്ടു. എന്നാൽ സമൂഹം അവൾക്ക് വിലക്കു കൽപ്പിച്ചു. മാത്രമല്ല, മാധവിക്കുട്ടി എന്നറിയപ്പെടുന്ന കലമാസുരയ്യ തന്റെ ഒരു കവിതയിൽ തന്റെ ജീവിതം തന്നെ മനോഹരമായി ഒപ്പിയെടുത്തിട്ടുണ്ട്. മാധവിക്കുട്ടി സ്നേഹം ആവശ്യപ്പെട്ടപ്പോൾ അവരുടെ ഭർത്താവ് കതകടച്ച് കുറ്റിയിട്ടു. ഇതിൽ നിന്നും തന്നെ പതിനാറാം വയസ്സിൽ കല്യാണം കഴിച്ച കുട്ടിയുടെ സങ്കടങ്ങൾ ആർക്കും മനസിലാക്കാൻ സാധിക്കുന്നില്ല. സ്ത്രീയ്ക്ക് സമൂഹത്തിലുള്ള സ്ഥാനം വലുതാണ്. സമൂഹത്തിന്റെ നെടുംതൂണുകളാണ് സ്ത്രീകൾ. ആ സ്ത്രീയുടെ ത്യാഗമനോഭാവത്തെ അംഗീകരിക്കുമ്പോൾ നാം സ്ത്രീകൾക്ക് നൽകുന്ന അംഗീകാരമാണത്. സ്ത്രീകൾ ലോകം ഭരിക്കുന്നവരാണ്. എന്നാൽ അത് നാം അംഗീകരിക്കുമ്പോൾ മാത്രമാണ് അവർക്കതിന് കഴിയുന്നത്.




കൂടാതെ സ്ത്രീജനങ്ങൾ നേരിടുന്ന സമൂഹത്തിലെ ഏറ്റവും വലിയ വെല്ലുവിളിയാണ് ബാലവിവാഹം തിരിച്ചറിവില്ലാത്ത പക്വതയില്ലാത്ത പ്രായത്തിൽ തന്നെ വിവാഹം കഴിക്കാൻ പെൺകുട്ടികൾ നിർബന്ധിതരാവുന്നുണ്ട്. ഇത് കുടുംബബന്ധങ്ങളിലെ വിള്ളലുകൾക്കും കാരണമാവുന്നുണ്ട്. ഈ അവസ്ഥയെല്ലാം മാറണം.

വനിതാദിനം വരുമ്പോൾ മാത്രം സ്ത്രീകളെ ആദരിക്കാതെ, അവരുടെ മഹത്വം എല്ലായ്പ്പോഴും മനസിലാക്കാൻ നമുക്ക് സാധിക്കണം. അതിന് മറ്റുള്ളവരെ പഠിപ്പിക്കുകയും വേണം. മദ്യപിച്ചുവരുന്ന ഭർത്താവിന്റെ തല്ലുകൊള്ളാനുള്ള ചെണ്ടയല്ല സ്ത്രീയെന്നും പുരുഷന്റെ ബീജം ചുമക്കാനുള്ള ഗർഭപാത്രം പേറുന്ന ഒന്നല്ല സ്ത്രീയെന്നും നാം മനസിലാക്കണം. അതിനായി നമുക്ക് കൈകോർക്കാം. സ്ത്രീയ്ക്ക് സമൂഹനിർമ്മിതിയിൽ വളരെ വലിയ സ്ഥാനമുണ്ട്. അത് നമുക്ക് മറക്കാതിരിക്കാം.

കഥ

# മടക്കം

ഫർസാന.എ.നൗഷാദ്



മൂകത നിറഞ്ഞ് നിൽക്കുന്ന അന്ധകാരത്തിൽ തെളിഞ്ഞ് നിൽക്കുന്നത് മൂകത മാത്രം. പാതിരാവിന്റെ പകുതിയിലേറെ കഴിഞ്ഞെങ്കിലും ഈ നഗരം ഉറക്കത്തിലേക്ക് ആണ്ടുപോയിട്ടില്ല. ചുറ്റിലും ആയിരം പേർ ജീവിതം വെട്ടിപ്പിടിക്കുന്നതിന്റെ തിരക്കിൽ കുതിച്ചോട്ടമാണ്. പരസ്പരം നോക്കിയാൽ നിമിഷങ്ങൾ നഷ്ടപ്പെട്ട് പോകുമെന്ന ഭീതിയിൽ മുഖം നോക്കാതെ പായുന്നു. ന്യൂയോർക്ക് നിദ്രിയിലേക്ക് പോവുകയെ ഇല്ല. നുരഞ്ഞുപൊന്തുന്ന മദ്യവും, ചുറ്റി പടരുന്ന പെൺദേഹങ്ങളിലും അലിഞ്ഞ് നഗരം ഉറക്കം മറന്നിരിക്കുന്നു. മണി ഒന്നു കഴിഞ്ഞിട്ടും നീളെ പായുന്ന വാഹനങ്ങളുടെ നിലയ്ക്കാത്ത നിലവിളി. ഋതുക്കൾ പലതും കൊഴിഞ്ഞുപോയി. കാലത്തിന്റെ കാതങ്ങളൊരുപാട് താണ്ടി, എങ്കിലും ഞാൻ ഏകനാണ്. ആവർത്തന വിരസതയിലെ ജീവിതം എനിക്കേന്നോ മടുത്തിരിക്കുന്നു. ഇവയെല്ലാം ഇട്ടെറിഞ്ഞ് ഒളിച്ചോടണം. മണ്ണിനെ കാണണം, പുഴയെ തഴുകണം. എന്റെ നാട്ടിലേക്ക് തിരികെ വരണം.

അന്ന് ന്യൂയോർക്ക് നഗരം ഒരു വിസ്മയമായിരുന്നു. ഇന്ദ്രജാലത്തിലെ മായാലോകം പോലെ. ഇമവെട്ടാതെ നോക്കി നിൽക്കുവാൻ തോന്നുന്നിടം. ഇന്നിവിടം നഗരമല്ല നരകമായി തോന്നുന്നു. കോർപ്പറേറ്റ് ജീവിതം വ്യക്തിയെ യന്ത്രമായി മാറ്റിയിരിക്കുന്നു. ഞാനിന്നൊരു യന്ത്രമാണ്. പ്രതീക്ഷകൾ വറ്റിവരണ്ട ഒരു യന്ത്രം. നോട്ടിന്റെയെണ്ണം കൂടി വന്നുവെങ്കിലും, ഞാൻ നഷ്ടത്തിലാണ്. എന്റെ ജീവിതം തന്നെ കിട്ടാകടമായിരിക്കുന്നു. ചില്ല് അലമാരയിൽ അടുങ്ങിയിരിക്കുന്ന പെർഫോർമൻസ് ട്രോഫികൾ രക്തസാക്ഷിത്വത്തിന്റെ പ്രതീകങ്ങളാണ്. എന്നെ ഞാൻ തന്നെ വിറ്റ 30 വെള്ളിക്കാശിന്റെ രൂപങ്ങൾ.

ഓർമ്മകളിൽ മാത്രം വിരാജിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു എന്റെ ജീവിതം. ആ ഓർമ്മകൾ മാത്രമാണ് എന്റെയുള്ളിലെ ആത്മാവിന്റെ സ്വത്തായുള്ളത്. ഇടയ്ക്കിടെ മഴ വിരുന്നെത്തുന്ന എന്റെ ഗ്രാമം ഓർമ്മകളിൽ തെളിഞ്ഞ്, മഴയിൽ കുതിർന്ന ഫുട്ബോൾ മൈതാനങ്ങൾ തന്ന ലഹരി, ന്യൂയോർക്കിലെ ഒരു മുന്തിയ മദ്യത്തിനും ഇതുവരെ തരാൻ കഴിഞ്ഞിട്ടില്ല. പണത്തിന് വേണ്ടിയുള്ള പടയോട്ടത്തിൽ എനിക്ക് എന്നെ നഷ്ടപ്പെട്ടു. വന്ന വഴി തേടി ശീലമില്ലാത്തതുകൊണ്ട് കളഞ്ഞ്പോയ ആ ആത്മാവ് എവിടെന്ന് പോലും അറിയില്ല. ഒരു പക്ഷേ വടക്കേകൊവിന്റെ ഉള്ളറയിലെ ആൽമരത്തിന്റെ ചുവട്ടിൽ കാണും. അല്ലെങ്കിൽ തീർക്കാക്കര പാലത്തിന്റെ ഓരത്തേ ഇലഞ്ഞി മര ചുവട്ടിൽ കാണും.

ദുരയുടെ കാണാകയത്തിൽ ഞാൻ ആണ്ടുപോയി വിശപ്പിന്റെ വിളിയിൽ ഉയരുന്ന വേദനയുണ്ട്. നേരിപ്പോട് പോലെ അത് അങ്ങനെകത്തിയമർന്ന് കൊണ്ടേയിരിക്കും. ആ തീക്ഷണതയെ ചുട്ടെരിച്ച് ശമിപ്പിച്ച ആ അമ്മയെപോലും ഞാൻ മറന്നു. അച്ഛൻ എന്നത് ഒരു നാമം മാത്രമായിരുന്നു. ആ പേരിനെപേറുന്ന രൂപത്തെ ഞാൻ കണ്ടിട്ടില്ല. എങ്കിലും ഞങ്ങൾക്ക് ഓണമുണ്ടായിരുന്നു. പുത്തൻ കോടിയില്ലെങ്കിലും നിറയുന്ന ചിരികളുള്ള ഓണം. വാട്ട്സാപ്പ് ഗ്രൂപ്പുകളിൽ കുരുങ്ങാത്ത, നെഞ്ചോട് ചേർന്ന് നിർത്താനാവുന്ന കൂട്ടുകാരുണ്ടായിരുന്നു.

അമ്പലനടയിൽ അന്ന് കണ്ട വിസ്മയം പൂണ്ടു നിൽക്കുന്ന ആ കണ്ണുകൾ ഇന്ന് എവിടെയായിരിക്കും. ജീവിതത്തിന്റെ വ്യതാവസ്ഥ അവളുടെ വെളുത്ത വദനങ്ങളിൽ പാടുകൾ വീഴ്ത്തിയിരിക്കാം. അവർ എന്നെ കാത്തിരുന്നു കാണുമോ? ഒരുനാൾ മന്ദാരങ്ങൾകൊണ്ട് ചൂടിയ ആ ഇടവഴി കടന്ന് ഞാൻ വരുമെന്നവൾ പ്രതീക്ഷിച്ചു കാണുമോ? കൂട്ടംകൂടലിന്റെ സൗഹൃദ വലയങ്ങളിൽ അവർ എന്നെ കാത്തിരുന്നില്ലേ, രാവ് പകലാവുന്ന ഈ നാടിനെപ്പറ്റി കേൾക്കാൻ അവർ ആഗ്രഹിച്ചില്ലേ?. അറിയില്ല. പക്ഷേ ഞാൻ ആഗ്രഹിക്കുന്നു. തിരിച്ചുപോകാൻ വേരുകളിലേക്ക് മടങ്ങാൻ.

വിള്ളലുകൾ വീണ കൈതണ്ടയ്ക്കുള്ളിൽ മില്ല്യൺ ഡോളർ കാശുകെട്ടിനെഎന്ത് ചെയ്യണമെന്നറിയാതെ ഏകാന്തതയെ പേറുന്നു ഞാൻ. ഞരങ്ങി മൂളുന്ന ശീതികരണിയുടെ തണുപ്പിൽ, അമ്മയുടെ ചുടലയുടെ ചൂട്.





# നെഹ്റു ട്രോഫി ജേതാക്കൾ 1952 - 2017

| വർഷം | വള്ളം | ക്ലബ്ബ് | ക്യാപ്റ്റൻ |
|---|---|---|---|
| 1952 | നടുഭാഗം | നടുഭാഗം ബോട്ട് ക്ലബ്ബ് | ചാക്കോ മാപ്പിള, പയ്യനാട് പണ്ഡിത്ജിയിൽ നിന്നും ട്രോഫി വാങ്ങി |
| 1953 | കളി നടന്നില്ല | | |
| 1954 | കാവാലം | കാവാലം ടീം | തൊമ്മൻ ജോസഫ് കൊച്ചുപുരയ്ക്കൽ |
| 1955 | പാർത്ഥസാരഥി | എൻ.എസ്.എസ്. കരയോഗം | രാഘവൻ നായർ നെടുമുടി |
| 1956 | കാവാലം | കാവാലം ടീം | തൊമ്മൻ ജോസഫ് കൊച്ചുപുരയ്ക്കൽ |
| 1957 | നെപ്പോളിയൻ | പൊങ്ങ ബോട്ട് ക്ലബ്ബ് | ജോസഫ് ചെറിയാൻ (പൂപ്പള്ളിൽ കുട്ടിച്ചൻ) |
| 1958 | നെപ്പോളിയൻ | പൊങ്ങ ബോട്ട് ക്ലബ്ബ് | ജോസഫ് ചെറിയാൻ (പൂപ്പള്ളിൽ കുട്ടിച്ചൻ) |
| | കാവാലം | കാവാലം ബോട്ട് ക്ലബ്ബ് | റ്റി.ജെ. ജോബ് (ഈയോച്ചൻ) തട്ടാശ്ശേരിൽ |
| 1959 | നെപ്പോളിയൻ | പൊങ്ങ ബോട്ട് ക്ലബ്ബ് | ചെറിയാൻ വർഗീസ് പൂപ്പള്ളിൽ |
| 1960 | കാവാലം | കാവാലം ബോട്ട് ക്ലബ്ബ് | മാത്തച്ചൻ പള്ളിവാതുക്കൽ |
| 1961 | നെപ്പോളിയൻ | കാവാലം ബോട്ട് ക്ലബ്ബ് | ചെറിയാൻ വർഗീസ് (പൂപ്പള്ളിൽ) |
| 1962 | കാവാലം | കാവാലം ബോട്ട് ക്ലബ്ബ് | റ്റി.ജെ. ജോബ് (ഈയോച്ചൻ) തട്ടാശ്ശേരിൽ |
| 1963 | ഗിയർഗോസ് | യു.ബി.സി. കൈനകരി | പി.കെ. തങ്കച്ചൻ, പുത്തൻപുര |
| 1964 | സെന്റ് ജോർജ്ജ് | യു.ബി.സി കൈനകരി | പി.കെ. തങ്കച്ചൻ, പുത്തൻപുര |
| 1965 | പാർത്ഥസാരഥി | യു.ബി.സി കൈനകരി | പി.കെ. തങ്കച്ചൻ, പുത്തൻപുര |
| 1966 | പുളിങ്കുന്ന് | യു.ബി.സി കൈനകരി | പി.കെ. തങ്കച്ചൻ, പുത്തൻപുര |
| 1967 | പുളിങ്കുന്ന് | പുളിങ്കുന്ന് ബോട്ട് ക്ലബ്ബ് | തൊമ്മിച്ചൻ, പരുതിക്കനൽ |
| 1968 | പാർത്ഥസാരഥി | യു.ബി.സി ബോട്ട് ക്ലബ്ബ് | പി.കെ. തങ്കച്ചൻ, പുത്തൻപുര |
| 1969 | പുളിങ്കുന്ന് | പുളിങ്കുന്ന് ബോട്ട് ക്ലബ്ബ് | സി.സി.ചാക്കോ ചിറയിൽ |
| 1970 | കല്ലൂപറമ്പൻ | യു.ബി.സി. കൈനകരി | ആന്റണി വർഗീസ്, വലിയവീട്ടിൽ |
| 1971 | കല്ലൂപറമ്പൻ | കുമരകം ബോട്ട് ക്ലബ്ബ് | പാറയ്ക്കൽ, കുഞ്ഞച്ചൻ |
| | | പുളിങ്കുന്ന് ബോട്ട് ക്ലബ്ബ് | ചാക്കമ്മ, കണ്ണോട്ടുതറ |
| 1972 | കല്ലൂപറമ്പൻ | കുമരകം ബോട്ട് ക്ലബ്ബ് | പാറയ്ക്കൽ കുഞ്ഞച്ചൻ |
| 1973 | കല്ലൂപറമ്പൻ | കുമരകം ബോട്ട് ക്ലബ്ബ് | പാറയ്ക്കൽ കുഞ്ഞച്ചൻ |
| 1974 | കാരിച്ചാൽ | എഫ്.ബി.സി ചേന്നങ്കരി | പി.സി. ജോസഫ്, പത്തിൻചിറ |
| 1975 | കാരിച്ചാൽ | എഫ്.ബി.സി ചേന്നങ്കരി | പി.സി. ജോസഫ്, പത്തിൻചിറ |
| 1976 | ജവഹർ തായങ്കരി | യു.ബി.സി ചേന്നങ്കരി | പി.സി. ജോസഫ്, പത്തിൻചിറ |
| 1977 | ജവഹർ തായങ്കരി | യു.ബി.സി കൈനകരി | കെ.എസ്.വർഗീസ്, കവലയ്ക്കൽ |
| 1978 | ജവഹർ തായങ്കരി | തായങ്കരി ബോട്ട് ക്ലബ്ബ് | കെ.എസ്. വർഗീസ്, കവലയ്ക്കൽ |
| 1979 | വലിയദിവാൻജി | യു.ബി.സി കൈനകരി | രവിപ്രകാശ് മുട്ടേൽ |
| 1980 | കാരിച്ചാൽ | പുല്ലങ്ങാടി ബോട്ട് ക്ലബ്ബ് | രാമചന്ദ്രൻ |
| 1981 | വിജയിയെ പ്രഖ്യാപിച്ചില്ല | ഫൈനൽ മത്സരം ക്യാൻസൽ ചെയ്തു | |
| 1982 | കാരിച്ചാൽ | കുമരകം ബോട്ട് ക്ലബ്ബ് | നെല്ലാനിക്കൽ പാപ്പച്ചൻ |
| 1983 | കുമരകം ബോട്ട് ക്ലബ്ബ് | നെല്ലാനിക്കൽ പാപ്പച്ചൻ | നെല്ലാനിക്കൽ പാപ്പച്ചൻ |



# നെഹ്റു ട്രോഫി ജേതാക്കൾ 1952 - 2017

| വർഷം | വള്ളം | ക്ലബ്ബ് | ക്യാപ്റ്റൻ |
|---|---|---|---|
| 1984 | കാരിച്ചാൽ | കുമരകം ബോട്ട് ക്ലബ്ബ് | നെല്ലാനിക്കൽ പാപ്പച്ചൻ |
| 1985 | ജവഹർ തായങ്കരി | എഫ്.ബി.സി. ചേന്നങ്കരി | പി.സി.ജോസഫ്, പത്തിൻചിറ |
| 1986 | കാരിച്ചാൽ | വി.ബി.സി കൈനകരി | സണ്ണി അക്കരക്കുളം |
| 1987 | കാരിച്ചാൽ | വി.ബി.സി. കൈനകരി | സണ്ണി അക്കരക്കുളം |
| 1988 | വെള്ളംകുളങ്ങര | പള്ളാത്തുരുത്തി ബോട്ട് ക്ലബ്ബ് | റ്റി.പി.രാജു |
| 1989 | ചമ്പക്കുളം | യു.ബി.സി. കൈനകരി | എ. കെ. ലാലസൻ, ആലുംപറമ്പിൽ |
| 1990 | ചമ്പക്കുളം | യു.ബി.സി കൈനകരി | എ.കെ. ലാലസൻ, ആലുംപറമ്പിൽ |
| 1991 | ചമ്പക്കുളം | യു.ബി.സി, കൈകരി | എ.കെ. ലാലസൻ, ആലുംപറമ്പിൽ |
| 1992 | കല്ലൂപറമ്പൻ | ശ്രീലക്ഷ്മണാ ബോട്ട് ക്ലബ്ബ് | വി.എൻ.വേലപ്പൻ, മുളക്കുളം |
| 1993 | കല്ലൂപറമ്പൻ | യു.ബി.സി. കൈനകരി | സി.വി. വിജയൻ, മമ്പലത്തുചിറ |
| 1994 | ചമ്പക്കുളം | ജെറ്റ് എയർവെയ്സ് ബോട്ട് ക്ലബ്ബ് | ആന്റണി അക്കരക്കളം |
| 1995 | ചമ്പക്കുളം | ആലപ്പുഴ ബോട്ട് ക്ലബ്ബ് | ജോസ് ജോൺ, വേളംപറമ്പിൽ |
| 1996 | ചമ്പക്കുളം | ആലപ്പുഴ ബോട്ട് ക്ലബ്ബ് | അനിൽ മാധവൻ |
| 1997 | ആലപ്പാടൻ | നവജീവൻ ബോട്ട് ക്ലബ്ബ് | കെ.പി. പോൾ ആർപ്പൂക്കര |
| 1998 | ചമ്പക്കുളം | പള്ളാത്തുരുത്തി ബോട്ട് ക്ലബ്ബ് | ഡൊമിനിക് കുഴിമറ്റം |
| 1999 | ആലപ്പാടൻ | ടൗൺ ബോട്ട് ക്ലബ്ബ് കുമരകം | സമ്പത്ത് കണിയാംപറമ്പിൽ |
| 2000 | കാരിച്ചാൽ | ആലപ്പുഴ ബോട്ട് ക്ലബ്ബ് | ബെൻസി മുന്നുതൈക്കൽ |
| 2001 | കാരിച്ചാൽ | എഫ്. ബി.സി. ചേന്നങ്കരി | ടോബിൻ ചാണ്ടി കളത്തിൽ പറമ്പിൽ |
| 2002 | വെള്ളംകുളങ്ങര | കുമരകം ബോട്ട് ക്ലബ്ബ് | സണ്ണി ജേക്കബ്ബ് |
| 2003 | കാരിച്ചാൽ | നവജീവൻ ബോട്ട് ക്ലബ്ബ് | തമ്പി പൊടിപ്പാറ |
| 2004 | ചെറുതന | ടൗൺ ബോട്ട് ക്ലബ്ബ്,കുമരകം | രാജു വടക്കത്ത് |
| 2005 | പായിപ്പാടൻ | ടൗൺ ബോട്ട് ക്ലബ്ബ്, കുമരകം | രാജു വടക്കത്ത് |
| 2006 | പായിപ്പാടൻ | ടൗൺ ബോട്ട് ക്ലബ്ബ്, കുമരകം | രാജു വടക്കത്ത് |
| 2007 | പായിപ്പാടൻ | ടൗൺ ബോട്ട് ക്ലബ്ബ്, കുമരകം | കുഞ്ഞുമോൻ, മേലുവള്ളിയിൽ |
| 2008 | കാരിച്ചാൽ | ജീസസ് ബോട്ട് ക്ലബ്ബ്, കുമരകം | ജിജി ജേക്കബ് പൊള്ളയിൽ |
| 2009 | ചമ്പക്കുളം | ജീസസ് ബോട്ട് ക്ലബ്ബ്, കൊല്ലം | ജിജി ജേക്കബ് പൊള്ളയിൽ |
| 2010 | ജവഹർ തായങ്കരി | ടൗൺ ബോട്ട് ക്ലബ്ബ്, കുമരകം | ഫിലിപ്പ് മനയത്ത് |
| 2011 | ദേവസ് | ജീസസ് ബോട്ട് ക്ലബ്ബ്, കൊല്ലം | സ്വാൻ ചാക്കോ |
| 2012 | ശ്രീഗണേഷ് | ഫ്രീഡം ബോട്ട് ക്ലബ്ബ്, കൈനകരി | ജിജി ജേക്കബ്ബ് |
| 2013 | ശ്രീഗണേഷ് | സെന്റ് ഫ്രാൻസിസ്ബോട്ട് ക്ലബ്ബ്, ഹരിപ്പാട് | അരുൺകുമാർ |
| 2014 | ചമ്പക്കുളം | യു.ബി.സി കൈനകരി | ജോർജ്ജ് തോമസ് തേവർകാട് |
| 2015 | ജവഹർ തായങ്കരി | വേമ്പനാട്ട് ബോട്ട്ക്ലബ്ബ് | ജയിംസ്കുട്ടി ജേക്കബ് |
| 2016 | കാരിച്ചാൽ | വേമ്പനാട്ട് ബോട്ട്ക്ലബ്ബ് | ജയിംസ്കുട്ടി ജേക്കബ് |
| 2017 | ഗബ്രിയേൽ | തുരുത്തിപുറം ബോട്ട്ക്ലബ്ബ് | ഉമ്മൻ ജേക്കബ് |



# 65th Nehru Trophy Boat Race 2017

## TROPHY LIST

## CHUNDAN FINAL WINNER

| | | |
|---|---|---|
| 1. Nehru Trophy Jawaharlal | : | Presented by Late Pandit Jawaharlal Nehru (Silver) |
| 2. Kerala Chief Minister's Trophy | : | Presented by Late A. Pattom Thanupillai (Silver) |
| 3. Kerala PWD Minister's Trophy | : | Presented by Sri. Damodaran Potty (Silvar) |
| 4. Kerala Health Minister's Trophy | : | Presented by Sri. N. K. Balakrishnan. |
| 5. Kerala Revenue Minister's Trophy | : | Presented by Sri. Baby John. |
| 6. Padmabhooshan Mannath | : | Presented by NSS Union, Kuttanad. Padmanabhan Memorial Trophy |
| 7. E. John Jacob Memorial Trophy | : | Presented by N.T.B.R.S. |
| 8. D. Joseph Thattassery | : | Presented by George Puthooram, Memorial Trophy Ernakulam (Silver) |
| 9. Pooppally Joseph Cherian | : | Presented by M.M. Kora (Silver) Memorial Trophy |
| 10. Chevalier Pothen Joseph | : | Presented by Pothen Joseph & Sons (Silver) Memorial Trophy |
| 11. K. V. Thomas Memorial Trophy | : | Presented by Back Water Transport Employees (Silver) |
| 12. K. V. Thomas Memorial Trophy | : | Presented by K.T.T.B. Committee (Silver) |
| 13. David & Baburaj | : | Presented by Students, Medical College, Memorial Trophy Alappuzha. |
| 14. Chesebrough Ponds Shield | : | Presented by Chesebrough Ponds INC. Madras (Silver) |
| 15. Ensor Blade Trophy | : | Presented by Discon Sales Pvt. Ltd. |
| 16. Horlicks Trophy | : | Presented by H.M.M. Ltd. |
| 17. Khodays Trophy | : | Presented by Khodays Industries, Bangalore |

## CHUNDAN FINAL WINNER

| | |
|---|---|
| 18. M.P. Chellappan Nair Memorial Trophy | : Presented by Mrs. Chellappan Nair. |
| 19. Champakkulam N. Narayanakurup Memorial Trophy | : Presented by Mr. & Mrs. R.Raveendran Nair, Lekshmi & Lalitha. |
| 20. A. R. Sulaiman Sit Memorial Trophy | : Presented by his Children. |
| 21. Dist. Co-operative Bank Trophy | : Presented by Dist. Co-operative Bank, Alappuzha. |
| 22. Murikkum Mootil Mathachan Memorial Trophy | : Presented by Kayal Karshaka Sahakarana Sangham No. 13971, T. V. Puram, Vaikom. |
| 23. Trophy | : Presented by Jagajit Industries, Delhi. |
| 24. P. S. Raveendran Nair Memorial Ever rolling Trophy | : Presented by Smt. Rugminiamma. |
| 25. Honey Drops Trophy | : Presented by the Kedia group of Industries. |
| 26. Trophy | : Presented by the dealer of Hindustan Petroleum Corporation. |
| 27. Narayanachari Memorial Ever rolling Trophy | : Presented by Kerala Snake Boat & Rovers Association. |
| 28. Permanent Trophy | : Presented by NTBR |
| 29. Permanent Trophy | : Presented by Outlook Magazine. |

## CASH PRIZE

| | |
|---|---|
| Chundan Finalist | : 200000 (Sponsored by Tourism Dept.) |

## CHUNDAN FINAL - 1ST RUNNER UP

| | |
|---|---|
| 30. Trophy | : Presented by Vishnu Varman Namboothiripadu, Mancompu (Silver). |
| 31. Trophy | : Presented by FACT, Aluva (Silvar). |
| 32. M.S.M. Moosa Saheb Memorial Trophy | : Presented by Chodi Mark Beedi, Company, Palakkad. |
| 33. Honey Drop Trophy | : Presented by Kedia group of Distilleries. |
| 34. Raja Kesava Das Memorial Trophy | : Presented by Raja Kesava Das Memorial Council. |
| 35. Permanent Trophy | : Presented by NTBR |

## CASH PRIZE

| | |
|---|---|
| Chundan - Ist Runner Up | : 150000 (Sponsored by Tourism Dept.) |

## CHUNDAN FINAL SECOND RUNNER – UP

| | |
|---|---|
| 36. Parathara P. T. Varghese | : Presented by Wife & Children. |
| 37. Trophy | : Presented by Mysore Fertilizers Corporation Branch, Edathua. |
| 38. Permanent Trophy | : Presented by NTBR |

## CASH PRIZE

| | |
|---|---|
| Chundan - IInd Runner Up | : 100000 (Sponsored by Tourism Dept.) |

## CHUNDAN FINAL THIRD RUNNER –UP

| | |
|---|---|
| 39. Trophy | : Presented by PACL India Ltd |
| 40. Permanent Trophy | : Presented by NTBR. |

## CASH PRIZE

| | |
|---|---|
| Chundan - III[rd] Runner Up | : 50000 (Sponsored by Tourism Dept.) |

## CHUNDAN - LOOSERS FINAL WINNER

| | |
|---|---|
| 41. Permanent Cup | : Presented by NTBRS. |

## CHUNDAN LOOSERS FINAL - RUNNER UP

| | |
|---|---|
| Chundan - Ist Runner Up | : 150000 (Sponsored by Tourism Dept.) |

## CHUNDAN FINAL SECOND RUNNER – UP

| | |
|---|---|
| 42. Permanent Cup | : Presented by NTBRS. |

## CHUNDAN SECOND LOSERS FINAL WINNER

| | |
|---|---|
| 43. Permanent Cup | : Presented by NTBRS. |

## CHUNDAN SECOND LOSERS FINAL RUNNER UP

| | |
|---|---|
| 44. Permanent Cup | : Presented by NTBRS. |

## CHUNDAN THIRD LOSERS FINAL WINNER

| | |
|---|---|
| 45. Permanent Cup | : Presented by NTBRS. |

## CHUNDAN "B" GRADE WINNER

| | |
|---|---|
| 46. Permanent Cup | : Presented by NTBRS. |
| 47. Best Amarakaran | : M.P.Thankappan Ever rolling Trophy |

## THEKKANODY VANITHA WINNER

| | |
|---|---|
| 47. Trophy | : Presented by NTBRS. |
| 48. Permanent Cup | : Presented by NTBRS. |

## A THEKKANODI KETT

## CASH PRIZE

| | |
|---|---|
| Thekkanodi - Vanitha (Ist) | : 7700 (Sponsored by NTBRS) |

## Thekkanody Vanitha First - Runner Up

| | |
|---|---|
| 49. Trophy | : Presented by NTBRS. |
| 50. Permanent Cup | : Presented by NTBRS. |

## CASH PRIZE

| | |
|---|---|
| Thekkanodi - Vanitha (IInd) | : 3300 (Sponsored by NTBRS) |

## Thekkanody Vanitha Second - Runner Up

| | |
|---|---|
| 51. Permanent Cup | : Presented by NTBRS. |

## Churulan - Students Winner

| | |
|---|---|
| 52. Trophy | : Presented by the Kerala Womens Tuition College, Alappuzha. |
| 53. Permanent Cup | : Presented by NTBRS. |

## CASH PRIZE

Churulan : 4400 (Sponsored by NTBRS)

## Churulan Students First - Runner Up

54. Trophy : Presented by NTBRS.
55. Permanent Cup : Presented by NTBRS.

## CHURULAN STUDENTS SECOND - RUNNER UP

56. Permanent Cup : Presented by NTBRS.

## IRUTTUKUTHY GRADE 'A' WINNER

57. Trophy : Presented by NTBRS.
58. Permanent Cup : Presented by NTBRS.

## CASH PRIZE

Iruttukuthy 'A' Grade (1st) : 7700 (Sponsored by NTBRS)

## IRUTTUKUTHY GRADE 'A' FIRST RUNNER UP

59. Trophy : Presented by NTBRS.
60. Permanent Cup : Presented by NTBRS.

## CASH PRIZE

Iruttukuthy 'A' Grade (2nd ) : 3400 (Sponsored by NTBRS)

## IRUTTUKUTHY GRADE 'A' SECOND RUNNER UP

61. Permanent Cup : Presented by NTBRS.

## IRUTTUKUTHY GRADE 'B' WINNER

| | | |
|---|---|---|
| 62. Panama cup | : | Presented by Tobacco Corporation, Bombay. |
| 63. Permanent Cup | : | Presented by NTBRS. |

### CASH PRIZE

| | |
|---|---|
| Iruttukuthy 'B' Grade | : 4400 (Sponsored by NTBRS) |

## IRUTTUKUTHY GRADE 'B' FIRST RUNNER UP

| | | |
|---|---|---|
| 64. Trophy | : | Presented by NTBRS. |
| 65. Permanent Cup | : | Presented by NTBRS. |

## IRUTTUKUTHY GRADE 'B' SECOND RUNNER UP

| | | |
|---|---|---|
| 66. Permanent Cup | : | Presented by NTBRS. |

## VEPPU GRADE 'A' WINNER

| | | |
|---|---|---|
| 67. Trophy | : | Presented by NTBRS. |
| 68. Permanent Cup | : | Presented by NTBRS. |

### CASH PRIZE

| | |
|---|---|
| Veppu 'A' Grade (1st ) | : 7700 (Sponsored by NTBRS) |

## VEPPU GRADE 'A' FIRST RUNNER UP

| | | |
|---|---|---|
| 69. Trophy | : | Presented by NTBRS. |
| 70. Permanent Cup | : | Presented by NTBRS. |

### CASH PRIZE

| | |
|---|---|
| Veppu 'A' Grade (2nd ) | : 3500 (Sponsored by NTBRS) |

## VEPPU GRADE 'A' SECOND RUNNER UP

71. Permanent Cup : Presented by NTBRS.

## VEPPU GRADE 'B' WINNER

72. Trophy : Presented by NTBRS.

73. Permanent Cup : Presented by NTBRS.

## CASH PRIZE

Veppu 'B' Grade : 4400 (Sponsored by NTBRS)

## VEPPU GRADE 'B' FIRST RUNNER UP

74. Trophy : Presented by NTBRS.

75. Permanent Cup : Presented by NTBRS.

## VEPPU GRADE 'B' SECOND RUNNER UP

76. Permanent Cup : Presented by NTBRS.

## BEST DISCIPLINE TEAM

77. Trophy : Presented by NTBRS.





TIME TO BREAK ANOTHER MYTH
EXPLORE KERALA THIS MONSOON

THINK EMPTY DRENCHED BEACHES, PRISTINE GREENS,
AND SWELLING WATERFALLS.
MAKE KERALA YOUR MONSOON HOLIDAY DESTINATION WITH

**THE TREE LEAF MARARI SANDS BEACH RESORT & SPA**

For Bookings contact blr.sales@treeleafhospitality.com or you can call on +91-9899080477





| ഒഫീഷ്യൽസ് – നെഹ്റുട്രോഫി ബോട്ട് റേസ് –2017 | |
|---|---|
| **I. മാസ്റ്റർ ഓഫ് സെറിമണി** | |
| 1 | ശ്രീ. ആർ.കെ കുറുപ്പ് (പരമാധികാരി) |
| 2 | ശ്രീ. മാത്യൂ ചെറുപറമ്പൻ,(സഹായി) |
| 3 | ശ്രീ. വർഗ്ഗീസ് കണ്ണംപള്ളി (സഹായി) |
| **II. ജഡ്ജസ് ഓഫ് മാസ്സ് ഡ്രിൽ** | |
| 1 | ശ്രീ. തങ്കച്ചൻ പാട്ടത്തിൽ (പരമാധികാരി) |
| 2 | ശ്രീ. ബെറ്റി ജോസ് |
| 3 | ശ്രീ. സേവ്യർ റ്റി. കുര്യാലശ്ശേരി |
| **III. മാസ്സ് ഡ്രിൽ കണ്ടക്ടർ** | |
| 1 | ശ്രീ. എസ്. ഗോപാലകൃഷ്ണൻ (പരമാധികാരി) |
| 2 | ശ്രീ. വർഗ്ഗീസ് വല്യാക്കൽ |
| **IV. സ്റ്റേജ് കോ–ഓർഡിനേറ്റേഴ്സ്** | |
| 1 | അഡ്വ. ജോയിക്കുട്ടി ജോസ് (പരമാധികാരി) |
| 2 | ശ്രീ. സലിംകുമാർ |
| 3 | ശ്രീ. ഗ്രിഗറി ജോർജ്ജ് |
| 4 | ശ്രീ. കെ.എ പ്രമോദ് |
| 5 | ശ്രീ. രാജപ്പൻ ആചാരി |
| **V. കോ–ഓർഡിനേറ്റേഴ്സ്** | |
| 1 | ശ്രീ. സി.കെ സദാശിവൻ എക്സ്. എം.എൽ.എ (പരമാധികാരി) |
| 2 | ശ്രീ. മുക്കം ബേബി |
| 3 | ശ്രീ. ജോസ് കാവനാട് |
| 4 | ശ്രീ. ഷൈബു കെ. ജോൺ |
| **VI. ട്രാക്ക് അമ്പേഴ്സ്** | |
| 1 | ശ്രീ. കെ.എം. അഷ്റഫ് (പരമാധികാരി) |
| 2 | ശ്രീ. ജോണി മുക്കം |
| 3 | ശ്രീ. റെജി ജോബ് |
| 4 | ശ്രീ. സന്തോഷ് കുമാർ |
| 5 | ശ്രീ. സണ്ണി മുടന്താഞ്ഞലി |
| 6 | ശ്രീ. പി. രാജു |
| **VII. സ്റ്റാർട്ടേഴ്സ്** | |
| 1 | ശ്രീ. കെ. കെ. ഷാജു എക്സ് എം.എൽ.എ. (പരമാധികാരി) |
| 2 | ശ്രീ. എ.വി മുരളി |
| 3 | ശ്രീ. കെ മോഹൻലാൽ |
| 4 | ശ്രീ. ടോമിച്ചൻ ആന്റണി |
| 5 | ശ്രീ. എം.വി ഹൽത്താഫ് |
| 6 | ശ്രീ. ടോം ജോസഫ് |
| 7 | Er. ഗണേഷ്, മെക്കാനിക്കൽ |
| 8 | Er. അജിത്കുമാർ, Asst. Ex. Er., മെക്കാനിക്കൽ ഉപവിഭാഗം, മാവേലിക്കര |

| | |
|---|---|
| 9 | Er. ആർ. പ്രദീപ് കുമാർ, Asst. Exe. Er. എൻജിനീയർ ഡ്രഡ്ജർ ഉപവിഭാഗം, ആലപ്പുഴ |
| 10 | Er. കെ.പി. ഹരികൃഷ്ണൻ, വർക്ക്സ് മാനേജർ, ഡ്രൈഡോക്ക് ഉപവിഭാഗം, ആലപ്പുഴ |
| 11 | ശ്രീ. സജികുമാർ, മുൻ സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ വിദ്യാർത്ഥി |
| 12 | ശ്രീ. സാജു ഇ.ബി, മുൻ സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ വിദ്യാർത്ഥി |
| **VIII. നിരീക്ഷകൻ** | |
| | ശ്രീ. എസ്.എം. ഇക്ബാൽ |
| **IX. സാങ്കേതിക മേധാവികൾ** | |
| 1 | ശ്രീ. നദീർ എ, Asst. Exe. Er., ഇറിഗേഷൻ സബ് ഡിവിഷൻ, മാവേലിക്കര |
| 2 | ശ്രീ. ബേബി കുമാരൻ, ചാർട്ടേർഡ് എൻജിനീയർ, പാഞ്ചജന്യം, അവലൂക്കുന്നു പി.ഒ, ആലപ്പുഴ |
| **X. സാങ്കേതിക മേധാവിക്കുള്ള സഹായി** | |
| | Er. രാജു ഹരിഹരൻ, Asst. Er., ഇറിഗേഷൻ, ആലപ്പുഴ |
| **XI. മെഡിക്കൽ എയ്ഡ്** | |
| | ജില്ലാ മെഡിക്കൽ ഓഫീസർ, ആലപ്പുഴ |
| **XII. പ്രൊസെഷൻ പൈലറ്റ്** | |
| | ശ്രീ. പി.ഐ. എബ്രഹാം |
| **XIII. റിസപ്ഷൻ ടു ചീഫ് ഗസ്റ്റ്** | |
| | ശ്രീ. എച്ച്. സലാം |

| | |
|---|---|
| **XIV. പ്രതിജ്ഞയെടുക്കൽ** | |
| | നെഹ്റുട്രോഫി ബോട്ട് റേസ് 2016 വിന്നർ ക്യാപ്റ്റൻ |
| **XV. ഉത്സവസ്ഥാനത്തെ വിജ്ഞാപന ഉദ്യോഗസ്ഥർ** | |
| 1 | Er. കെ.എഫ്. സ്റ്റീഫൻ, സെക്ഷൻ നം.2, തണ്ണീർമുക്കം, ആലപ്പുഴ |
| 2 | Er. നിബു ആൻഡ്രൂസ്, Asst. Er. , മെക്കാനിക്കൽ വിഭാഗം, ആലപ്പുഴ |
| **XVI. ഫലപ്രഖ്യാപന വിധി കർത്താക്കൾ** | |
| 1 | Er. വി. ശങ്കരപിള്ള, അസി. എക്സിക്യൂട്ടീവ് എൻജിനീയർ (Rtd) |
| 2 | Er. ഗീത ജി., പേഴ്സണൽ Asst. to Exe. Er.ഇറിഗേഷൻ വിഭാഗം, ആലപ്പുഴ |
| 3 | Er. റ്റി.ജെ സിബി, എക്സിക്യൂട്ടീവ് എൻജിനീയർ, O/o CE, K.D., Alappuzha |
| **XVII. ജഡ്ജസ് പവിലിയൻ** | |
| 1 | Er. പി മഹാദേവൻ, Asst. Exe. Er. (Rtd.) |
| 2 | Er. സാബു സി.ഡി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, ക്വാളിറ്റി കൺട്രോൾ, സബ് ഡിവിഷൻ, ആലപ്പുഴ |
| 3 | Er. ജോയി ജനാർദ്ദനൻ, PA to Exe. Er. ഇറിഗേഷൻ ഡിവിഷൻ, കൊല്ലം |
| 4 | Er. സിംല ബി, HD, ഇറിഗേഷൻ വിഭാഗം, ആലപ്പുഴ |
| 5 | Er. C.M. ജോസഫ്, (Rtd AE), ചാവടി ഹൗസ്, തത്തംപള്ളി, ആലപ്പുഴ |
| 6 | Er. ജോർജ് മുല്ലയ്ക്കൽ, മുല്ലയ്ക്കൽ വീട്, തത്തംപള്ളി പി.ഒ, ആലപ്പുഴ |
| 7 | ശ്രീ. ബിനു കെ. ആന്റണി, LIC, ആലപ്പുഴ |

| | |
|---|---|
| | **XVIII. വി.ഐ.പി. പവിലിയൻ** |
| 1 | Er. K.N. സുഗതൻ, Asst. Exe. Er., ഇറിഗേഷൻ ഉപവിഭാഗം, ആലപ്പുഴ |
| 2 | Er. അനിമോൻ, Asst. Er., ഇറിഗേഷൻ വിഭാഗം, കായംകുളം |
| 3 | Er. ജയകൃഷ്ണൻ, Asst. Er., ഇറിഗേഷൻ വിഭാഗം,ചേർത്തല |
| 4 | Er. ബിജു M.G., Asst. Er., ഇറിഗേഷൻ വിഭാഗം,തോട്ടപ്പള്ളി |
| 5 | Er. ഷീജ, Asst. Er., ഇറിഗേഷൻ വിഭാഗം, മാവേലിക്കര |
| | **XIX. ഉത്ഭവസ്ഥാനം** |
| 1 | Er. കൃഷ്ണകുമാർ, Asst. Er., PWD ഇലക്ട്രോണിക്സ്, ആലപ്പുഴ |
| 2 | Er. C.T. ജോയി, Asst. Er., ഡ്രൈ ഡോക്സ് വർക്ക്ഷോപ്പ്, ആലപ്പുഴ |
| 3 | Er. നികേഷ്, Asst. Er., ഡ്രെഡ്ജർ ഉപവിഭാഗം, ആലപ്പുഴ |
| 4 | Er. ബെന്നി A.M., Asst. Er., ഡ്രെഡ്ജർ ഉപവിഭാഗം, ആലപ്പുഴ |
| 5 | ശ്രീ. ലാലി, ജോസഫ്, ഇൻസ്പെക്ടർ, ആദായ നികുതി വകുപ്പ് |
| | **XX. ഇലക്ട്രിക്കൽ ഇൻസ്റ്റലേഷൻ** |
| 1 | ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ആലപ്പുഴ |
| 2 | Exe. Er., കെ.എസ്.ഇ.ബി, ആലപ്പുഴ |
| 3 | Asst. Exe. Er., PWD, ഇലക്ട്രിക്കൽ വിംഗ്, ആലപ്പുഴ |
| | **XXI. റിസൾട്ട്, പട്ടിക തയ്യാറാക്കൽ & സമാഹരണം** |
| 1 | പതിമൂന്ന് ഓഫീസർമാർ, ഇറിഗേഷൻ വിഭാഗം, ആലപ്പുഴ |
| 2 | പതിമൂന്ന് സാങ്കേതിക ഉദ്യോഗസ്ഥൻമാർ, ഇറിഗേഷൻ വിഭാഗം, ആലപ്പുഴ |
| | **XXII. ബഹുമതി വിതരണ സമിതി** |
| | ശ്രീ. മാത്യൂ ചെറുപറമ്പൻ (പരമാധികാരി) |
| 2 | ശ്രീ. മുക്കം ബേബി |
| 3 | ശ്രീ. തങ്കച്ചൻ പാട്ടത്തിൽ |
| 4 | ശ്രീ. വിജയൻ പി.കെ |
| | **XXIII. ടൈമേഴ്സ്** |
| 1 | Er. P.D ജോസഫ്, Exe.Er. (Rtd) (പരമാധികാരി) |
| 2 | ശ്രീ. അജയൻ, SAI, ആലപ്പുഴ |
| 3 | ശ്രീ. അഭയൻ, SAI, ആലപ്പുഴ |
| 4 | ശ്രീ. പി.റ്റി. പൗലോസ്, SAI, ആലപ്പുഴ |
| 5 | ശ്രീ. സജി വി.എസ്, Ex. SAI വിദ്യാർത്ഥി |



# 65th Nehru Trophy Boat Race 2017

## EXECUTIVE COMMITTEE MEMBERS

# NEHRU TROPHY BOAT RACE SOCIETY
# NO. A – 740/1990

## Executive Committee Members 2017
## *(Rule - 7)*

1 The District Collector, Alappuzha.

2 The Superintendent of Police, Alappuzha.

3 The Revenue Divisional Officer, Alappuzha.

4 The Municipal Chairperson, Alappuzha.

5 The Ex. Engineer (Irrigation), Alappuzha.

6 The Ex. Engineer (PWD Roads), Alappuzha

7 The Ex. Engineer (Buildings), Alappuzha

8 The Additional District Magistrate, Alappuzha.

9 The Tahsildar, Ambalappuzha.

10 The Revenue Divisional Officer, Chengannur.

11 The Secretary, DTPC, Alappuzha.

12 The Secretary, District Sports Council, Alappuzha.

13 The District Information Officer, Alappuzha.

14 The District Panchayath President, Alappuzha.

15 The District Informatics Officer, Alappuzha.

16 The President, District Sports Council, Alappuzha.

17 The Tahsildar, Kuttanad.

## Executive Committee Members 2017 *(Rule - 7)*

**MLA's & MP's Elected from Alappuzha**

1 Sri. K.C. Venugopal, MP.(Rajeevam, Pazhaveedu, Alappuzha. Ph : 9447016661, E-mail : kcvenugopal.org@gmail

2 Sri. Kodikkunnel Suresh MP, Kizhakkekala, Kottarakara. Ph : 9447145400, 98682 17119 , E-mail : kodikunni1suresh@yahoo.com

3 Sri. G. Sudhakaran, Hon'ble Minister For Public Works & Registration, Navaneetham, Vadackal P.O., Alappuzha. Ph : 0471- 2317952, 0471- 2314503,E-mail : ambalapuzha-mla@niyamasabha.org

4 Dr. Thomas Issac, Hon'ble Minister for Finance & Coir, Kizhakkeveli, Kalavoor P.O.,Alappuzha. Ph : 9847802404 (PA), 0471-2333849,E-mail : tisaaq@gmail.com

5 Sri. A.M. Ariff, MLA.Eravukadu, Thiruvampady. P.O., Alappuzha. Ph : 9447260665, 0477-2234901.E-mail : aroor-mla@niyamasabha.org

6 Sri. P. Thilothaman, Hon'ble Minister for Food & Civil Supplies,Vattathara House, Kuruppankulangara P.O., Cherthala. Ph : 0478 - 2573137, 0471-2573137E-mail : cherthala-mla@niyamasabha.org

7 Sri. Thomas Chandy, Hon'ble Minister for Transport, Vettikad, Chennamkary, Alappuzha. Ph : 9847051333, 0477-2762284, E-mail : kuttanad-mla@niyamasabha.org

8 Sri. Ramesh Chennithala MLA (Leader of Opposition), Kottoor Kizhakkethil,Thripperumthura, P.O. Mavelikkara, Alleppy. E-mail : haripad-mla@niyamasabha.org

9 Smt. U Prathibha Hari, MLA, Payyinarpadi Veettil, Thakazhy P O Ph :9495465666

10 Sri. R. Rajesh MLA, Nalloor Kalathil, Kollakadavu, Chengannur. e-mail : mavelikkara-mla@niyamasabha.org

11 Sri. K K Ramachandran Nair MLA. Prasanth Bhavan, Ala P O, Chengannur

## Executive Committee Members 2017 *(Rule - 7)*

**One Representative of every Political Party which has representation in the Legislative Assembly of Kerala or Union parliament of India having atleast 10% of the total number of seats in the house of the people to be nominated by the chairman from the General Body.**

1 K Soman, Sivakrupa, Cheruthana P O., Anari, Haripad – 9446339320 **(BJP)**

2 A.A. Shukkoor, Kurumbelil, Sea View ward, Alappuzha. -
[**Indian National Congress (I)**] - 9447011185

3 **Vaccant** - D. Lakshmanan, Vandanalayam, Punnamada Ward, Avalookkunnu P.O., Alappuzha is already a member of the executive committee as
Leader of the opposition of Alappuzha Municipality Ph : 9847910949-**CPI(M)**

4 A.M Nazeer, Firdouz, Zachariya ward, Alappuzha. – **(IUML)** – Mob:- 9447263363

5 Adv. Joykutty Jose, Illikkal, Vezhapra P.O, Alappuzha. – **(CPI)** Mob:9447047260

6 Jacob Thomas, Arikpuram,Pavukkara P.O, Mannar,Chengannur - Ph: 9247461383
(**Keralal Congress (M)**)

7 R Chandran, Kankali Bhavan, Near Chain Bridge, Alappuzha 688 001 **(RSPLeninist)**
9447658678

8 Jose Kavanadu, Thekkekkara P O, Mancombu, Alappuzha 688 503 –
[**Kerala Congress(B)**] - 9447505558

9 Shaibu K John, Kureekkattu Thundil, Sanathanapuram P O, Alappuzha 3
Ph 9447057999 [**Janathadal (S)**]

10 Babu Valiyaveedan,Valiyaveettil House, Neeratupuram, **(Kerala Congress -Jacob)**

11. N Santhoshkumar, Latha Nivas, Karukayil ward, Thathampally P.O **(NCP)**

12. Rajeev Sreedharan, Thakidi Veliyil, Varanam P.O, Cherthala (**Congress - S**)

13. R Unnikrishnan, Krishnakripa, Thathampally P.O(RSP)

## Executive Committee Members 2017 *(Rule - 7)*

**One Representative from Press to be nominated by Chairman**

1. Secretary, Press Club, Alappuzha.

**Two persons associated with the boat race to be nominated by Chairman**

1. Sri. C. K. Sadsivan Ex-MLA., Sowparnika, Sanathanapuram P.O., Alappuzha 3
   Ph: 9447484843
2. Sri. S.M.Iqbal, Kannittayil, Kottamkulangara Ward, Alappuzha.
   Mob:- 9895327661

**Five among the institutional members to be elected by the General Body..**

1 Sri.R.K.Kurup, Kathirapally, Karichal, Payippad.P.O, Haripad – 3 – Mob:- 9847048918

2 Sri. P. Reghunath, Placheril House, Erezha South, Chettikulangara P.O., Mavelikara. Ph : 9447795285

3. Jameskutty Jacob, Thekkechira, Thiruvarppu P O., Kottayam.

4. K A Pramod, Kuppisserry, Kuttamangalam P.O., Kainakary

5. Gregory George, Kannadathil, Pulincunnoo P.O.

**Five representatives from the Donor members nominated by the General Body.**

1 K.M. Asharaf, Maliakal House, Kummanam P.O, Kottayam. **- 9447355901**

2 Roy Palathara, Palathara Fashion Jewellers, Mullackal

3 Tomy, Pulikkattil, Near Finishing Point, Alappuzha. **- 9447044790**

4 Jacob John, Jacob John & Co., Kalarcode, Alappuzha - 3. Ph : 9447251947

5 Santhosh Kumar, A L Sadanam, Karichal, Payipad P.O., Haripad

**One representative from Merchants' Association**

O Ashraf, President, Vyapari Vyavasayi Samithy, Alappuzha

## Executive Committee Members 2017 *(Rule - 7)*

**Five Ex. Officio members to be nominated by the Chairman.**

1 Dy. Excise Commissioner, Alappuzha.

2 Dy. Commissioner, Commercial Taxes, Alappuzha.

3 Regional Transport Officer, Alappuzha.

4 District Registrar, Alappuzha.

5 Port Officer, Alappuzha

**Two prominent persons of Alappuzha District to be nominated by the Chairman.**

1 Sri. P P Chitharanjan, Aiswarya, Civil Station Ward, Alappuzha

2 Sri. Kalavoor N Gopinath, Velikkakathu, Mannancherry P O. - 9847057365

**Leader of the opposition in the Alappuzha Municipality.**

1. Sri. D Lakshmanan, Vandanalayam, Punnamada, Avalookkunnoo P O, Alappuzha

